# ജനകീയാസൂത്രണം കേരളത്തിൽ

## നന്മണ്ട ഗ്രാമ പഞ്ചായത്ത്



# സമഗ്ര വികസന രേഖ


കേരളം
നന്മണ്ട
കോഴിക്കോട് ജില്ല

# ജനകീയാസൂത്രണം

## നന്മണ്ട ഗ്രാമ പഞ്ചായത്ത്

## സമഗ്ര വികസന രേഖ

# എഡിറ്റോറിയൽ ബോർഡ്


പി. അബൂബക്കർ മാസ്റ്റർ

എം.പി. ഗോപാലകൃഷ്ണൻ

എൻ.കെ. രാധാകൃഷ്ണൻ

കെ.വി. അബ്ദുള്ളക്കോയ

ജയൻ നന്മണ്ട

ടി. ദേവാനന്ദൻ

ഉണ്ണി. യു.കെ.

പ്രഭാകരൻ എഴുകുളം

പൂളയിൽ ബാലൻ

കെ.എം. ചന്ദ്രൻ മാസ്റ്റർ

കുണ്ടായി ബഷീർ

എളമ്പിലാട്ട് ചന്ദ്രൻ

കെ. മോഹനൻ

ടി. ജയപ്രകാശ്

ഇ.എം. ഉണ്ണിക്കൃഷ്ണൻ





Type Setting & Layout
***SUPERTEC***
Rajaji Road, Calicut-4
Printing
**DATA MATE**
Court Road, Calicut.

# സ്നേഹപൂർവം

നമുക്കൊക്കെ ഇടമുണ്ടാകുന്ന
ഗ്രാമസ്പന്ദനങ്ങൾ വിരൽതൊട്ടറിയാൻ കഴിയുന്ന
ഒരു സാമൂഹ്യക്രമം രൂപപ്പെടാൻ
ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു എന്ന സത്യമറിയാൻ
കാത്തിരിപ്പിന്റെ നീണ്ട വർഷങ്ങൾ തന്നെ വേണ്ടിവന്നു എന്നത്
ഖേദകരമായ ഒരു യാഥാർത്ഥ്യമാണ്.
ചരിത്രത്തിന്റെ വെളിമ്പുറങ്ങളിലേക്ക്
ആട്ടിയകറ്റപ്പെട്ടുപോയ ഒരു ജനത
കണ്ണീരിൽ നിന്നും ജീവിതാനുഭവത്തിന്റെ
മുശയിൽ നിന്നും പുതിയ സാമൂഹ്യരചനകൾക്ക്
ഊടും പാവും നെയ്യുകയാണ്.
അവർ കാലത്തിന്റെ ഉൾവിളിയത്രയും കേട്ട്
ഒരു പുതിയ ഭൂമിശാസ്ത്രം രൂപപ്പെടുത്തുകയാണ്.
അഥവാ ഗ്രാമത്തിന്റെ നിലവിളിയും ചിരിയും അറിയുന്ന
ഗ്രാമീണന്റെ നാട്ടറിവുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട്
പുതിയ ഭരണക്രമം മുന്നോട്ട് വെച്ച
9-ാം പദ്ധതി ജനകീയ പദ്ധതി എന്ന
സാമൂഹ്യാശയത്തോടൊപ്പം നമുക്കും കൈകോർത്ത് നടക്കാം.
ഇത്തരം ഒരു വികസനരേഖ തയ്യാറാക്കുന്നതിൽ
അർപ്പിതബോധത്തോടെ പ്രവർത്തിച്ച
മനസ്സുകളുടെ കൃതാർത്ഥത എന്നത്
നമ്മുടെ പഞ്ചായത്തിനെ ഒറ്റനോട്ടത്തിൽ കാണാൻ
ഈ രേഖ സഹായകമാവും എന്നറിയുമ്പോഴാണ്.

-പ്രസാധകർ

# റിപ്പോർട്ട് തയ്യാറാക്കിയവർ

പി. അബൂബക്കർ മാസ്റ്റർ
പി.എ. സുബൈർ മാസ്റ്റർ
എം.പി. ഗോപാലകൃഷ്ണൻ മാസ്റ്റർ
എൻ.കെ. രാധാകൃഷ്ണൻ
കെ.ടി. ബാലൻ മാസ്റ്റർ
പൂളയിൽ ബാലൻ
ടി. ബാലക്കുറുപ്പ് മാസ്റ്റർ
എം.സി. ഭാസ്ക്കരൻ മാസ്റ്റർ
കെ. വി. അബ്ദുള്ളക്കോയ
റീനാ ജോൺ.
ടി. പി. ശിവസുബ്രഹ്മണ്യൻ മാസ്റ്റർ
എം.പി. ചന്ദ്രശേഖരൻ നായർ
എൻ.കെ. ബാലകൃഷ്ണൻ മാസ്റ്റർ
ടി. ബാലകൃഷ്ണൻ മാസ്റ്റർ
കപ്പള്ളി സുരേഷ്
ടി. ദേവാനന്ദൻ
ഇ.എം. വാസു
കെ. രാജൻ മാസ്റ്റർ
കെ. ശ്രീധരൻ
എൻ. വിനോദ്കുമാർ
മടവൻ കണ്ടി ദാമോദരൻ
. എ. ലീല
ഒ.പി. ശോഭന
സി. കെ. രാജൻ മാസ്റ്റർ
മാക്കോത്ത് ഗംഗാധരൻ
പ്രഭാകരൻ എഴുകുളം
ജയൻ നന്മണ്ട

എൻ. എ. ഹരിദാസൻ മാസ്റ്റർ
ലുക്ക് മാൻ
സി. പ്രഭാവതി
ഇ.കെ. സുധ
യു.കെ. ശോഭന
കെ. ദിനേശൻ
കെ. പി. ബാബുരാജ്
കെ.യം. ചന്ദ്രൻ മാസ്റ്റർ
പി.സി. മോഹനൻ മാസ്റ്റർ
പി.കെ. അബ്ദുൾ ഖാദർ
പി. ശ്രീനിവാസൻ മാസ്റ്റർ
ഉണ്ണി യു.കെ.
കെ.പി. ബാബു
ടി.പി. രാജൻ മാസ്റ്റർ
പി.കെ. ഹരിദാസൻ
എളമ്പിലാട്ട് ചന്ദ്രൻ
കുണ്ടായി ബഷീർ
പി.സി. ശശിധരൻ
കെ. മോഹനൻ
ടി. ഭരതൻ
കൂറൂളിപ്പറമ്പത്ത് വേണു
പി. ഷാജി
പി. അബ്ദുൾ ജലീൽ
സി.എം. സുനേശൻ
ഇ.എം. ഉണ്ണക്കൃഷ്ണൻ
ടി. ജയപ്രകാശ്



രാഷ്ട്രപിതാവിന്റെ സ്വപ്ന സാക്ഷാത്ക്കാരം

9 ാം പദ്ധതി ജനകീയ പദ്ധതി

# പഞ്ചായത്ത്- പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : നന്മണ്ട |
| ഉൾപ്പെടുന്ന വില്ലേജ് | : നന്മണ്ട |
| ബ്ലോക്ക്പഞ്ചായത്ത് | : ചേളന്നൂർ |
| ജില്ലാപഞ്ചായത്ത് | : കോഴിക്കോട് |
| അസംബ്ലി മണ്ഡലം | : ബാലുശ്ശേരി |
| താലൂക്ക് | : കോഴിക്കോട് |
| വിസ്തീർണ്ണം | : 23.01 സ്ക്വ. കി. മീ. |
| അതിരുകൾ: | |
| വടക്ക് | : ബാലുശ്ശേരി, പനങ്ങാട് പഞ്ചായത്തുകൾ |
| കിഴക്ക് | : ഉണ്ണികുളം പഞ്ചായത്ത് |
| തെക്ക് | : കാക്കൂർ പഞ്ചായത്ത് |
| പടിഞ്ഞാറ് | : തലക്കുളത്തൂർ, അത്തോളി പഞ്ചായത്തുകൾ |
| ജനസംഖ്യ | : 23461 (91ലെ സെൻസസ്) |
| പുരുഷന്മാർ | : 11428 |
| സ്ത്രീകൾ | : 12033 |
| ജനസാന്ദ്രത: | :1008 |
| വാർഡുകൾ | : 10 |
| പ്രസിഡന്റ് | : ശ്രീമതി പുളയിൽ പ്രേമ. |
| വൈസ്പ്രസിഡന്റ് | : ശ്രീ. എം. പി. ഗോപാലകൃഷ്ണൻ |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : ശ്രീ. എൻ. കെ. രാധാകൃഷ്ണൻ |
| പഞ്ചായത്ത് സെക്രട്ടറി | : പ്രേമരാജക്കുറുപ്പ് |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | : വലിയവീട്ടിൽ കൗമുദി |
| ജില്ലാ പഞ്ചായത്ത് മെമ്പർ | : വി. ഹരിദാസൻ |

# നന്മണ്ട പഞ്ചായത്ത് ഭരണ സമിതി



പൂളയിൽ പ്രേമ
(പ്രസിഡന്റ്)



എം. പി. ഗോപാലകൃഷ്ണൻ മാസ്റ്റർ
(വൈസ് പ്രസിഡന്റ്)



എൻ. കെ. രാധാകൃഷ്ണൻ
(ചെയർമാൻ, സ്റ്റാന്റിംഗ് കമ്മറ്റി)

തിരുമടത്തിൽ ശാന്ത
പി.ടി. മനോഹരൻ
എം.കെ. രാമൻകുട്ടി മാസ്റ്റർ
പി. എ. സുബൈർ മാസ്റ്റർ
മാട്ടുങ്ങൽ വനജ
എ. സുഭാഷിണി
ഇ.കെ. രാഘവൻ


NANMINDA PANCHAYAT
PANANGAD PANCHAYAT
BALUSSERY PANCHAYAT
UNNIKULAM PANCHAYAT
ATHOLI PANCHAYAT
KAKKUR PANCHAYAT
THALAKULATHOOR PANCHAYAT
INDEX
Roads
Boundary line

# വിഷയവിവരം


| | |
|---|---|
| ആമുഖം | 13 |
| കൃഷിയും ജലസേചനവും | 17 |
| മൃഗസംരക്ഷണം | 24 |
| വ്യവസായം | 28 |
| ഗതാഗതം | 32 |
| ഊർജ്ജം 38 | |
| മാർക്കറ്റ് | 42 |
| കുടിവെള്ളവും പൊതുജനാരോഗ്യവും | 43 |
| വിദ്യഭ്യാസം | 62 |
| സംസ്ക്കാരം | 63 |
| പാർപ്പിടം | 70 |
| സാമൂഹ്യക്ഷേമം | 72 |
| വനിതാക്ഷേമം | 75 |
| സഹകരണം | 79 |
| പട്ടികജാതിക്ഷേമം | 82 |
| വിഭവസമാഹരണം | 89 |

# മാപ്പിൽ രേഖപ്പെടുത്തിയ പഞ്ചായത്തിലെ സ്ഥാപനങ്ങൾ

1. പഞ്ചായത്ത് ഓഫീസ്
2. വില്ലേജ് ഓഫീസ്
3. സാംസ്കാരിക നിലയം
4. പോസ്റ്റ് ഓഫീസ്
4.A. നന്മണ്ട റൂറൽ കോ-ഓപ് ബാങ്ക്
5. ഹോമിയോ ആശുപത്രി
6. നന്മണ്ട എ. യു. പി. സ്ക്കൂൾ
7. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്
7.A. ഹൗസിംഗ് സൊസൈറ്റി
8. ഏഴുകുളം എ. യു. പി സ്ക്കൂൾ
8. A. ജ്ഞാനശ്രീ വായനശാല
9. നന്മണ്ട ഈസ്റ്റ് എ. യു. പി. സ്ക്കൂൾ
9.A. ചേതന വായനശാല- കൂളിപ്പൊയിൽ- 9. B. P. K. S. വായനശാല
10 നാഷനൽ എ. എൽ. പി സ്ക്കൂൾ
11. നന്മണ്ട മാപ്പിളിസ്കൂൾ
12. നന്മണ്ട ഹൈസ്കൂൾ
13. ജ്ഞാനപ്രദായിനി എ. എൽ. പി. സ്ക്കൂൾ
14. കൃഷിഭവൻ
15. കരുണാറാം എ. യു. പി സ്ക്കൂൾ
15. A. കുടുംബക്ഷേമകേന്ദ്രം നന്മണ്ട
16. P. C. എൽ. പി. സ്കൂൾ
17. നന്മണ്ട വെസ്റ്റ് എ. എൽ. പി സ്ക്കൂൾ
18. ബാലബോധിനി
19. ആയുർവ്വേദ ഡിസ്പെൻസറി
19. A. മാട്ടുങ്ങൽ ചെക്കിണി മെമ്മോറിയൽ വായനശാല
19. B. ഫ്രൻസ് റീഡിംഗ് റൂം
20. ചീക്കിലോട് എ. എം. എൽ. പി സ്ക്കൂൾ
21. ചീക്കിലോട് എ. യു. പി. സ്ക്കൂൾ
22. ഉദയ വായനശാല
23. മൃഗാശുപത്രി
24. കുടുംബക്ഷേമകേന്ദ്രം ചീക്കിലോട്
25. V. E. O. ഓഫീസ് ചീക്കിലോട്
26. ചീക്കിലോട് പോസ്റ്റ്ഓഫീസ്
26.A. പ്രതിഭ വായനശാല
27. ചീക്കീലോട് സർവ്വീസ് ബാങ്ക്
28. കൊളത്തൂർ ഗവ. ഹൈസ്ക്കൂൾ
29. കൊളത്തൂർ P. H. C.
30. കൊളത്തൂർ എ യു. പി. സ്ക്കൂൾ
31. കൊളത്തൂർ പോസ്റ്റ് ഓഫീസ്
32. ജ്വാല വായനശാല
33. സരള് വായനശാല

# ആമുഖം

ഇന്ത്യയുടെ പദ്ധതി ആസൂത്രണരംഗത്ത് കേരളം ഒരു പുതിയ മാതൃക സൃഷ്ടിക്കാനുള്ള പണിപ്പുരയിലാണ്. പദ്ധതിപ്രവർത്തനം എന്ന അതിബൃഹത്തായ പ്രക്രിയയിൽ ജനലക്ഷങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് തികച്ചും നൂതനമായ ഒരു പദ്ധതി ആസൂത്രണപ്രവർത്തനമാണ് ജനകീയാസൂത്രണം എന്ന പേരിൽ കേരളത്തിൽ തുടക്കമിട്ടിരിക്കുന്നത്.

1951 മുതൽ പഞ്ചവത്സരപദ്ധതികളായും ഇടക്കാലത്ത് വാർഷികപദ്ധതികളായും നടപ്പിലാക്കിയ ആസൂത്രണ പ്രവർത്തനത്തിലൂടെ നമ്മുടെ രാജ്യം വളരെ മുന്നോട്ട് പോയിട്ടുണ്ട്. കാർഷിക വ്യാവസായിക മേഖലകളിൽ വൻതോതിലുള്ള മാറ്റങ്ങൾ രാജ്യത്തുണ്ടായിട്ടുണ്ട്. എന്നാൽ ഒട്ടനവധി കോട്ടങ്ങളും പദ്ധതിനടത്തിപ്പിലുണ്ടായിട്ടുണ്ട്. സമയക്ലിപ്തതയോടെ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥ, ലക്ഷ്യമിട്ട കാര്യങ്ങൾ സാധിക്കാത്ത സ്ഥിതി നടത്തിപ്പിലെ അഴിമതി തുടങ്ങിയവ ഇതിൽ പ്രധാനമാണ്.

പദ്ധതിയാസൂത്രണരംഗത്ത് ഒരു ദിശാമാറ്റം അനിവാര്യമാക്കിതീർക്കുന്നതാണ് ഈ വസ്തുതകൾ. പദ്ധതിപ്രവർത്തനങ്ങൾ മുഴുവൻ ജനങ്ങൾക്കും പ്രയോജനപ്പെടുത്തക്കവിധത്തിൽ പാഴ്ചെലവും അഴിമതിയും ഇല്ലാതെ നടത്താൻ കഴിഞ്ഞാൽ അത് ജനജീവിതത്തെ കൂടുതൽ സുരക്ഷിതമാക്കുന്നതിന് സഹായിക്കും. ഇങ്ങിനെ സംഭവിക്കണമെങ്കിൽ ഗുണഭോക്താക്കളായ ജനങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കെടുപ്പിക്കുകയാണ് ചെയ്യേണ്ടത്. ഇവിടെയാണ് കേരളസർക്കാറും സംസ്ഥാന പ്ലാനിംഗ് ബോർഡും ഇന്ത്യക്കാകെ മാതൃകയായിത്തീരാവുന്ന തരത്തിൽ വരാൻപോകുന്ന 9-ാം പദ്ധതിയെപറ്റി ഒരു പുതിയ സങ്കല്പം ജനങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കുന്നത്. '9-ാം പദ്ധതി- ജനകീയപദ്ധതി' എന്ന പുതിയ സമവാക്യത്തിലൂടെ സങ്കീർണ്ണമായ ആസൂത്രണപ്രക്രിയയിൽ ജനകോടികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു പുതിയ വികസനസംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഇവിടെ ശ്രമമാരംഭിച്ചിട്ടുള്ളത്.

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളമെങ്കിലും ലോകമൊട്ടാകെ ചർച്ചചെയ്യപ്പെടുന്നതും 'കേരളമോഡൽ' എന്ന് പ്രകീർത്തിക്കപ്പെടുന്നതുമായ വികസനരീതിയുടെ ഉടമകളാണ് നമ്മൾ. ഇതിന്റെ നേട്ടം ആരോഗ്യവിദ്യാഭ്യാസ രംഗങ്ങളിൽ അനുഭവിച്ച് വരികയാണ്. എന്നാൽ ഈ നേട്ടങ്ങളെയടക്കം ഇല്ലായ്മ ചെയ്യുന്ന തരത്തിലാണ് കാർഷിക-വ്യാവസായിക മേഖലകളിൽ ഇന്നുള്ള മുരടിപ്പ്. ഈ അവസ്ഥക്ക് പരിഹാരമുണ്ടാക്കി കാർഷിക വ്യാവസായിക മേഖലകളിൽ ത്വരിതഗതിയിലുള്ള പുരോഗതി ഉറപ്പ് വരുത്തിയേ പറ്റൂ. ഈ യാഥാർത്ഥ്യത്തെ മുമ്പിൽ കണ്ടുകൊണ്ട് വേണം പുതിയ പദ്ധതിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. ഈ ലക്ഷ്യം നേടണമെങ്കിൽ മണ്ണറിഞ്ഞ് വിത്തിറക്കണം. വിഭവലഭ്യതക്കനുസരിച്ച് ചെറുകിട വ്യവസായങ്ങൾ വളർത്തണം. ജലലഭ്യത മനസ്സിലാക്കി കുടിവെള്ള പദ്ധതി നടപ്പിലാക്കണം.

പുതിയ ജനകീയാസൂത്രണപദ്ധതി ഈ രംഗത്ത് ജനങ്ങളെ വിശ്വാസത്തിലെടുക്കുന്നു. 40% ഫണ്ട് സർക്കാർ ഈ പദ്ധതിക്ക് വേണ്ടി നീക്കിവെക്കുകയാണ്. ഈ ഫണ്ട് ഉപയോഗിച്ച് നടക്കുന്ന പ്രവർത്തനങ്ങളിലെ പ്രത്യക്ഷ ജനപങ്കാളിത്തം വികസനപ്രവർത്തനങ്ങളോട് ജനങ്ങൾക്ക് വൈകാരിക ഭാവം സൃഷ്ടിക്കാനും കാര്യക്ഷമമായി നടപ്പിലാക്കപ്പെടാനും അനാവശ്യമായ കാലതാമസവും അഴിമതിയും ഒഴിവാക്കാനും സഹായിക്കും. നമ്മുടെ പഞ്ചായത്തിൽ വികസനരംഗത്ത് ഒരു കുതിച്ചുകയറ്റം തന്നെ സൃഷ്ടിക്കാൻ കഴിയും. കൂടാതെ 60% വരുന്ന തുക കൊണ്ട് സർക്കാർ നടപ്പിലാക്കുന്ന വൻകിട പദ്ധതികളുടെ പ്രയോജനവും പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാവും.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ ജനങ്ങളർപ്പിച്ച വിശ്വാസത്തിന് തെളിവാണ് പഞ്ചായത്തിൽ ഇതുവരെ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ. ആഗസ്റ്റ് മാസത്തിൽ പഞ്ചായത്തിലെ വിവധ രാഷ്ട്രീയ പാർട്ടികളുടെ യോഗം ചേർന്നാണത്ര നന്മണ്ട പഞ്ചായത്തിലെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. തുടർന്ന് ജില്ലാ പരിശീലനത്തിന്റെ ഒന്നാംഘട്ടത്തിൽ 7 ആളുകൾ പങ്കെടുത്തു. സപ്തംബർ 12 ന് പഞ്ചാ

യത്ത് തലത്തിൽ ഒരു ദിവസത്തെ ശില്പശാല നടത്തി. 65 ആളുകൾ പങ്കെടുത്തു. തുടർന്ന് ഒഴിവ് ദിവസങ്ങളിലായി 10 പ്രത്യേകഗ്രാമസഭകൾ നടന്നു. ജനങ്ങളുടെ വർദ്ധിച്ച താല്പര്യം പ്രകടമാവുന്നതായിരുന്നു ഗ്രാമസഭയിലെ ജനപങ്കാളിത്തം. ഒക്ടോബർ 2ന് അവസാനിച്ച ഗ്രാമസഭകളിലെല്ലാംകൂടി മൊത്തം 2055 ആളുകൾ പങ്കെടുത്തു. ഇതിൽ 727 സ്ത്രീകളായിരുന്നു. ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുത്ത ഗ്രാമസഭ 1-ാം വാർഡിലെതായിരുന്നു. 345 ആളുകളാണ് ഇതിൽ പങ്കെടുത്തത്. രണ്ടാംഘട്ട ജില്ലാ പരിശീലനത്തിൽ വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ ഉൾപ്പെടെ 15 ആളുകൾ പങ്കെടുത്തു. രണ്ടാംഘട്ടം പഞ്ചായത്ത്തല പരിശീലനം ഒക്ടോബർ 29ന് നടന്നു.

ഇപ്പോൾ നാം ഏർപ്പെട്ടിട്ടുള്ള സംരംഭം ഒരു പുതിയ വെല്ലുവിളിയാണ്. ഇത് നാം നേരിട്ടേ പറ്റൂ. കാരണം ഇതു പരാജയപ്പെട്ടാൽ ജനങ്ങൾക്ക് നഷ്ടപ്പെടുന്നത് സ്വന്തം ഭാവി കരുപ്പിടിപ്പിക്കാൻ ഇന്ന് കൈവന്ന സുവർണ്ണാവസരമാണ്. ജനങ്ങളിലേക്ക് കൈമാറ്റപ്പെടുന്ന 40% വിഭവം കരുതലോടെയും ആസൂത്രിതമായും പാഴ്ചെലവുകളും അഴിമതിയും ഇല്ലാതെയും വിനിയോഗിക്കപ്പെടണം. അതിന്റെ പ്രയോജനം മുഴുവൻ ജനങ്ങൾക്കും ലഭിക്കണം അങ്ങിനെ വികസനത്തിന്റെ പുതിയ വെല്ലുവിളികളെ നേരിടാനുള്ള നിശ്ചയദാർഢ്യത്തോടെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് നമുക്ക് സ്വയം സമർപ്പിക്കാം.

## സാമൂഹ്യ സാംസ്കാരിക പശ്ചാത്തലം

നന്മണ്ട അംശവും ചീക്കിലോട് അംശവും സംയോജിപ്പിച്ച നന്മണ്ട വില്ലേജ് മാത്രം ഉൾക്കൊള്ളുന്ന നന്മണ്ട പഞ്ചായത്ത് കോഴിക്കോട് താലൂക്കിന്റെ ഏറ്റവും വടക്കെ അറ്റത്താണ് സ്ഥിതിചെയ്യുന്നത്. ആദ്യകാല ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന പഠനങ്ങളുടെയും ചരിത്രരേഖകളുടേയും അഭാവത്തിൽ ഐതിഹ്യങ്ങളും അപൂർവ്വം ചില ചരിത്രവസ്തുതകളും മാത്രമാണ് ഈ പ്രദേശത്തിന്റെ പൂർവ്വ ചരിത്രത്തിലേക്ക് എത്തിനോക്കാൻ സഹായിക്കുന്നത്.

കുറിമ്പിയാതിരിസ്വരൂപം അഥവാ കുറുമ്പ്രനാട്ട് രാജവംശത്തിന്റെ കീഴിലായിരുന്നു നന്മണ്ടയും ചുറ്റുമുള്ള പ്രദേശങ്ങളും. നന്മണ്ടയുടെ പടിഞ്ഞാറെ അറ്റത്തുള്ള കൊളത്തൂർക്ഷേത്രത്തിൽ ക്രി. വ. ആയിരാമാണ്ടിൽ കുറുമ്പ്രനാട്ട് രാജാവ് എഴുതിച്ച 'ഒരു ശിലാലിഖിതം' പ്രൊഫ: എം. ആർ. രാഘവവാരിയരും പ്രൊഫ: എം. ജി. എസ്സ്. നാരായണനും പഠനവിധേയമാക്കി വിലപ്പെട്ട ചരിത്രവസ്തുതകൾ പലതും വെളിവാക്കിയിട്ടുണ്ട്. തൊട്ടടുത്ത പ്രദേശങ്ങളെ പോലെ നന്മണ്ടയിലെ ചീക്കിലോട്, കൊളത്തൂർ പ്രദേശങ്ങളിൽ മഹാശിലാവശിഷ്ടങ്ങൾ കണ്ടെത്തിയതായി ഗവേഷകർ സാക്ഷ്യപ്പെടുത്തുന്നു.

കൊയിലാണ്ടിയിൽ നിന്ന് പടനിലത്തേക്കുള്ള പ്രധാന നാട്ടുവഴി നന്മണ്ടയിലൂടെയായിരുന്നുവെന്ന് പഴമക്കാർ പറയുന്നു. കുന്നത്തെരു, തളിഅമ്പലം റോഡ് എന്നിവിടങ്ങളിലൂടെയായിരുന്നുവത്രെ ഇത് കടന്ന് പോയത്. നന്മണ്ട തളിഅമ്പലം കേരളം മുഴുവൻ വ്യാപിച്ച് കിടക്കുന്ന ഒരു ക്ഷേത്രശൃംഖലയുടെ ഭാഗമായാണ് കരുതപ്പെടുന്നത്.

ഇരുമ്പ് നിക്ഷേപത്തിന് പേര് കേട്ട എലിയോട് മലയോട് ചേർന്ന് കിടക്കുന്ന പുക്കുന്ന് മല നന്മണ്ട പഞ്ചായത്തിലാണ്. നൂറുകണക്കിന് വർഷങ്ങൾക്ക് മുമ്പ് ഇവിടെനിന്ന് ഇരുമ്പയിര് ഖനനം ചെയ്ത് ഉരുപ്പടികൾ നിർമ്മിച്ചതിന്റെ തെളിവുകൾ ഇപ്പോഴും അവശേഷിക്കുന്നുണ്ട്. 'ഐറ്റിട' എന്ന സ്ഥലപ്പേര് തന്നെ 'അയിര് ഉള്ള ഇട' എന്ന നിലയിൽ ഇരുമ്പയിര് കുഴിച്ചെടുത്ത സംഭവവുമായി ബന്ധപ്പെട്ട് ഉണ്ടായതാണെന്ന് കരുതപ്പെടുന്നു. അയിര് കുഴിച്ചെടുത്ത ഗുഹകളും ചാലുകളും ഇവിടെ കാണാം. ഇനിയും ഗവേഷണങ്ങൾക്ക് ഒട്ടേറെ സാധ്യതയുള്ളതാണ് ഈ പ്രദേശം.

നാടുവാഴിത്തവും അയിത്തവും അനാചാരങ്ങളും സാമൂഹ്യജീവിതത്തിന്റെ ഭാഗമായിരുന്നു. അടുത്തകാലംവരെ ഇവയെല്ലാം അതിശക്തമായി തന്നെ നിലനിന്നിരുന്നു. ഇതിന്റെ ഫലമായി ഭൂരിപക്ഷം ജനങ്ങളും ഒട്ടനേകം ദുരിതങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. പിന്നീട് ദേശീയപ്രസ്ഥാനം ശക്തിപ്പെട്ടതും തുടർന്നുണ്ടായ സ്വാതന്ത്രലബ്ധിയും കേരളത്തിൽ പ്രത്യേകിച്ചും നടപ്പിലാക്കിയ ഭൂപരിഷ്കരണവുമെല്ലാമാണ് ആ സ്ഥിതിയിൽ മാറ്റം വരുത്തിയത്. ഇന്ന് കുടിയാന്മാരെല്ലാം ഭൂവുടമകളായി മാറി. മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്തതിന്റെ ഫലമായി ധാരാളം ആളുകൾക്ക് കിടപ്പാടമായി.

ദേശീയസ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ അല മറ്റിടങ്ങളിലെപോലെ നന്മണ്ടയിലുമെത്തി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തനം 1930കളിൽ തന്നെ നന്മണ്ടയിൽ ആരംഭിച്ചു. ശ്രീ. കെ. കേളപ്പൻ, ശ്രീമതി. എ. വി. കുട്ടിമാളു അമ്മ എന്നിവർ കോൺഗ്രസ്സ് പ്രവർത്തനത്തിൽ നേരിട്ട് പങ്കെടുത്ത അനുഭവങ്ങളുണ്ട്.

നന്മണ്ട പഞ്ചായത്ത് 1988വരെ ഉൾപ്പെട്ടിരുന്ന കൊടുവള്ളി ബ്ലോക്ക് പ്രദേശത്ത് താമ്രപത്രം ലഭിച്ച

രണ്ട് സ്വാതന്ത്ര്യ സമരസേനാനികളിൽ ഒരാൾ നന്മണ്ടയിലെ ശ്രീ. നൊരുമ്പുകണ്ടി കുഞ്ഞിരാമൻ നായരായിരുന്നു. നന്മണ്ടയിൽ ജനിച്ചുവളർന്ന പുതിയേടത്ത് കൃഷ്ണൻ നായർക്കും താമ്രപത്രം ലഭിച്ചിട്ടുണ്ട്. ശ്രീ. കേളോത്ത് ഉണ്ണിനായർ, ശ്രീ. പനോളിക്കണ്ടി മമ്മത്, ശ്രീ. കീഴലത്ത് കുഞ്ഞികൃഷ്ണൻ മാസ്റ്റർ, ശ്രീ. എൻ. എ. ഗോപാലൻനായർ, ശ്രീ. കണിയോത്ത് നാരായണകുറുപ്പ്, ശ്രീ. കരിക്കീരിക്കണ്ടി ഗോവിന്ദൻനായർ, ശ്രീ. വൈദിലേരി ഇടത്തിൽ കുഞ്ഞിഗോവിന്ദൻ കിടാവ് എന്നിവർ സ്വാതന്ത്ര്യസമരത്തിൽ വഹിച്ച പങ്ക് എടുത്തു പറയേണ്ടതാണ്. പലരും ജയിൽവാസവും കടുത്ത മർദ്ദനവും ഏല്ക്കേണ്ടിവന്നിട്ടുണ്ട്. ശ്രീ. എൻ. എ. ഗോപാലൻനായർ നന്മണ്ട 13ൽ അന്നുണ്ടായിരുന്ന ഹൈസ്കൂളിൽ പഠിക്കുമ്പോഴാണ് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് കണ്ണൂരിൽ ജയിൽശിക്ഷ അനുഭവിച്ചത്. 2-ാം വട്ടവും അറസ്റ്റ് ചെയ്യപ്പെട്ടതിനെ തുടർന്ന് ലഭിച്ച മർദ്ദനത്തിന്റെ ഫലമായി രോഗിയായി 23-ാമത്തെ വയസ്സിൽ അദ്ദേഹം മരണപ്പെട്ടുട്ടു.

കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടേയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും ആദ്യകാല നേതാക്കൾ പലരും പ്രവർത്തനം സംഘടിപ്പിക്കുന്നതിനും ഒളിവ് ജീവിതം നയിക്കുന്നതിനും 1940കളിൽ നന്മണ്ടയിൽ എത്തിയിരുന്നു. ചീക്കിലോട് 'പാറോൽ' തറവാട്ടിൽ ശ്രീ. പി. കൃഷ്ണപിള്ള, ശ്രീ. ഇ. എം. എസ്., പി. വി. കുഞ്ഞിക്കണ്ണൻ, പി. ആർ. നമ്പ്യാർ എന്നിവർ താമസിച്ചിട്ടുണ്ട്. അന്ന് രഹസ്യ പത്രപ്രവർത്തനത്തിന് ഉപയോഗിച്ച കല്ലച്ച് ഉൾപ്പെടെ പല സാമഗ്രികളുടേയും അവശിഷ്ടങ്ങൾ ഇന്നും കാണാൻ കഴിയും. മുണ്ടോക്കര (നന്മണ്ട 12)യിലും കൃഷ്ണപിള്ള താമസിച്ചിട്ടുണ്ട്. ഇന്റെ ഭാഗമായിട്ടാണ് ശ്രീ. പാറോൽ കൃഷ്ണൻമാസ്റ്റർ, ശ്രീ. മൂന്നാംപിലാക്കൂൽ കുഞ്ഞിരാമൻ മാസ്റ്റർ, ശ്രീ. കെ. ഇ. അപ്പുക്കിടാവ് എന്നിവരുടെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനം ആരംഭിച്ചത്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഇവിടെ നടന്നിരുന്നു. എഴുത്തുപള്ളിക്കൂടങ്ങൾ സർവ്വസാധാരണമായിരുന്നു. ഗ്രന്ഥശാലാ പ്രസ്ഥാനവും ചെറിയതോതിൽ നടന്നിരുന്നു. നന്മണ്ടയിലെ ഏക സർക്കാർ ഹൈസ്കൂളായ കൊളത്തൂർ ഗവ: ഹൈസ്കൂൾ, കൊളത്തൂരിലുള്ള പ്രൈമറി ഹെൽത്ത് സെന്റർ, വിവിധ റോഡുകൽ എന്നിവയുടെ നിർമ്മാണത്തിൽ നേതൃത്വം വഹിച്ചത് ശ്രീ. സ്വാമിഗുരുവരാനന്ദയാണ്. വിവിധരംഗങ്ങളിൽ പ്രശസ്തരായ പല വ്യക്തികളും നന്മണ്ടയുമായി ബന്ധപ്പെട്ടവരാണ്. പ്രശസ്തമായ കോട്ടക്കൽ ആര്യവൈദ്യശാലാ സ്ഥാപകനായ ശ്രീ. പി. എസ്സ്. വാര്യർ നന്മണ്ടയിലെ പന്ന്യംവള്ളി വാരിയം മഠത്തിൽ നിന്നാണ് അവിടേക്ക് പോയിട്ടുള്ളത്. ആരോഗ്യവകുപ്പ് മന്ത്രി ശ്രീ. എ. സി. ഷൺമുഖദാസിന്റെ രാഷ്ട്രീയജീവിതത്തിന്റെ ആദ്യകാലം നന്മണ്ടയുമായി ബന്ധപ്പെട്ടാണ് നടത്തിയിരുന്നത്. 1987 മുതൽ കുന്ദമംഗലം MLA ആയി തുടരുന്ന ശ്രീ. സി. പി. ബാലൻവൈദ്യർ നന്മണ്ടയിലെ ചീക്കിലോട് സ്വദേശിയാണ്.

1950കളുടെ ഉത്തരാർദ്ധത്തിലാണ് നന്മണ്ട പഞ്ചായത്ത് നിലവിൽ വന്നത്. പ്രസിഡന്റിനെ കൈപൊക്കി തെരഞ്ഞെടുക്കുന്ന അന്നത്തെ രീതിയിൽ ആദ്യത്തെ പ്രസിഡന്റ് ശ്രീ. കൊല്ലങ്കണ്ടി പാച്ചർ ആയിരുന്നു. പിന്നീട് 1960ലെ കേരള പഞ്ചായത്ത് നിയമപ്രകാരം നിലവിൽ വന്ന നന്മണ്ട പഞ്ചായത്തിലേക്ക് ആദ്യത്തെ തെരഞ്ഞെടുപ്പ് നടന്നത് 1963ലാണ്. 8 മെമ്പർമാരും നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു വനിതയുമായിരുന്നു അംഗങ്ങൾ. 1. പി. കൃഷ്ണൻ കിടാവ്. 2. കെ.പി. ഗോവിന്ദൻ. 3. തെക്കേടത്ത് രാഘവൻ നായർ. 4. എ.പി. കുഞ്ഞിരാമൻ 5. പനക്കിൽ കൃഷ്ണൻ. 6. കേളപ്പൻ മാസ്റ്റർ 7. സി. ഗോപാലൻ നായർ. 8. നെല്ല്യേൽ കേളുക്കുട്ടി. 9. ശ്രീമതി പി. മാണിടീച്ചർ (നോമിനേറ്റഡ്) പിന്നീട് ശ്രീ. തെക്കേടത്ത് രാഘവൻ നായർ രാജിവെച്ച ഒഴിവിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ ശ്രീ. പെരിഞ്ചേരി ദാമോദരൻ നായർ തെരഞ്ഞെടുക്കപ്പെട്ടു. പ്രസിഡന്റായി ശ്രീ. നെല്ല്യേൽ പി. കേളുക്കുട്ടി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് അദ്ദേഹം രാജിവെച്ചതിനെ തുടർന്ന് ശ്രീ. സി. ഗോപാലൻ നായർ പ്രസിഡന്റായി. ദീർഘിച്ച 16 വർഷത്തിന് ശേഷം 1979ലാണ് പിന്നീട് തെരഞ്ഞെടുപ്പ് നടന്നത്. വാർഡുകളുടെ എണ്ണം 10 ആയി വർദ്ധിച്ചു. 6ാം വാർഡ് വനിതക്കും 10 ാം വാർഡ് പട്ടികജാതിക്കും സംവരണം ചെയ്യപ്പെട്ടു. അംഗങ്ങൾ. 1. കൊല്ലങ്കണ്ടി രവീന്ദ്രൻ 2. കരിപ്പാല രാഘവൻ മാസ്റ്റർ. 3. മഠത്തിൽ ബാലൻ മാസ്റ്റർ. 4. കൂടത്തുകണ്ടി ശ്രീധരൻ മാസ്റ്റർ. 5. പി.എ. സുബൈർ മാസ്റ്റർ. 6. ശ്രീമതി എം. കല്യാണി ടീച്ചർ. 7. ടി.എം. ഇമ്പിച്ചിമമ്മത് 8. നരിക്കേട്ടിൽ ബാലൻ നായർ. 9. പി. അബൂബക്കർ മാസ്റ്റർ 10. പൂളയിൽ ബാലൻ. പ്രസിഡന്റ് ശ്രീ. പി. അബൂബക്കർ മാസ്റ്ററും വൈസ് പ്രസിഡന്റായി ശ്രീ. കരിപ്പാല രാഘവൻ മാസ്റ്ററും തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് അദ്ദേഹം രാജിവെച്ച ഒഴിവിൽ ശ്രീ. കൊല്ലങ്കണ്ടി രവീന്ദ്രൻ വൈസ് പ്രസിഡന്റായി

1984 ൽ ഭരണ സമിതികളെ സർക്കാർ പിരിച്ച് വിട്ടു. 1988ലാണ് പിന്നീട് തെരഞ്ഞെടുപ്പ് നടക്കുന്നത്. ഭരണ സമിതി അംഗങ്ങളായി 1. കൊല്ലങ്കണ്ടി രവീ

ന്ദ്രൻ 2. പി. അബൂബക്കർ മാസ്റ്റർ. 3. സി.കെ. സത്യ ശീലൻ. 4. സി. ചന്ദ്രൻ മാസ്റ്റർ 5. എം. പി പാർവ്വതി ടീച്ചർ 6. ടി. പി. ശിവസുബ്രഹ്മണ്യൻ മാസ്റ്റർ 7. എ.ശ്രീധരൻ മാസ്റ്റർ. 8. സി. രാജീവൻ. 9. എം.കെ. ദേവി. 10. പുളയിൽ ബാലൻ എന്നിവരെ തെരഞ്ഞെടുത്തു ഇതിൽ 5,9 വനിതാ സംവരണ വാർഡുകളും 10 പട്ടികജാതി സംവരണവുമായിരുന്നു. പ്രസിഡന്റായി ശ്രീ. പി. അബൂബക്കർ മാസ്റ്ററും വൈസ് പ്രസിഡന്റായി ശ്രീ. കൊല്ലങ്കണ്ടി രവീന്ദ്രനും തെരഞ്ഞെടുക്കപ്പെട്ടു. 1995 മെയ് 30 ന് പഞ്ചായത്ത് ഭരണ സമിതിയെ ഗവൺമെന്റ് പിരിച്ചുവിട്ടു.

ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നത് 1995 ഒക്ടോബർ 2 നാണ്. അംഗങ്ങൾ 1. എം.പി. ഗോപാലകൃഷ്ണൻ മാസ്റ്റർ. 2. ടി. എം. ശാന്ത. 3. പി.ടി. മനോഹരൻ. 4. എൻ.കെ. രാമൻകുട്ടി മാസ്റ്റർ 5. പി. എ. സുബൈർ മാസ്റ്റർ. 6. മാട്ടുങ്ങൽ വനജ. 7. എ. സഭാഷിണി. 8. എൻ.കെ. രാധാകൃഷ്ണൻ. 9. ഇ.കെ. രാഘവൻ. 10. പൂളയിൽ പ്രേമ.

ഇതിൽ 2,6,7 വനിതാ സംവരണ വാർഡുകളും 10 പട്ടികജാതി വനിതാ സംവരണ വാർഡും 9 പട്ടികജാതി സംവരണ വാർഡുമാണ്. പ്രസിഡന്റ് ശ്രീമതി പൂളയിൽ പ്രേമയും വൈസ് പ്രസിഡന്റ് ശ്രീ എം. പി. ഗോപാലകൃഷ്ണനുമാണ്. ശ്രീ. എൻ.കെ. രാധാകൃഷ്ണൻ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാനാണ്.

## ഭൂപ്രകൃതി

കോഴിക്കോട് നഗരത്തിൽനിന്ന് 20 കി.മീറ്ററോളം വടക്ക് കിഴക്കുമാറി സ്ഥിതി ചെയ്യുന്ന ഭൂപ്രദേശമാണ് നന്മണ്ട ഗ്രാമ പഞ്ചായത്ത്. വിസ്തീർണ്ണം 23.01 സ്ക്വ.ച. കി. മീറ്റർ. ഇത് മുഴുവനായും നന്മണ്ട വില്ലേജിൽ ഉൾപ്പെടുന്നു. പഞ്ചായത്തിനെ 10 വാർഡുകളായി തിരിച്ചിരിക്കുന്നു. വടക്ക് ബാലുശ്ശേരി പഞ്ചായത്ത്, കിഴക്ക് ഉണ്ണികുളം, നരിക്കുനി പഞ്ചായത്തുകൾ, തെക്ക് കാക്കൂർ, പഞ്ചായത്തുകൾ പടിഞ്ഞാറ് അത്തോളി പഞ്ചായത്ത് ഇവയാണ് അതിരുകൾ.

പൊതുവെ കുന്നുകളും മലകളും നിറഞ്ഞ ഭൂപ്രകൃതിയാണ് പഞ്ചായത്തിലുള്ളത്.ഏറ്റവും ഉയരം കുടിയ പുക്കുന്നിന് സമുദ്രനിരപ്പിൽ നിന്ന് 170 മീറ്ററോളം ഉയരമുണ്ട്. ചെറുതും വലുതുമായ ഒട്ടനവധി കുന്നുകളും മലകളും പഞ്ചായത്തിന്റെ ഏതാണ്ടെല്ലാ ഭാഗത്തുമുണ്ട്. 2,3,5 വാർഡുകളിൽ മാത്രമാണ് പറയത്തക്ക കുന്നുകളൊന്നുമില്ലാത്തത്. സമതല പ്രദേശങ്ങളും വയലുകളും കൂടി മൊത്തം ഭൂവിസ്തൃതിയുടെ ഏതാണ്ട് 40 % ത്തോളമേ വരു. കരിങ്കൽ പാറകളും ചെങ്കൽ പാറകളും പല ഭാഗത്തും കാണാൻ കഴിയും.

## ജലപ്രകൃതി

കുന്നിൻ ചെരുവുകളിൽ നീരുറവകൾ പലയിടത്തുമുണ്ട്. കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ പഞ്ചായത്തിന്റെ പലഭാഗത്തുമുണ്ട്. 70 % വീടുകളിലും സ്വന്തമായി കിണറുണ്ട്. ആകെയുള്ള 4335 കിണറുകളിൽ 50% ത്തോളം വേനൽകാലത്ത് വറ്റുന്നു. 20 ഓളം കുളങ്ങൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണുന്നു. സമതല പ്രദേശങ്ങളിൽ ജല ലഭ്യത മിതമായ തോതിൽ മാത്രമെയുള്ളൂ. ആറോളം പ്രധാന തോടുകളും നിരവധി ചെറിയ തോടുകളും ഒഴുകുന്നുണ്ട്. ഇതിൽ ഒന്നൊഴികെ മറ്റുള്ളവയെല്ലാം പൂർണ്ണമായോ ഭാഗികമായോ വറ്റുന്ന വയാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് 7, 8, 9 വാർഡുകളിലൂടെ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള കനാൽ കടന്നു പോകുന്നു. കഴിഞ്ഞ വർഷം പഞ്ചായത്തിന്റെ എല്ലാഭാഗത്തും ജലക്ഷാമം രൂക്ഷമായ തോതിൽ തന്നെ അനുഭവപ്പെടുകയുണ്ടായി.

## ജനപ്രകൃതി

1991 ലെ സെൻസ്സസ് റിപ്പോർട്ടുപ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 23461 ആണ്. ഇതിൽ 12033 പേർ സ്ത്രീകളും 11428 പേർ പുരുഷന്മാരുമാണ്. ആറു വയസ്സിനു താഴെയുള്ള കുട്ടികൾ 1298 പേരുണ്ട്. സ്ത്രീ പുരുഷ അനുപാതം 12: 11 ആണ്. ജനസാന്ദ്രത ചതുരശ്ര കി, മീറ്ററിന് 1008 ആണ്. സംസ്ഥാന ശരാശരി ചതുരശ്ര കി. മീറ്ററിന് 749 ഉം ജില്ലാ ശരാശരി ച. കിമീറ്ററിന് 1118 ഉം ആകുന്നു.





# കൃഷിയും ജലസേചനവും

നമ്മുടെ നന്മണ്ട പഞ്ചായത്ത് പൂർണ്ണമായും ഒരു കാർഷിക മേഖലയാണ്. പാടത്തും പറമ്പിലുമായി കാർഷിക വൃത്തിയിൽ വ്യാപൃതരായ അദ്ധ്വാനശീലരായ സ്ത്രീ–പുരുഷന്മാർ ഇതിന്റെ ഭൂതകാലത്തെ ധന്യമാക്കിയിരുന്നു. പഞ്ചായത്തിന്റെ ചരിത്രവും സംസ്കാരവും ആഘോഷങ്ങളും ഒക്കെ കൃഷിയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട് കിടക്കുന്നു.

ഒരു കാലത്ത് സമൂഹത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉല്പാദനോപാധി കൃഷിഭൂമിയായിരുന്നു. ഭൂമിയുടെ ഉടമാവകാശികളായ ജന്മിമാരും അവരുടെ കീഴിൽ കാണക്കാരും വെറും പാട്ടക്കുടിയാന്മാരും അടിയാളരും അടങ്ങുന്ന ഒരു ജനസമൂഹം ഭൂമിയുടെ ഫലപുഷ്ടികൊണ്ട് ഉപജീവനം നടത്തുകയോ സുഖലോലുപത്തം അനുഭവിച്ച് പോരുകയോ ചെയ്തിരുന്നു. ഇവർക്ക് കൃഷി ഒരു തൊഴിൽ എന്നതിലുപരി ഒരു അനുഷ്ഠാനമായിരുന്നു. ഇവർ കൃഷിഭൂമിയെ സ്നേഹിക്കുകയും കാർഷിക വിളകളെ ആരാധിക്കുകയും ചെയ്തിരുന്നവരാണ്. ശാസ്ത്രസാങ്കേതിക വിദ്യകൾ പുരോഗമിച്ച, പരിഷ്കാരവും വിദ്യാഭ്യാസവും വർദ്ധിച്ച, രാഷ്ട്രീയ സാമൂഹ്യരംഗങ്ങൾ മാറിമറിഞ്ഞ ഈ ആധുനിക കാലഘട്ടത്തിൽ പഞ്ചായത്തിലെ കാർഷികമേഖലയുടെ ചിത്രം ഇതിൽനിന്നെല്ലാം വിഭിന്നമാണെന്ന് പറയേണ്ടതില്ല.

പഞ്ചായത്ത് പ്രദേശത്തെ കൃഷിഭൂമിയെ അതിന്റെ കിടപ്പനുസരിച്ച് 1. കുന്നുകളും അതിന്റെ ചെരിവുകളും. 2. സമതലപ്രദേശങ്ങൾ. 3. വയലുകൾ എന്നിങ്ങനെ തരംതിരിക്കാം.

### 1. കുന്നുകളും അതിന്റെ ചെരിവുകളും:

ഭൂവിസ്തൃതിയുടെ ഏകദേശം 60% കുന്നുകളും താഴ്വരകളുമാണ്. ഏറ്റവും കിഴക്കുഭാഗത്ത് പരലാട് മല സ്ഥിതിചെയ്യുന്നു. അതിന്റെ സമീപത്തായി കണ്ടിക്കുന്ന് മല പുതിയോട്ടുകണ്ടി മല, പെരിങ്ങോട്ടുമല ഇവയും കിടക്കുന്നു. ഈ മലകളിൽ ഒന്നുംതന്നെ നീരുറവകളോ നീരൊഴുക്കുകളോ ഇല്ല. വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു. ഫലപുഷ്ടിയുള്ള ചെങ്കൽമണ്ണാണ് കണ്ടുവരുന്നത്. അങ്ങിങ്ങായി കരിങ്കൽനിക്ഷേപം ഈ മലകളിൽ ഏതാണ്ട് എല്ലാ ഭാഗത്തും കണ്ടുവരുന്നു. കൃഷി–തെങ്ങ്, കശുമാവ്. പരലാട് മലയുടെ കിഴക്കെ ചെരുവിൽ റബ്ബർകൃഷി ഉണ്ട്.

പഞ്ചായത്തിന്റെ തെക്കുഭാഗത്ത് നിന്ന് തുടങ്ങി നീണ്ടുയർന്നു കിടക്കുന്ന ഏറ്റവും വലിയ മലയാണ് പുക്കുന്ന് അഥവാ പൊൻകുന്ന്. പുക്കുന്നുമലയിൽ വറ്റാത്ത നിരവധി നീരുറവകളും നീരൊഴുക്കുകളും കണ്ടുവരുന്നു. കൈതയിൽ, വെള്ളച്ചാൽ എന്നീ വറ്റാത്ത നീരുറവകൾ പ്രകൃതിയുടെ വരദാനങ്ങൾ തന്നെയാണ്. ഈ മലയുടെ ഏറ്റവും ഉയർന്നഭാഗത്ത് നെൽകൃഷി കാണുന്നു എന്നത് രസാവഹമാണ്. എന്നാൽ പുക്കുന്നിന്റെ ചിലഭാഗത്ത് ജലക്ഷാമം ഉണ്ട്. ഫലപുഷ്ടിയുള്ള ചെങ്കൽമണ്ണിൽ മുഖ്യകൃഷി തെങ്ങുതന്നെ. കശുമാവും മറ്റ് ഫലവൃക്ഷങ്ങളും അങ്ങിങ്ങ് കാണാൻ കഴിയും.

പടിഞ്ഞാറ് ഭാഗത്തായി താഴക്കോട്ടുമല ഒളയിമ്മല ഇവ കിടക്കുന്നു. താഴെക്കോട്ടുമലയുടെ തെക്കുകിഴക്കായി കിടക്കുന്ന പുളിക്കൂൽമലയിൽ ചിലഭാഗത്ത് നീരുറവകൾ കാണുന്നുണ്ട്. ഒളയിമ്മലയുടെ ഒരു ഭാഗത്തും നീരുറവകൾ ഇല്ല. പൊതുവെ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണിത്.

പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് അല്പം പടിഞ്ഞാറ്മാറി കോളിയോടുമലയാണ്. ഈ മലയുടെ താഴ്വാരത്ത് ചില നീരുറവകൾ ഉണ്ട്. ഇതിന്റെ വടക്കു പടിഞ്ഞാറ് ആയി കരിയാണിമല ചെറാലോറമല കാരാട്ടുപാറ, ചിത്രപ്പറ്റമല ഇവയും ഉണ്ട്. കരിയാണിമലയുടെ പടിഞ്ഞാറുഭാഗത്ത് നീർചാലുകൾ കാണാം. മുഖ്യകൃഷി തെങ്ങ്. കുറെ സ്ഥലങ്ങളിൽ കശുമാവ് കൃഷിയുണ്ട്.

### 2. സമതലപ്രദേശങ്ങൾ:

കുന്നിൻചെരിവുകൾക്കും വയലുകൾക്കും ഇട

യിൽ കിടക്കുന്ന നിരപ്പായ പ്രദേശങ്ങളാണ് സമതലങ്ങൾ. മണ്ണ് ഫലപുഷ്ടി ഉള്ളതായിരുന്നു ഒരുകാലത്ത്. ഇന്ന് ആ ഫലപുഷ്ടി കുറഞ്ഞുവരുന്നു എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. ജലലഭ്യത മിതമായ തോതിലാണ്. കൃഷി– തെങ്ങ്, കവുങ്ങ്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, മരച്ചീനി പപ്പായ (കറമൂസ്സ).

### 3. വയലുകൾ

പഞ്ചായത്തിൽ 4655 ഏക്കർ വയലാണുള്ളത്. ഇവ ഒരിപ്പുൽ നിലങ്ങളും ഇരിപ്പൂൽ നിലങ്ങളും ആണ്. മൂന്ന് പുകിൽ കൃഷി ചെയ്യുന്നതിന് സാധ്യതകൾ ചിലയിടങ്ങളിൽ ഉണ്ടെങ്കിലും ഇന്ന് മൂന്നുപുകിൽ കൃഷി ഒരു ഭാഗത്തും നടക്കുന്നില്ല. 7, 8, 9 വാർഡുകളിലെ വയലുകളിൽ ഫലപുഷ്ടിയുള്ള പശിമരാശി മണ്ണാണ് കാണുന്നത്. മറ്റിടങ്ങളിൽ ഫലപുഷ്ടി കുറഞ്ഞ മണൽ മണ്ണാണ്. മുഖ്യകൃഷി നെല്ല്. വാഴ, മരച്ചീനി, പയർ ഇവയും കൃഷിചെയ്തു വരുന്നു.

### തോടുകൾ

പഞ്ചായത്തിൽ പ്രകൃത്യാ ഉള്ള ആറ് തോടുകൾ ഉണ്ട്. എട്ടാം വാർഡിൽ വടക്ക് നിന്ന് തെക്കോട്ട് ഒഴുകുന്ന നടോറ തോടിൽ എക്കാലവും വെള്ളം സുലഭമാണ്. പഞ്ചായത്തിൽ മൊത്തമുള്ള തോടിൻരെ വിസ്ത്രീർണ്ണം 12 ഏക്കർ 11 സെന്റുമുണ്ട്.

### ജലസേചന കനാലുകൾ

കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്റ്റിന്റെ ഭാഗമായി കക്കോടി ബ്രാഞ്ച് കനാൽ, ചീക്കിലോട് ഡിസ്ട്രിബ്യൂട്ടറി കനാൽ, മൂന്ന് ഫീൽഡ് ചാനലുകൾ ഇവ ഒഴുകുന്നു. 7, 8, 9 വാർഡുകളിലെ വരണ്ടുണങ്ങി പോകുമായിരുന്ന പ്രദേശങ്ങളിൽ ഈ കനാലുകൾ ഒരു അനുഗ്രഹമാണ്. നിലവിലുള്ള ചില ഫീൽഡ് ചാനലുകൾ ദീർഘിപ്പിച്ചും, പുതിയ ചില ചാനലു

പട്ടിക 1

തോടുകൾ (അവലംബം പഠന പര്യടനം)

| തോടിന്റെ പേര് | തുടങ്ങുന്ന സ്ഥലം | അവസാനിക്കുന്ന സ്ഥലം | ഏകദേശ നീളം കി.മീ. | വീതിമീറ്ററിൽ | | | ഒഴുകുന്ന ദിശ | ഒഴുകുന്ന വാർഡുകൾ |
|---|---|---|---|---|---|---|---|---|
| | | | | തുടക്കത്തിൽ | മദ്ധ്യഭാഗത്ത് | ഒടുക്കത്തിൽ | | |
| ബാലബോധിനി നാരകശ്ശേരി- രാമമല്ലൂർ തോട് | കോളിയോട്ടുമല ബാലബോധിനി | കോട്ടാടിക്കണ്ടി താഴെ | 5 | 1 | 3 | 3 1/2 | പടിഞ്ഞാറുനിന്ന് കിഴക്കോട്ട്, തെക്കോട്ട് | 10,5,6 |
| കട്ടമ്പൂർ, കാരക്കുന്ന് രാമല്ലൂർ തോട് | പെരിങ്ങോടം മലയുടെ കിഴക്കുഭാഗം | കോട്ടാടിക്കണ്ടി താഴെ | 2 1/2 | 1 | 21/2 | 31/2 | വടക്കുനിന്ന് തെക്കോട്ട് | 4,5 |
| മഞ്ഞമ്പ്രമല തോട് | | | | 2 1/2 | 3 | 3 | വടക്കോട്ട് | 3,2 |
| വരിക്കണ്ടിതാഴം –നടോറത്തോട് | തോടുക്കുക്കാക്കുഴി | നടോറിക്കൽ | 2 | 1 | 1.5 | 2 | കിഴക്കുനിന്ന് പടിഞ്ഞാറോട്ട് | 9,8 |
| എരമംഗലം നടോറ അഞ്ചാംപാലംതോട് | ആനക്കുഴി (കൊളത്തൂർ നോർത്ത്) | ചിരട്ടക്കരത്താഴം (കൊളക്കാട്) | 5 | 2 | 3.5 | 6 | വടക്കുനിന്ന് തെക്കോട്ട് | 8 |
| എരിപ്പാംതോട് പനാട്ടുപറമ്പത്ത് അഞ്ചാംപാലംതോട് | എരിപ്പാംതോട് പൂതക്കുണ്ട് പെരുവാഴിമല | അഞ്ചാം പാലം | 3 1/2 | 1.5 | 2.5 | 3 | കിഴക്കുനിന്ന് പടിഞ്ഞാറോട്ട് | 9,7,8 |

പട്ടിക 1 A
തോടുകൾ (അവലംബം പഠന പര്യടനം)

| തോടിന്റെ പേര് | വേനൽക്കാലത്ത് വെള്ളമുണ്ടാക്കുന്ന ഭാഗത്തിന്റെ നീളം | നിലവിലുള്ള VCBകളുടെ എണ്ണം | തോടുമായി ബന്ധപ്പെട്ട കാർഷിക പ്രശ്നങ്ങൾ, സാധ്യതകൾ |
|---|---|---|---|
| ബാലബോധിനി നാരകശ്ശേരി രാമല്ലൂർ തോട് | ഇല്ല | 2+നിർമ്മാണത്തി ലിരിക്കുന്ന ഒന്ന് | നിലവിലുള്ള VCB കൾ രണ്ടും റിപ്പയർ ചെയ്യണം. |
| കട്ടമ്പൂർ- കാരക്കുന്ന് രാമല്ലൂർ തോട് | ഇല്ല | ഇല്ല | |
| മഞ്ഞമ്പ്ര മല | | 2 | |
| വരിക്കണ്ടിതാഴം നടോറത്തോട് | 3/4 K.m. | ഇല്ല | |
| എരമംഗലം നടോറ- അഞ്ചാം പാലം തോട് | 5. K.m. | 2 | സൈഡുപൊട്ടി കൃഷി നശിക്കുന്നു. ആ ഭാഗങ്ങളിൽ സൈഡു കെട്ടണം. മുണ്ടാടി മൂല VCB റിപ്പയർ ചെയ്യണം. കൊളത്തൂർ ഹൈസ്കൂളിന് തെക്കായി ഒരു VCB പണി യുകയോ, ഇളവനപ്പുറത്തുതാഴ VCB യിൽ നിന്ന് കൈതോട് തെക്കോട്ട് നീട്ടുകയോ വേണം. |
| എരിപ്പാംതോട് പനാട്ടുപറമ്പത്ത് - അഞ്ചാം പാലം | 1 1/2 K.M. | 1 | നിലവിലുള്ള VCB യിൽ വെള്ളം കെട്ടി നിർത്തുമ്പോൾ കര കവിഞ്ഞൊഴുകുന്നതി നാൽ 10 മീറ്ററോളം സ്ഥലം സൈഡു കെട്ടി ഉയർത്തണം. |

കൾ നിർമ്മിച്ചും സാധ്യമായ കുറെക്കൂടി പ്രദേശങ്ങളിലേക്ക് വെള്ളമെത്തിക്കാൻ കഴിയും.

### വിള ചേരുവ

തെങ്ങ്:- 5075 ഏക്കർ സ്ഥലത്താണ് ഇപ്പോൾ തെങ്ങ് കൃഷി ഉള്ളത്. ഒരു ഏക്കറിൽ 100 ഉം അതിലധികവും തെങ്ങ് കൃഷി ചെയ്തുവരുന്നു. തെങ്ങുകളുടെ ഇടയകലം കുറഞ്ഞിരുക്കുന്നത്. വേണ്ട ഉല്പാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. മിശ്രവിളയായിട്ടാണ് തെങ്ങ് കൃഷി കാണുന്നത്. പ്ലോട്ടുകളായി തിരിച്ച്, ഇടയകലവും മറ്റും കൃത്യമായി പാലിച്ചുകൊണ്ട് ശാസ്ത്രീയമായി തെങ്ങ് കൃഷിചെയ്യുന്ന രീതി ഇന്ന് നിലവിലില്ല. പഞ്ചായത്തിലെ ഉല്പാദനക്ഷമത മുൻകാലങ്ങളിൽതെങ്ങൊന്നിന് 50 (അൻപത്) തേങ്ങയിൽ കൂടുതലായിരുന്നു. ഇന്ന് അത് 35 നും 40 നും ഇടയിലായി കുറഞ്ഞത് ആശങ്കാജനകമാണ്. നന്മണ്ടയിലെ നാളികേരം ഗുണമേൻമയിൽ മികച്ചുനിന്നിരുന്നുവെന്ന് പഴമക്കാർ പറയുന്നു. ഇന്ന് ആ നിലവാരം ഉണ്ടെന്ന് പറയാവതല്ല.

തെങ്ങിന്റെ ഉല്പാദനക്ഷമത കുറയുന്നതിന്റെ കാരണങ്ങൾ നിരവധിയാണ്. ജലസേചനമില്ലായ്മ, ശാസ്ത്രീയമായ കൃഷിമുറകൾ പാലിക്കാത്തത്, ജൈവ വളങ്ങൾ വേണ്ടത്ര ഉപയോഗിക്കാത്തത്, മണ്ണൊലിപ്പ്, മണ്ണിന്റെ ഫലപുഷ്ടി കുറയുന്നത് ഇവയൊക്കെയാണ്. കേരകർഷകനെ അലട്ടുന്ന പ്രശ്നം തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളും കീടബാധകളുമാണ്. സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ. ചെന്നീരൊലിപ്പ്, കൂമ്പ് ചീയൽ ഇവയാണ് കൊമ്പൻചെല്ലി എന്ന കീടബാധയും തെങ്ങിനെ നശിപ്പിക്കുന്നുണ്ട്. കേരകർഷകസമിതി ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. തൊഴിലാളികളെ വേണ്ടത്ര കിട്ടാത്തതും ഒരു പ്രശ്നമാണ്.

നെല്ല്:- ഒരു കാലത്ത് കൃഷി എന്ന പദംകൊണ്ട് വിവക്ഷിച്ചിരുന്നത് തന്നെ നെൽകൃഷിയായിരുന്നു. വയലിൽ മാത്രമല്ല, പറമ്പുകളിലും നെല്ല് കൃഷി

ചെയ്യുമായിരുന്നു. മഞ്ഞക്കൊയ്യാല, പള്ളിയാൽ, ചോമാല ഏച്ചിലാടൻ, പൂക്കിലാടൻ, കല്ലുരുണി തുടങ്ങിയ നാടൻ വിത്തുകൾ പറമ്പുകളിൽ കൃഷി ചെയ്തിരുന്നവയാണ്. പറമ്പിലെ നെൽകൃഷി ഇന്ന് മിക്കവാറും അപ്രത്യക്ഷമായിട്ടുണ്ട്; നെല്ലുമാത്രമല്ല ചാമ, മുത്താറി തുടങ്ങിയ ധാന്യങ്ങളും ഒരു കാലത്ത് കൃഷി ചെയ്തിരുന്നു.

പഞ്ചായത്തിൽ ഒന്നാംവിള കൃഷി ചെയ്യുന്ന 18 ഏക്കറും, രണ്ടാംവിള കൃഷിചെയ്യുന്ന 171.25 ഏക്കറും മൂന്നാം വിളയിറക്കുന്ന 218.2 ഏക്കറും വയലാണ് ഉള്ളത്. തെക്കൻചീര, രാമൻകാരി, വെതാണ്ടൻ, പുഞ്ചവിത്ത് തുടങ്ങിയ നാടൻ വിത്തിനങ്ങൾ കൃഷി ചെയ്തു വരുന്നു. കൾച്ചർ, സ്വർണ്ണപ്രഭ, ജ്യോതി, അന്നപൂർണ്ണ, ചുകന്ന ത്രിവേണി തുടങ്ങിയ മൂപ്പു കുറഞ്ഞ നൂതന ഇനങ്ങളും കൃഷി ചെയ്യുന്നവരുണ്ട്. 'നെൽകൃഷി ആദായകരമല്ല' എന്നത് കർഷകർക്ക് പൊതുവെ ഉള്ള ഒരു പരാതിയാണിന്ന്. കൂലിചില വുകളും ഉല്പാദനവും തമ്മിൽ തുലനം ചെയ്യാത്തത് നെൽകൃഷി രംഗത്ത് നിന്ന് ആളുകളെ അകറ്റി നിർത്തുന്നു.

ജൈവവള പ്രയോഗം കുറഞ്ഞത് ഉല്പാദനക്ഷമതയെ സാരമായി ബാധിക്കുന്നു. കന്നു പൂട്ടുന്നതിന് പരമ്പരാഗത രീതിയിൽ കാളകളെ വളർത്തുന്നവർ വളരെ കുറഞ്ഞിട്ടുണ്ട്. പകരം ട്രില്ലർ തുടങ്ങിയ യന്ത്രങ്ങളുടെ ഉപയോഗം വ്യാപകമായിട്ടുമില്ല. ഇപ്പോൾ അഞ്ചും ആറും വാർഡുകളിലായി കിടക്കുന്ന നാരകശ്ശേരിത്താഴം പാടശേഖരത്തിൽ മാത്രമാണ് ഒരു ട്രില്ലർ ഉള്ളത്. കുറുന്താർനിലം പാടശേഖരം, പടവക്കാലിത്താഴം, ഇരിങ്ങാത്ത് താഴം (8-ാം വാർഡ്) കുളിപ്പൊയിൽ ആറപ്പ എന്നീ ഗ്രൂപ്പ് ഫാമുകൾ ഉണ്ടെങ്കിലും ട്രില്ലർ മെതിയന്ത്രം പാറ്റുയന്ത്രം തുടങ്ങിയ സാമഗ്രികൾ സ്വന്തമായി ഇല്ല.

**പട്ടിക-2. പാടശേഖരങ്ങൾ (കൃഷിഭവൻ രേഖകൾ)**

കുളിപ്പൊയിൽ
ആറപ്പ
കറുന്താർ
പടവക്കാരി
ഇരിങ്ങത്ത് താഴം
നാരകശ്ശേരി താഴം

നെല്ലിന് കീടബാധയും രോഗങ്ങളും താരതമ്യേന കുറവാണ്. കീടനാശിനികളുടെ ഉപയോഗം സമീപകാലത്ത് കുറഞ്ഞിട്ടുണ്ട്.

കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറഞ്ഞത് നെൽകൃഷിയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. ഞാറുനടൽ, കള പറിയ്ക്കൽ തുടങ്ങിയ ജോലികൾ ചെയ്തു വന്നിരുന്ന സ്ത്രീതൊഴിലാളികൾ ഇന്ന് വിരലിലെണ്ണാവുന്നവർ മാത്രമാണ്. യുവതീയുവാക്കളെ നെൽകൃഷി രംഗത്തേക്ക് ആകർഷിക്കേണ്ടത് അനിവാര്യമാണ്. നെൽവയലുകളിൽ വാഴ, മരച്ചീനി തുടങ്ങിയ കൃഷി ചെയ്യുന്നവർ കുറവല്ല. നെൽവയൽ നികത്തി തെങ്ങ് വെക്കുകയും വീടുനിർമ്മിക്കുന്ന പ്രവണതയും കണ്ടുവരുന്നു.

കവുങ്ങ്:- കേരോല്പന്നവില കുറയുകയും അടയ്ക്ക വില കൂടുകയും ചെയ്ത സമീപകാലത്ത് കവുങ്ങ് കൃഷിക്ക് താല്പര്യം കൂടിയിട്ടുണ്ട്. കേരവൃക്ഷങ്ങളുടെ ഇടയിൽ അങ്ങിങ്ങായി കവുങ്ങ് കണ്ടുവരുന്നു. അപൂർവ്വം കവുങ്ങിൻ തോട്ടങ്ങളും കാണുന്നുണ്ട്. ഒരു സീസണിൽ മാത്രം ആദായം തരുന്നത് കൊണ്ടായിരിക്കാം കവുങ്ങ് കൃഷിക്ക് അതർഹിക്കുന്ന പ്രാധാന്യം നമ്മുടെ കർഷകർ നൽകുന്നില്ല.

കുരുമുളക്:- ഒരു കാലത്ത് 50 ഏക്കറിലധികം കുരുമുളകിൻ തോട്ടങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ദ്രുതവാട്ടരോഗം മൂലം ഇന്ന് അതിന്റെ അളവ് വളരെ കുറഞ്ഞിട്ടുണ്ട്. ഫലപ്രദമായ പ്രതിരോധനടപടികൾ ഉണ്ടെങ്കിലും കൃഷിക്കാർ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ബോധവൽക്കരണത്തിന്റെ അഭാവം ഈ കറുത്ത പൊൻകൃഷി നശിക്കുന്നതിന് കാരണമായിട്ടുണ്ട്. കുരുമുളക് കൃഷിക്ക് ഏറ്റവും ഉപയുക്തമായ ഭൂപ്രദേശമാണ് പഞ്ചായത്തിലുള്ളത്. വേണ്ടത്ര ശ്രദ്ധയും പ്രോത്സാഹനവും കൊടുത്ത് അഭിവൃദ്ധിപ്പെടുത്തേണ്ട ഒരു കൃഷിയാണിത്. കുരുമുളക് സമിതി ഉണ്ടെങ്കിലും പ്രവർത്തനം നാമമാത്രമാണ്.

കശുമാവ്:- ഏകദേശം 12.5 ഏക്കറിൽ കശുമാവ് കൃഷിയുണ്ട്. പരമ്പരാഗത ഇനങ്ങളാണ് ഇന്ന് കൃഷി ചെയ്യുന്നത്. ഉല്പാദനക്ഷമത കുറവാണ്. അത്യുല്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കി വേണ്ടത്ര പ്രോത്സാഹനം അർഹിക്കുന്ന കൃഷിയാണിത്.

വാഴ:- ഏകദേശം 50 ഏക്കർ. കുടുതലും നേന്ത്രവാഴയാണ് കൃഷി ചെയ്യുന്നത്. നെൽവയലുകളുടെ നല്ലൊരു ഭാഗം വാഴ അപഹരിച്ചിട്ടുണ്ട്. ആദായകരമായ ഒരു കൃഷിയാണിത്. പ്രകൃതിക്ഷോഭം പലപ്പോഴും വാഴക്കർഷകനെ ദ്രോഹിക്കുന്നു. കുറുനാമ്പ്, കൊക്കാൻ തുടങ്ങിയ രോഗങ്ങൾ വാഴകൃഷിയെ നശിപ്പിക്കുന്നു. വിള ഇൻഷുറൻസ് കുറെയൊക്കെ പരിഹാരം തേടുന്നുണ്ട്.

**മരച്ചീനി:-**

10.2 ഏക്കറിൽ കൃഷിചെയ്യുന്നുണ്ട്. ഉപഭോഗത്തിൽ മുൻപന്തിയിലാണെങ്കിലും മരച്ചീനിയികൃഷി

യിൽ നാം പിന്നോട്ടാണ്. ജനങ്ങളുടെ ആഹാരത്തിൽ പ്രമുഖസ്ഥാനം നേടിയിരിക്കുന്ന മരച്ചീനിയിൽ നമ്മുടെ പഞ്ചായത്ത് സ്വയം പര്യാപ്തമല്ല. നല്ലൊരുഭാഗം ഇറക്കുമതിയെ ആശ്രയിക്കുന്നു. എലിശല്യം മരച്ചീനികൃഷിയെ പിന്നോട്ട് തള്ളിയ ഒരു ഘടകമാണ്.

കിഴങ്ങ് വർഗ്ഗങ്ങൾ:-

ഇടവിളയായി ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ് തുടങ്ങിയ കിഴങ്ങ് വർഗ്ഗങ്ങൾ നമ്മുടെ ഭൂപ്രദേശങ്ങളിൽ അങ്ങോളമിങ്ങോളം കാണാമായിരുന്നു. ഇന്ന് അത് നാമമാത്രമായി ചുരുങ്ങിയത് ഗൗരവതരമാണ്. കൃഷിച്ചെലവിലുള്ള വർദ്ധനവച്ച് നോക്കുമ്പോൾ ഇടവിള കൃഷികൾ നഷ്ടമാവുന്നതായിരിക്കണം ഈ കൃഷി കുറഞ്ഞ് വരാൻ കാരണം.

ഇഞ്ചി, മഞ്ഞൾ:- മഞ്ഞൾ സ്വന്തം വീട്ടാവശ്യത്തിന് മിക്കവരും കൃഷിചെയ്യുന്നുണ്ട്. ഇഞ്ചികൃഷി തുച്ഛമായ അളവിൽ മാത്രമേ കാണുന്നുള്ളൂ. തണ്ട്തുരപ്പൻ, ചീയ്യൽ തുടങ്ങിയവ ഇഞ്ചികൃഷിയെ നശിപ്പിക്കുന്നു. മണ്ണ് ഇഞ്ചികൃഷിക്ക് അനിയോജ്യമാണെങ്കിലും നമ്മുടെ കർഷകർ ഈ കൃഷിയിൽ അത്ര താല്പര്യം കാണിക്കാറില്ല.

പച്ചക്കറികൾ:-

കൃഷിഭവൻ കണക്കുകൾ പ്രകാരം പഞ്ചായത്തിൽ 12.5 ഏക്കർ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്യുന്നുണ്ട്. പച്ചക്കറിയുടെ കാര്യത്തിൽ പൊതുവെ ഒരു ഉപഭോഗസംസ്കാരമാണ് ഇന്ന് കണ്ടുവരുന്നത്. ആഹാരത്തിന്റെ മുഖ്യഭാഗമായ പച്ചക്കറി ഓരോ വീട്ടുവളപ്പിലും ഉല്പാദിപ്പിക്കാൻ ഇന്ന് കഴിയുന്നില്ല. ഒരു കാലത്ത് നെൽവയലുക്കളിൽ കൊയ്ത്തുകഴിഞ്ഞാൽ കുട്ടികൃഷിയായി വെള്ളരി, മത്തൻ, കയ്പ, വെണ്ട തുടങ്ങിയ പച്ചക്കറികൾ കൃഷിചെയ്യാറുണ്ടായിരുന്നു. എന്നാൽ ഇന്ന് അത് കാണുന്നില്ല. ജലസേചനത്തിന്റെ അപര്യാപ്തത, പരിചരണത്തിനുള്ള താല്പര്യക്കുറവ്, കീടബാധ ഇവയൊക്കെ ഈ കൃഷിയെ പിറകോട്ട് തള്ളുന്ന ഘടകങ്ങളാണ്.

മാവ്, പ്ലാവ്:- ചക്കയും മാങ്ങയും ഒരു സീസണിൽ നമ്മുടെ ആഹാരത്തിൽ നല്ലൊരു പങ്കുവഹിക്കുന്നു. നാട്ടുമാവ്, ഇളവർ, സേലൻ, നീലൻ തുടങ്ങിയ ഇനങ്ങളും കണ്ടുവരുന്നു. ഒട്ടുമാവിൻ തൈകൾ കൃഷിഭവന്റെ മേൽനോട്ടത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്താൽ മാമ്പഴത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയും. തടിയാവശ്യത്തിന് വൻതോതിൽ മാവും പ്ലാവും മുറിച്ചു നീക്കുന്നുണ്ട്. ഉൾപ്രദേശത്തിലേക്ക് റോഡുസൗകര്യങ്ങൾ വന്നത് വൻമരങ്ങൾക്ക് ഒരു ഭീഷണിയായിത്തീർന്നിട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

കൈതച്ചക്ക:-

ചെലവു കുറഞ്ഞതും വളരെ ആദായകരവുമായ പൈനാപ്പിൾ കൃഷി പ്രോത്സാഹിപ്പിച്ചേ പറ്റൂ.

വെറ്റില കൃഷി ജലസേചനസൗകര്യമുള്ളിടത്ത് ചെയ്യാവുന്ന ഒന്നാണ്. ഔഷധച്ചെടികൃഷി, പൂകൃഷി ഇവയ്ക്കു സാധ്യതകൾ ധാരാളമുണ്ട്.

**ജലസേചനം**

മഴയെ ആശ്രയിച്ചാണ് പഞ്ചായത്തിന്റെ സിംഹഭാഗത്തും കൃഷിചെയ്യുന്നത്. 7, 8, 9 വാർഡുകളിൽ കുറെ ഭാഗത്ത് ജലസേചന കനാലിന്റെ സൗകര്യമുണ്ട്. തോടുകളിൽ VCB കൾ നിർമ്മിച്ചും ജലസേചനം നടത്തുന്നു. വിവിധ ഭാഗങ്ങളിലായി 7 VCBകൾ നിലവിലുണ്ട്. 500 ഓളം കിണറുകളും മോട്ടോറുകളും, ജലസേചന ആവശ്യം നിർവ്വഹിച്ചു വരുന്നു. ഇരുപതോളം കുളങ്ങളും, പഞ്ചായത്തിൽ ഉണ്ട്. പറമ്പു ജല

**പട്ടിക 3. വിളകൾ (അവലംബം കൃഷിഭവൻ രേഖകൾ, ഗ്രാമസഭാ ചർച്ചകൾ)**

| കാർഷിക വിളയുടെ പേര് | കൃഷിയിടത്തിന്റെ വിസ്ത്രീർണം (ഏക്കറിൽ) | ഉല്പാദന ക്ഷമത | കൃഷിയുടെ അളവ് കൂടുന്നുവോ കുറയുന്നുവോ എന്ന് | ഉൽപാദന ക്ഷമത മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുന്നുവോ കുറയുന്നുവോ എന്ന് |
|---|---|---|---|---|
| തെങ്ങ് | 50.75 | 40 തേങ്ങ/ തെങ്ങ് | കൂടുന്നു | കുറയുന്നു |
| നെല്ല് 1ാം വിള | 18 | 1800 kg./ഹെക്ടർ | കുറയുന്നു | കുറയുന്നു |
| നെല്ല് 2ാം വിള | 171.25 | 1900 kg/ ഹെക്ടർ | കുറയുന്നു | കുറയുന്നു |
| നെല്ല് 3ാം വിള | 218.2 | 2050kg/ഹെക്ടർ | കുറയുന്നു | മാറ്റമില്ല |
| കുരുമുളക് | 50 | 2kgപച്ചമുളക്/താങ്ങുന്നമരം | കുറയുന്നു | കുറയുന്നു |
| വാഴ | 50 | 8kg/വാഴ | കൂടുന്നു | കൂടുന്നു |
| മരച്ചീനി | 10.2 | 800 gm/മൂട് | കുറയുന്നു | കുറയുന്നു |
| കവുങ്ങ് | 37.5 | 200 അടയ്ക്ക/ കവുങ്ങ് | കൂടുന്നു | മാറ്റമില്ല. |
| കശുമാവ് | 12.5 | 10kg/മരം | മാറ്റമില്ല | മാറ്റമില്ല. |
| പച്ചക്കറി | 12.5 | — | കുറയുന്നു | മാറ്റമില്ല. |

സേചനം വളരെ കുറവാണ്.ജല ദൗർലഭ്യംപഞ്ചായത്തിന്റെ പല ഭാഗത്തും ഒരു പ്രശ്നമാണ്. ഭൂഗർഭജലം ഉപയോഗിച്ച് ജലസേചനം നടത്തുന്ന ഒരു പദ്ധതിയും പഞ്ചായത്തിൽ നിലവിലില്ല. ഒളയിൻമല, താഴക്കോട്ടുമല, കണ്ടിക്കുന്നുമ്മൽ എന്നീ മൂന്നു കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതികൾ കൃഷിഭവൻ മുഖേന നടന്നുവരുന്നുണ്ടെങ്കിലും പ്രവർത്തന സജ്ജമായിട്ടില്ല.

**പട്ടിക 4**

**അവലംബംവില്ലേജ് സെറ്റിൽമെന്റ് (രജിസ്റ്റർ)**

**ഭൂവിതരണത്തിന്റെ കണക്കുകൾ**

| | | |
|---|---|---|
| 1–10 സെന്റ് | – 2250 | പേർ |
| 10– 20 ,, | – 1650 | ,, |
| 20–50 ,, | – 1400 | ,, |
| 50–100 സെന്റ് | – 620 | ,, |
| 100–500 ,, | – 275 | ,, |
| 5 ഏക്കറിനു മേൽ | – 21 | ,, |

## കൃഷി ഭവൻ

പഞ്ചായത്തിൽ ഒരു കൃഷിഭവൻ പ്രവർത്തിക്കുന്നുണ്ട്. ഒരു കൃഷി ഓഫീസറും മൂന്ന് കൃഷി അസിസ്റ്റന്റുമാരും സേവനമനുഷ്ടിക്കുന്നു. സ്വന്തമായി കെട്ടിടമുണ്ട്. ആസ്ഥാനം– പൊയിൽതാഴം

പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തുകൂടി ഒരു 110 K V, ലൈനും ഒരു 220 K V ലൈനും കടന്നുപോകുന്നു. കുറെയേറെ പ്രദേശത്ത് ഫലവൃക്ഷകൃഷിക്ക് ഇതുമൂലം സാധ്യമല്ല.

**പട്ടിക– 5.**

**കർഷകതൊഴിലാളികളുടെ കൂലിനിരക്ക്**

| | |
|---|---|
| ഉഴുവ്– | 150 മുതൽ 175 രൂപവരെ (ഒരേരിന്) |
| കിളയ്ക്കൽ– പുരുഷന്മാർ– | 70 മുതൽ 80 രൂപവരെ (ഒരാൾക്ക്) + ഭക്ഷണം |
| ഞാറുനടൽ, കളപറിക്കൽ– സ്ത്രീകൾ– | 35 മുതൽ 50 രൂപവരെ + ഭക്ഷണം. |
| തെങ്ങുകയറ്റം– | ഒന്നിന് 2 രൂപ + കൊയ്ത്തേങ്ങ |
| കൊയ്ത്തുമെതി– | 8 ന് 1 പതം |

## കാർഷികരംഗത്തെ പ്രശ്നങ്ങൾ

■ പാടങ്ങൾ നികത്തപ്പെടുന്നു. വയലുകളിൽക്കൂടി നിരത്തുകൾ വന്നതോടുകൂടി വീടുനിർമ്മാണത്തിന് വയലുകൾ നികത്തി പുരയിടമാക്കുന്ന സമ്പ്രദായം ആരംഭിച്ചു. നെൽകൃഷി ലാഭകരമല്ലാത്തതും ശ്രമകരവും ആയതോടെ നെൽവയലുകളിൽ തെങ്ങുവെക്കാൻ തുടങ്ങി. ഇത്തരം തെങ്ങുകൾ ആദായകരമല്ലാതാനും.

■ ജലസേചന സൗകര്യമില്ലായ്മ

■ മഴക്കാലത്ത് തോടുകൾ കവിഞ്ഞൊഴുകി കൃഷിനാശം ഉണ്ടാവുന്നു.

■ ജൈവവളപ്രയോഗം കുറയുന്നു. മണ്ണിന്റെ ഗുണനിലവാരം മോശമായി വരുന്നു. ഉല്പാദനക്ഷമത കുറയുന്നു.

■ മണ്ണിന്റെ അമ്ലത കൂടുതലാണ്.

■ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ സമയാസമയങ്ങളിൽ ലഭിക്കുന്നില്ല.

■ മണ്ണൊലിപ്പുമൂലം കുന്നിൻ ചെരിവുകളിൽ മേൽമണ്ണ് നഷ്ടമാവുന്നു.

■ കർഷകത്തൊഴിലാളികളെ ആവശ്യത്തിന് കിട്ടാനില്ല. തൊഴിലാളികൾക്ക് വേണ്ടത്ര പരിശീലനമില്ല. സേവനത്തുറ മെച്ചമല്ല.

■ വിപണന സൗകര്യമില്ലായ്മ. ഉല്പന്നങ്ങൾക്ക് ന്യായമായ വില കർഷകന് കിട്ടുന്നില്ല. ഇടത്തട്ടുകാർ മുഖേന മാത്രമെ വിപണനം നടത്താൻ കഴിയുന്നുള്ളൂ.

■ വിളകൾക്ക് രോഗം ബാധിക്കുന്നു. കീടങ്ങൾ, എലികൾ ഇവയും കൃഷി നശിപ്പിക്കുന്നു.

■ പ്രകൃതിക്ഷോഭം മൂലം കാർഷികവിളകൾ നശിക്കുന്നു.

■ വായ്പാസൗകര്യം യഥാസമയങ്ങളിൽ ലഭിക്കുന്നില്ല. വായ്പ ലഭിക്കാനുള്ള നടപടിക്രമങ്ങൾ ലഘുവല്ല.

■ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കൃഷിമുറകൾ നടപ്പാക്കാൻ കഴിയുന്നില്ല.

■ രാസവളങ്ങൾക്ക് വില കൂടുതലാണ്.

■ പഞ്ചായത്തിൽ ആവശ്യത്തിന് പച്ചക്കറി ഉല്പാദിപ്പിക്കാൻ കഴിയുന്നില്ല.

■ ഭൂമിയുടെ തുണ്ടുവൽക്കരണം മിക്ക കൃഷികളുടെയും പിന്നോക്കാവസ്ഥയ്ക്കു കാരണമാകുന്നു.

## പരിഹാരനിർദ്ദേശങ്ങൾ, സാധ്യതകൾ

❒ പാടം നിക്കത്തുന്നതിനെതിരെയുള്ള നിയമം കർശനമായി നടപ്പാക്കുക. പ്രാദേശിക തലത്തിൽ ബഹുജനസമ്മർദ്ദം ഉണ്ടാവണം. വയൽ നികത്തിയാലുള്ള ഭവിഷ്യത്തുകളെക്കുറിച്ച് ജനങ്ങളെ ബോധ

വൽക്കരിക്കുക.

❒ മഴക്കാലത്ത് വെള്ളം പാഴായിപ്പോവുന്നത് തടയാൻ ആവശ്യമായ തടയണകൾ പറ്റിയ സ്ഥലങ്ങളിൽ നിർമ്മിക്കുക. (ഉദാ: എരപ്പാംതോട്)

❒ കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീമുകൾ വ്യാപകമാക്കുക. ഇറിഗേഷൻ കനാലുകളിൽനിന്ന് പാടശേഖരങ്ങളിലേയ്ക്ക് ഫീൽഡുചാനലുകൾ പറ്റിയ ഇടങ്ങളിൽ നിർമ്മിക്കുക. (ഉദാ: ചീക്കിലോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ 900 M ൽ നിന്ന് മുണ്ട്യാടിമൂല പാടശേഖരത്തിലേയ്ക്ക് ഫീൽഡ് ചാനൽ നിർമ്മിച്ചാൽ 40 ഏക്രയോളം വയലിൽ മൂന്നാംവിള കൃഷിയിറക്കാനാവും. ഒമ്പതാം വാർഡിൽ നിലവിലുള്ള ഫീൽഡ്ബോത്തി പുല്ലങ്ങോടില്ലത്തിനടുത്ത് നിന്ന് കുറെക്കൂടി കിഴക്കോട്ട് നീട്ടാവുന്നതാണ്.)

❒ തോടുകളിൽ നിലവിലുള്ള VCB കൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുക.

❒ പുതിയ VCB കൾ ആവശ്യമുള്ളിടുന്നിടത്ത് നിർമ്മിക്കുക.

❒ പഞ്ചായത്ത് അടിസ്ഥാനത്തിൽ, കൃഷിഭവന്റെ ആഭിമുഖ്യത്തിൽ വിത്തും തൈകളും ഉല്പാദിപ്പിക്കുന്ന നഴ്സറികൾ സ്ഥാപിക്കുക.

❒ നീർത്തട വികസനപദ്ധതികൾ നടപ്പിൽ വരുത്തുക. (ഉദാ: എരിപ്പാൻതോട്, കുട്ടിച്ചാത്തൻകണ്ടി ഏരിയ, ആറാട്ടരിക്കൽ, കൈതക്കൽ ഇവിടെങ്ങളിലെല്ലാം ഇതിന് സാധ്യതയുണ്ട്.)

❒ കയ്യാലകെട്ടേണ്ട സ്ഥലങ്ങളിൽ അവ കെട്ടുക. അതിനാവശ്യമായ ധനസഹായം നൽകുക.

❒ യുവതീയുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക. കൃഷിപ്പണി സ്ഥിരതയും മാന്യതയും ഉള്ള ഒരു തൊഴിലാണെന്ന അവസ്ഥ വരണം. കർഷകനും കർഷകത്തൊഴിലാളിയും തമ്മിലുള്ള ആത്മബന്ധം വളർത്തുക. കൃഷിത്തൊഴിലാളിയുടെ സേവനത്തുറ മെച്ചപ്പെടുത്താൻ ട്രേഡ്യൂണിയൻ പ്രസ്ഥാനങ്ങൾ തൊഴിലാളികളെ ബോധവാന്മാരാക്കുക.

❒ പറ്റാവുന്ന മേഖലകളിൽ യന്ത്രോപകരണങ്ങൾ ഉപയോഗിക്കുക.

❒ ആഴ്ചച്ചന്തകൾ നടപ്പിലാക്കുക. സഹകരണാടിസ്ഥാനത്തിൽ മാർക്കറ്റിംഗ് സൊസൈറ്റികൾ തുടങ്ങുക. സംസ്കരണയൂണിറ്റുകൾ തുടങ്ങുക. (ഉദാ: കൊപ്രയാട്ടുമിൽ, പഴംഫലസംസ്കരണയൂണിറ്റ്, അച്ചാർനിർമ്മാണ യൂണിറ്റ്)

❒ പഞ്ചായത്തടിസ്ഥാനത്തിൽ, കൃഷിരോഗബാധയ്ക്കെതിരായി മരുന്നുകൾ പ്രയോഗിക്കാൻ പരിശീലനം ലഭിച്ച സംഘങ്ങളുടെ സേവനം കർഷകർക്ക് ലഭ്യമാക്കുക.

❒ ദേശസാൽകൃതബാങ്കിന്റെ ഒരു ശാഖ തുറക്കുക. വായ്പലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക. സർവ്വീസ് സഹകരണബാങ്കിൽ നിന്ന് കൊടുക്കുന്ന വായ്പത്തുക വർദ്ധിപ്പിക്കുക.

❒ മണ്ണ് പരിശോധിക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ സംവിധാനം നടപ്പിലാക്കുക.

❒ ഉപയോഗശൂന്യമായ നിരവധി കിണറുകളും കുളങ്ങളും പഞ്ചായത്തിലുണ്ട്. അവയിൽ പലതും നവീകരിച്ചാൽ കൃഷിയ്ക്ക് ഉപയുക്തമാക്കാം; പ്രത്യേകിച്ച് പച്ചക്കറി കൃഷിക്ക്.

❒ തോടുകൾ കവിഞ്ഞൊഴുകി കൃഷി നശിക്കുന്ന ഇടങ്ങളിൽ സെഡുകെട്ടി ഭദ്രമാക്കുക.

❒ പച്ചിലവളച്ചെടി കൃഷി ചെയ്യുന്നത് വർദ്ധിപ്പിക്കുക, ജൈവവേലികൾ നിർമ്മിക്കുന്ന രീതി പ്രോത്സാഹിപ്പിക്കുക. സാധ്യമായ പുറമ്പോക്കു സ്ഥലങ്ങളിൽ പച്ചിലവളച്ചെടികൾ നട്ടു പിടിപ്പിക്കുക. ഒരു വീട്ടിൽ ഒരു കമ്പോസ്റ്റുകുഴി എന്ന ആശയം നടപ്പിൽ വരുത്തുക. മണ്ണിരക്കമ്പോസ്റ്റ് നിർമ്മിക്കുന്ന രീതി പരിചയപ്പെടുത്തി നടപ്പിലാക്കുക. വ്യാപകമായ തോതിൽ വൃക്ഷങ്ങൾ നട്ടുവളർത്താൻ കർഷകരെ ബോധവൽക്കരിക്കുക. ഇതുമൂലം വിറകുക്ഷാമം കുറയ്ക്കാം; വെണ്ണീറിന്റെ ഉല്പാദനം കൂട്ടാം. കാലിസമ്പത്ത് വർദ്ധിപ്പിക്കുക.

❒ തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് വായ്പയും പരിശീലനവും നൽകി കുമ്മായച്ചൂളകൾ പ്രോത്സാഹിപ്പിക്കുക.

❒ രാസവള സബ്സിഡി കൂട്ടുക.

❒ വീടുകൾ തോറും പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കുക. അടുക്കളത്തോട്ടം എന്ന ആശയം പുനരുജ്ജീവിപ്പിക്കുക. വിത്ത്, വളം, കാർഷിക ഉപകരണങ്ങൾ ഇവ സൗജന്യനിരക്കിൽ വിതരണം ചെയ്യുക. കൂട്ടായി പച്ചക്കറി കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക.

❒ പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് യുക്തമായ നഷ്ടപരിഹാരം യഥാസമയത്ത് നൽകുക. ഇൻഷുറൻസ് ആനുകൂല്യത്തിന് രോഗം മൂലം നശിക്കുന്നതും ഉൾപ്പെടുത്തുക.

❒ കൂട്ടുകൃഷി സമ്പ്രദായം കാര്യക്ഷമവും, വ്യാപകവുമാക്കുക. കർഷക സമിതികളുടെ പ്രവർത്തനം കര്യക്ഷമമാക്കുക.



# മൃഗസംരക്ഷണം

കൃഷിയും കന്നുകാലിവളർത്തലും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. കൃഷിക്കാവശ്യമായ ജൈവ വളത്തിന്റെ മുഖ്യസ്രോതസ്സ് കന്നുകാലികളാണ്. നമ്മുടെ സമ്പദ്ഘടനയിൽ സുപ്രധാനസ്ഥാനം വഹിക്കാൻ മൃഗസംരക്ഷണ മേഖലയ്ക്കു കഴിയും. പാലും പാലുല്പന്നങ്ങളും മുട്ടയും മാംസവും ഏറ്റവും മികച്ച പോഷകാഹാരങ്ങളാണ്. ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിൽ ഇവയ്ക്കുള്ള സ്ഥാനം അദ്വിതീയമാണ്. വളർത്തുമൃഗങ്ങൾ എന്നും മനുഷ്യന്റെ സന്തതസഹചാരികളായിരുന്നു. സാമ്പത്തിക ലാഭത്തിനു വേണ്ടി മാത്രമല്ല, വെറും കൗതുകത്തിനും പക്ഷിമൃഗാദികളെ വളർത്തുന്നവരുണ്ട്. പൂച്ച, പട്ടി, മുയൽ, പ്രാവുകൾ ഇവയെ വളർത്തുന്നത് ഇതിനുദാഹരണമാണ്.

കഴിഞ്ഞ ദശകങ്ങളിൽ കന്നുകാലികളെ വളർത്തൽ ഇന്നത്തപ്പോലെ ശ്രമകരമായിരുന്നില്ല. കുന്നിൻചെരുവുകളിലും കൊയ്ത്തുകഴിഞ്ഞ പാടത്തും ഒക്കെ കാലികളെ കൂട്ടമായി മേയ്ക്കാമായിരുന്നു. വിശാലമായ പറമ്പുകളിൽ കെട്ടിമേയ്ക്കാനും സൗകര്യമുണ്ടായിരുന്നു. ജനസാന്ദ്രത വർദ്ധിക്കുകയും കൈവശഭൂമി പരിമിതമാവുകയും ചെയ്തതോടെ ഈ സൗകര്യങ്ങളെല്ലാം ഇല്ലാതായി. പശു, ആട്, കോഴി, ഇവയ്ക്കു പുറമെ നിഴമുഴാനും വണ്ടി വലിയ്ക്കാനുമായി കാളകളെ ധാരാളമായി വളർത്തിയിരുന്നു. മോട്ടോർ വാഹനങ്ങൾ സാധാരണമായതോടെ വണ്ടിക്കാളകൾ പഞ്ചായത്തിന്റെ ഒരു ഭാഗത്തും ഇല്ല. കൃഷിയുടെ ഒരു അവിഭാജ്യഘടകയമായിരുന്നു കന്നുപൂട്ട്. ഉഴുവുകാളകൾ ഇന്ന് വളരെ അപൂർവ്വമായി ചുരുങ്ങിയിട്ടുണ്ട്. വംശവർദ്ധനവിനായി വിത്തുകാളകളെ വളർത്തുന്ന സമ്പ്രദായം ഇന്ന് ഇല്ലെന്നുതന്നെ പറയാം. എരുമ, പോത്ത് ഇവയെ ദുർലഭമായി മാത്രം കാണാം.

ധവളവിപ്ലവം നടപ്പിലായതോടെ പഞ്ചായത്തിലെ കാലിസമ്പത്ത് വളരെ മെച്ചപ്പെട്ടിട്ടുണ്ട്. പശു, ആട് ഇവയാണ് പ്രധാന വളർത്തുമൃഗങ്ങൾ. വളർത്തു പക്ഷി കോഴിയും. ഉല്പാദനശേഷി കുറഞ്ഞ നാടൻ ഇനങ്ങളാണ് ആദ്യമുണ്ടായിരുന്നത്. ഏറ്റവും ഒടുവിലത്തെ കാലിസെൻസസ്സ് പ്രകാരം പഞ്ചായത്തിലെ മൃഗ-പക്ഷി സംഖ്യ പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1a വളർത്തുമൃഗങ്ങൾ (അവലംബം മൃഗാശുപത്രി രേഖകൾ)**

| കാള നാടൻ | കാള സങ്കരം | പശു നാടൻ | പശു സങ്കരം | എരുമ | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|
| 90 | 4 | 786 | 1300 | 2 | ഇല്ല | 2500 | 1500 | ഇല്ല |

**പട്ടിക 1. b വളർത്തുപക്ഷികൾ**

| പൂവൻകോഴി | പിടക്കോഴി | താറാവ് |
|---|---|---|
| 4000 | 10800 | 50 |

പഞ്ചായത്തിൽ ആകെയുള്ള 2086 പശുക്കളിൽ 1300 ഉം സങ്കരയിനം പശുക്കളാണ്. കൃത്രിമ ബീജസങ്കലനം പ്രചാരത്തിൽ വന്നത് ഈ രംഗത്ത് വമ്പിച്ച പരിവർത്തനം വരുത്തിയിട്ടുണ്ട്.

**കൃത്രിമബീജസങ്കലന വിവരങ്ങൾ**
**പട്ടിക 2. (മൃഗാശുപത്രി രേഖകൾ)**

| വളർത്തുമൃഗം | കൃത്രിമബീജസങ്കലനം നടത്തിയത് | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നത് |
|---|---|---|
| പശു | 1040 | 8 |
| കിടാരി | 330 | 10 |

ജേഴ്സി, ജേഴ്സിക്രോസ്, സ്വിസ്ബ്രൗൺ, സ്വിസ്ബ്രൗൺ ക്രോസ്, ഹോൾസ്റ്റിൻ, ഹോൾസ്റ്റിൻ ക്രോസ് ഇവയാണ് നിലവിലുള്ള അത്യുല്പാദനശേഷിയുള്ള ഇനങ്ങൾ.

സങ്കരയിനം പശുക്കളെ വളർത്തുന്നതിൽ നമ്മുടെ കർഷകർ നല്ല താല്പര്യം കാണിക്കുന്നുണ്ട്. പശു വളർത്തി ഉപജീവനം നടത്തുന്ന എത്രയോ കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. തീറ്റ, വൈക്കോൽ ഇവയുടെ തീവിലയും കാലികൾക്കുണ്ടാകുന്ന രോഗങ്ങളും ക്ഷീരകർഷകരെ അലട്ടുന്നുണ്ട്.

പഞ്ചായത്തിൽ 2500 ആടുകളാണുള്ളത്. വീട്ടമ്മമാരാണ് ഈ രംഗത്ത് മുൻപന്തിയിൽ നില്ക്കുന്നത്. വളരെ ആദായകരമായ ഒരു തൊഴിലാണ് ആടുവളർത്തൽ. എളുപ്പം വളരുകയും വംശവർദ്ധനവ് നടത്തുകയും ചെയ്യുമെന്നത് ആടുവളർത്തൽ ആദായകരമാക്കുന്നു. മലബാറി വർഗ്ഗത്തിൽപെട്ട പരമ്പരാഗത ഇനമാണ് പൊതുവെ കണ്ടുവരുന്നത്. ആട്ടിൻമാംസം ഗുണമേന്മയിലും വിലയിലും ഒന്നാമതായി നില്ക്കുന്നു. ആടുവളർത്തുകാരുടെ എണ്ണം വർദ്ധിച്ചെങ്കിലേ വരും കാലങ്ങളിൽ ഇതിന്റെ ആവശ്യം നിറവേറ്റാൻ നമുക്ക് കഴിയൂ.

കോഴിയാണ് നമ്മുടെ വളർത്തുപക്ഷി. താറാവു വളർത്തുന്നതിനു പറ്റിയ സാഹചര്യം നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. പഞ്ചായത്തിൽ ആകെ 14800 കോഴികൾ ഉണ്ടെന്നാണ് കഴിഞ്ഞ കാനേഷുമാരി കണക്ക്. മുട്ടയ്ക്കും മാംസത്തിനും വേണ്ടി നാം കോഴികളെ വളർത്തുന്നു. നല്ലൊരു ശതമാനം വീടുകളിലും എണ്ണത്തിൽ കുറവാണെങ്കിലും കോഴികളെ വളർത്തുന്നുണ്ട്. വീട്ടമ്മമാരുടെ അല്പ വരുമാനത്തിൽ കോഴിവളർത്ത് ഒരു മുഖ്യപങ്ക് വഹിക്കുന്നു. മിക്കവാറും നാടൻ ഇനങ്ങളാണ് കണ്ടുവരുന്നത്. വൈറ്റ്ലഗോൺ, ഹെസ്ട്രോലോപ്പ്, ഹെസ്ട്രോവൈറ്റ്, റോസ് ഐലന്റ് എന്നീ നാടൻ ഇനങ്ങളും ഉണ്ട്.

ഗൗരവമുള്ള ഒരു തൊഴിലായി കോഴിവളർത്ത

**പട്ടിക 3**
**രോഗവിവരങ്ങൾ**

| No | രോഗങ്ങൾ | പശു | എരുമ | ആട് | പട്ടി | കോഴി | മറ്റുള്ള |
|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 521 | ഇല്ല | 220 | – | 945 | 6 |
| 2 | ശ്വാസകോശസംബന്ധം | 104 | ” | 57 | – | 518 | – |
| 3 | ഉപാപചയസംബന്ധം | 59 | ” | 13 | – | – | – |
| 4 | ത്വക്ക് രോഗങ്ങൾ | 120 | ” | 38 | 2 | – | – |
| 5 | ധാതുലവണങ്ങളുടെ അഭാവം | 173 | ” | 60 | – | – | – |
| 6 | പരാദരോഗങ്ങൾ | 694 | ” | 114 | – | 766 | 2 |
| 7 | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 214 | ” | 67 | – | – | – |
| 8 | വന്ധ്യത | 5 | ” | 1 | – | – | – |
| 9 | അകിടുവീക്കം | 94 | ” | 45 | – | – | – |
| 10 | മുടന്തൻപനി | 42 | ” | – | – | – | – |

ലിനെ ആരും കാണുന്നില്ല. ഇല്പാദനശേഷി കൂടിയ ഇനങ്ങളെ ഒരുമിച്ച് ചിട്ടയായി വളർത്തുന്ന കോഴിവളർത്തുകേന്ദ്രങ്ങൾ വിരലിലെണ്ണാവുന്നവ മാത്രമേ നമ്മുടെ പഞ്ചായത്തിലുള്ളു. മുട്ടയും ഇറച്ചിക്കോഴിയും അന്യസംസ്ഥാനങ്ങളിൽനിന്ന് വമ്പിച്ചതോതിൽ ഇവിടെ ഇറക്കുമതി ചെയ്തിട്ടും എന്തുകൊണ്ട് നാം ഈ തൊഴിലിന് പ്രാമുഖ്യം കൊടുക്കുന്നില്ല? എല്ലാവരുടെയും ശ്രദ്ധ പതിപ്പിക്കേണ്ട ഒരു രംഗമാണിത്.

തൂക്കൽ അഥവാ കോഴിവസന്ത (RD) കോഴിക്കുരുപ്പ് എന്നീ വയറസ് രോഗങ്ങൾകോഴികൾ ചത്തൊടുങ്ങുന്നതിന് ഇടയാവാറുണ്ട്.

### മൃഗാശുപത്രി

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി പ്രവർത്തിച്ചു വരുന്നു. മൃഗാശുപത്രി കൂടാതെ രണ്ട് ബീജാധാന ഉപകേന്ദ്രങ്ങൾ കൂടിപ്രവർത്തിക്കുന്നുണ്ട്. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ല. സ്ഥലം സ്വന്തമായുണ്ട്. ആസ്ഥാനം ചീക്കിലോട് ഒളയിമ്മൽ

### ക്ഷീര സഹകരണങ്ങൾ

പഞ്ചായത്തിൽ ആകെ 4 ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തർത്തിച്ചുവരുന്നു. ചീക്കിലോട് എഴുകുളം, കുമാരംപൊയിൽ, നന്മണ്ട (ബാലബോധിനി) ഇവയാണ് ക്ഷീരസഹകരണ സംഘങ്ങൾ. ചീക്കിലോട് ക്ഷീര സഹകരണ സംത്തിൽ ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്ന. നാലു വനിതകൾ ഇവിടെ ജോലിക്കാരായുണ്ട്.

**പട്ടിക-4**

**ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ**

| No | പേര് | പ്രവർത്തനം ആരാഭിച്ചവർഷം | പ്രവർത്തനപരിധി | 1 ദിവസം ശേഖരിക്കുന്നപാൽ | പഞ്ചായത്തിൽ വിൽക്കുന്നത് | പുറത്തേക്ക് അയയ്ക്കുന്നത് |
|---|---|---|---|---|---|---|
| 1 | കുമാരംപൊയിൽ ക്ഷീരോല്പാദക സഹകരണസംഘം | 1989 | 1, 2 വാർഡുകൾ | 610 ലി. | 110 ലി. | 500 ലി. |
| 2 | എഴുകുളം ക്ഷീരോല്പാദക സഹകരണസംഘം | 1973 | 3, 4, 5 വാർഡുകൾ | 400 ലി. | 100 ലി. | 300 ലി. |
| 3 | നന്മണ്ട ക്ഷീരവ്യവസായ സഹകരണസംഘം | 1993 | 6, 10 വാർഡുകൾ | 100 ലി. | 20 ലി. | 80 ലി. |
| 4 | ചീക്കിലോട് ക്ഷീരോല്പാദക സഹകരണസംഘം | 1989 | 7, 8, 9 വാർഡുകൾ | 290 ലി. | 40 ലി. | 250 ലി. |

### മൃഗസംരക്ഷണ മേഖലയിലെ പ്രശ്നങ്ങൾ

- കാലിത്തീറ്റകൾക്കും കോഴിത്തീറ്റകൾക്കും ഉണ്ടായ വമ്പിച്ച വിലവർദ്ധനവ്
- പച്ചപ്പുല്ലിന്റെ ക്ഷാമം
- വൈക്കോലിന്റെ വില ക്കൂടുതലും ദൗർലഭ്യവും.
- വളർത്തു ജന്തുക്കളെ ബാധിക്കുന്ന രോഗങ്ങൾ
- പാലിന് മതിയായ വില കിട്ടുന്നില്ല.
- പാലും പാലുല്പന്നങ്ങളും വിപണനം നടത്താൻ വേണ്ടത്ര സൗകര്യമില്ല.
- ഉല്പാദനക്ഷമത കുറവാണ്.
- മൃഗാശുപത്രിയുടെ സേവനം കിട്ടാൻ പ്രയാസമനുഭവപ്പെടുന്നു.
- പേപ്പട്ടി ശല്യമുണ്ട്. അലഞ്ഞു തിരിയുന്ന നായ്ക്കൾ വളർത്തു മൃഗങ്ങളെ ഉപദ്രവുക്കുന്നു.

### പരിഹാര നിർദ്ദേശങ്ങൾ

- ക്ഷീര സഹകരണ സംഘങ്ങൾ മുഖേന കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
- തീറ്റപ്പുൽ കൃഷി വ്യാപകമാക്കുക. പുറമ്പോക്ക് സ്ഥലങ്ങൾ കനാൽ പുറമ്പോക്ക് ഇവിടങ്ങളിൽ തീറ്റപ്പുല്ല് കൃഷി ചെയ്യുക. ഗിനി, മക്കച്ചോളം, പയർ ഇവയുടെ വിത്ത് സൗജന്യ നിരക്കിൽ യഥാസമയം നൽകുക. പുൽക്കൃഷിയുടെ സാങ്കേതിക ഉപദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുക.
- വൈക്കോലിന്റെ സിംഹഭാഗവും ഇറക്കുമതിയെ ആശ്രയിക്കുകയാണിന്ന്. നെൽകൃഷി വർദ്ധിപ്പിക്കലാണ് ഒരു പോംവഴി. വൈക്കോലിന്റെ പോഷണം വർദ്ധിപ്പിക്കാൻ യൂറിയ തളിക്കുന്ന

രീതി കർഷകരെ പരിചയപ്പെടുത്തുക.

❖ മൃഗാശുപത്രിയിൽ ഡോക്ടർ ഇല്ലാത്ത അവസ്ഥ ഉണ്ടാവരുത്. ആവശ്യമായ മരുന്നുകൾ ആശുപത്രിയിൽ നിന്ന് ലഭ്യമാക്കുക. രോഗപ്രതിരോധ കുത്തിവെപ്പുകൾ യഥാസമയങ്ങളിൽ ലഭിക്കുമാറാക്കുക. തൊഴുത്തുകളുടെ ശുചിത്വവും മറ്റും ഉറപ്പുവരുത്തണം. ദുർബ്ബല വിഭാഗങ്ങൾക്ക് തൊഴുത്തു നിർമ്മാണത്തിന് ധനസഹായം നൽകുക.

❖ പാൽ സംഭരണ രംഗത്ത് മിൽമയുടെ പ്രവർത്തനം കർഷകർക്ക് വേണ്ടത്ര ഗുണം ചെയ്യുന്നില്ല. പാൽ വിതരണത്തിന് സൗകര്യമുണ്ടെന്നല്ലാതെ കർഷകർക്ക് ലഭിക്കുന്ന വില വളരെ കുറവാണ്.

❖ പഞ്ചായത്തിൽ 4. ക്ഷീര സംഭരണ കേന്ദ്രങ്ങളേ ഇപ്പോഴുള്ളു. കൂടുതൽ ദൂരം പോകാതെ പാൽ എത്തിച്ചുകൊടുക്കാൻ പാകത്തിൽ ഇനിയും സംഭരണ കേന്ദ്രങ്ങൾ തുറക്കണം.

❖ കൃത്രിമ ബീജ സങ്കലനത്തിനുള്ള കേന്ദ്രങ്ങൾ കൂടുതൽ എണ്ണം തുടങ്ങുക. കന്നുകുട്ടി പരിപാലന പദ്ധതിയിൻ കീഴിൽ സബ്സിഡി നിരക്കിൽ തീറ്റ വിതരണം നടത്തുന്ന സമ്പ്രദായം ഊർജ്ജിതമാക്കുക. മീനെണ്ണ മുതലായവ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

❖ മൃഗാശുപത്രിയുടെ ഒരു സബ് സെന്റർ നന്മണ്ട ഭാഗത്ത് സ്ഥാപിക്കുക.

❖ പട്ടി വളർത്തലിന് ലൈസൻസ് നിർബന്ധമാക്കുക.വളർത്തുപട്ടികൾക്ക് ലൈസൻസ് നിർബന്ധമാക്കുക. കുത്തിവയ്പും കർശനമാക്കുക. അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കാൻ പട്ടിപിടുത്തം ഊർജ്ജിതമാക്കുക. അറവുകേന്ദ്രങ്ങളിൽ അവശിഷ്ടങ്ങൾ സംസ്കരിക്കാനുള്ള സജ്ജീകരണങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക.

## സാധ്യതകൾ

♦ കോഴി വളർത്തുകേന്ദ്രങ്ങൾ തുടങ്ങാൻ തൊഴിൽ രഹിതരായ യുവതീ യുവാക്കളെ പ്രോത്സാഹിപ്പിക്കാം. അതിനായി കൂടു നിർമ്മാണത്തിനും മറ്റും ബാങ്ക് വായ്പയും പരിശീലനവും സാങ്കേതിക ഉപദേശങ്ങളും നൽകുക. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. കോഴിക്കുഞ്ഞുങ്ങളെ എത്തിച്ചുകിട്ടാനും മുട്ടയും മാംസവും മറ്റും വിപണനം നടത്താനും ഈ യൂണിറ്റുകളെ പരസ്പരം ബന്ധിച്ചുകൊണ്ട് സംവിധാനങ്ങൾ ഉണ്ടാക്കാവുന്നതാണ്.

♦ കോഴിവളർത്തുകേന്ദ്രങ്ങൾ പോലെ തന്നെ ആടുവളർത്തു കേന്ദ്രങ്ങളും തുടങ്ങാൻ കഴിയും. പഞ്ചായത്തിൽ ഇത്തരം കേന്ദ്രങ്ങൾ തീരെയില്ല.

♦ പഞ്ചായത്തിൽ ഒരു കാലി– കോഴി തീറ്റ നിർമ്മാണ യൂണിറ്റ് തുടങ്ങാവുന്നതാണ്. വൻകിട ഉൽപാദക കമ്പനികളുമായി കിടപിടിക്കേണ്ടതുകൊണ്ട് അസംസ്കൃത സാധനങ്ങൾ സബ്സിഡി നിരക്കിൽ കൊടുക്കാം.

♦ പഞ്ചായത്തിലെ എല്ലാ ക്ഷീരകർഷകനും തീറ്റപ്പുല്ല് കൃഷിചെയ്യാൻ കഴിയുകയില്ല. ജലസേചനത്തിന്റെ അഭാവമാണ് മുഖ്യ കാരണം. അതുകൊണ്ട് ജലസേചന സൗകര്യമുള്ള ഇടങ്ങളിൽ കൂട്ടുകൃഷിയായി തീറ്റപ്പുല്ല് കൃഷി ചെയ്യാവുന്നതാണ്. തൊഴിൽ രഹിതരായ യുവതീയുവാക്കളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കണം. അങ്ങനെ തീറ്റപ്പുൽ ഉല്പാദിപ്പിച്ച് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വാഹനങ്ങളിൽ കാലിവളർത്തുകാർക്ക് എത്തിച്ചുകൊടുക്കാവുന്നതാണ്.

♦ ഗോബർ ഗ്യാസ് പ്ലാന്റുകൾ കുറച്ചൊക്കെ അങ്ങിങ്ങ് നിലവിലുണ്ട്. കൂടുതൽ ഗോർബർ ഗ്യാസ് പ്ലാന്റുകൾ തുടങ്ങാൻ സാധ്യതയുണ്ട്.

♦ മുയൽ വളർത്തൽ പന്നി വളർത്തൽ ഇവയ്ക്ക് സാധ്യതകൾ ഉണ്ട്.

# വ്യവസായം



വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് നന്മണ്ട. ഇന്ത്യയുടെ വ്യാവസായിക ഭൂപടത്തിൽ സ്ഥാനം പിടിക്കേണ്ട ഈ പഞ്ചായത്ത് എന്തുകൊണ്ടോ പിൻതള്ളപ്പെട്ടിരിക്കയാണ്. ചരിത്രപരമായ കേട്ടറിവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ ഏതാണ്ട് 400 വർഷങ്ങൾക്കു മുമ്പ് ഈ പഞ്ചായത്തിലെ പുക്കുന്നു മലയിൽ നിന്നും ഇരുമ്പിന്റെ അംശം അടങ്ങിയ വസ്തുക്കൾ ശേഖരിച്ച് വില്പന നടത്തിയ ആളുകളെക്കുറിച്ച് മനസ്സിലാക്കാൻ കഴി

വ്യവസായം

പട്ടിക 1

| | | വാർഡുകൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| No | വ്യവസായങ്ങൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | കൈത്തറിനെയ്ത്ത് | | 1 | | | | | | | | |
| 2 | ഖാദിനെയ്ത്ത് | | | | | | | 1 | 1 | | |
| 3 | റെഡിമെയ്ഡ് വസ്ത്രം | | 1 | | | | 1 | | | | |
| 4 | നൂൽനൂൽപ്പ് | | | | | | | | 1 | | |
| 5 | സ്റ്റീൽ ഇന്റസ്ട്രീസ് | | 1 | | | | 1 | | 1 | 1 | |
| 6 | വുഡ് ഇന്റസട്രീസ് | | 1 | | | | 1 | 2 | | | |
| 7 | വർക്ക്ഷോപ്പ് | | 1 | | | | 1 | 1 | | | |
| 8 | പപ്പടനിർമ്മാണം | | | | | 1 | | 1 | | 1 | |
| 9 | അവിൽനിർമ്മാണം | | | | | | | 1 | 1 | 1 | |
| 10 | ബ്രഡ്നിർമ്മാണം | | 1 | | | 1 | 1 | | | | |
| 11 | എൻജിനിയറിങ്ങ് (വാഹനബോഡി നിർമ്മാണം) | | | | | 1 | | | | | |
| 12 | അച്ചടിവ്യവസായം | | | 1 | | | 1 | 1 | | | |
| 13 | ഫ്ളോർ മിൽ | 1 | | | | 1 | 1 | | 1 | | 1 |
| 14 | ചെങ്കൽ കരിങ്കൽ വ്യവസായം | | | | 1 | | 1 | 1 | 1 | 1 | 1 |
| 15 | മെറ്റൽ നിമ്മാണം | | | | | | | 1 | 1 | 1 | |
| 16 | പരമ്പരഗതവ്യവസായം | | | | | | | | 1 | 1 | |
| 17 | ആയുർവേദ മരുന്ന് | | | | 1 | 1 | 2 | | 2 | | |
| 18 | ക്ഷീരോല്പന്ന നിർമ്മാണം | | | | | | | | 1 | | |

ഞ്ഞിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ സാധ്യത വച്ചു പരിശോധിക്കുമ്പോൾ ഏറ്റവും നല്ല നിലയിൽ പ്രവർത്തിപ്പിക്കാവുന്ന പല വ്യവസായസ്ഥാപനങ്ങളും ആരംഭിക്കുവാൻ കഴിയും എന്ന കാര്യത്തിൽ തർക്കമില്ല. ഇവിടെ ഇത്തരം വ്യവസായസ്ഥാപനങ്ങൾ ഒന്നും ഇല്ലാത്തതിനാൽ ഇവിടുത്തുകാരായ സാങ്കേതിക വൈദഗ്ദ്യം നേടിയ തൊഴിലാളികളുടെ സേവനം നമ്മുടെ പഞ്ചായത്തിനു ലഭിക്കുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ വിവിധ മേഖലകളിലായി 5335 പേർ ജോലി ചെയ്യുന്നുണ്ട് 4561 പുരുഷന്മാരും 774 സ്ത്രീകളും.

പഞ്ചായത്തിൽ ഇന്നു നിലവിലുള്ള വിവിധ വ്യാവസായിക സ്ഥാപനങ്ങളുടെ വാർഡു തിരിച്ചുള്ള വിവരം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

പരമ്പരാഗത മേഖലയിൽ പ്രധാനം കൈത്തറി, പായ നിർമ്മാണം, കുട്ട നിർമ്മാണം, ചകരി പിരിക്കൽ തുടങ്ങിയവയാണ്.

ഈ മേഖലയിലെ തൊഴിലാളികൾക്ക് കാലോചിതമായ വരുമാനം ലഭിക്കാത്തതുകാരണവും വിപണി സൗകര്യം കുറവായതു കാരണവും ഇവ അനുദിനം നാമാവശേഷമായിക്കൊണ്ടിരിക്കയാണ്. ഈ മേഖലയിലെ തൊഴിലാളികൾ കൂടുതൽ വരുമാനം കിട്ടുന്ന മറ്റു മേഖലയിലേക്ക് ചേക്കേറുന്നതായി കാണാം.

മലകളും ചെരിവുകളും കൂടുതലുള്ള നന്മണ്ട പഞ്ചായത്തിൽ 23461 ജനങ്ങളും 5298 വീടുകളും ഉണ്ടെങ്കിലും നമുക്കാവശ്യമായ നിത്യോപയോഗ സാധനങ്ങളുടെ ഉല്പാദനത്തിന് വേണ്ട ഒരു വ്യവസായ യൂനിറ്റ് പോലും വളർന്നുവരാത്തത് ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ഈ പഞ്ചായത്തിന്റെ വ്യവസായ വളർച്ചക്കാവശ്യമായ അനുകൂല ഘടകങ്ങളായ ഉയർന്ന തോതിലുള്ള സാക്ഷരത, ഉയർന്ന ആരോഗ്യപരിരക്ഷ, വാർത്താ വിനിമയ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ജനക്ഷേമ പ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം, സുഖ സൗകര്യങ്ങളോടെ ജീവിക്കാനുള്ള തൽപരത എന്നിവയെല്ലാം ഉണ്ടെങ്കിലും വേണ്ട തോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തത് പ്രധാനമായും താഴെ പറയുന്ന കാരണങ്ങളാലാണ്.

- മുഖ്യ കർഷകോല്പന്നമായ നാളികേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുന്നില്ല.
- കയർ, ഖാദി, അച്ചടി, ഭക്ഷ്യ സംസ്ക്കരണം തുടങ്ങിയ മേഖലകളിലെ വളരെ കുറഞ്ഞ കൂലി നിരക്ക്
- വൈദ്യുതി കൃത്യ സമയത്തു ലഭിക്കാത്തതും വേണ്ട തോതിലുള്ള വോൾട്ടേജ് ലഭിക്കാത്തതും.
- സാങ്കേതിക പരിജ്ഞാന കുറവ്
- ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
- വിപണന സാധ്യത കുറവ്.
- പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് പരിശീലനം ലഭിക്കാനുള്ള സാധ്യതക്കുറവ്.
- വനിതകൾക്ക് തൊഴിലവസരം പൊതുവെ കുറവ്.
- സാങ്കേതിക പരിശീലനം ലഭിച്ച തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാനുള്ള സാധ്യതക്കുറവ്.
- വ്യവസായ മേഖലയുമായുള്ള ബന്ധപ്പെടലിന്റെ കുറവ്.
- വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണക്കുറവ്.
- സ്ത്രീ തൊഴിലാളികൾക്ക് പൊതുവെ കൂലി നിരക്കിലുള്ള കുറവ്.

### സാധ്യതകൾ

നമ്മുടെ പഞ്ചായത്തിലെ സാങ്കേതിക വൈദഗ്ധ്യം ലഭിച്ചവരും അല്ലാത്തവുമായി ധാരാളം ആളുകൾ പഞ്ചായത്തിനു പുറത്തുപോയി ജോലി ചെയ്യുന്നവരാണ്. ഇവരിൽ തന്നെ 750 ഓളം പേർ വിദേശത്തുപോയി ജോലിചെയ്യുന്നവരാണ്.

പരമ്പരാഗത മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്. ചികരി പിരിക്കൽ, കുട്ട നിർമ്മാണം, പായ് നെയ്ത്, നൂൽ നൂൽപ്പ് തുടങ്ങിയ മേഖലകളിലാണ് നാമ മാത്രമായ വിഭാഗം ജോലി ചെയ്യുന്നത്. ഇവയിൽ തന്നെ സ്ത്രീ തൊഴിലാളികളാണ് കൂടുതലും പ്രവർത്തിക്കുന്നത്. പൊതുവെ കൂലി നിരക്ക് കുറഞ്ഞ മേഖലയായിതിനാലാണ് ഈ രംഗത്തേക്ക് കുടുതൽ ആളുകൾ ആകർഷിക്കപ്പെടാത്തത്.

ഈ പഞ്ചായത്തിൽ സുലഭമായ ഒരു ഉല്പന്ന

മാണ് നാളികേരമെങ്കിലും അതുപയോഗിച്ചു പ്രവർത്തിക്കുന്ന വ്യവസായങ്ങൾ ഒന്നുപോലും ഇവിടെയില്ല. തെങ്ങിൻ തടി, തേങ്ങ, ചിരട്ട, ചകിരി, ചികരിച്ചോറ് എന്നിവയുപയോഗിച്ചുള്ള വിവിധയിനം വ്യവസായങ്ങളെ പറ്റി ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിൽ കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കാനും ഒരു നാളികേര സംസ്കരണ കേന്ദ്രം ആരംഭിക്കാനും ഉള്ള സാധ്യത നമ്മുടെ പഞ്ചായത്തിനുണ്ട്. ചികിരിച്ചോറ് ഉപയോഗിച്ച് വളം നിർമ്മിക്കാനുള്ള വ്യവസായത്തിന് സാധ്യതയുണ്ട്. ഇതിനാവശ്യമായ അസംസ്കൃത പദാർത്ഥം നന്മണ്ട കോക്കനട്ട് കോംപ്ലക്സിൽ ലഭ്യമാണ്. നാളികേരവുമായി ബന്ധപ്പെട്ട തുടങ്ങാൻ കഴിയുന്ന വ്യവസായങ്ങൾ പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2**

**ജനറൽ ചെറുകിട വ്യവസായങ്ങൾ**

1. യന്ത്രവൽകൃത ചൂടി നിർമ്മാണം
2. ചവിട്ടി, ചൂടിപ്പടം, ചകിരിനാരിന്റെ മെത്ത, തലയിണ തുടങ്ങിയവ
3. ചകിരിച്ചവറ് ഉപയോഗിച്ചുള്ള വളം
4. തെങ്ങുതടികൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണിച്ചറും
5. വെളിച്ചെണ്ണ
6. കന്നുകാലി തീറ്റ
7. തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയങ്ങൾ

**വനിതാ വിഭാഗം**

1. തെങ്ങ് ചിരട്ട എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ, മറ്റു ഗൃഹോപകരണങ്ങൾ

ഖാദി മേഖല

ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ 7-ാം വാർഡിലും 8-ാം വാർഡിലുമായി ഒരു നൂൽ നൂൽപ്പു കേന്ദ്രവും നെയ്തു ശാലയുമുണ്ട്. ഇവയിൽ മൊത്തം 60 ഓളം സ്ത്രീ തൊഴിലാളികൾ വളരെ നാമമാത്രമായ കൂലി നിരക്കിൽ ജോലി ചെയ്യുന്നുണ്ട്. കുറഞ്ഞ കൂലി നിരക്ക് ഈ മേഖലയിലെ തൊഴിലാളികളെ അസംതൃപ്തരാക്കുന്ന ഒരു ഘടകമാണ്. ഇതിനു പരിഹാരമായി എല്ലാവിധ ഡിസൈൻ ജോലികളും ചെയ്യാനുള്ള മെഷിനറി സൗകര്യം ഏർപ്പെടുത്തിയാൽ ഇത് ഒരു ചെറുകിട തുണി നിർമ്മാണ യൂനിറ്റായി ഉയർത്താൻ കഴിയും.

കൈത്തറി മേഖല

നാമമാത്രമായ തൊഴിലാളികൾ ജോലിയെടുക്കുന്ന ഒരു കൈത്തറി നെയ്തുശാല നമ്മുടെ പഞ്ചായത്തലത്തിൽ 2-ാം വാർഡിലുണ്ട്. തകർച്ചയെ നേരിടുന്ന ഈ വ്യവസായത്തെ രക്ഷിക്കാൻ നൂല്, ചായം എന്നിവയ്ക്ക് വില കുറച്ചു കിട്ടാനുള്ള സൗകര്യം ഉണ്ടാക്കുകയും വിപണി സൗകര്യം ഉണ്ടാക്കുകയും ചെയ്യേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിലുള്ള വിപണികൾ മാത്രം ലഭിച്ചാൽ പോലും വളരുവാൻ സാധ്യതയുള്ള നിത്യോപയോഗ സാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ മുന്നോട്ടുവരാത്ത നമ്മുടെ യുവജനങ്ങളുടെ ഇടയിൽ പുതിയൊരു വ്യസായ വികസന ബോധം വളർത്തിയെടുക്കാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കി എടുക്കേണ്ടതുണ്ട്.

ചുരുങ്ങിയ മുതൽമുടക്കിൽ തുടങ്ങാൻ കഴിയുന്നതും, നല്ല കമ്പോള സാധ്യതയുള്ളതുമായ വ്യവസായങ്ങൾ

**പട്ടിക-3**

**ജനറൽ വിഭാഗം**

1. ശാസ്ത്രീയമായ കോഴി വളർത്തൽ
2. മരംകൊണ്ടുള്ള ഫർണിച്ചർ നിർമ്മാണം
3. സ്കുൾ ബാഗ്, നോട്ടുബുക്ക് നിർമ്മാണം
4. പി.വി.സി. പൈപ്പു നിർമ്മാണം
5. സോപ്പ് നിർമ്മാണം

**വനിതാവിഭാഗം**

1 റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം

പേപ്പർ കവർ നിർമ്മാണം

2 കുട റീഫില്ലർ നിർമ്മാണം

3 സോപ്പ് പൊടി നിർമ്മാണം

4. പ്ലാസ്റ്റിക് കവർ നിർമ്മാണം

5. പാൽ ഉൽപ്പന്നങ്ങൾ

6. അച്ചാറുകൾ , ജാമുകൾ

7. മെഴുകുതിരി നിർമ്മാണം

8. ചന്ദനത്തിരി നിർമ്മാണം

9. റബ്ബർ ബുഷ് നിർമ്മാണം

**സഹകരണ സംഘം ജനറൽ വിഭാഗം**

1. ചുടുകട്ട നിർമ്മാണം, ഹോളോബ്രിക്സ് സിമന്റു കൊണ്ടുള്ള ജനൽ, വാതിൽ തുടങ്ങിയവ
2. നെയ്ത്ത്

3. റെക്സിൻകൊണ്ടുള്ള ഉല്പന്നങ്ങൾ

4. കസേര മെടയൽ

### വൻകിട വ്യവസായം

1. നന്മണ്ട പഞ്ചായത്തിലെ പുക്കുന്നുമലയിലെ ഇരുമ്പയിർ ഖനനം ചെയ്താൽ അതുപയോഗിച്ച് പല അനുബന്ധ വ്യവസായങ്ങളും ഈ പഞ്ചായത്തിൽ ആരംഭിക്കാൻ കഴിയും.

2.പഞ്ചായത്തിലെ കാർഷിക വിളയായ അടക്ക ഉപയോഗിച്ച് ഒരു അടയ്ക്കാ സംസ്ക്കരണ കേന്ദ്രം ആരംഭിക്കാം.

3. ഉപയോഗശൂന്യമായി പോവുന്ന കശുമാങ്ങ കൊണ്ട് ചെറിയ വ്യവസായത്തിന് സാധ്യതയുണ്ട്.

4. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി ഇലക്ട്രോണിക്സ് സാങ്കേതിക വിദ്യ വശമുള്ള നിരവധി തൊഴിൽ രഹിതരുണ്ട്. ഇവരെ ഉപയോഗപ്പെടുത്തി ഒരു ഇലക്ട്രോണിക്സ് ഉൽപന്ന നിർമ്മാണ യൂനിറ്റിന് സാധ്യതയുണ്ട്.

### നിർദ്ദേശങ്ങൾ

■ വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ളവരുടെ ഒരു പട്ടിക തയ്യാറാക്കുക.

■ അവർക്കാവശ്യമായ എല്ലാ സഹായവും നൽകുക.

■ വ്യവസായ സംരംഭകർക്ക് മുൻപരിചയം ഇല്ലാത്തതാണ് പല യൂനിറ്റുകളും അടച്ചുപൂട്ടാൻ കാരണം. ഇത് പരിഹരിക്കാൻ സംരംഭകർക്ക് നല്ല രീതിയിൽ നടക്കുന്ന വ്യവസായ ശാലകളിൽ പരിശീലനം ലഭിക്കാൻ സൗകര്യങ്ങൾ ലഭ്യമാക്കണം.

■ കണ്ടെത്തുന്ന വ്യവസായ സംരംഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുവാനും നല്ല നിലയിൽ പ്രവർത്തിക്കുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ ഒരു സ്ഥിരം മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുകയും വേണം.

■ മേൽ പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം നിശ്ചയിച്ച് നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത അഞ്ചു വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കുവാൻ കഴിയും. പഞ്ചായത്തിലേക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെത്തന്നെ ലഭ്യമാക്കാനും എല്ലാറ്റിനും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കുവാനും കഴിയും. നമമുടെ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുവാനും കഴിയും. പഞ്ചായത്തിൽ മൊത്തത്തിലുള്ള ആളോഹരി വരുമാനം വർദ്ധിക്കുകയും ചെയ്യും.

# ഗതാഗതം



ഉൽപ്പാദന മേഖലകളെ ത്വരിതപ്പെടുത്തുന്ന പശ്ചാത്തലമൊരുക്കുന്നതിൽ ഗതാഗത സൗകര്യങ്ങളുടെ പ്രാധാന്യം വളരെ വലുതാണ്. റോഡുകളുടെ കാര്യത്തിൽ വളരെ മുന്നേറിയിട്ടുള്ള പഞ്ചായത്താണ് നമ്മുടേതെങ്കിലും അതിനനുസൃതമായ സംസ്ക്കാരവും പുരോഗതിയും വ്യാപിപ്പിക്കുന്നതിൽ വേണ്ടത്ര മുന്നോട്ടു പോയിട്ടുണ്ടോ എന്ന കാര്യം ഇനിയും ചർച്ച ചെയ്യാനിരിക്കുന്നു. റോഡ് നിർമ്മിക്കൽ മാത്രമാണ് വികസനം എന്ന വികലവും സാമ്പ്രദായികവുമായ കാഴ്ചപ്പാട് ഇപ്പോഴും വെച്ച് പുലർത്തുന്ന ഒരു സമൂഹമാണ് നമ്മുടേത്. വികസനോദ്ദേശ്യത്തോടെ ഓരോ മുക്കിലും മൂലയിലും അശാസ്ത്രീയമായ രീതിയിലുള്ള റോഡ് നിർമ്മാണം മണ്ണൊലിപ്പ് തുടങ്ങിയ ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ വരുത്തിത്തീർക്കുന്നത് നമ്മളറിയാതെ പോവുന്നു. ഉൾനാടുകളിലെ പരിസ്ഥിതി സന്തുലനത്തിന്റെ ജീവ വൃക്ഷങ്ങളത്രയും മുറിച്ച് മാറ്റുന്നതിലും നമ്മൾ വളരെ മുന്നിലാണെന്ന് പറയാതെ വയ്യ. ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെട്ടപ്പോൾ റോഡുകളെക്കുറിച്ചുള്ള ധാരണയും അപകടകരമാംവിധം വളർന്നിട്ടുണ്ട്. നിലവിലുള്ള റോഡിന്നരികിൽ വീടുവെക്കാനുള്ള ശ്രമം പരാജയപ്പെടുമ്പോൾ തന്റെ വീടിന്നരികിലേക്ക് ഏതുവിധേനയും റോഡ് നിർമ്മിക്കുക എന്ന ആശത്തിലേക്ക് ജനങ്ങൾ എത്തിച്ചേരുന്നത് മൂലം കൃഷിക്ക് ഉപയുക്തമാക്കപ്പെടേണ്ട മണ്ണ് എന്നെന്നേക്കുമായി അന്യമായിപ്പോവുന്നു എന്ന കാര്യം വിസ്മരിക്കാവതല്ല.

വർഷങ്ങൾക്കുമുമ്പുതന്നെ പ്രധാന റോഡുകൾ കടന്നുപോയിരുന്ന ഒരുഗ്രാമമായിരുന്നു നമ്മുടേത്. കേരളത്തിലെ പ്രധാന വാണിജ്യ കേന്ദ്രമായിരുന്ന കോഴിക്കോടു മായി ജില്ലയുടെ വടക്കൻ മേഖലകളെ ബന്ധിപ്പിച്ചിരുന്ന ബാലുശ്ശേരി– കോഴിക്കോട് റോഡ് കുന്നത്തെരു തളി ബൈപ്പാസ് വഴി ബൂലുശ്ശേരിക്ക് പോകുന്ന പടനിലം– ബാലുശ്ശേരി റോഡ് എന്നിവയുടെ വശങ്ങളിലുള്ള വൻ വൃക്ഷങ്ങൾ ഈ റോഡിന്റെ കാലപ്പഴക്കം വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ 3 വാർഡുകൾ ഉൾക്കൊള്ളുന്ന ചീക്കിലോട് പ്രദേശത്തെ നന്മണ്ട അങ്ങാടിയുമായി ബന്ധിപ്പിക്കുന്ന നന്മണ്ട ചീക്കിലോട് റോഡ് നിർമ്മിക്കപ്പെട്ടത് 1950 കളിലാണ്. ഇന്ന് നമുക്ക് പഞ്ചായത്തിലെ വിവിധ വാർഡുകളുമായും സമീപ പഞ്ചായത്തുകളുമായും പ്രധാന അങ്ങാടികളുമായും ബന്ധപ്പെടുത്തുന്ന വിപുലമായ ഒരു റോഡ് ശൃംഖലയുണ്ട്. പൂർണ്ണമായും വാഹനഗതാഗതയോഗ്യമായ 69.36 കി.മി. റോഡ് നമുക്കുണ്ട്. ഇതിൽ 13 കി.മി. PWD റോഡുകളും 56.36 കി.മി. പഞ്ചായത്ത് റോഡുകളുമാണ്. ആവശ്യത്തിന് റോഡുകൾ ഉണ്ടെങ്കിലും അവയുടെ അവസ്ഥ നൂറുശതമാനവും തൃപ്തികരമല്ല. ഓവുചാലുകളുടെയും കലുങ്കുകളുടേയും അഭാവം മഴക്കാലത്ത് നമ്മുടെ റോഡുകളെ ശോചനീയമാക്കുന്നു. അറ്റകുറ്റ പണികൾ യഥാസമയത്ത് ചെയ്യുകമൂലം വൻ നഷ്ടങ്ങൾ ഒഴിവാക്കാൻ കഴിയുമെന്നത് ചൂണ്ടിക്കാണിക്കാതെ തരമില്ല. അതുപോലെ കൃഷിയിടങ്ങൾക്ക് കുറുകെ നിർമ്മിക്കപ്പെടുന്ന റോഡുകൾ കാർഷിക വികസനത്തിന് തടസ്സമായി നിൽക്കുന്നതും ശ്രദ്ധിക്കാതിരിക്കാൻ വയ്യ.

## പട്ടിക ഒന്ന
## പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതി
## (അവലംബം റോഡ് രജിസ്റ്റർ- ഗ്രാമസഭ റിപ്പോർട്ട്)

| വാർഡ് | റോഡിന്റെ പേര് | ദൂരം കി.മി. | വീതി കിമി | ഉടമസ്ഥത പഞ്ചായത്ത് P PWD | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | ഓട വേണ്ടത് | കലുങ്ക് വേണ്ടത് |
|---|---|---|---|---|---|---|---|---|
| 1 | പുതുക്കളം ബാലുശ്ശേരി | 2.37 | 6 | P | ✓ | | ✓ | ✓ |
| | പൊയിൽക്കണ്ടി- നീലഞ്ചേരി മുക്ക് | 1.6 | 3 | P | | | ✓ | ✓ |
| | നന്മണ്ട ടൗൺ-അരേനപ്പൊയിൽ | 1.6 | 3 | P | | | ✓ | ✓ |
| | തടത്തിൽ കണ്ടി- മാക്കോത്ത് മുക്ക | .8 | 3 | P | | | ✓ | ✓ |
| | മുപ്പറ്റക്കുന്ന്- ഹരിജൻ കോളനി | .8 | 3 | P | | | ✓ | ✓ |
| | അരേനത്താഴം- മാണിക്കതിരുകണ്ടി | 1.6 | 3 | P | | | ✓ | ✓ |
| | മാവർകണ്ടി- വെസ്റ്റ് ALP സ്കൂൾ | 1.0 | 3 | P | | | ✓ | ✓ |
| | പറമ്പിച്ചേരി-ഏയരത്ത് കണ്ടി | 1.0 | 3 | P | | | ✓ | ✓ |
| 2. | നന്മണ്ട 14 -മണ്ണാൻ പൊയിൽ | 2.6 | 6 | P | ✓ | | ✓ | ✓ |
| | നന്മണ്ട- കുന്നത്തെരു | 2.0 | 6 | P | ✓ | | ✓ | ✓ |
| | ഈർച്ചമിൽ- കുന്നത്തെരു | 0.8 | 3 | P | | | ✓ | ✓ |
| | തെരു- താഴെ തെരു | 0.6 | 3 | P | | | ✓ | ✓ |
| 3. | എഴുകുളം ഇയ്യാട് | 1.0 | 8 | P | | | ✓ | ✓ |
| | നന്മണ്ട14 -എഴുകുളം | 2.5 | 3 | P | | | ✓ | ✓ |
| | മണ്ണാത്തിക്കടവ്- പേരാറ്റം പൊയിൽ | 0.26 | 3 | P | | | ✓ | ✓ |
| | മുലമാവ്- നെരോത്ത് മുക്ക് | 1.0 | 3 | P | | | ✓ | ✓ |
| | തളി- താഴെപാടം | 1.5 | 3 | P | | | ✓ | ✓ |
| | തളി-ബൈപ്പാസ് | 0.3 | 8 | P | ✓ | | ✓ | ✓ |
| 4 | മാലേംത്ത് പുറായിൽ -നേഷണൽ സ്കൂൾ | 2.4 | 4 | P | | | ✓ | ✓ |
| | കുളിപ്പൊയിൽ-കൊല്ലിയിൽ താഴം | 1 | 8 | P | | | ✓ | ✓ |
| | കിഴക്കെ പൊയിൽ- നേഷണൽ സ്കൂൾ (കൊല്ലിയിൽ താഴം) | 1.5 | 6 | P | | | ✓ | ✓ |
| 5. | നന്മണ്ട ഹൈസ്കൂൾ ക്രോസ്സ് റോഡ് | 0.4 | 6 | P | ✓ | | ✓ | ✓ |
| | കുളിപ്പൊയിൽ -പൊക്കിടത്തിൽ താഴം | 0.75 | 3 | P | | | ✓ | ✓ |
| 6. | കരുണാറാം- പുക്കുന്നുമല ഹരിജൻ കോളനി | 2.5 | 6 | P | 1km. | 1km. | ✓ | ✓ |
| | നന്മണ്ട HS പാറപ്പുറത്ത് പീടിക | 1 | 6 | P | | | ✓ | ✓ |
| | കാളമ്മത്ത് താഴം. ഓലാട്ട് മുക്ക് | 0.75 | 3 | P | | | ✓ | ✓ |
| | വെള്ളറക്കാട്, നാരകശ്ശേരിതാഴം | 0.75 | 3 | P | | | ✓ | ✓ |
| | പുക്കുന്ന മല ഹരിജൻ കോളനി ഫൂട്ട്പാത്ത് | 0.75 | 3 | P | | | ✓ | ✓ |
| 7. | ഹെൽത്ത് സെന്റർ- ചീനിക്കുഴി | 1 | 8 | P | | | ✓ | ✓ |
| | എടക്കര- മുന്നൂർക്കയിൽ | 1.25 | 3 | P | | | ✓ | ✓ |
| | പാറപ്പുറത്ത് മുക്ക്- ചിരട്ടക്കരത്താഴം | 1.75 | 3 | P | | | ✓ | ✓ |
| | മഞ്ചാട്ട് താഴം- കൊടപ്പാനി | 1 | 4 | P | | | ✓ | ✓ |
| 8. | പാറക്കാത്ത് താഴം ഫുട്ട് പാത്ത് | 0.11 | 3 | P | | | ✓ | ✓ |
| | എടവലത്ത് താഴം – കോതങ്കൽ | 0.09 | 3 | P | | | ✓ | ✓ |
| | മുണ്ട്യാളിമുല ശ്മശാനം | 0.75 | 3 | P | | | ✓ | ✓ |
| | വല്ലോറക്കാവ്- തടത്തിൽ പുറായിൽ | 0.75 | 2.5 | P | | | ✓ | ✓ |
| | ഇരിങ്ങത്ത് മീത്തൽ- പുളിക്കുൽ പാറ | 0.75 | 4 | P | | | ✓ | ✓ |
| | കൊട്ടാളിതാഴം- പുളിക്കൂൽ പാറ | 0.75 | 4 | P | | | ✓ | ✓ |
| 9. | കാരാട്ട് പാറ- എടക്കര | 4.5 | 8 | PWD | | | ✓ | ✓ |
| | കൃഷ്ണൻ നായർ റോഡ് | 1 | 5 | P | | ✓ | ✓ | ✓ |
| | ചീക്കിലോട് പള്ളി- വടക്കെമല ഫുട്ട്പാത്ത് | 1 | 1.5 | P | | | ✓ | ✓ |
| | ഇല്ലത്ത് മുക്ക്- ഇറുഞ്ഞാറപൊയിൽതാഴം | 0.9 | 3 | P | | | ✓ | ✓ |
| | കരിയാത്തൻകോട്ട താഴം എറുമ്പിൻകാട്ടിൽ താഴം | 0.75 | 1.5 | P | | | ✓ | ✓ |
| | മംഗലശ്ശേരി പടിഞ്ഞാറ്- പുതുക്കുടി മീത്തൽ | 0.5 | 3 | P | | | ✓ | ✓ |
| 10. | കന്നോത്ത് താഴം വെസ്റ്റ് LP സ്കൂൾ | 0.5 | 3 | P | | ✓ | ✓ | ✓ |
| | മാവർ കണ്ടി-വെസ്റ്റ് ALPസ്കൂൾ | 0.5 | 3 | P | | | ✓ | ✓ |
| | കോളിയോട് മല ഹരിജൻ കോളനി | 2 | 6 | P | | | ✓ | ✓ |
| | തറോൽ മുക്ക് ഏരത്ത് കണ്ടി | 0.5 | 3 | P | | | ✓ | ✓ |
| | പുതുക്കുളം -പായിച്ചേരിക്കണ്ടി | 0.5 | 3 | P | | | ✓ | ✓ |
| | തോണിക്കണ്ടി- കോളിയോട് മല | 0.75 | 1.5 | P | | | ✓ | ✓ |
| | ബാലബോധിനി-കൊളിയോട് മല | 0.75 | 1.5 | P | | | ✓ | ✓ |
| | കണ്ണങ്കണ്ടി താഴം- തോണിക്കണ്ടി മുക്ക് | 0.5 | 3 | P | | | ✓ | ✓ |
| | വടക്കുവീട്ടിൽ- നീലിക്കുളം | 0.63 | 3 | P | | | ✓ | ✓ |

## പട്ടിക –2
## പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ സംബന്ധിച്ച വിവരം

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മി | വീതി മീ. | ബസ്സ് |
|---|---|---|---|---|---|
| 1. | കോഴിക്കോട് ബാലുശ്ശേരി | PWD | 5 | 12 | ഉണ്ട് |
| 2. | നന്മണ്ട-പടനിലം | PWD | 3.3 | 8 | ഉണ്ട് |
| 3. | നന്മണ്ട- അത്തോളി | PWD | 6.5 | 8 | ഉണ്ട് |
| 4 | നന്മണ്ട HS- ക്രോസ് റോഡ് | P | .6 | 6 | ഇല്ല |
| 5. | എടക്കര- കാരാട്ടുപാറ | PWD | 4.5 | 8 | ഉണ്ട് |
| 6. | തളി ബൈപ്പാസ് | P | .4 | 8 | ഇല്ല |
| 7. | കൊളത്തൂർ- കൂമുള്ളി | PWD | 1 | 8 | ഉണ്ട് |
| 8. | പുതുക്കുളം -ബാലുശ്ശേരി | P | 2 | 8 | ഇല്ല |
| 9. | കുമാരംപൊയിൽ-ബാലുശ്ശേരി | P | 2 | 8 | ഇല്ല |
| 10. | നന്മണ്ട 14- മണ്ണാംപൊയിൽ | P | 2 | 8 | ഇല്ല. |
| 11. | മൂലേമാവ്- എഴുകുളം | PWD | 1.6 | 8 | ഉണ്ട് |
| 12. | എഴുകുളം- ഓണിയിൽതാഴം | P | 1.5 | 6.5 | ഇല്ല |
| 13. | ആലുള്ളതിൽ മുക്ക്- പരലാട്ട് | P | 1 | 6 | ഇല്ല |
| 14. | കരുണാനം പാറപ്പുറത്ത് പീടിക | P | 1.5 | 6 | ഇല്ല. |

## പട്ടിക. 3
## പഞ്ചായത്തിലെ ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | റോഡ് | വാർഡ് | ദൂരം കി.മി. | വീതി കി.മി |
|---|---|---|---|---|
| 1. | നന്മണ്ട ടൗൺ കരിപ്പാലമുക്ക് മാക്കോത്ത് താഴം | 1 | 3 | 6 |
| 2. | കരിപ്പാലമുക്ക് മാവർകണ്ടി മുക്ക് | 1 | .5 | 6 |
| 3. | നന്മണ്ട ടൗൺ- അരേനപ്പൊയിൽ മാണിക്കത്തിരുകണ്ടി | 1 | .3 | 6 |
| 4. | മുപ്പറ്റ്കുന്ന് -കോളനി | 1 | .4 | 3 |
| 5. | മാവർകണ്ടി -വെസ്റ്റ് ALP സ്കൂൾ | 1 | 1 | 3 |
| 6. | ഏഴുകുളം - നന്മണ്ട 14ൽ | 3 | 1.5 | 5 |
| 7. | മണ്ണാത്തിക്കടവ് -പേരാറ്റംപൊയിൽ | 3 | .75 | 3 |
| 8. | മണ്ണാത്തിക്കടവ്- ഖാദിബോർഡ് | 3 | .75 | 4 |
| 9. | മാതോത്ത് പുറായിൽ നേഷണൽസ്കൂൾ | 4 | 1.5 | 6 |
| 10. | കൂളിപ്പൊയിൽ- കൊല്ലിയിൽ താഴം | 4 | 1.5 | 6 |
| 11. | കൊല്ലിയിൽതാഴം- നേഷണൽ സ്കൂൾ | 4 | 1.5 | 6 |
| 12. | നന്മണ്ട 12- പാറപ്പുറത്ത് മുക്ക് | 6 | 2 | 6 |
| 13. | വെള്ളറക്കാട്ട് - നാരകശ്ശേരിതാഴം | 6 | 1.0 | 3 |
| 14. | ചീക്കിലോട് മൂന്നൂർക്കൈയിൽ | 7 | 2.5 | 6 |
| 15. | ഹെൽത്ത് സെന്റർ പയനന്തറ | 7 | 1 | 6 |
| 16. | മാപ്പിളസ്കൂൾ- കൊള്ളടിമല | 7 | 2 | 3 |
| 17. | എടവലത്ത് താഴം-കോതങ്കൽ | 8 | .25 | 4 |
| 18. | ഇരിങ്ങത്ത് മീത്തൽ-പുളിക്കുപ്പാറ | 8 | .75 | 4 |
| 19. | കൊട്ടാളിതാഴം-പുളിക്കുൽപ്പാറ | 8 | .75 | 4 |
| 20. | കൃഷ്ണൻനായർ റോഡ് | 9 | 1 | 5 |
| 21. | കുന്നോത്ത് താഴം വെസ്റ്റ് ALP സ്ക്കൂൾ | 10 | 1.6 | 6 |
| 22. | കോളിയോട് മല ഹരിജൻകോളനി | 10 | 2 | 6 |
| 23. | മാവർ കണ്ടി വെസ്റ്റ് ALPസ്ക്കുൾ | 10 | .5 | 3 |
| 24 | കുന്നത്തെരു-ഈർച്ചമിൽ | 2 | .8 | 3 |
| 25 | കനാൽ-പിലാക്കുട്ട്യേടത്ത്-മുന്നുർ ക്കയിൽ | 7 | 1.5 | 4 |

## പട്ടിക. 4
## ആവശ്യമായ നടപ്പാതകളുടെ വിവരം

| നമ്പ്ര് | പേര് | വാർഡ് |
|---|---|---|
| 1 | പറമ്പിച്ചേരി കോളനി പുതുക്കുളം | 1 |
| 2 | കാടൻകുനിതാഴെ തിയ്യക്കോത്ത് | 1 |
| 3 | കരുണാറാം കരിപ്പാലമുക്ക് | 1 |
| 4 | ചോമച്ചം കണ്ടി കല്ലറക്കുന്നുമ്മൽ | 1 |
| 5 | ഉളാറുക്കുന്നുമ്മൽ–പുനത്ത്ക്കണ്ടിപുറായിൽ | 1 |
| 6 | പറമ്പിച്ചേരികോളനി കേളോത്ത് വയൽ വഴി ഏരത്ത്കണ്ടി മുക്ക് | 1 |
| 7 | കാടൻ കുനിതാഴെ, കുന്നതെരുപാലം | 2 |
| 8 | നന്മണ്ട 14 –കുന്നത്തെരു | 2 |
| 9 | കൂട്ടല്ലൂർതാഴം–കാടൻകുനിതാഴം | 3 |
| 10 | പുതിയോട്ടും കണ്ടി ജംഗ്ഷൻ–കാരക്കുന്ന് അമ്പലപ്പൊയിൽ | 4 |
| 11 | നെല്ലിക്കുന്നുമ്മൽ–കാപ്പുമല | 4 |
| 12 | കൊല്ലങ്കണ്ടി താഴം | 4 |
| 13 | എടത്തിൽ പള്ളിക്കടുത്ത് | 4 |
| 14 | മരക്കാട് മീത്തൽ കോളനി | 4 |
| 15 | കുറുളിതാഴം– അമ്പലപ്പൊയിൽ | 5 |
| 16. | പുത്തലത്ത് താഴം | 5 |
| 17. | തിരുമാലക്കണ്ടി വയൽ ഭാഗം | 5 |
| 18. | കണ്ടോത്ത് താഴം കണ്ണങ്കണ്ടിതാഴം | 6 |
| 19. | മുണ്ട്യായിൽ മുക്ക്– പുതിയോട്ടിൽ മുക്ക് | 6 |
| 20. | ചെറുവോട്ടുതാഴം – തിയ്യക്കണ്ടി താഴം | 6 |
| 21. | ഖാദിബോർഡ്– മുന്നൂർകൈ | 7 |
| 22. | പടിക്കൽ താഴെ– പൈനിൻതറ | 7 |
| 23. | ചീക്കിലോട് ഹെൽത്ത് സെന്റർ– പേടം പിലാക്കൂൽ | 7 |
| 24. | കക്കുടുമ്പിൽ –പണിയാവുള്ളതിൽ | 7 |
| 25. | നടുവിലക്കണ്ടിതാഴം– വെങ്ങളത്ത് കണ്ടിതാഴം | 8 |
| 26. | ചെരിയേരിതാഴം– ഓങ്ങോറതാഴം | 8 |
| 27. | എളവനപ്പുറത്ത് താഴം –ഇരിങ്ങത്ത് മീത്തൽ മിച്ചഭുമി | 8 |
| 28. | ഓതിക്കാം പറമ്പത്ത് താഴം– നമ്പ്യാറത്ത് ലക്ഷംവീട് | 9 |
| 29. | നടുവിലക്കണ്ടിതാഴം– മാരാംകണ്ടിതാഴം | 9 |
| 30. | ഞേണം കുന്നത്ത്– പുല്ലങ്കോട്ട് താഴം | 9 |
| 31. | അയോത്ത് താഴം– തണ്ടലിമ്മൽ | 9 |
| 32. | കേയക്കണ്ടി മുക്ക്– അങ്കപ്പാറ | 10 |
| 33. | നന്മണ്ട മാട്– കോളിയോടു മല | 10 |
| 34. | എടക്കണ്ടിതാഴം– എടക്കണ്ടി മീത്തൽ | 10 |
| 35. | എളിമ്പിലാട്ട് – കുട്ടിച്ചാത്തൻപാറ | 10 |
| 36. | കളംകെട്ടിയ പുറായിൽ – നന്മണ്ട മാട് | 10 |
| 37. | കളംകെട്ടിയ മുക്ക്– വടക്കേ മലയിൽ | 10 |
| 38. | രാരോത്ത് കുളം– കളംകെട്ടിയ പുറായിൽ | 10 |

പട്ടിക -5
പുതുതായി നിർമ്മിക്കേണ്ട മൺ റോഡുകൾ

| നമ്പർ | റോഡ് | വാർഡ് |
|---|---|---|
| 1 | കാളിയത്ത് മുക്ക് കീരിപ്പൊയിൽ വയൽ | 1 |
| 2 | ചന്ദനശ്ശേരിതാഴം- പി. സി. സ്ക്കൂൾ | 2 |
| 3 | മടവൻക്കണ്ടി താഴെ-പടിക്കൽ താഴെ | 2 |
| 4 | പരലാട്-ഉള്ള്യേരിപ്പാറ | 4 |
| 5 | കൊളപ്പുറത്ത് പുറായിൽ-നെല്ലിക്കുന്നുമ്മൽ | 4 |
| 6 | രാരോത്ത് മുക്ക്-തേവലം കുണ്ടുങ്ങൽ | 4 |
| 7 | ചെന്നിലേരി-കാരക്കുന്നത് | 4 |
| 8 | കൊല്ലങ്കണ്ടിതാഴെ-ചോയം കുന്ന് | 4 |
| 9 | കൈപ്രം വീട്-പാറപ്പുറത്ത് താഴെ | 5 |
| 10 | കുറുളിതാഴം-പാടിച്ചേരിപുറായിൽ | 5 |
| 11 | നന്മണ്ട AMLP സ്ക്കുൾ- എളമ്പിലാശ്ശേരിതാഴം | 5 |
| 12 | നന്മണ്ട 12-കൊഴിഞ്ഞിപ്പറമ്പത്ത് താഴെ | 6 |
| 13 | നാരകശ്ശേരി താഴം-പുതിയോട്ടിൽ താഴം | 6 |
| 14 | ചെറുവോട് താഴം-നാരകശ്ശേരിതാഴം | 6 |
| 15 | അയ്യപ്പങ്കണ്ടി താഴം-നാരകശ്ശേരി താഴം | 6 |
| 16 | ബാലബോധിനി-നന്മണ്ട12 | 6 |
| 17 | കൊടപ്പാനി-അറപ്പുകുഴി | 7 |
| 18 | ഹെൽത്ത് സെന്റർ-മാപ്പിളസ്ക്കുൾ | 7 |
| 19 | കൊള്ളടിമല- ഹെൽത്ത് സെന്റർ | 7 |
| 20 | വായനോത്ത് താഴം മുണ്ട്യാടിമൂല ശ്മശാനം | 8 |
| 21 | ചീക്കിലോട് പള്ളി-പഞ്ചായത്ത് ഗ്രൗണ്ട് ശ്മശാനം | 8 |
| 22 | കൊളത്തൂർ HS-PHC പാറക്കാത്ത് താഴം കോതങ്കൽ | 8 |
| 23 | തലോടിതാഴം- ചിരട്ടക്കര താഴം | 9 |
| 24 | കരിയാണിമല-പാറോൽ മുക്ക് | 9 |
| 25 | കൊളത്തൂർ UP സ്ക്കുൾ- കാരാട്ട് പാറ | 9 |
| 26 | പൊയിൽ പടിക്കൽ-കണ്ടംകുളങ്ങരക്ഷേത്രം | 9 |
| 27 | കോളിയോട്മല- ചീക്കിലോട് | 10 |

## പ്രശ്നങ്ങൾ

* പഞ്ചായത്തിൽ റോഡുകളുടെ ശൃംഖല വിപുലമാണെങ്കിലും പഞ്ചായത്തിലെ ചില പ്രധാന പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതിന് പര്യാപ്തമായ റോഡുകളുടെ അഭാവമുണ്ട്.

* റോഡിനോടനുബന്ധിച്ചുള്ള ജലനിർഗമന സംവിധാനത്തിന്റെ അഭാവം മഴക്കാലത്ത് യാത്ര ദുരിതപൂർണ്ണമാകുന്നതിനും റോഡുകൾ നശിക്കുന്നതിനും കാരണമാവുന്നു.

* പല സ്ഥലങ്ങളിലും കൽവർട്ടുകൾ ആവശ്യമാണെന്ന് ഗ്രാമസഭകളിൽ നിന്നുള്ള റിപ്പോർട്ടുകൾ സുചന നൽകുന്നു.

* നന്മണ്ട- അത്തോളി റോഡിലെ നന്മണ്ട മാട് വീതി കുറവും വൻ കയറ്റവും കാരണം വാഹനഗതാഗതം സുഗമമല്ല

* ട്രാഫിക് സിഗ്നലിന്റെ അപര്യാപ്തത പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്നു.

* ടാർ ചെയ്ത റോഡുകളുടെ ഇരുവശങ്ങളിൽ നിന്നും മണ്ണ് ഒലിച്ചുപോവുന്നത് അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നതിന് കാരണമാവുന്നു.

* പ്രധാന റോഡുകളിൽ അത്യാവശ്യമുള്ള പല സ്ഥലങ്ങളിലും ഫുട്പാത്തുകളില്ല.

* അറ്റകുറ്റ പണികൾ വേണ്ട സമയങ്ങളിൽ നടക്കുന്നില്ല

✶ നിലവിലുള്ള ചില പദ്ധതികൾ ഉപയോഗപ്പെടുത്തണമെങ്കിൽ 6 മീറ്റർ വീതി വേണമെന്ന നിബന്ധന ലഭ്യമാക്കുന്ന ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ വിഘാതം നിൽക്കുന്നു.

✶ പഞ്ചായത്തിലെ മുഴുവൻ റോഡുകളുടെയും വ്യക്തവും പൂർണ്ണവുമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്ററിന്റെ അഭാവം ഉണ്ട്.

✶ പ്രധാനപ്പെട്ട ബസ്സ് സ്റ്റോപ്പുകളിൽ ബസ്സ് വെയ്റ്റിംഗ് ഷെഡ് ഇല്ല

✶ K.S.R.T.C. സർവ്വീസ് ഈ പഞ്ചായത്തിലൂടെ തുലോം കുറവാണ്. നിലവിലുണ്ടായിരുന്ന ചില സർവ്വീസുകൾ നിർത്തലാക്കുകയും ചെയ്തു.

✶ ചീക്കിലോട്, നരിക്കുനി, എഴുകുളം ഭാഗത്തേക്ക് രാത്രി 7 മണിക്കുശേഷം വാഹനസൗകര്യം പരിമിതമാണ്.

✶ ദിവസേന 25 ലധികം ബസ്സുകൾ വന്നുപോവുന്ന ഒളയിമ്മൽ അങ്ങാടിയിൽ ഒരു ബസ്സ് സ്റ്റാന്റ് ഇല്ല.

✶ കോഴിക്കോട് ഭാഗത്തോക്ക് രാവിലെ 10 മണിവരെയുള്ള ബസ്സ് ഗതാഗതം മുഴുവൻ യാത്രക്കാരെയും ഉൾക്കൊള്ളാൻ പര്യാപ്തമല്ല.

✶ നന്മണ്ട– ഏഴുകുളം റോഡിനോട് തൊട്ടുകിടക്കുന്ന ഉവ്വാക്കുളം അപകട ഭീതി പരത്തുന്നു.

✶ നന്മണ്ടയിലെ പ്രധാന അങ്ങാടിയായ നന്മണ്ട 13 ൽ ഓട്ടോ –ടാക്സി സ്റ്റാന്റ് ഇല്ല.

## പരിഹാര നിർദ്ദേശങ്ങൾ

❊ തദ്ദേശീയരുടെ പങ്കാളിത്തം റോഡു നിർമ്മാണ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തിയാൽ റോഡിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും അഴിമതികൾ തടയുന്നതിനും സഹായകമാവും. പുതിയ റോഡുകൾക്കുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ ഇനിയും ഗതാഗത സൗകര്യമെത്താത്ത പഞ്ചായത്തിലെ പ്രദേശങ്ങളിലേക്കുള്ള പങ്ക് മുൻഗണന നൽകേണ്ടതും റോഡ് ടാർ ചെയ്യുന്നതിന് 6 മീറ്റർ വീതി നിഷ്ക്കർഷിക്കുന്ന നിലവിലുള്ള നിയമം ഭേദഗതി ചെയ്യപ്പെടേണ്ടതുമാണ്. നന്മണ്ട അത്തോളി റോഡിൽ നന്മണ്ട മാട് ഭാഗത്ത് റോഡ് താഴ്ത്തുന്നത് നീരുറവുമൂലം സാധ്യമല്ല. അതുകൊണ്ട് ഉയരം അല്പം കുറക്കുകയും ബാലബോധിനി ഭാഗത്ത് അരികുകൾ കെട്ടി ഉയർത്തി പരിഹരിക്കേണ്ടതുമാണ്. റോഡിന്റെ മുൻഗണന നിശ്ചയിക്കുവാൻ സൗകര്യപ്രദമാവുന്ന തരത്തിൽ ശാത്രീയമായ രീതിയിൽ എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്ന ഒരു റോഡ് രജിസ്റ്റർ അനിവാര്യമാണ്. താഴെ കൊടുക്കുന്ന വിവരങ്ങൾ ഉൾക്കൊള്ളിക്കാവുന്നതാണ

1 റോഡിന്റെ പേര് (തുടക്കം, ഒടുക്കം, ജംങ്ഷൻ എന്നിവ വ്യക്തമാക്കണം)

2. വാർഡ്,

3. ദൂരം

4. വീതി

5. ടാർ ചെയ്ത ദൂരം

6. മെറ്റൽ ചെയ്ത ദൂരം

7. മെറ്റൽ ചെയ്യേണ്ട ദൂരം

8. ഓവുചാൽ ആവശ്യമായ ദൂരം

9. ഓവുചാൽ നിലവിലുള്ള ദൂരം

10. പാർശ്വ ഭിത്തി നിലവിലുള്ള ദൂരം

11. പാർശ്വ ഭിത്തി ആവശ്യമായ ദൂരം

12. നിലവിലുള്ള കലുങ്കിന്റെ എണ്ണം

13. ആവശ്യമായ കലുങ്കിന്റെ എണ്ണം

145. തന്നാണ്ടിൽ ചെലവഴിച്ച പൊതു ഫണ്ട്

15. സഞ്ചിത തുക

❊ ഒളയിമ്മൽ ബസ്സ് സ്റ്റാന്റ് നിർമ്മിക്കുന്നതിന് ജലസേചന വകുപ്പന്റെ കീഴിലുള്ള കനാലിന് സ്ലാബ് നിർമ്മിച്ച് ആ സ്ഥലം ഉപയോഗപ്പെടുത്തിയാൽ വളരെ സൗകര്യമായിരിക്കും. അതേപോലെ നന്മണ്ട 13 ലെ ട്രാഫിക് തടസ്സം പരിഹരിക്കുന്നതിനും അങ്ങാടി വിപുരപ്പെടുത്തുന്നതിനും പഞ്ചായത്ത് ഓഫീസ് സാംസ്കാരിക നിലയം വില്ലേജ് ഓഫീസ് നിൽക്കുന്ന വിശാല പ്രദേശം ഉപയോഗപ്പെടുത്തി ഒരു ബസ്സ് സ്റ്റാന്റും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ചാൽ നല്ലൊരു ധനാഗമന മാർഗമാകും.

❊ നന്മണ്ടയുടെ പ്രധാന കേന്ദ്രമായ നന്മണ്ട 13 അങ്ങാടിക്ക് ഒരു മനോഹാരിത കൈവരുത്തേണ്ടതുണ്ട്. ഇതിന്റെ ആദ്യപടിയെന്നോണം ഫുട്പാത്ത് വരെ ടാർ ചെയ്യുകയും റോഡിൽ 'ഡിവൈഡർ' കെട്ടുകയും ചെയ്താൽ സൗന്ദര്യത്തോടൊപ്പം അപകടങ്ങൾ 99 %വും ഇല്ലാതാക്കാൻ കഴിയും. ഇതിന്റെ പരിധി വടക്ക് നന്മണ്ട ശിവക്ഷേത്രത്തിനടുത്ത് തുടങ്ങി തെക്ക് പുല്ലുക്കിൽ താഴെ വരെയെങ്കിലും കിഴക്ക് മഞ്ജുഷാ ടാക്കീസ് വരെയും വേണം. ഡിവൈഡറിൽ ഉയർത്തിയ കാലിൽ സോഡിസം വേപ്പർ ലാമ്പുകൾ സ്ഥാപിക്കാവുന്നതാണ്.

# ഊർജ്ജം



ഏതൊരു സമൂഹത്തിന്റേയും പുരോഗതിയ്ക്ക് അത്യന്താപേക്ഷിത ഘടകമാണല്ലോ ഊർജ്ജം. ദൈനംദിന ജീവിതത്തിൽ ഭക്ഷണം പാകം ചെയ്യുവാനും വാഹനങ്ങൾ ഓടിക്കുവാനും, വിളക്കുകൾ കത്തിക്കുവാനും, ആധുനിക ഗൃഹോപകരണങ്ങൾ പ്രവർത്തിപ്പിക്കാനും ഘന വ്യവസായങ്ങൾ നടത്താനും എല്ലാം ഊർജ്ജം വേണം. വിറക്, മണ്ണെണ്ണ, പെട്രോൾ, വൈദ്യുതി ഇവയെല്ലാം ഊർജ്ജത്തിന്റെ വിവിധ രൂപങ്ങൾ തന്നെ. ഭൂമിയിലെ ഊർജ്ജത്തിന്റെ ഏറ്റവും വലിയ സ്രോതസ്സ് സൂര്യപ്രകാശമാണ്. ഇതിലൂടെ നമുക്ക് കിട്ടുന്ന ഊർജ്ജത്തിന്റെ 10 ശതമാനമെങ്കിലും പൂർണ്ണമായി ഉപയോഗപ്പെടുത്താൻ നമുക്ക് സാധിച്ചാൽ ഊർജ്ജ പ്രതിസന്ധി എന്നൊന്ന് ഉണ്ടാകുമായിരുന്നില്ല. എന്നാൽ അതിനുള്ള ശാസ്ത്രീയമായ രീതികൾ ഇനിയും വികസിപ്പിക്കേണ്ടിയിരിക്കുന്നു.

കേരളീയർ ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തുന്ന ഊർജ്ജ സ്രോതസ്സ് വിറക് തന്നെ. 1991 ലെ കണക്കുകൾ പ്രകാരം പ്രതിവർഷം 130 ലക്ഷം ടൺ വിറക് കേരളത്തിൽ കത്തിക്കപ്പെടുന്നുണ്ട്. ഇതിൽ നിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന ഊർജ്ജം കേരളത്തിൽ പ്രതിവർഷം ഉൽപാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ നാലു മടങ്ങിന് തുല്യമായിരിക്കും . (അവലംബം കേരളത്തിന്റെ 8ാം പദ്ധതി ചർച്ചകൾക്കൊരാമുഖം കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്) ഗ്യാസ്, വൈദ്യുതി, മണ്ണെണ്ണ മുതലായവ പാചക ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നവർ കേരളത്തിൽ ജനസംഖ്യയുടെ ഏകദേശം 3% മാത്രമേ വരൂ. മാത്രമല്ല ഇവയുടെയെല്ലാം ദൗർലഭ്യം കണക്കിലെടുത്ത്, പാചകാവശ്യമേഖലയിലേക്ക് ഇവ ഉപയോഗപ്പെടുത്തുന്ന് നിരുത്സാഹിക്കപ്പെടേണ്ടിയിരിക്കുന്നു. കേരളത്തിൽ ഇപ്പോൾ ലഭിക്കുന്ന വിറകുകൾ തന്നെ ശാസ്ത്രീയമായി വിനിയോഗിക്കത്തക്ക രീതിയിലുള്ള മെച്ചപ്പെട്ട ദക്ഷത കൂടിയ അടുപ്പുകൾ പ്രയോജനപ്പെടുത്തുകയാണെങ്കിൽ ഇന്ധന ക്ഷാമത്തിന് നല്ല പരിഹാരമാകും. സാധാരണ അടുപ്പുകളിൽ ഉപയോഗിക്കുന്ന വിറകിന്റെ 30– 40 ശതമാനത്തോളം വിറക് മാത്രമേ ഇത്തരം അടുപ്പുകളിൽ ഉപയോഗിക്കേണ്ടതുള്ളു. പുകശല്യം കുറവായതിനാൽ ശ്വാസകോശ സംബന്ധമായ രോഗങ്ങൾ കുറയ്ക്കാനും ഇവ സഹായിക്കും. കൂടുതലും നാട്ടുംപുറങ്ങളും, കുന്നിൽ പ്രദേശങ്ങളും നിറഞ്ഞ നമ്മുടെ പഞ്ചായത്തിൽ ഈ അടുപ്പു പരിഷ്ക്കരണ പദ്ധതിക്ക് നല്ല സാധ്യതയുണ്ട്.

## വൈദ്യുതി

1960 ലാണ് നമ്മുടെ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തുന്നത്. 1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ മൊത്തമുള്ള 5298 വീടുകളിൽ 3546 എണ്ണത്തിൽ വൈദ്യുതി എത്തിയിട്ടുണ്ട്. വൈദ്യുതീകരിച്ച വീടുകളുടെ ശതമാനം 65. ഏകദേശം 4200 ഓളം വൈദ്യുതി കണക്ഷനുകൾ ഇപ്പോൾ പഞ്ചായത്തിലുണ്ട്. ഇതിൽ 87 ശതമാനവും ഗാർഹിക കണക്ഷനുകളും 6% കാർഷിക കണക്ഷനും 7% വ്യാപാര സ്ഥാപനങ്ങളിലേയും, വ്യവസായ സ്ഥാപനങ്ങളിലേയും കണക്ഷനുകളാണ്. നമ്മുടെ പഞ്ചായത്തിലെ വൈദ്യുതീകരണച്ചുമതല ബാലുശ്ശേരി K.S.E.B. മേജർ സെക്ഷൻ ഓഫീസിനാണ്. ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിപക്ഷവും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്നവരാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന് എല്ലാ ഗ്രാമ സഭകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല വൈദ്യുതി മീറ്ററുകൾ പലതും കേടായതിനാലും യഥാ സമയങ്ങളിൽ മീറ്റർ റീഡിംഗ് നടത്താത്തതിനാലും ഉപഭോക്താവ് യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ശരിയായ കണക്കുകൾ കിട്ടുന്നില്ല. ഇതുകാരണം കുറഞ്ഞ വൈദ്യുതി ഉപയോഗിക്കുന്നവരും കൂടുതൽ ഉപയോഗിക്കുന്നവരും ഒരേ ചാർജ് അടക്കേണ്ടിവരുന്നു. പഞ്ചായത്തിൽ ആകെ 37.5 Km. നീളത്തിൽ വൈദ്യുതി ലൈനുകൾ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. (അവലംബം ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ) കൂടാതെ 10 കി.മീ. ഓളം 11. KV ലൈനുകളും. 17 കി.മീ. ഓളം ത്രീഫേസ് ലൈനുകളും ഉണ്ട്. ആകെ 14 ട്രാൻസ്ഫോർമറുകൾ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽസ്ഥാപിക്കപ്പെട്ടിട്ടുണ്ട്. (പട്ടിക കാണുക)

| ക്രമ നമ്പ്ര് | സ്ഥിതിചെയ്യുന്ന സ്ഥലം | കപ്പാസിറ്റി |
|---|---|---|
| 1 | കൊളത്തൂർ | 100 KVA |
| 2 | ഒളയിമ്മൽ | 100 KVA |
| 3 | ചീക്കിലോട്-2 | 100 KVA |
| 4 | ചീക്കിലോട്-1 | 100KVA |
| 5 | കള്ളങ്ങാടിത്താഴം | 100KVA |
| 6 | പൊയിൽത്താഴം | 100 KVA |
| 7 | കാരക്കുന്ന് | 250 KVA |
| 8 | നാഷണൽ എ. എൽ.പി.ക്ക് സമീപം | 100 KVA |
| 9 | മൂലേം മാവ് | 100 KVA |
| 10 | നന്മണ്ട 13 | 100 KVA |
| 11 | നന്മണ്ട 14 | 100 KVA |
| 12 | അരിപ്പുറം മുക്ക് | 100 KVA |
| 13 | മണ്ണാത്തിക്കടവ് | 63 KVA |
| 14 | സുപ്പി റോഡ് | 100 KVA |

വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഇനിയും ട്രാൻസ്ഫോർമറുകൾ ആവശ്യമുണ്ട്. കൂടാതെ പല സ്ഥലങ്ങളിലും ത്രീഫേസ് ലൈനുകൾ വേണമെന്ന ആവശ്യവും ഉയർന്നിട്ടുണ്ട്. ലൈനുകളുടെ അറ്റകുറ്റ പണികൾ യഥാകാലങ്ങളിൽ ചെയ്യണമെന്നും, ലൈനിൽ തട്ടുന്ന മരച്ചില്ലകൾ വെട്ടിമാറ്റുന്നതിന് സത്വര നടപടികൾ ഉണ്ടാകണമെന്നും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിനുവേണ്ടി ജനകീയ പങ്കാളിത്ത ത്തോടെ പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

പഞ്ചായത്തിൽ ആകെ 269 തെരുവു വിളക്കുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഒരു സോഡിയം വേപ്പർ ലാംമ്പ്, 9 ഫ്ളൂറസെന്റ് ട്യൂബുകൾ, 259 ബൾബു കൾ എന്നിവ. സ്ട്രീറ്റ് ലൈറ്റുകളുടെ കരന്റ് ചാർജി നത്തിൽ മാത്രം 1996 വർഷത്തിൽ ഇതുവരെ 43,911 രൂപ അടച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വാർഷിക വരു മാനത്തിന്റെ 2.4 ശതമാനം വരും ഈ തുക. പല വാർഡുകളിൽ നിന്നും ഇനിയും സ്ട്രീറ്റ് ലൈറ്റുകൾ വേണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

**പ്രശ്നങ്ങൾ**

☒ എല്ലാ വാർഡുകളിലും വൈദ്യുതി എത്താത്ത പ്രദേശങ്ങളുണ്ട്.

☒ ആകെ 17 കോളനികൾ വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട് (വിശദ വിവരം അന്യത്ര)

☒ പ്രേക്ഷണ- വിതരണ രംഗങ്ങളിൽ അധികൃത രുടെ ശ്രദ്ധക്കുറവ് വലിയൊരു പ്രശ്നം തന്നെയാണ്. ഇത് ഭീമമായ ഊർജ്ജനഷ്ടം വരുത്തിവയ്ക്കുന്നു.

☒ സ്ട്രീറ്റ് ലൈറ്റുകളും ഇല്ലാത്ത ധാരാളം പ്രദേ ശങ്ങൾ ഉണ്ട്.

☒ പല ഉപഭോക്താക്കളും സ്റ്റെപ്പ്- അപ്പ് ഉപയോ ഗിക്കുന്നതുകാരണം യഥാർത്ഥത്തിൽ ലഭിക്കേണ്ട തിലും വളരെ കുറഞ്ഞ വോൾട്ടത മാത്രമേ സാധാ രണ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുള്ളു.

**നിർദ്ദേശങ്ങൾ**

⁜ ഉപയോഗിക്കപ്പെടുന്ന വൈദ്യുതിക്ക് മാത്രം ചാർജ് ഈടാക്കാനുള്ള നടപടികൾസംസ്ഥാനാടി സ്ഥാനത്തിൽ സ്വീകരിക്കേണ്ടിയിരിക്കുന്നു.

⁜ . താരീഫ് സമ്പ്രദായം പുതുക്കുമ്പോൾ വെളിച്ച ത്തിനു മാത്രം വൈദ്യുതി ഉപയോഗിക്കുന്നവർക്ക് ചുരുങ്ങിയ ചാർജ്ജും മറ്റാവശ്യങ്ങൾക്ക് ഉപയോഗി ക്കുന്നവർക്ക് ഉയർന്ന ചാർജ്ജും ചുമത്തുന്നതിനുള്ള നടപടികൾ വേണം.

⁜ പ്രേക്ഷണ- വിതരണ സംവിധാനങ്ങളുടെ അറ്റ കുറ്റപ്പണികൾ യഥാസമയങ്ങളിൽ ചെയ്യണം.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി രൂക്ഷ മായ തോതിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടു ന്നുണ്ട്. മെയിന്റോഡ് ഭാഗത്തുള്ളവർക്കു മാത്രമേ

| വാർഡ് | വൈദ്യുതി എത്താത്തപ്രദേശം | സ്ട്രീറ്റ്ലൈറ്റ് ആവശ്യമുള്ള സ്ഥലം | ട്രാൻസ്ഫോമർ വെക്കേണ്ട സ്ഥലം. നിർദ്ദേശങ്ങൾ |
|---|---|---|---|
| 1 | ആക്കിൻ കോളനി, കുയ്യാട് ലക്ഷംവീട് കീരിപ്പൊയിൽ റോഡ്. പടിക്കൽതാഴെ കോളനി. കുമാരംപൊയിൽ മാക്കോത്ത് താഴം വഴുതലേരിക്കൂടം ഭാഗം. കണ്ടച്ചം വീട് ഭാഗം, പൂളയാറമ്പ് ഭാഗം | കീരിപ്പൊയിൽ റോഡ് മാക്കോത്ത് താഴം | |
| 2. | കുന്നത്തെരു, ഹരിജൻ കോളനി പടിയ്ക്കൽത്താഴെ | കുന്നത്തെരു, | കുന്നത്തെരു ഭാഗത്തേക്ക് 11 K V. ലൈൻ നീട്ടി, ട്രാൻഫോർമർ സ്ഥാപിക്കണം |
| 3 | കാഞ്ഞാപ്പൊയിൽ കോളനി, പടിഞ്ഞാറെ ലക്ഷംവീട് കോളനി, | എഴുകുളം- നന്മണ്ട-14 റോഡ്, മുലേൻമാവ്-നെരോത്ത് മുക്ക് റോഡ് | എഴുകുളത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുക. |
| 4 | പരലാട് മല, പെരിങ്ങോട് മല ഹരിജൻ കോളിനി, കാപ്പുമല | മരക്കാട് മുക്ക് നാഷണൻ സ്ക്കൂൾറോഡ്, എഴുകുളം- ഇയ്യാട് റോഡ് എഴുകുളം-കുട്ടുമ്പൂർ റോഡ് | എഴുകുളം |
| 5 | | നന്മണ്ട H. S. ക്രോസ് റോഡ്. ഹൈസ്ക്കുൾ പാറപ്പുറത്ത് ഭാഗംറോഡ് | ഹൈസ്ക്കുളിന് സമീപം |
| 6 | പൂക്കുന്നമല ഹരിജൻ കോളനി, പാറയിലകത്തുട്ട് കോളനി | നന്മണ്ട HS കരുണാറാം ഭാഗങ്ങളിൽനിന്ന് പാറപ്പുറത്തു താഴം എത്തുന്ന റോഡ് | ആലിൻചുവട് |
| 7 | പുളിക്കൂൽ മല. പുക്കുന്ന് മല. | ചീക്കിലോട്- എടക്കരറോഡ് ചീക്കിലോട്-മുന്നുർക്കയിൽ റോഡ്. മഞ്ചാട്ടു താഴം- കൊടപ്പാനിറോഡ്. ഓളയിമൽ സോഡിയം ലാമ്പ് സ്ഥാപിക്കുക. | ചീക്കിലോട് ഹെൽത്ത് സെന്റർ മൂന്നൂർക്കയിൽ ഭാഗത്തേയ്ക്കു ത്രീഫേസ് ലൈൻ വേണം. |
| 8 | ഇരിങ്ങത്ത് മീത്തൽ കോളനി | ചീക്കിലോട്-അത്തോളി റോഡ്, കൊളത്തൂർ-കുമുള്ളി റോഡ | അമ്പലമുക്ക് സരൾ വായനശാല വരെ ത്രീഫേസ് ലൈൻ നൽകുക. |
| 9 | ഒളയിന്മൽ-കൊളത്തൂർ റോഡ് ചെറോലോറമല കോളനി, കരിയാണിമല കോളനിനമ്പ്യാറമ്പത്ത് ലക്ഷംവീട് കോളനി കരക്കാട്ട് പറമ്പ് ലക്ഷംവീട് കോളനി | മംഗലശ്ശേരിത്താഴം മുതൽ കാരാട്ടുപാറവരെ കൊളത്തുർ റേഷൻഷാപ്പ് മുതൽ നമ്പിടിവീട്ടിൽത്താഴം വരെ | നമ്പിടിവീട്ടിൽ താഴം |
| 10 | കോളിയോട് മല ഹരിജൻ കോളനി, രാരോത്ത്മുക്ക്- പാലയുള്ളമീത്തൽ മാവുള്ളകുഴി | നന്മണ്ട വെസ്റ്റ്- കോളനി റോഡ് | മാവരുകണ്ടി മുക്ക്. |

വലിയ തോതിൽ ക്ഷാമം ഇല്ലാതായുള്ളൂ. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങളേയും നിർദ്ദേശങ്ങളെയും താഴെ കാണുംവിധം ചിട്ടപ്പെടുത്താം.

### മറ്റു നിർദ്ദേശങ്ങൾ

അനർട്ടിന്റെ സൗരോർജ്ജ അടുപ്പുകളും, മറ്റ് ഉപകരണങ്ങളും വ്യാപകമാക്കണം. അതിനു സർക്കാർ സബ്സിഡി അനുവദിക്കുന്നതിനു വേണ്ട നടപടികളുണ്ടാകണം. ബാലുശ്ശേരി അനർട്ട് ആപ്പീസിന്റെ പ്രവർത്തന മേഖലയിൽ നന്മണ്ടപഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തണം.

ഒൻപതാം വാർഡിലെ പുല്ലങ്കോട് വയലിലൂടെ ഉള്ള ത്രീഫേസ് ലൈൻ മാറ്റി ഇണാറ്–പൊയിൽതാഴം ഇല്ലത്ത് മുക്കിലൂടെ സ്ഥാപിക്കുക. ഇതുകൊണ്ട് ചെറോലോറമല കോളനി, കായക്കാട് കോളനി എന്നിവ വൈദ്യുതീകരിക്കാൻ സാധിക്കും.

#### പുകയില്ലാത്ത അടുപ്പുകൾ

വിറകു ക്ഷാമം അനുഭവപ്പെടുന്നവർക്കും കുറഞ്ഞ വരുമാനക്കാർക്കും വളരെ ലാഭകരമായി ഉണ്ടാക്കാവുന്ന മെച്ചപ്പെട്ട തരം അടുപ്പുകളാണ് പരിഷത്ത് അടുപ്പുകൾ. പഞ്ചായത്തിൽ ലഭ്യമായ കണക്കുപ്രകാരം ഇപ്പോൾ125 ഓളം പരിഷത്ത് അടുപ്പുകൾഉണ്ട്. വ്യാപകമായ പ്രചരണം കൊടുത്താൽ ചുരുങ്ങിയത് 1000 അടുപ്പുകൾ എങ്കിലും സ്ഥാപിക്കാൻ കഴിയും. അനർട്ടിന്റെ പ്രവർത്തന പരിധിയിൽ പഞ്ചായത്തിനെ ഉൾപ്പെടുത്തിയാൽ സബ്സിഡി ലഭ്യമാക്കാം. ഇതുവഴി വിറകുക്ഷാമം പരിഹരിക്കുന്നതിന് സാധിക്കും.

#### ഭാരത് പെട്രോളിയം ഗ്യാസ്

പഞ്ചായത്തിൽ വളരെ കുറഞ്ഞ കുടുംബങ്ങൾ മാത്രമേ പാചകത്തിനും മണ്ണെണ്ണ , ഗ്യാസ്, എന്നിവ ഉപയോഗിക്കുന്നുള്ളൂ. പൊതുവെ കുറഞ്ഞ വരുമാനക്കാരാണ് പഞ്ചായത്തിൽ ഭൂരിപക്ഷം പേർ എങ്കിലും 10 % പേർ നല്ല സാമ്പത്തിക ശേഷിയുള്ളവരാണ്. അത്തരം കുടുംബങ്ങൾക്ക് പാചക വാതകം ഉപയോഗപ്പെടുത്താൻ കഴിയും.

ഭാരത് പെട്രോളിയത്തിന്റെയും ഗ്യാസിന്റെയും ഒരു ഏജൻസി നന്മണ്ടയിൽ സ്ഥാപിക്കണം എന്ന നിർദ്ദേശവും ഉണ്ട്.

#### ബയോഗ്യാസ്

വളരെ അധികം കന്നുകാലികൃഷിക്കാർ ഉള്ള പ്രദേശമാണ് നന്മണ്ട. അതുകൊണ്ട് അത്തരം വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ കഴിയും. ചാണകം ബയോഗ്യാസ് നിർമ്മാണത്തിന് ഉപയോഗിക്കുമ്പോൾ അതിലെ ജൈവാംശങ്ങൾ നഷ്ടപ്പെടുന്നില്ല എന്നു മാത്രമല്ല പാചകത്തിനാവശ്യമായ ഗ്യാസ് ഇതിൽ നിന്നും ലഭിക്കുകയും ചെയ്യുന്നു. ഇതുവഴി വിറക് ക്ഷാമം പരിഹരിക്കാൻ സാധിക്കും.



# മാർക്കറ്റ്

10 വാർഡുകളുള്ള നന്മണ്ട പഞ്ചായത്തിന്റെ സിരാകേന്ദ്രം നന്മണ്ട 13 ആണ്. ദൈനംദിനം ആയിരത്തിൽപ്പരം പൊതുജനങ്ങൾ നന്മണ്ട 13 മായി ബന്ധപ്പെടുകയും ക്രയവിക്രയങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. പഴയ കാലത്ത് അംശകച്ചേരി നിലനിന്നിരുന്ന സ്ഥലമായതുകൊണ്ടാവണം വ്യാപാര രംഗത്തെ കൊള്ളക്കൊടുക്കലുകളുടെ ആസ്ഥാനം നന്മണ്ട 13 ആവാൻകാരണം. ഇത് ചെറിയ രീതിയിലുള്ള ഗ്രാമീണ ചന്ത തന്നെ ആയിരുന്നു. കാലക്രമത്തിൽ ഓരോ ചെറു ഗ്രാമങ്ങളും വ്യാപാര രംഗത്ത് മുന്നോട്ടു വന്നപ്പോൾ നന്മണ്ട 13 ൽ എത്തിപ്പെടാതെയും ദൈനംദിന ആവശ്യങ്ങൾ നിറവേറ്റാമെന്ന അവസ്ഥ സംജാതമായിട്ടുണ്ടെന്നുള്ളത് ആശാസ്യമാണെങ്കിലും കറയറ്റ ഒരു പൊതുവിപണിയുടെയോ സഹകരണ വിപണിയുടെയോ അനിവാര്യത ഏറിയേറി വരികയാണ്. കഴിഞ്ഞ എല്ലാ ഗ്രാമസഭകളിലും പഞ്ചായത്തിൽ ഒരു മാർക്കറ്റെങ്കിലും വേണമെന്ന് ആവശ്യം ചൂണ്ടിക്കാട്ടപ്പെടുകയുണ്ടായി. പഞ്ചായത്തിലെ പ്രധാന ഉൽപ്പന്നങ്ങളായ കൊപ്ര, അടക്ക, കുരുമുളക്, കശുവണ്ടി, നേന്ത്രക്കായ തുടങ്ങിയ കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള ഒരു മാർക്കറ്റ് നന്മണ്ട പഞ്ചായത്തിലില്ല. അതുകാരണം പഞ്ചായത്തിനു വന്നുചേർണ്ടതായ നികുതിപ്പണങ്ങളെത്രയും അന്യം വന്നുപോവുകയാണ്. സ്വാശ്രയ പഞ്ചായത്ത് എന്ന അവസ്ഥയിലേക്ക് വളരാനും ഗ്രാമീണ ചന്ത അരയത്തിലേക്ക് സമൂഹമനസ്സിനെ എത്തിക്കാനും ആഴ്ചചന്ത പൊതുജനാവശ്യങ്ങൾ നിറവേറ്റുന്ന ഒരു മാർക്കറ്റും അത് പൊതു- സഹകരണ രംഗത്തോ വിശ്വാസ്യതയുള്ള സ്വകാര്യ രംഗത്തോ ആയാലും- ആവശ്യമാണെന്ന് ഗ്രാമസഭാ ചർച്ചകളിൽ നിന്ന് ഉയർന്നുവരികയുണ്ടായി.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന മാർക്കറ്റിംഗ് പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

✧ പൊതു- സഹകരണ- സ്വകാര്യ മേഖലിയിലുള്ള മാർക്കറ്റോ ആഴ്ച ചന്തയോ ഇല്ല. മാർക്കറ്റും ആഴ്ച ചന്തയും ഉണ്ടാവണം.

✧ മത്സ്യം- ഇറച്ചി എന്നിവ ഏകീകരിച്ച് വാങ്ങുവാനുള്ള ഒരു മാർക്കറ്റ് ചീക്കിലോട് ഒളയിമ്മൽ , നന്മണ്ട എന്നീ സ്ഥലങ്ങളിൽ ആവശ്യമാണ്.

✧ കിഴങ്ങുവർഗങ്ങൾ ലഭ്യമാകുന്ന മാർക്കറ്റ് അത്യാവശ്യമാണ്.

✧ കൊപ്ര സംസ്കരണം, കശുവണ്ടി, അടയ്ക്ക, നേന്ത്രക്കുല, കുരുമുളക്, റബ്ബർ എന്നിവയുടെ വിപണനത്തിന് നന്മണ്ട കേന്ദ്രീകരിച്ച് മാർക്കറ്റുണ്ടാവണം.

✧ നന്മണ്ട കേന്ദ്രീകരിച്ച് ആഴ്ചച്ചന്ത നടത്താനുള്ള സംവിധാനം വേണം.

✧ പച്ചമരുന്നുകൾ, ധാന്യനങ്ങൾ എന്നിവ ആഴ്ചച്ചന്തയിലെ വിപണനങ്ങളിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

✧ പഞ്ചായത്തിന് ഒരു കന്നുകാലിച്ചന്ത വിപുലീകരിച്ച അടിസ്ഥാനത്തിൽ രൂപപ്പെടുത്തണം.

സഹകരണ അടിസ്ഥാനത്തിലോ സ്വകാര്യ വ്യക്തികൾ ഒന്നിച്ചുചേർന്നോ വിവിധ ഗ്രാമസഭകളുടെ പ്രതിനിധ്യ സ്ഭാവത്തിലോ നാളികേരം ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനും പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്. അതേപോലെ അടയ്ക്ക ഉപയോഗിച്ച് പാക്ക്, പരിമിതമായ തോതിലുള്ള റബ്ബർ ഉപയോഗിച്ചുള്ള, റബ്ബർ ബുഷ്, റബ്ബർ ബാന്റ് തുടങ്ങിയവ ഉൽപ്പാദിപ്പിക്കാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. കാർഷിക വിഭവങ്ങൾ ഉപയോഗിച്ചും ഇത്തരം ഒരു വിപണന ശൃംഖല വികസിപ്പിച്ചുടുക്കുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കേണ്ടതാണ്. ആഘോഷങ്ങളോ ഉത്സവങ്ങളോ ഉണ്ടാവുമ്പോൾ പഞ്ചായത്തിന്റെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള പ്രത്യേക സൗകര്യം ഏർപ്പെടുത്താവുന്നതാണ്. വിപണന മേളകൾ സംഘടിപ്പിക്കപ്പെടുകയാണെങ്കിൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സുപ്രധാന മാർഗ്ഗങ്ങളിൽ ഒന്നായിരിക്കും അത്.




# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ജീവജാലങ്ങളുടെ നിലനിൽപിന് തന്നെ അത്യന്താപേക്ഷിതങ്ങളായ ഘടകങ്ങളാണെല്ലോ ശുദ്ധജലവും ശുദ്ധ വായുവും. ശുദ്ധ ജലത്തിന്റെ കാര്യത്തിൽ നന്മണ്ടപഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ദൗർലഭ്യമുള്ള പ്രദേശങ്ങൾ ഉണ്ട്. എല്ലാ വാർഡുകളിലും ഉയരം കൂടിയ മലമ്പ്രദേശങ്ങൾ ഉള്ളതിനാൽ വേനൽക്കാലാരംഭമാകുന്നതോടെ അവിടങ്ങളിൽ കുടിവെള്ള ദൗർലഭ്യം തുടങ്ങുന്നു. നിരപ്പായ ഭാഗങ്ങളിൽപ്പോലും കിണർ കുഴിച്ചാൽ വെള്ളം കിട്ടാത്ത സ്ഥലങ്ങളും വിരളമല്ല. ഗ്രാമത്തിലെ ഏതാണ്ട് 40 ശതമാനത്തോളം ജനങ്ങൾ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നവരാണ്. ഇവരിൽ ഭൂരിഭാഗവും ഉയർന്ന മലമ്പ്രദേശവാസികളും പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്നവരും ആണ്. ഇവരിൽ തന്നെ മിക്കവരും കാർഷിക വൃത്തി മുഖ്യതൊഴിലായി സ്വീകരിച്ചവരാണ്. വൃക്ഷ നിബിഡങ്ങളായ മലമ്പ്രദേശങ്ങളിൽ മുൻകാലങ്ങളിൽ കുടിവെള്ളക്ഷാമം ഇന്നത്തെപ്പോലെ രൂക്ഷമായിരുന്നില്ല. എന്നാൽ അനിയന്ത്രിതവും അശാസ്ത്രീയവും ആയ രീതിയിൽ വൃക്ഷങ്ങൾ വെട്ടിത്തെളിയിക്കപ്പെട്ടപ്പോൾ കുന്നിൻപ്രദേശങ്ങൾ മൊട്ടക്കുന്നുകളായി മാറി. ഇതൊടൊപ്പം നടത്തിയ അശാസ്ത്രീയമായ രീതിയിലുള്ള വികസന മാതൃകകളും കൂടിയായപ്പോൾ ഗ്രാമപ്രദേശങ്ങൾ കുടിനീരിന് വേണ്ടി നെട്ടോട്ടമോടേണ്ട അവസ്ഥയിലുമായി. ഇതിനൊപ്പം തന്നെ ആധുനിക രീതിയിലുള്ള കക്കൂസുകളും കുളിമുറികളും ജലവിതരണ സമ്പ്രദായവും ജലത്തിന്റെ ഉപയോഗം വർദ്ധിപ്പിച്ചതും കുടിവെള്ളക്ഷാമത്തിന് ആക്കം കൂട്ടുന്ന ഘടകങ്ങളാണ്. മുമ്പ് വേനൽക്കാലങ്ങളിൽ പോലും ഒഴുകിയിരുന്ന അരുവികളും തോടുകളും ഇപ്പോൾ ഗ്രീഷ്മാരംഭത്തോടെ തന്നെ വറ്റിവരളുന്ന കാഴ്ച നമ്മുടെ നാട്ടിൽ വിരളമല്ല. ഇതിന്റെ പ്രധാന കാരണം ഹരിതാഭമായ സസ്യനിരകളാൽ സമൃദ്ധമായ തോട്ടിൻ കരകൾ കോൺക്രീറ്റ് ഉപയോഗിച്ചുള്ള മതിലുകളാക്കി മാറ്റിയതാണെന്ന് നാട്ടുകാർ വിശ്വസിക്കുന്നു. നമ്മുടെ ഗ്രാമത്തിലെ വിവിധ ഭാഗങ്ങളിലായി മുപ്പൂൽ കൃഷി നടത്തിയിരുന്ന ഫലഭൂയിഷ്ഠമായ വയലുകൾ മണ്ണിട്ടു നിരത്തി പാർപ്പിടങ്ങളും തെങ്ങിൻതോപ്പുകളുമായി മാറ്റപ്പെട്ടപ്പോൾ നമുക്ക് നഷ്ടപ്പെട്ടത് ജീവസാധാരണത്തിന് അത്യന്താപേക്ഷിതമായ കുടിനീരായിരുന്നു. ഈ രീതികൾ ഇനിയും തുടർന്നാൽ നമ്മുടെ ഗ്രാമപഞ്ചായത്തും കുടിനീർ ദൗർലഭ്യത്തിന്റെ നീർച്ചുഴിയിൽ മുങ്ങിത്താഴുമെന്ന കാര്യത്തിൽ സംശയം വേണ്ട.

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളും കുടിവെള്ളം എത്തിക്കാൻ ഉതകുന്ന പദ്ധതികളും.

ഗ്രാമസഭകളിൽ നിന്നും കിട്ടിയ റിപ്പോർട്ടുകൾ പരിശോധിച്ചാൽ പഞ്ചായത്തിലെ ഉദ്ദേശ്യം 30 ശതമാനത്തോലം വീട്ടുകാർക്ക് സ്വന്തമായി കിണറുകളില്ല എന്ന് കാണാം. സ്വന്തമായി കിണറുകളുള്ളവരിൽ തന്നെ 20-30 ശതമാനത്തോളം കിണറുകൾ വേനൽക്കാലങ്ങളിൽ വറ്റിപ്പോകുന്നു. കിണറുകൾ സ്വന്തമായി ഇല്ലാത്തവർ കുടിവെള്ളത്തിനായി അയൽവീടുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ ആകെയുള്ള 10 വാർഡുകളിൽ 6 വാർഡുകളും ഉയരം കൂടിയ മലമ്പ്രദേശങ്ങൾ നിറഞ്ഞവയാണ്. (1,2,3,5 എന്നീ വാർഡുകൾ ഒഴികെ) ഈ വാർഡുകളിലെ മലകളിൽ താമസിക്കുന്ന നല്ലൊരു വിഭാഗം ജനങ്ങൾ വേനൽകാലങ്ങളിൽ കുടിവെള്ളത്തിന് വേണ്ടി 2 കിലോമീറ്ററോ അതിൽ കൂടുതലോ സഞ്ചരിക്കേണ്ടിവരുന്നു.

**പട്ടിക-1 കുടിവെള്ള സ്രോതസ്സുകൾ**

| പൊതു കിണറുകൾ | സ്വകാര്യ കിണറുകൾ | കുഴൽ കിണറുകൾ | ആകെ |
|---|---|---|---|
| 16 | 4319 | 7 | 4342 |

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ധാരാളം പ്രദേശങ്ങൾ ഉണ്ടെങ്കിലും പ്രകൃതിദത്തമായ ജല സ്രോതസ്സുകളാൽ അനുഗ്രഹീതമായ ചില പ്രദേശങ്ങളും പഞ്ചായത്തിൽ ഉണ്ട്. പ്രദേശത്തെ ഗ്രാമ പഞ്ചായത്തുകളിൽ തന്നെ ഏറ്റവും ഉയരംകൂടിയ പുക്കുന്നു മലയിൽ പല സ്ഥലങ്ങളിലായി ശുദ്ധ ജലം ലഭിക്കുന്ന പല നീരുറവകൾ ഉണ്ട്. ഇവയെല്ലാം തന്നെ ജല സമൃദ്ധവും ആണ്. 7- ാം വാർഡിലെ നിലവിലുള്ള ജലവിതരണ പദ്ധതിയിലേക്ക് വെള്ളം സംഭരിക്കുന്ന കൈതയിൽ നീരുറവ, 6-ാം വാർഡിലെ വെള്ളച്ചാൽ നീരുറവ, ആലയ്ക്കാം കണ്ടി നീരുറവ, പന്ന്യം വള്ളി വാര്യംമഠ ക്ഷേത്ര പരിസരത്തുള്ള കൊല്ലിയിൽ നീരുറവ എന്നിവ ധാരാളം ശുദ്ധജലം ലഭിക്കുന്നവയാണ്. ഇവ കൂടാതെ മറ്റു പല പ്രദേശങ്ങളിലും നീരുറവകളുണ്ട്. ധാരാളം ജലം ലഭിക്കുന്ന മൂപ്പുൽ വയലുകളുള്ള പ്രദേശങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥിതിചെയ്യുന്നു. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ പഞ്ചായത്തിന് മുഴുവൻ ഉപയോഗിക്കാൻ പറ്റുന്ന ഒരു പദ്ധതിക്കും സാധ്യതകാണുന്നില്ല. മാത്രമല്ല ഇത്തരം ഒരു പദ്ധതിയ്ക്ക് ആവശ്യമായ ശുദ്ധജലം കിട്ടത്തക്ക രീതിയിലുള്ള ഒരു സ്രോതസ്സും കണ്ടെത്തുക വിഷമമാണ്. വാർഡുതലത്തിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികളായിരിക്കും കിടിവെള്ളക്ഷാമ പരിഹാരത്തിന് അനുയോജ്യമാവുക.

നിലവിലുള്ള പൊതുകിണറുകളെ ആഴംകൂട്ടി അറ്റകുറ്റ പണികൾ നടത്തിയാൽ ആ പ്രദേശങ്ങളിൽ ജലക്ഷാമ പരിഹാരം ഉണ്ടാക്കാം. ഇന്ന് മിക്ക കുഴൽ കിണറുകളിലെയും വെള്ളം വാഹനങ്ങൾ കഴുകുന്നതിനാണ് ഉപയോഗിക്കപ്പെടുത്തുന്നത്. സൂര്യപ്രകാശം തട്ടുന്നില്ല എന്ന കാരണത്താൽജനങ്ങൾ ഇത് കുടിക്കാൻ ഉപയോഗിക്കുന്നില്ല. ഉയർന്ന പ്രദേശങ്ങളിൽ ടാങ്കുകൾ ഉണ്ടാക്കി കുഴൽ കിണറിലെ വെള്ളം പമ്പ് ചെയ്താൽ കുറെയൊക്കെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ കഴിയും. നിലവിലുള്ള പൊതു കിണറുകളുടെയും കുഴൽ കിണറുകളുടെയും എണ്ണം വാർഡ് തിരിച്ച് പട്ടികയിൽ കൊടുത്തിരിക്കുന്നു. കുഴൽ കിണറുകൾ റിപ്പെയർ ചെയ്യേണ്ടതായിട്ടുണ്ട്.

**പട്ടിക (2) പൊതു കിണറുകൾ**

| വാർഡ് : | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| കിണറുകൾ : | 2 | 2 | 1 | 3 | 2 | – | 2 | 1 | 1 | 4 | 16 |
| കുഴൽ കിണറുകൾ : | 1 | 1 | – | 2 | 1 | 1 | – | – | 2 | 1 | 17 |

ഈ കിണറുകളിലെ ജലസമ്പത്ത് ശാസ്ത്രീയമായി വിനിയോഗിക്കുന്നതോടൊപ്പം പഞ്ചായത്തിൽ പല വാർഡുകളിലായി ചിന്നിച്ചിതറിക്കിടക്കുന്ന ശുദ്ധ ജലസ്രോതസ്സുകളായി നീരുറവകളെയും ചതപ്പുനിലങ്ങളെയും പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ശാസ്ത്രീയമായി സംരക്ഷിച്ച് സമർത്ഥമായ രീതിയിൽ വിനിയോഗം നടത്തിയാൽ ജലക്ഷാമം പൂർണ്ണമായി പരിഹരിക്കാൻ കഴിയുമെന്ന് ഗ്രാമസഭ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

**പൊതു ജല വിതരണ ശൃംഗലകൾ** : പൊതു പൈപ്പുകൾ വഴിയുള്ള ജലവിതരണം സമ്പ്രദായമുപയോഗിക്കപ്പെടുത്തുന്നത്. പഞ്ചായത്തിലെ 3 ശതമാനം ജനങ്ങൾ മാത്രമേയുള്ളു. രണ്ട് പൊതു ജല വിതരണ പദ്ധതികൾ ആണ് ഇപ്പോൾ നിലവിലുള്ളത്.

1. ഏഴാം വാർഡിൽ ഉൾപ്പെടുന്ന കൈതയിൽ ജലവിതരണ പദ്ധതി ജലസ്രോതസ്സ് മലയുടെ മുകളിലായതിനാൽ ജലവിതരണത്തിന് വൈദ്യുതി ആവശ്യമില്ല. 1982 ൽ തുടങ്ങിയ ചെറുകിട ജലവിതരണ പദ്ധതിയാണിത്. പലഘട്ടങ്ങളിലായി അല്പാല്പം വിപുലീകരണങ്ങൾ നടത്തിയിട്ടുണ്ട്. നല്ല വികസന സാദ്ധ്യതയുള്ള ഒരു പദ്ധതിയാണിത്.

**നിർദ്ദേശങ്ങൾ:** പദ്ധതി പ്രദേശം സ്വകാര്യ വ്യക്തിയുടെ കൈവശമാണ്. അത് പഞ്ചായത്ത് ഏറ്റെടുത്തു കൊണ്ട് വനവൽക്കരണം നടത്തുകയും നിലവിലുള്ള ടാങ്ക് വലുപ്പം കൂട്ടുകയും വേണം. ജലവിതരണക്കുഴലുകൾ പൊതു വഴിയിലൂടെ മണ്ണിനടിയിൽക്കൂടി ആക്കണം. കൂടാതെ വെള്ളത്തിന്റെ മർദ്ദം കുറയ്ക്കാൻ ആവശ്യമായ സംവിധാനം ഏർപ്പെടത്താത്തതുകൊണ്ട് ടാപ്പുകൾ ചീത്തയാക്കുന്ന ഒരു അവസ്ഥയുണ്ട്. വേനൽക്കാലങ്ങളിൽ നിശ്ചിത സമയങ്ങളിൽ മാത്രം ജലവിതരണം അനുവദിക്കത്തക്ക രീതിയിൽ ക്രമീകരണം ഉണ്ടായാൽ മറ്റ് ആവശ്യങ്ങൾക്കുകുടി വെള്ളം ഉപയോഗപ്പെടുത്തുന്നത് തടയാൻ കഴിയും.

II നാലാം വാർഡിൽ സ്ഥിതിചെയ്യുന്ന ജലവിതരണ പദ്ധതിയുടെ ഭാഗമായി നന്മണ്ട ഭാഗത്ത് 17 പൊതുടാപ്പുകൾ ഉണ്ട്. ഈ പദ്ധതി വിപുലീകരിച്ചാൽ

കൂടുതൽ പേർക്ക് പ്രയോജനപ്പെടുത്താൻ കഴിയും. ജലസംഭരണി വേണ്ട വിധത്തിൽ അറ്റകുറ്റ പ്രവർത്തനങ്ങൾക്കു ശുചീകരണ പ്രവർത്തനങ്ങൾക്കും വിധേയമാക്കാത്തതുകാരണം ആവശ്യമുള്ളപ്പോൾ വെള്ളം കിട്ടാത്ത അവസ്ഥയുണ്ട്. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളും വികസിപ്പിക്കാവുന്ന പദ്ധതികളും

**യഥാക്രമം വാർഡ്, ജലക്ഷാമം അനുഭവപ്പെടുന്ന പദ്ധതി പ്രദേശങ്ങൾ, പദ്ധതി വിവരണം എന്ന ക്രമത്തിൽ ചുവടെ ചേർത്തിരിക്കുന്നു.**

**വാർഡ് 1:** ആക്കിൽ കോളനി, ഉളാറുകുന്നുമ്മൽ, പറച്ചിച്ചേരികോളനി, മുപ്പറ്റക്കുന്ന്, കാരാട്ട്, കാളന്നൂക്കണ്ടി കോളനി, പടിക്കൽ താഴെ കോളനി, P.C. സ്കൂൾ പ്രദേശം, അരീപ്പറമ്പ് മുക്ക്, കുയ്യാട്ട് ലക്ഷം വീട് എന്നിവിടങ്ങൾ

A. പി. കേശവൻ നമ്പി വൈദ്യർ പൊയിൽത്താഴത്തു വിട്ടുകൊടുക്കാമെന്നേറ്റ സ്ഥലത്ത് കിണർ കുഴിച്ച് ഊളാറു കുന്നുമ്മൽ ടാങ്ക് കെട്ടി വാർഡിൽ ശുദ്ധജല വിതരണം നടത്താം.

B. നന്മണ്ട കുമാരംപൊയിൽ പൈപ്പ് ലൈൻ P.C. സ്കൂൾ ഭാഗത്തേക്കു നീട്ടുക.

**വാർഡ് 2.** കുന്നത്തെരു പ്രദേശവും സമീപ പ്രദേശങ്ങളും

A. കുന്നത്തെരുതാഴെയുള്ള ചതുപ്പുപ്രദേശമായ സ്ഥലത്ത് സ്ഥലം കണ്ടെത്തി കിണർ കുഴിച്ച് സൗകര്യപ്രദമായ സ്ഥലത്ത് ടാങ്കു സ്ഥാപിച്ച് കുന്നത്തെരുവിലും സമീപ പ്രദേശങ്ങളിലും വെള്ളമെത്തിയ്ക്കാം.

B. ബ്ലോക്ക് പഞ്ചായത്ത് ആരംഭിച്ച പൊതു കിണറ്റിൽ നിന്നും വെള്ളം പമ്പ് ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുക

**വാർഡ് 3.**

പേരാറ്റംപൊയിൽ, മാണിക്കോത്തു താഴെ കുളം

A. നന്മണ്ട പൊതു ജലവിതരണ പദ്ധതിയുടെ പൈപ്പ്ലൈൻ മുലേൻമാവ് തൊട്ട് നെരോത്ത് താഴെ വരെ നീട്ടുത

B. പേരാറ്റംപൊയിൽ, മാണിക്കോത്ത് താഴം എന്നിവിടങ്ങളിൽ പൊതു കിണർ കുഴിക്കുക.

**വാർഡ് 4.**

പെരിങ്ങോട് മല, കാപ്പുമല, കണ്ടിക്കുന്ന്, കാരക്കുന്ന്, നെല്ലിക്കുന്ന്, പരലാട് മല എന്നീ പ്രദേശങ്ങൾ, എഴുകുളം ലക്ഷംവീട് കോളനി

A. വാട്ടർ അതോറിറ്റി നിർമ്മിച്ച കൊല്ലിയിൽ താഴത്തെ കിണറ്റിൽ നിന്നും വെള്ളം പമ്പു ചെയ്ത് പെരിങ്ങോട് മലയുടേയോ വലിയ കാപ്പുമലയുടേയോ മുകളിൽ സംഭരണി നിർമ്മിച്ച് ഈ പ്രദേശങ്ങളിൽ ജലവിതരണം നടത്താവുന്നതാണ.

B. നിലവിലുള്ള ചീത്തയായ പൈപ്പുകൾ മാറ്റുകയും വാട്ടർ അതോറിറ്റി കിണറ്റിൽ നിന്നും കാരക്കുന്നുമ്മൽ നിലവുലുള്ള സംഭരണിയിലേയ്ക്ക് വെള്ളം പമ്പു ചെയ്യുകയും ചെയ്താൽ താൽക്കാലികമായി കുറെ പ്രശ്നം പരിഹരിക്കാം.

C. എഴുകുളത്തെ 'തയുട്ടഞ്ചി വഞ്ചി' വയലിൽ സ്ഥലം വാങ്ങി നെല്ലിക്കുന്നുമ്മൽ ഭാഗത്ത് ടാങ്ക് കെട്ടി എഴുകുളം ലക്ഷംവീട്ടിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാം.

**വാർഡ് 5.**

a. നന്മണ്ട ഹൈസ്കൂളിന്റെ പിൻഭാഗത്തുള്ള ഹരിജൻ കോളനി

A. തിരുമാലക്കണ്ടി താഴെ വയലിലോ കൊല്ലിക്കര വയലിലോ കുളം കുഴിച്ച് ഹൈസ്കൂളിന്റെ പിൻഭാഗത്ത് മലയിൽ സൗകര്യപ്രദമായ സ്ഥലത്ത് സംഭരണി സ്ഥാപിച്ച് പദ്ധതി ഏർപ്പെടുത്താം. കൂടാതെ മുൻപ് ഹരിജൻ വെൽഫയർ സ്ഥലത്തുള്ള കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്തു കോളനിയിൽ വെള്ളമെത്തിക്കണം

കൂളിപ്പൊയിൽ ഭാഗം

വലിയ കാപ്പു മലയിൽ നാലാം വാർഡിൽ സൂചിപ്പിച്ച പദ്ധതിയിൽ നിന്നും പൈപ്പ്ലൈൻ നീട്ടാം.

**വാർഡ് 6.**

പുക്കുന്ന്, നന്മണ്ട മലയുടെ ചരിവു പ്രദേശങ്ങൾ, കല്ലുകണ്ടി മിച്ചഭൂമി കോളനി

നിലവിലുള്ള ജലസമൃദ്ധമായ കൊല്ലിയിലെ നീരുറവ, ആലയ്ക്കാം കണ്ടി നീരുറവ വെള്ളച്ചാൽനീരുറവ എന്നിവ പരിസ്ഥിതിക്കു കോട്ടം തട്ടാതെ ഉപയോഗപ്പെടുത്തി പരിസര പ്രദേശങ്ങളിൽ ആവശ്യമുള്ള വീട്ടുകാർക്ക് ജലം എത്തിക്കാം. കൂടാതെ കാഞ്ഞിരവയലിലെ ജലസമൃദ്ധമായ സ്ഥലത്ത് വലിയകുളം നിർമ്മിച്ച് പുക്കുന്നിന് മുകളിൽസൗകര്യപ്രദമായ സ്ഥലത്ത് ടേങ്ക് നിർമ്മിച്ച് വെള്ളം പമ്പ്

ചെയ്ത് കുടിനീർ വിതരണപദ്ധതി ആസൂത്രണം ചെയ്യാം. ടാങ്ക് നിർമ്മിക്കാൻ പറ്റിയ സ്ഥലം സൗജന്യമായി സമാഹരിക്കാൻ സാധിക്കും.

**വാർഡ് 7.**

a ഉദയവായനശാലയുടെ സമീപമുള്ള പ്രദേശങ്ങൾ, റേഷൻ ഷാപ്പിനടുത്തപ്രദേശങ്ങൾ, ഒളിയിമ്മൽ പ്രദേശത്തെ കൊടപ്പാനി പ്രദേശം

A. മരുതുകുളം ഞേറക്കുളം എന്നിവ വൃത്തിയാക്കി സ്വകാര്യ ഉടമസ്ഥതയിൽ നിന്നും ഏറ്റെടുത്ത് പൊതു ഉടമസ്ഥതയിലാക്കി ജലവിതരണം നടത്താം.

നിരത്തുവക്കിലുള്ളകൊല്ലൻ കണ്ടി താഴെ കിണർ, റേഷൻ ഷാപ്പിനടുത്ത കിണർ,ഉദയവായനശാലയ്ക്കടുത്തുള്ള പൊതു കിണർ എന്നിവ ശുദ്ധീകരിച്ച് ഉപയോഗപ്പെടുത്താം.

II പൂക്കുന്നു മലയുടെ പടിഞ്ഞാറെ ചരിവ് പ്രദേശം (വയൽ തീരത്തുനിന്നും ഉയർന്ന പ്രദേശം)

B. കൈതയിൽ നിലവിലുള്ള ജലവിതരണ പദ്ധതി വിപുലീകരിക്കുക, പൈപ്പുകൾ പൊതു നിരത്തിലൂടെയാക്കുക

**വാർഡ് 8.**

ഒളയിമ്മൽ അങ്ങാടിയുടെ സമീപ പ്രദേശങ്ങൾ, ഒളയിമ്മൽ ഹരിജൻ കോളനി, പറയരുകുന്നത്ത് ഹരിജൻ കോളനി, മാവിലക്കുന്ന് ഹരിജൻ കോളനി, വാണ്ടികുന്ന് മലയും പരിസരപ്രദേശങ്ങളും, കൊളത്തൂർ ഇരിക്കുത്ത് മീത്തൽ IHRDP കോളനി, കാരാട്ട്പാറ ഭാഗം

A. മുങ്ങ്യാട്ട് മൂലയിൽ പഞ്ചായത്ത് അനുവദിച്ച കിണർ കുഴിച്ച് മലയിൽ ടാങ്ക് കെട്ടി പമ്പ് ചെയ്യുക.

B. കുറ്റ്യാടി കനാലിന്റെ സമീപപ്രദേശത്ത് ജലസേചന വകുപ്പിന്റെ സ്ഥലത്ത് വേനൽ കാലങ്ങളിൽ പോലും സമൃതമായി ജലം കിട്ടും. കിണർ കുഴിച്ച് ഇരിങ്ങത്ത് മീത്തൽ ടാങ്ക് നിർമ്മിച്ച് വാർഡിൽ മേൽ സൂചൂചിപ്പിച്ച കോളനികളിൽ വെള്ളം എത്തിക്കാം.

**വാർഡ് 9.**

I. വാർഡിലെ മലമ്പ്രദേശങ്ങൾ, മണ്ണാർക്കാത്തുട്ട് പൂതക്കുടി മീത്തൽ പ്രദേശങ്ങൾ, ഒളയിമ്മൽ അങ്ങാടിയുടെ സമീപ പ്രദേശം

A. പൂതക്കുടി മീത്തൽ താഴെ വയൽ 'പുല്ലങ്കോട് വയൽ പ്രദേശത്തു പഞ്ചായത്തിൽ നല്ല കിണർകുഴിച്ച് ചെറാലോറമലയിൽടാങ്ക് നിർമ്മിച്ച് സമീപ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാം അനുബന്ധ ടാങ്ക് എരിപ്പാൻതോട്ടിലും നിർമ്മിച്ച് ഏറ്റവും കൂടുതൽ ജലദൗർലഭ്യമനുഭവപ്പെടുന്ന മലകളിൽ വെള്ളം എത്തിക്കാം.

II.കാര്യാണി മല.

B. പുല്ലങ്കോട്ടു വയലിൽ അവസാനിക്കുന്ന ഫീൽഡ് ബോത്തി കിഴക്കെ പള്ളിക്കു സമീപം 1 കിലോമീറ്റർ നീട്ടുക

കൊളത്തൂർ ഭാഗത്തെ വയലിൽ കുളം കുഴിച്ച് മലയിൽ ടാങ്കു കെട്ടി ജലവിതരണം നടത്താം.

**വാർഡ് 10.**

I. കോളിയോട് മല, നെല്ലിക്കുന്ന്

II. ചെറുകുന്ന്, കല്ലിൽഭാഗം.

കാഞ്ഞിരവയലിലെ പദ്ധതിയിൽ നിന്നും കോളിയോട് മലയിൽ വെള്ളമെത്തിക്കാം. അരീക്കൽ കുളം വടക്കെ പുല്ലാട്ട് പഞ്ചായത്തു കിണർ രാരോത്തു കുളം എന്നിവ നന്നാക്കി ഉയർന്ന സ്ഥലങ്ങളിൽ ടാങ്കു കെട്ടി ജലവിതരണം നടത്താം. ഇതെല്ലാം നടത്തിയാലും വാർഡിലെ ജലക്ഷാമം പരിഹരിക്കാൻ മറ്റെന്തെങ്കിലും വലിയ പദ്ധതികളുടെ ഭാഗമായി മാത്രമെ സാധിക്കുകയുള്ളു.

**ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾഎന്നിവയുടെ സഹായത്തോടെ നടത്താവുന്ന പദ്ധതികൾ**

A. കോഴിക്കോട്ടേക്ക് ഗ്രയിറ്റ് കോഴിക്കോട് വാട്ടർ സപ്ലെയുടെ ഒരു ടാപ്പ് 10ാം വാർഡിൽ ഉപയോഗപ്പെടുത്താം.

B. തലക്കുളത്തൂർ പഞ്ചായത്തിൽ പെടുന്ന പൂളാടിക്കുന്നിലെ ജലവിതരണ പദ്ധതിയുടെ 7 ാം വാർഡിന്റെ അതിർത്തിവരെ എത്തുന്നു. ഇത് വിപുലീകരിച്ചാൽ വാർഡിന്റെ പല ഭാഗങ്ങളിലും ജലക്ഷാമം പരിഹരിക്കാം. കൂടാതെ വള്ളിക്കാട് കാവ് പ്രദേശത്ത് വയലിൽ സ്ഥലം കണ്ടെത്തി വലിയ കിണർ കുഴിച്ച് പുളിക്കൂൽ മലയുടെ മുകളിൽടാങ്കു കെട്ടി വെള്ളം പമ്പ് ചെയ്താൽ 6.7.8 വാർഡുകളിൽ ജലവിതരണത്തിന് സഹായകമാവും.

**മറ്റ് നിർദ്ദേശങ്ങൾ**

A. മലഞ്ചരിവു പ്രദേശങ്ങളിൽ വനവൽക്കരണം നടത്തുക. കൂടാതെ വരമ്പുകൾ കിളച്ചും കുഴികൾ

ഉണ്ടാക്കിയും പെയ്യുന്ന മഴവെള്ളം ഭൂരിഭാഗവും മണ്ണിൽ കുടിക്കാൻ ആവശ്യമായ നടപടികളെടുക്കാൻ തദ്ദേശ വാസികളിൽ ബോധവൽക്കരണം നടത്തുക.

B. ജലവിനിയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.

C. ജലം ദുർവിനിയോഗം നടത്തുന്നത് പരമാവധി തടയാൻ പ്രസ്സ് ചെയ്യുന്ന ടാപ്പുകൾ സ്ഥാപിക്കുക.

D. വരൾച്ച കാലങ്ങളിൽ പൊതു ടാപ്പുകളിൽ നിന്നും കുഴൽ കിണറുകളിൽ നിന്നു വെള്ളമെടുത്ത് വാഹനങ്ങൾ കഴുകുന്നത് നിരുത്സാഹപ്പെടുത്തുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തുക.

E. പഞ്ചായത്തിലെ തോടുകളിൽ ഇപ്പോൾ രണ്ടു ബണ്ടുകൾ ഉണ്ട്.

1. നരകശ്ശേരി താഴെയുള്ള തോട്ടിൽ കാഞ്ഞിര വയലിന് സമീപമുള്ള ബണ്ട്

2. കട്ടല്ലൂർ താഴെ (ബാലുശ്ശേരി മുക്കനടുത്തുള്ള ബണ്ട്)

ഈ ബണ്ടുകളെ കൂടാതെ ചീക്കിലോട് ഭാഗത്തും അഞ്ചാം വാർഡിലെ തിരുമാലക്കണ്ടി താഴെയും നാലാം വാർഡിലെ വീര്യമ്പ്രം ജി.എൽ.പി. സ്കൂളിന് സമീപമുള്ള പ്രദേശത്തും ഓരോ തടയണകൾ സ്ഥാപിച്ചാൽ അതാത് പ്രദേശങ്ങളിൽ ജലക്ഷാമ പരിഹാരത്തിന് സഹായകമാവും.

## പൊതുജനാരോഗ്യം

പൊതുജനാരോഗ്യത്തിന്റെ കാര്യത്തിൽ വികസിത യൂറോപ്യൻ സമൂഹത്തോട് കിടപിടിക്കത്തക്ക നിലവാരമാണ് നമ്മുടെ സംസ്ഥാനത്തിനുള്ളത്. പ്രതിശീർഷ വരുമാനം, ആളോഹരി ലഭിക്കുന്ന ഭക്ഷണം എന്നിവയുടെ കാര്യത്തിൽ യൂറോപ്പിലെ ജനങ്ങളുടെ അടുത്തുപോലും എത്താത്ത കേരളത്തിൽ ഇത്രയും മെച്ചപ്പെട്ട ആരോഗ്യ നിലവാരം പുലർത്താൻ കഴിഞ്ഞത് ലോകമെമ്പാടുമുള്ള ശാത്രജ്ഞന്മാരുടെ സവിശേഷ ശ്രദ്ധ ആകർഷിച്ച വസ്തുതയാണ്. നമ്മുടെ പഞ്ചായത്തിന്റെ കാര്യമെടുത്താൽ പരിസര ശുചിത്വം പ്രാഥമിക ആതുര ശുശ്രൂഷാ സൗകര്യങ്ങൾ എന്നിവയുടെ കാര്യത്തിൽ മുമ്പിലാണെങ്കിലും, പരിപൂർണ്ണ ആരോഗ്യ സംരക്ഷണത്തിന് പര്യാപ്തമല്ല. മികച്ച ആതുര ശുശ്രൂഷാ സൗകര്യങ്ങൾ വർദ്ധിച്ചതുകൊണ്ട് പൊതു ആരോഗ്യനിലവാരം മെച്ചപ്പെടും എന്ന ധാരണ നാം മാറ്റേണ്ടിയിരിക്കുന്നു. പരമാവധി പരിസര ശുചിത്വം പാലിക്കുക, രോഗ പ്രതിരോധ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തുക, യഥാർത്ഥ അളവിൽ പോഷകമൂല്യം ഉള്ളതും മായം കുറവുള്ളതുമായ ഭക്ഷ്യ വസ്തുക്കൾ കഴിക്കുക, ഈച്ച, മൂട്ട, കൊതുക് മുതലായ രോഗം പരത്തുന്നതിന് കാരണമായ കീടങ്ങളുടെ വർദ്ധന നിയന്ത്രിക്കുക എന്നീ കാര്യങ്ങൾ ബോധപൂർവ്വം നടപ്പിലാക്കാൻ ശ്രമിച്ചാൽ ഇന്ന് ചികിത്സക്കുവേണ്ടി ചിലവഴിക്കുന്ന ഭീമമായ തുകയുടെ ഗണ്യമായ പങ്ക് മറ്റു വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയും.

പൊതുവെ നോക്കിയാൽ കുറഞ്ഞ ജനസംഖ്യാ വർദ്ധനവിന്റെ നിരക്കും കുറഞ്ഞ ശിശുമരണ നിരക്കും കുറഞ്ഞ മരണനിരക്കും ആണല്ലോ നല്ല ആരോഗ്യ സ്ഥിതിയെ സൂചിപ്പിക്കുന്ന സൂചകങ്ങൾ. നന്മണ്ട പഞ്ചായത്തിൽ ഈ മൂന്നു നിരക്കുകളും സംസ്ഥാന ശരാശരിയേക്കാൾ വളരെ കുറവാണ്. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും ഗതാഗത സൗകര്യങ്ങൾ ഉള്ളതുകൊണ്ട് ചികിത്സാ സൗകര്യത്തിനുവേണ്ടി ദൂരദേശങ്ങളിലേയ്ക്ക് പോകാൻ ജനങ്ങൾക്കു കഴിയുന്നുണ്ട്. ജനങ്ങളിൽ ഭൂരിഭാഗവും ആരോഗ്യ കാര്യങ്ങളിൽ ശ്രദ്ധാലുക്കളാണെങ്കിലും അശ്രദ്ധകാണിക്കുന്നവരും കുറവല്ല. സർക്കാർ നയത്തിന്റെ ഭാഗമായി പൊതു സ്ഥാപനങ്ങൾ അനാകർഷകമാക്കപ്പെട്ടപ്പോൾ അതിന്റെ ദൂഷ്യഫലങ്ങൾ നമ്മുടെ പൊതു ആരോഗ്യ കേന്ദ്രങ്ങളെയും ബാധിച്ചിട്ടുണ്ട്. ഇതോടൊപ്പം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കും ഇവയെ അനാകർഷകമാക്കുന്നതിലുള്ള ഗണ്യമായ പങ്ക് വിസമരിച്ചുകൂടാ. സമയത്തിന് ആരോഗ്യ കേന്ദ്രങ്ങളിൽ ജീവനക്കാർ എത്തുന്നില്ല, അനർഹർക്ക് സൗകര്യങ്ങൾ അനുവദിച്ചുകൊടുക്കുന്നു ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസിന് കൂടുതൽ താൽപര്യം കാണിക്കുന്നു എന്നീ പരാതികൾ പൊതുവെ ഉയർന്നു വന്നിട്ടുണ്ട്. ഈ അവസ്ഥ മാറ്റിപൊതു ജനങ്ങൾക്ക് ഈ മേഖലയിൽ നിന്നും മെച്ചപ്പെട്ട സേവനം ലഭിക്കണമെങ്കിൽ ഈ മേഖലയിൽ ജീവനക്കാരും ജനങ്ങളും സർക്കാരും ഒത്തൊരുമിച്ച് ഒരു മനസോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ആകെ പത്തു വാർഡുകളിൽ 5298 വീടുകളിലായി ആകെ 11428 പുരുഷന്മാരും 12033 സ്ത്രീകളും ഉൾപ്പെടെ 23461 ആളുകളുണ്ട്. ഏതൊരു സമൂഹത്തിന്റെയും പൊതുജന ആരോഗ്യ സൂചകങ്ങളാണല്ലോ പൊതുമരണ നിരക്ക്, ശിശു മരണനിരക്ക്,ജനന നിരക്ക് എന്നിവ. കുടുംബാസൂത്രണ പദ്ധതികൾക്ക് വളരെയേറെ പ്രചാരം ലഭിച്ചഒരു പ്രദേശ




അവലംബം: ദ്വിതീയ സ്ഥിതി വിവരക്കണക്കുകൾ

മാണ് നന്മണ്ട. അതുകൊണ്ടുതന്നെ പൊതുജനനനിരക്ക് സംസ്ഥാന ശരാശരിയിലും വളരെ കുറവാണ്. പൊതു മരണ നിരക്കിൽ സംസ്ഥാന ശരാശരി 1000ത്തിൽ 16 ആകുമ്പോൾ നമ്മുടെ പഞ്ചായത്തിലെ ശരാശരി ആയിരത്തിന് 11.58 ആണ്. ഇതുപോലെ ശിശു മരണ നിരക്ക് കേരള ശരാശരി ആയിരത്തിൽ 5.9 ആകുമ്പോൾ നന്മണ്ടയിലെ ശരാശരി ആയിരത്തിൽ 3.58 ആണ്. ജനന നിരക്ക് : കേരളം ആയിരത്തിന് 17 നന്മണ്ട: ആയിരത്തിന് 11.21. ഈ കണക്കുകൾ മാത്രം പരിശോധിച്ചാൽ കേരളത്തിലെ പൊതു ആരോഗ്യ സ്ഥിതിയേക്കാൾ വളരെ മെച്ചപ്പെട്ടതാണ് നമ്മുടെ പഞ്ചായത്തിലെ പൊതു സ്ഥിതി എന്ന് വിലയിരുത്താം. ഇതിനുള്ള പ്രധാന കാരണങ്ങളിലൊന്ന് പട്ടണങ്ങളിലെ പോലെ ജനങ്ങൾ ഇടതിങ്ങി പാർക്കുന്ന പ്രദേശങ്ങൾ മൊത്തത്തിൽ കുറവാണ് എന്നുള്ളതാണ്. വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിലോ സമീപ പ്രദേശങ്ങളിലോ ഇല്ലാത്തുകാരണം വ്യാവസായിക മലിനീകരണം മൂലമുള്ള രോഗബാധയും മരണങ്ങളും കുറവാണ്.

രോഗാതുരതയുടെ നിരക്കുകൾ പരിശോധിക്കുമ്പോൾ മനസ്സിലാവുന്ന കാര്യവും മുകളിലത്തെ ഗ്രാഫിലെ സൂചന അനുസരിച്ച് ആരോഗ്യ രംഗത്ത് നാം മുമ്പിലാണെങ്കിലും രോഗബാധിതരും കുറവല്ല എന്നു കാണാം. ഇതിൽ തന്നെ പ്രധാനമായും നാട്ടിൻ പുറങ്ങളിൽ ഹൃദ്രോഗം,രക്ത സമ്മർദ്ദം മുതലായവ വർദ്ധിച്ചുവരുന്നതായി കാണാൻ കഴിയും. ആഹാര സമ്പ്രദായത്തിലുള്ള മാറ്റമാവാം ഇതിനുള്ള പ്രധാന കാരണം. മാത്രമല്ല മുൻകാലങ്ങളിൽ നമുക്ക് നയന്ത്രണവിധേയമാക്കാൻ കഴിഞ്ഞ കുഷ്ഠം, ക്ഷയം മുതലായ രോഗങ്ങൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ നമുക്ക് സാധിച്ചിട്ടില്ല എന്ന കാര്യവും പ്രത്യേകമായി ശ്രദ്ധിക്കപ്പെടണം.

ലഭ്യമായ കണക്കുകൾ വെച്ച് ആകെ കുട്ടികളിൽ 60 ശതമാനത്തോളം പേർ നോർമലായ പോഷണ നിലവാരം പുലർത്തുന്നു. എന്നാൽ അവശേഷിക്കുന്ന 40 ശതമാനത്തിന് നേരിയ തോതിലെങ്കിലുമുള്ള പോഷണക്കുറവ് കാണുന്നുണ്ട്. ഇത് പരിഹരിക്കാൻ

**പട്ടിക എ**

| ക്രമനമ്പർ | രോഗത്തിന്റെ പേര് | സ്ഥായിയായ രോഗബാധിതർ | രോഗാതുരത നിരക്ക് ആയിരത്തിന് |
|---|---|---|---|
| 1. | രക്ത സമ്മർദ്ദം | 426 | 18 |
| 2. | പ്രമേഹം | 480 | 20 |
| 3. | കേൻസർ | 28 | 1 |
| 4. | ക്ഷയം | 135 | 5.8 |
| 5. | ഹൃദ്രോഗം | 135 | 5.8 |
| 6. | കുഷ്ഠം | 10 | 0.4 |

### അംഗവൈകല്യ നിരക്ക്:

പഞ്ചായത്തിൽ മൊത്തം 226 അംഗവൈകല്യമുള്ളവരുണ്ട്. വൈകല്യനിരക്ക് ആയിരത്തിന് 8.9 ഇതിൽ സ്ത്രീകളുടെ അംഗവൈകല്യ നിരക്ക് ആയിരത്തിന് പത്തും പുരുഷന്മാരുടേത് ആയിരത്തിന് 12.2 ഉം കുട്ടികളുടേത് ആയിരത്തിന് 2.9 ഉം ആണ്.

### രോഗാതുരത:

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട വ്യത്യസ്ത രോഗബാധിതരുടെ കണക്കുകൾ പട്ടിക എ യിൽ കൊടുക്കുന്നു.

അംഗനവാടികൾ തോറും പി.എച്ച്.സി. യിലെ ഡോക്ടർമാർ കുട്ടികളെ പരിശോധിച്ച് അവർക്കാവശ്യമുള്ള പോഷണമൂല്യത്തെക്കുറിച്ച് രക്ഷിതാക്കൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ ഉണ്ടാവേണ്ടതാണ്. അംഗനവാടികൾതോറും മാതൃസംഗമങ്ങൾ വിളിച്ചുചേർക്കുന്നത് ഇതിന് സഹായകമായിരിക്കും. പഞ്ചായത്തിലെ ഏതാണ്ട് 99 ശതമാനത്തോളം കുഞ്ഞുങ്ങൾക്കും പ്രതിരോധ കുത്തിവെയ്പ്പുകൾ നൽകിയിട്ടുണ്ട് (422 ൽ 416 പേർക്ക്) മറ്റുള്ള പ്രദേശങ്ങളെ അപേക്ഷിച്ച് ഇവിടുത്തെ രക്ഷിതാക്കൾ ഈ കാര്യത്തിൽ മികച്ച ബോധനിലവാരം പുലർത്തുന്നു എന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

## കുട്ടികളുടെ പോഷണ നിലവാരവും പ്രതിരോധ കുത്തിവെപ്പുകളും

കുട്ടികളുടെ പോഷണ നിലവാരത്തെ കുറിച്ച് അംഗണൻവാടികളിൽ നിന്നും ലഭ്യമായ കണക്കുകൾ ചുവടെ കൊടുക്കുന്നു

| ക്രമനമ്പർ | പ്രായ പരിധി | പോഷണ നിലവാരം | | | | ആകെ |
|---|---|---|---|---|---|---|
| | | നോർമൽ | 1 ാം ഗ്രേഡ് | 2 ാം ഗ്രേഡ് | 3 ാം ഗ്രേഡ് | |
| 1. | 1 വയസ്സിനുതാഴെ | 148 | 81 | 6 | – | 235 |
| 2. | 1 മുതൽ 3 വരെ | 269 | 180 | 35 | 2 | 486 |
| 3. | 3 മുതൽ 6 വരെ | 318 | 200 | 46 | – | 564 |
| ആകെ | | 735 | 461 | 87 | 2 | 1285 |

### കുടുംബക്ഷേമ പ്രവർത്തനങ്ങൾ:

പഞ്ചായത്തിൽ ഇപ്പോൾ രണ്ട് കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഉണ്ട്. ഒന്ന് നന്മണ്ടയിലും ഒന്ന് ചീക്കിലോടും. ലഭ്യമായ കണക്കുകൾ അനുസരിച്ച് ആകെയുള്ള 3754 മാതാക്കളിൽ 2803 പേർ കുടുംബാസുത്രണ മാർഗ്ഗം സ്വീകരിച്ചവരാണ്. ഇവരിൽ തന്നെ കുടുതൽ പേർക്കും രണ്ടു കുട്ടികളാണുള്ളത് ഒരു കുഞ്ഞു മാത്രം മതി എന്ന ചിന്താഗതി പോലും നമ്മുടെ ഗ്രാമത്തിലെ ജനങ്ങളിൽ ശക്തമായി വേരുന്നിയിട്ടുണ്ട്. ഇത് വളരെയധികം സ്വാഗതാർഹമാണ്.

### ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ

ആരോഗ്യ പരിപാലന രംഗത്ത് ആയുർവേദ നാട്ടു ചികിത്സാ രീതിക്ക് വളരെയധികം കാലത്തെ പാരമ്പര്യം ഇവിടെയുണ്ട്. ഇന്ന് ലോക പ്രസിദ്ധമായ കോട്ടക്കൽ ആര്യവൈദ്യ ശാലയുടെ സ്ഥാപനായ വൈദ്യരത്നം പി.എസ്. പാര്യർ നന്മണ്ട പണ്യവള്ളി വാര്യമഠം കുടുംബാംഗം ആയിരുന്നു. പ്രസിദ്ധന്മാരായ പല ആയുർവേദ ഭിഷഗ്വരന്മാരും മുൻകാലങ്ങളിൽ ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അവർ സ്ഥാപിച്ചതും അവരുടെപിൻമുറക്കാർ നടന്നതുമായ നാട്ടുവൈദ്യ കേന്ദ്രങ്ങൾ ഇവിടെ ഇപ്പോഴുമുണ്ട്.

### അലോപ്പതി സ്ഥാപനങ്ങൾ:

1972 വരെ ആരോഗ്യ പരീപാലന രംഗത്ത് ഭൂരിഭാഗം പേരും ആയുർവേദ ചികിത്സാരീതിയെ ആയിരുന്നു ആശ്രയിച്ചിരുന്നത്. അലോപ്പതി ചികിത്സക്കുവേണ്ടി ജനങ്ങൾ ഇതിന് മുമ്പ് ബാലുശ്ശേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തേയും കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രികളെയുമാണ് ആശ്രയിച്ചിരുന്നത്. 1972 ൽ കൊളത്തൂരിൽ ശ്രീ. ഗുരുവരാന്ദ സ്വാമികൾ മുൻകൈ എടുത്ത് സ്ഥലം നാട്ടുകാരിൽ നിന്നും സംഭാവനയായി വാങ്ങി പഞ്ചായത്തിലെ ആദ്യത്തെ സർക്കാർ ഡിസ്പൻസറി സ്ഥാപിച്ചു. രണ്ട് കുടുംബക്ഷേമ ഉപ കേന്ദ്രങ്ങൾ ഇതിന്റെ ഭാഗമായി പിന്നീട് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഡിസ്പെൻസറി 1990 ൽ പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തി ഈ സ്ഥാപനത്തിന് സ്വന്തമായി ഒരു ഏക്കർ ഭൂമിയുണ്ട്. കണറുണ്ടെങ്കിലും വേനൽക്കാലത്ത് ആവശ്യത്തിന് വെള്ളം കിട്ടാത്ത അവസ്ഥയുണ്ട്. മെഡിക്കൽ ഓഫീസർ ഉൾപ്പെടെ 17 ജീവനക്കാരുണ്ട്. ഇൻപേഷ്യന്റ് ചികിത്സാ സൗകര്യം ഇല്ല. പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റത്തുള്ള 8 ാം വാർഡിൽ സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ കിഴക്കൻ ഭാഗത്തുള്ള ജനങ്ങൾ ഇപ്പോഴും ബാലുശ്ശേരി സി.എച്ച്.സിയെയാണ് കൂടുതലായി ആശ്രയിക്കുന്നത്. കഴിഞ്ഞ നാലുകൊല്ലമായി കൊളത്തുർ പി.എച്ച്. സി.യിൽ ചികിസ്ത്സക്കെത്തിയ രോഗികളുടെ കണക്കുകൾ താഴെ പട്ടികയിൽ നിന്ന് ലഭിക്കും.

| വർഷം | O. P. | ത്വക്രോഗം | എല്ലാ വിഭാഗവും | പകർച്ചവ്യാധി | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 1992–93 | 10234 | 13 | 102 | 842 | 9277 | 10234 |
| 1993–94 | 11027 | 11 | 91 | 967 | 9958 | 11027 |
| 1994–95 | 16385 | 8 | 86 | 1012 | 15079 | 16385 |
| 1995–96 | 18406 | 5 | 73 | 948 | 17390 | 18406 |
| ആകെ | 56052 | 37 | 352 | 3769 | 51894 | 56052 |

(അവലംബം ദ്വതീയ സ്ഥിതിവിവരക്കണക്കുകൾ)

രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് അവരെ ചികിത്സിക്കാനുള്ള ആശുപത്രി സൗകര്യം വർദ്ധിക്കുന്നില്ല എന്നു കാണാം. ഭൂരിഭാഗവും പിന്നോക്കം നില്ക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർ തിങ്ങിതാമസിക്കുന്ന 7, 8, 9 വാർഡുകളിലെ ജനങ്ങൾക്കുള്ള ഏക പൊതുചികിത്സാ കേന്ദ്രമാണ് കൊളത്തൂർ പി. എച്ച്. സി. ഇതിനെ 10 കിടക്കകളുള്ള ഒരു ആശുപത്രിയാക്കണമെന്ന നിർദ്ദേശം ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്. കൂടാതെ ചീക്കിലോട്ടെ കുടുംബക്ഷേമ ഉപകേന്ദ്രത്തിന് ആവശ്യമായ ഭൗതികസൗകര്യങ്ങൾ എർപ്പെടുത്തണമെന്ന നിർദ്ദേശവും ഉണ്ട്.

### ഗവ: ആയുർവേദ ഡിസ്പെൻസറി

നന്മണ്ട ഗ്രാമപഞ്ചായത്ത് 6-ാം വാർഡിലുള്ള ബാലബോധിനി എൽപി സ്ക്കൂളിനടുത്തു സ്ഥിതി ചെയ്യുന്നു. 1990 ൽ സ്ഥാപിതമായി. സ്വന്തമായി കെട്ടിടവും 25 സെന്റ് സ്ഥലവും ഉണ്ട്. കെട്ടിടം ചെറുതാണെങ്കിലും സൗകര്യങ്ങളുണ്ട്. കുടിവെള്ളം ലഭിക്കാനാവശ്യമായ കിണർ കുഴിക്കേണ്ടതുണ്ട്. കോമ്പൗണ്ട് വാൾ, ആവശ്യത്തിനുള്ള ഫർണിച്ചറുകൾ എന്നിവ വേണം. കിടത്തിചികിത്സക്ക് ആശുപത്രിയായി ഇതിനെ ഉയർത്തണം എന്ന ആവശ്യവും ഉയർന്നു വന്നിട്ടുണ്ട്.

### ഗ: ഹോമിയോ ഡിസ്പെൻസറി:

1980 ൽ സ്ഥാപിച്ചു. 1992 ൽ സ്വന്തമായി കെട്ടിടം ഉണ്ടാക്കി. നന്മണ്ട അങ്ങാടിക്കടുത്ത് ആയതിനാൽ രോഗികൾക്ക് ആശുപത്രിയിൽ എത്താൻ സൗകര്യമുണ്ട്. നാലു ജീവനക്കാരുണ്ട്. സ്ഥാപനത്തിന് സ്വന്തമായി കിണറും ചുറ്റുമതിലും ഉണ്ടാക്കണം. രോഗികൾക്ക് ഔഷധങ്ങൾ ആവശ്യത്തിന് ലഭിക്കുന്നില്ല. കഴിഞ്ഞ നാലുവർഷങ്ങളിൽ ചികിത്സക്കെത്തിയ രോഗികളുടെ കണക്ക് ചുവടെ.

| വർഷം | ഔട്ട്പേഷ്യന്റ് |
|---|---|
| 1992-93 | 37886 |
| 1993-94 | 29626 |
| 1994-95 | 35827 |
| 1995-96 | 24728 |

രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ ഉണ്ടായിരിക്കണം.

മൂന്നുതരം ചികിത്സാ സമ്പ്രദായങ്ങളും ലഭിക്കുന്ന പൊതു ആശുപത്രികൾ പഞ്ചായത്തിനുണ്ടെങ്കിലും ഭൂരിപക്ഷം ജനങ്ങളും ചികിത്സക്ക് ബാലുശ്ശേരി സി. എച്ച്. സി. യെയും മെഡിക്കൽകോളേജ് ആശുപത്രിയെയും ബീച്ച് ആശുപത്രിയെയുമാണ് കൂടുതലും ആശ്രയിക്കുന്നത്. ഭൂമിശാസ്ത്രപരമായി വളരെ അടുത്ത് സ്ഥിതിചെയ്യുന്ന ബാലുശ്ശേരി സി. എച്ച്. സി. യിലേക്കാണ് ഏറ്റവും കൂടുതൽ പേർ പോകുന്നത്. കൂടുതൽ സൗകര്യങ്ങൾ പഞ്ചായത്തിലെ മൂന്നു പൊതു ആശുപത്രികളിലും ഏർപ്പെടുത്തണമെന്ന നിർദ്ദേശമുണ്ട്. ജില്ലാ പഞ്ചായത്തിന്റെയും സർക്കാറിന്റെയും സത്വരമായ ശ്രദ്ധ പതിപ്പിച്ച് ബാലുശ്ശേരി സി. എച്ച്. സി. യിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് ഈ പ്രദേശത്തുകാർക്ക് സൗകര്യപ്രദമാവും.

| വർഷം | ഔട്ട്പേഷ്യന്റ് | ത്വക്രോഗം | വാതരോഗം | പകർച്ചവ്യാധി | വിഷചികിത്സ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 1992-93 | 18130 | 2023 | 10878 | 542 | 363 | 4324 | 18130 |
| 1993-94 | 19382 | 2098 | 11986 | 656 | 214 | 4428 | 19382 |
| 1994-95 | 15731 | 1814 | 10726 | 458 | 102 | 2631 | 15731 |
| 1995-96 | 19956 | 2967 | 12116 | 716 | 126 | 4080 | 19955 |

(അവലംബം: ദ്വിതീയസ്ഥിതിവിവരക്കണക്കുകൾ )

രോഗികൾ ധാരാളമായി ചികിത്സക്കെത്തുന്നുണ്ടെങ്കിലും മരുന്നുകൾ ലഭ്യമല്ലാത്ത അവസ്ഥയുണ്ട്. ഔഷധങ്ങൾ നിർമ്മിക്കാനാവശ്യമായ പച്ചമരുന്നുകൾ വച്ചുപിടിപ്പിക്കാൻ ഒരു ബൊട്ടാണിക്കൽ ഗാർഡൻ ഉണ്ടായാൽ നന്നായിരിക്കും. സർക്കാർ കൈവശമുള്ള പുറമ്പോക്ക് ഭൂമിയോ അല്ലെങ്കിൽ സൗജന്യമായി തരിശുഭൂമിയോ ലഭിച്ചാൽ അന്യം നിന്നുപോകുന്ന പച്ച മരുന്നുകൾ വച്ചുപിടിപ്പിക്കാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയും. ത്വക് രോഗം, വാതരോഗം, വിഷചികിത്സ എന്നിവയ്ക്ക് ഉപയോഗിക്കുന്ന പല അപൂർവ്വ ഔഷധസസ്യങ്ങളും ഇവിടത്തെ മലമ്പ്രദേശങ്ങളിൽ ലഭ്യമാണ്.

## സ്വകാര്യ സ്ഥാപനങ്ങൾ

പത്തോളം സ്വകാര്യ അലോപ്പതി ഡോക്ടർമാരും പതിനേഴ് ആയുർവേദ ഭിഷഗ്വരൻമാരും ഈ പ്രദേശത്ത് സേവനമനുഷ്ഠിക്കുന്നുണ്ട്. ജനങ്ങളിൽ നല്ലൊരു വിഭാഗം സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നുണ്ട്.

## പകർച്ചവ്യാധികൾ

ദ്വിതീയ സ്ഥിതിവിവരണക്കണക്കുകളിൽനിന്നും ലഭ്യമായ പകർച്ചവ്യാധികളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ |
|---|---|---|---|
| 1993–94 | 527 | 440 | 6 |
| 1994–95 | 609 | 398 | 5 |
| 1995–96 | 423 | 522 | 3 |

ആരോഗ്യനിലവാരത്തിൽ മുമ്പിൽ നിൽക്കുമ്പോൾതന്നെ പകർച്ചവ്യാധികൾ പിടിപെടുന്ന അവസ്ഥ വിരളമല്ല. പരിസരശുചിത്വം ഇല്ലായ്മ, മലമൂത്ര വിസർജ്ജനത്തിന് കക്കൂസ് ഇല്ലായ്മ, മാലിന്യം സംസ്ക്കരിക്കാൻ പറ്റിയ കമ്പോസ്റ്റുകുഴികളുടെ അഭാവം എന്നിവ കുടിവെള്ളത്തിൽ രോഗാണുക്കൾ എത്തിച്ചേരുന്നതിന് കാരണമാവുന്നുണ്ട്. നന്മണ്ട-13 അങ്ങാടിയിൽ സൗകര്യപ്രദമായ പൊതു കക്കൂസുകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ നിലവിലുള്ള കക്കുസിലേക്ക് വെള്ളം എത്തിക്കുന്നതിനും മൂത്രപ്പുര വൃത്തിയായി സൂക്ഷിക്കാനും ആവശ്യമായ നടപടികൾ എടുക്കണം. ചീക്കിലോട് പ്രദേശത്ത് പൊതുകക്കൂസുകൾ ആവശ്യമാണ്. കൂടാതെ നന്മണ്ട-13ലും ചീക്കിലോട് അങ്ങാടിയിലും മത്സ്യമാർക്കറ്റ് ഉണ്ടാക്കാൻ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തണം. ചീക്കിലോട് അങ്ങാടിയിലെ ഇറച്ചിക്കടയിലെ അവശിഷ്ടങ്ങൾ മനുഷ്യവാസമുള്ള സ്ഥലത്തുനിന്നും അകലെയുള്ള ഒരു സ്ഥലത്തു കുഴിച്ചുമൂടാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. മാർക്കറ്റിൽ വിൽക്കുന്ന ഇറച്ചി, മത്സ്യം മുതലായവ ഉപയോഗയോഗ്യമാണോയെന്ന് മുൻകൂട്ടി പരിശോധിക്കാനാവശ്യമായ സംവിധാനം ഏർപ്പെടുത്തണം.

നന്മണ്ട-13, ചീക്കിലോട്, കാരക്കുന്ന്, നന്മണ്ട-12 എന്നീ സ്ഥലങ്ങളിൽ അങ്ങാടിക്കടുത്ത് മലിനജലം കെട്ടിക്കിടക്കുന്ന അവസ്ഥയുണ്ട്. ഇവിടെ കൊതുകുകൾ പെരുകുന്നു. ഇത്തരം സ്ഥലങ്ങളിൽ ഡി. ഡി. റ്റി. പ്രയോഗിച്ച് കൊതുകുകളെ നശിപ്പിച്ചാൽ ജന്തുജന്യരോഗങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കും. പൊതിറോഡിൽ അലഞ്ഞുതിരിയുന്ന പട്ടികളെ തിരഞ്ഞുപിടിച്ച് നശിപ്പിക്കാൻ ആവശ്യമായ പദ്ധതികൾ ജനപങ്കാളിത്തത്തോടുകൂടി നടത്തേണ്ടിയിരിക്കുന്നു. ഇതിന് വ്യാപകമായ ബോധവൽക്കരണം ആവശ്യമാണ്.

മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് ജനവാസമുള്ള സ്ഥലങ്ങളിൽനിന്നും അകലെ പൊതുകമ്പോസ്റ്റുകുഴികൾ ഉണ്ടാക്കുകയും കടകളിൽനിന്നും ഹോട്ടലുകളിൽനിന്നുമുള്ള മലിനവസ്തുക്കൾ അവയിൽ നിക്ഷേപിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും വേണം. മലിനവസ്തുക്കൾ അലക്ഷ്യമായി വലിച്ചെറിയുന്നത് തടയുന്നതിനുള്ള ശാശ്വതമായ പരിഹാരം എന്ന നിലയ്ക്ക് നിർദ്ദേശിക്കാനുള്ളത് ഹോട്ടൽ, കൂൾബാർ എന്നിവയ്ക്ക് ലൈസൻസ് നല്കുമ്പോൾ ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കണം എന്നുള്ളതാണ്. ഇത് പാലിക്കാത്ത കച്ചവടക്കാരുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

ആരോഗ്യസംരക്ഷണത്തിന്റെ കാര്യത്തിൽ ഏറ്റവും പ്രധാനമായത് രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ സൂക്ഷിക്കുക എന്നതാണല്ലോ. ആരോഗ്യകാര്യങ്ങളെ കുറിച്ച് ബോധവത്ക്കരണം നടത്തേണ്ട ജീവനക്കാർ ഈ രംഗത്ത് അനാസ്ഥ കാണിക്കുന്ന എന്ന് വ്യാപകമായ പരാതി ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്. വായനശാലകൾ, അംഗനവാടികൾ, സ്ക്കൂളുകൾ എന്നിവ കേന്ദ്രമാക്കി രോഗപ്രതിരോധ കാര്യങ്ങളെക്കുറിച്ച് ഈ ഉദ്യോഗസ്ഥർ ക്ലാസുകൾ സംഘടിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തണം. ഇന്ന് നമ്മുടെ സമൂഹത്തെ ഭയചകിതമാക്കുന്ന മാരകരോഗമാണല്ലോ എയ്ഡ്സ്. ഈ രോഗം നമ്മുടെ സമൂഹത്തിൽ വ്യാപകമായി പടരുന്നു എന്ന് പത്രറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. സ്ക്കൂളുകൾ, കോളേജുകൾ, പൊതുകവലകൾ എന്നിവിടങ്ങളിൽ ഡോക്ടർമാരെ ഉപയോഗപ്പെടുത്തി നല്ല ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കണമെന്ന നിർദ്ദേശമുണ്ട്. 2000-ാമാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന നമ്മുടെ മുദ്രാവാക്യം സാർത്ഥകമാകണമെങ്കിൽ ഇത്തരം മാരകമായ സാംക്രമികരോഗങ്ങളെക്കുറിച്ച് സമൂഹത്തിൽ വ്യാപകമായ ബോധവത്കരണം നടത്തി അവ പടർന്നു പിടിക്കാതെ സൂക്ഷിക്കുകയേ വഴിയുള്ളൂ.

## പൊതു ശ്മശാനം

നമ്മുടെ പഞ്ചായത്തിന് ഒരു പൊതു ശ്മശാനത്തിന് സ്ഥലം എടുത്തിട്ടുണ്ടെങ്കിലും അത് ശ്മശാനമായി ഉപയോഗിക്കപ്പെടുന്നില്ല.

എല്ലാ വീടുകളിലും ഓരോ കക്കൂസുകൾ ഉണ്ടായാൽതന്നെ പലതരത്തിലുള്ള പകർച്ചവ്യാധികളും തടയാൻ കഴിയും. ആകെയുള്ള 5298 വീടുകളിൽ 2964 എണ്ണത്തിൽ സെപ്റ്റിക് ടാങ്കുള്ള കക്കൂസുകളും 1061 വീടുകളിൽ ഇ. എസ്. പി. ടൈപ്പ് കക്കൂസുകളുമുണ്ട്. 1273 വീടുകളിൽ കക്കൂസ് ഇല്ല. (24%) ഇവർക്കുകൂടി കക്കൂസുകൾ സ്ഥാപിക്കാൻ ആവശ്യമായ ധനസഹായമോ വായ്പയോ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം എന്ന നിർദ്ദേശമുണ്ട്.

പൊതുനിരത്തിൽവച്ച് അശുദ്ധമായ സാഹചര്യത്തിൽ ഉൽപാദിപ്പിക്കുന്ന ലേഹ്യങ്ങൾ വാങ്ങിക്കഴിക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണ്. അതുപോലെ സ്വയം ചികിത്സയും ഇവയ്ക്കെതിരെയും വ്യാപകമായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണം.



# വിദ്യാഭ്യാസം

ഇന്ത്യയുടെ വിദ്യാഭ്യാസ ഭൂപടത്തിൽ ഇത്തിരി മരുപ്പച്ച തോന്നിക്കുന്ന പ്രദേശമാണ് കേരളം. കേരളീയ വിദ്യാഭ്യാസ പുരോഗതിയോട് ചുവടൊപ്പിച്ചു നീങ്ങുന്ന പഞ്ചായത്താണ് നന്മണ്ട. നമ്മുടെ വിദ്യഭ്യാസ പദ്ധതിയിൽ നിന്ന് വിദ്യാർത്ഥികളും വിദ്യാർത്ഥികളിൽ നിന്ന് വിദ്യാഭ്യാസവും ചേരിതിരിഞ്ഞു നിൽക്കുന്ന ഇന്നത്തെ അവസ്ഥയിൽ, നിലത്തെഴുത്തു പള്ളിക്കൂടങ്ങളുടെ സമൃദ്ധപാരമ്പര്യവുമായി അറിവിനെ എക്കാലവും രണ്ടു കൈയ്യും നീട്ടി സ്വീകരിക്കാൻ തയ്യാറായ നന്മണ്ടയും വിദ്യാഭ്യാസ മേഖലയിൽ മൗലികമായ പല പ്രശ്നങ്ങളേയും അഭിമുഖീകരിക്കുന്നു. ലോക ശ്രദ്ധയാകർഷിച്ച സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൽ പഞ്ചായത്തിലെ ബഹു ജനങ്ങളുടെ വിശേഷിച്ച് യുവജനങ്ങളുടെ പ്രവർത്തനങ്ങൾ മാതൃകാപരമായിരുന്നു. ഇവിടുത്തെ വിദ്യാഭ്യാസ- സാംസ്ക്കാരിക രംഗത്തെ ഔന്നിത്യത്തിന്റെ പ്രതീകമായ; മതസൗഹാർദ്ദം സവിശേഷ ശ്രദ്ധ ആകർഷിക്കുന്നതാണ്.

A.D. ആയിരാമാണ്ട് മുതൽ ഇംഗ്ലീഷുകാരുടെ ആധിപത്യം വരെ ഏതാണ്ടൊരെട്ട് നൂറ്റാണ്ട് കാലത്തെ അറിയപ്പെടുന്ന പാരമ്പര്യമുള്ള കുറുമ്പ്രനാട് സ്വരൂപത്തിന്റെ ഭാഗമായിരുന്ന നന്മണ്ടയുടെ വിവിധ ഭഗങ്ങളിൽ എഴുത്തുപള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. പല എഴുത്തു പള്ളിക്കൂടങ്ങളും സവർണ്ണ മേധാവിത്വം വിളിച്ചോതിയിരുന്നുവെങ്കിലും സമൂഹത്തിന്റെ വിദ്യ ആർജ്ജിക്കാനുള്ള ആഗ്രഹത്തിന് ഇത്തരം പള്ളിക്കൂടങ്ങൾ ചാലക ശക്തിയായി മാറിയിട്ടുണ്ട്.

നന്മണ്ട 13 ലുള്ള പുനത്തിൽ , കരിപ്പാല. നന്മണ്ട 12 ലെ പന്ന്യം വള്ളി, താഴത്തോത്ത്, നെടുമ്പാല, ബാലബോധിനിയിലെ അടുവാറ, കുന്നുമ്മൽ, പൊയിൽതാഴത്തുള്ള അറക്കണ്ടി, പെരിഞ്ചേരിപടിക്കൽ, അടുവാട്ട്പൊയിൽ, ചെറിയാറമ്പത്ത്, ഉവ്വാറാട്ട്, വെസ്റ്റ് എൽ പി. സ്കൂളിനു സമീപം എടക്കണ്ടി, ഏരത്തുകണ്ടി, കുണ്ടൂർ, കണ്ണൂർ, നേഷണൽ എൽ.പി. സ്കൂളിനു സമീപം പാങ്ങണ്ടി, ഒതയോത്തു പറമ്പ്, മൂന്നാം വാർഡിൽ പാണ്ടിക്കോട്, ചീക്കിലോടുഭഗത്തെ പൊയിലിൽ, രാരോത്ത്, കളരിയിൽ വളപ്പിൽ (കരിങ്കാളികാവ്) കൊളത്തൂർ ഹൈസ്കൂളിനു സമീപം വെങ്ങളത്തുകണ്ടി, കൂളിപ്പൊയിൽ, കാരക്കുന്നത്ത് മുതലായ സ്ഥലങ്ങളിൽ എഴുത്തുപള്ളിക്കുടങ്ങൾ ഉണ്ടായിരുന്നതായി കേട്ടറിവിലൂടെ മനസ്സിലായിട്ടുണ്ട്. വിസ്മൃതിയിൽ മറഞ്ഞ ഇത്തരം പള്ളിക്കുടങ്ങളുടെ എണ്ണം ഇവിടെ അവസാനിക്കുന്നില്ല.

അധഃസ്ഥിത വിഭാഗത്തിൽ പെട്ടവർക്ക് വിദ്യാഭ്യാസം നിഷിദ്ധമായ ഒരു കാലഘട്ടത്തിൽ പെരുവണ്ണാൻ സമുദയത്തിൽപെട്ട രാമനെഴുത്തച്ഛൻ, കേളു എഴുത്തച്ഛൻ മുതലായവരുടെ സേവനം സാമൂഹ്യ വിപ്ലവത്തിന്റേയും വിദ്യാഭ്യാസ വിസ്ഫോടനത്തിന്റേയും തുടക്കമായിരുന്നു. നാരായണൻ എഴുത്തച്ഛൻ (ചീക്കിലോട്) ചെറൂട്ടി വൈദ്യർ, കുഞ്ചു നായർ എന്നിവർ അക്കാലത്തെ പ്രശസ്തരായ ആശാന്മാരായിരുന്നു. ഇന്നത്തെ സ്വകാര്യ ട്യൂഷൻ രീതിയിൽ ചില ആശാന്മാർ അമരകോശം വീടുകളിൽ ചെന്നു പഠിപ്പിച്ചിരുന്നു. തൊണ്ടും മണലും ഓർമ്മകളിൽ അവശേഷിപ്പിച്ച, നന്മണ്ടയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നാന്ദികുറിച്ച, നിലത്തെഴുത്തു പള്ളിക്കൂടങ്ങളിൽ പലതും സാമൂഹ്യപ്രവർത്തകരുടെയും ദേശീയ പ്രസ്ഥാനത്തിന്റേയും സ്വാധീനത്തിൽ സ്ക്കൂളുകളായി പരിണമിച്ചു.

പഞ്ചായത്തിലെ മിക്ക സ്ക്കുളുകളും സ്വാതന്ത്ര്യ സമ്പാദനത്തിനു മുമ്പുതന്നെ നിലവിൽ വന്നതാണ് എന്ന വസ്തുത ദേശീയ പ്രസ്ഥാനങ്ങൾക്ക് ഊർജ്ജം പകർന്ന കൂട്ടായ്മയുടെ സാക്ഷ്യപത്രമാണ്. 2 ഹൈസ്ക്കുളുകളും 6 യു. പി. സ്ക്കുളുകളും 7 എൽ. പി. സ്ക്കുളുകളുമായി ആകെ 15 സ്ക്കുളുകളാണ് നന്മണ്ടയിലുള്ളത്. ഇതിൽ ഒന്നു മാത്രമേ സർക്കാർ മേഖലയിലുള്ളൂ. സ്ക്കൂളുകൾ സ്ഥാപിതമായ വർഷങ്ങൾ പട്ടിക 1(A) യിൽ കൊടുക്കുന്നു.

## പട്ടിക 1 (A)

### സ്ക്കൂളുകൾ നിലവിൽ വന്ന വർഷം

| നമ്പർ | സ്കൂളിന്റേ പേര് | വാർഡ് | സ്ഥാപിതം | ഉടമസ്ഥത |
|---|---|---|---|---|
| 1 | നന്മണ്ട എ. യു. പി. സ്ക്കൂൾ | V | 1905 | എയിഡഡ് |
| 2 | ചീക്കിലോട് എ. യു. പി. സ്ക്കൂൾ | IX 1 | 1920 | " |
| 3 | എ. യം. എൽ. പി.നന്മണ്ട | V 1 | 1921 | " |
| 4 | കരുണാറാം എ. യു. പി. സ്ക്കൂൾ | VI | 1923 | " |
| 5 | എ. യം. എൽ. പി. സ്ക്കൂൾ–ചീക്കിലോട് | VII | 1927 | " |
| 6 | നന്മണ്ട ഈസ്റ്റ് എ. യു. പി. സ്ക്കൂൾ | V | 1929 | " |
| 7 | പി. സി. എ. എൽ. പി. സ്ക്കൂൾ | II | 1931 | " |
| 8 | ബാലബോധിനി എ എൽ പി സ്ക്കൂൾ | X | 1932 | " |
| 9 | കൊളത്തൂർ എ. യു. പി. സ്ക്കൂൾ | IX | 1933 | " |
| 10 | നന്മണ്ട ഹൈസ്ക്കൂൾ, നന്മണ്ട | V | 1950 | " |
| 11 | നേഷണൽ എൽ. പി. സ്ക്കൂൾ | IV | 1953 | " |
| 12 | നന്മണ്ട വെസ്റ്റ് എൽ. പി. സ്ക്കൂൾ | X 1 | 954 | " |
| 13 | എഴകുളം എ. യു. പി. സ്ക്കൂൾ | III | 1954 | " |
| 14 | ജ്ഞാനപ്രദായനി എ. എൽ. പി. | V | 1957 | " |
| 15 | ഗവ. ഹൈസ്ക്കൂൾ കൊളത്തൂർ | VIII | 1974 | സർക്കാർ |

പട്ടികകൾ: അവലംബം, സെക്കൻഡറി ഡാറ്റ

ഇപ്പോഴുള്ള സ്ക്കൂളുകളിൽ ആദ്യം നിലവിൽ വന്നത് നന്മണ്ട എ. യു. പി. സ്ക്കൂൾ ആണെന്നു കാണാമെങ്കിലും ഇപ്പോൾ നന്മണ്ട എ. യു. പി. എസ്. സ്ഥിതി ചെയ്യുന്ന സ്ഥലത്ത് മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഒരു ഹൈസ്ക്കൂൾ ഉണ്ടായിരുന്നു. 3 രൂപ ഫീസ് കൊടുക്കനില്ലാത്തതിന്റെ പേരിൽ ഹൈസ്ക്കൂളിൽ വേണ്ടത്ര കുട്ടികളെ കിട്ടിയില്ല. തത്ഫലമായി ഈ സ്ഥാപനം കൊയിലാണ്ടിയിലേക്ക് മാറ്റുകയും പിൽക്കാലത്ത് കൊയിലാണ്ടി ഗവ. ഹൈസ്ക്കൂളായി മാറുകയും ചെയ്തു. വിദ്യാഭ്യാസ രംഗത്ത് ഈ പ്രദേശത്തുകാരെ സംബന്ധിച്ച് ഒരു നഷ്ടമായി ഇതിനെ കാണേണ്ടതുണ്ട്. കാരണം, ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലുള്ള ഹൈസ്ക്കുളുകളെല്ലാം പിന്നീട് ഗവ. ഹൈസ്ക്കൂളുകളായി മാറ്റപ്പെട്ടിട്ടുണ്ട്. ഇതേ കാലയളവിൽ തന്നെ നന്മണ്ട 13 ലെ വേങ്ങോളി പറമ്പിൽ മൂന്നാം ക്ലാസ്സ് വരെയുള്ള ഒരു വനിതാ വിദ്യാലയം ഉണ്ടായിരുന്നതായി അറിയുന്നു. അരീപുറത്ത് ചെക്കിണിയായിരുന്നു പ്രസ്തുത സ്ക്കൂളിന്റെ മേനേജർ. ഈ പ്രദേശം സ്ത്രീ വിദ്യാഭ്യാസത്തിനു പ്രാധാന്യം കൊടുത്തിരുന്നുവെന്നു മനസ്സിലാക്കാം.

കേളികേട്ട കാവിനു സമീപത്തു മൂശാരികണ്ടിയിൽ പണ്ടുണ്ടായിരുന്ന ഒരു സംസ്കൃത ക്ലാസ്സ് പിന്നീട് വളഞ്ഞ 12 ലേക്ക് മാറ്റി. ഇതാണ് ജ്ഞാനപ്രദായനി എൽ. പി. സ്ക്കൂളായി മാറിയത്. സ്ക്കൂൾ സ്ഥലം അന്താനത്ത് മാധവക്കുറുപ്പ് സംഭാവന ചെയ്തതാണ്.

1940–45 കാലഘട്ടത്തിൽ വെസ്റ്റ് എ. എൽ. പി. സ്ക്കുളിനു സമീപം ടി. കെ. രാമുണ്ണി മാസ്റ്ററുടെ നേതൃത്വത്തിൽ ഒരു ഹിന്ദിക്ലാസ് നടത്തിയിരുന്നു. പ്രാഥമിക്, മധ്യമം, രാഷ്ട്രഭാഷ എന്നീ കോഴ്സുകൾ ജനങ്ങളുടെ ദേശീയ ബോധത്തെ ദൃഢപ്പെടുത്തുന്നതായിരുന്നു.

വളരെ മുമ്പ് കാലത്തുതന്നെ മുസ്ലിം പരിഷ്കരണ പ്രസ്ഥാനങ്ങൾക്കു നന്മണ്ടയിൽ വേരോട്ടമുണ്ടായിരുന്നു. പള്ളികളോടു അനുബന്ധിച്ച ഓത്തുപള്ളികളിൽ മതപഠനത്തിൽ മുഴുകിയ മുസ്ലിം വിദ്യാർത്ഥികൾക്ക് ഭൗതിക വിദ്യാഭ്യാസം നൽകുന്നതിൽ ഇത്തരം പരിഷ്കരണ പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. ഓത്തു പള്ളിക്കൂടങ്ങൾ നടത്തുന്ന മുല്ലാക്കമാരെയും വിദ്യാർത്ഥികളെയും സ്വാധീനിക്കാൻ സ്ക്കൂൾ മാനേജ്മെന്റും പല വഴികളിലൂടെ ശ്രമിച്ചിരുന്നു. ഓത്തു പള്ളികൾ, നിലവിലുള്ള രീതിയിൽ മദ്രസ്സകളായി മാറി. പത്തോളം മദ്രസ്സകൾ നന്മണ്ടയുടെ വിവിധ ഭാഗങ്ങളിൽ ഇപ്പോൾ പ്രവർത്തിക്കുന്നു.

1950 ൽ നന്മണ്ട 12 ൽ (മുണ്ടോക്കര) നിലവിൽ വന്ന നന്മണ്ട ഹൈസ്ക്കൂൾ നന്മണ്ട പഞ്ചായത്തിന്റേയും സമീപപ്രദേശത്തുള്ള മറ്റനവധി പഞ്ചായത്തുകളുടെയും വിദ്യാഭ്യാസ രംഗത്തുള്ള കുതിച്ചു ചാട്ടത്തിന് കാരണമായി. വിദ്യാഭ്യാസ മണ്ഡലത്തിലെ ഒരു പുത്തൻ സൂര്യോദയമായി നാട്ടുകാർ ഇതിന്റെ സ്ഥാപിതത്തെ വിശേഷിപ്പിക്കുന്നു. സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, വിശിഷ്യാ മുസ്ലിം സ്ത്രീകളുടെ വിദ്യാഭ്യാസ കാര്യത്തിൽ നന്മണ്ട ഹൈസ്ക്കൂൾ നിർണ്ണായകമായ ഒരു കാൽവെപ്പായിരുന്നു. ശ്രീ. കോഴിപ്പുറത്ത് മാധവമേനോന്റെ പ്രത്യേക താല്പര്യം ഈ സ്ക്കൂളിന്റെ രൂപീകരണത്തിനു പിന്നിലുണ്ട്. നന്മണ്ടയിലെ സ്വാതന്ത്ര്യസമര സേനാനി കേളോത്ത് ഉണ്ണിനായരുടെ നേതൃത്വത്തിൽ നാട്ടുകാരുടെ പരിശ്രമം പ്രത്യേകം പ്രസ്താവ്യമാണ്.

വളഞ്ഞ 12 ൽ ജ്ഞാനപ്രദായനി എൽ. പി. സ്ക്കൂളിനു സമീപമുണ്ടായിരുന്ന പഞ്ചമസ്ക്കൂൾ * പിന്നീട് ഹരിജൻ വെൽഫയർ സ്ക്കൂൾ എന്ന പേര് സ്വീകരിച്ചു. പട്ടികജാതി, പട്ടിക വർഗ്ഗത്തിൽപെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ട വെൽഫയർ സ്ക്കൂൾ, താമസിയാതെ 'അൺ ഇക്കണോമിക്' ആയി പ്രഖ്യാപിക്കുകയും അടച്ചു പൂട്ടുകയും ചെയ്തു.

പഞ്ചായത്തിൽ ആകെ ഒരു സർക്കാർ വിദ്യാലയമാണുള്ളത്. ഗവ. ഹൈസ്ക്കൂൾ കൊളത്തൂർ ഈ സ്ഥാപനവുമായി ബന്ധപ്പെട്ട് ശ്രീമദ് ഗുരുവരാനന്ദ സ്വാമികളുടെ അക്ഷീണ പ്രയത്നം നാട്ടുകാർ നന്ദിയോടെ സ്മരിക്കുന്നു. പഞ്ചായത്ത് അതിർത്തിയിലുള്ള, അസൗകര്യങ്ങളാൽ നട്ടംതിരിയുന്ന ഈ വിദ്യാലയം മറ്റു പഞ്ചായത്തിലുള്ള വിദ്യാർത്ഥികൾക്കും സൗകര്യപ്രദമായ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്.

23461 ഓളം ജനസംഖ്യയുള്ള പഞ്ചായത്തിലെ, 15 സ്ക്കൂളുകളിലായി 4308 കുട്ടികൾ അധ്യയനം നടത്തുന്നു. ഇതിൽ പെൺകുട്ടികളുടെ എണ്ണം 2062 ആണ്. (47.5%) പഞ്ചായത്തിലെ പെൺകുട്ടികളുടെ ശരാശരി വിവാഹപ്രായം 18 ന് മേലെയാണെന്നത് സ്ത്രീ വിദ്യാഭ്യാസത്തിനു സഹായകരമാകുന്നുണ്ട്. ഈ മാറ്റം വിദ്യാഭ്യാസത്തിന്റെ ഫലമായുണ്ടായതാണെന്നത് അഭിമാനകരമാണ്. വിദ്യാർത്ഥികളുടെ വിശദമായ കണക്ക് പട്ടിക 1(B), 1(C), 1(D) യിൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1(B)**
**കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ**

| നമ്പ്ര് | സ്ക്കൂളിന്റെ പേര് | വിദ്യാർത്ഥികൾ | | | |
|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | SC |
| 1 | നന്മണ്ട എ. യു. പി. സ്ക്കൂൾ | 196 | 178 | 374 | 36 |
| 2 | ചീക്കിലോട് എ. യു. പി. | 220 | 216 | 436 | 60 |
| 3. | എ. യം. എൽ. പി. നന്മണ്ട | 47 | 54 | 101 | 5 |
| 4 | കരുണാറാം എ. യു. പി. എസ്സ്. | 175 | 157 | 332 | 54 |
| 5 | എ. യം. എൽ. പി. ചീക്കിലോട് | 41 | 46 | 87 | 9 |
| 6 | നന്മണ്ട ഈസ്റ്റ് എ. യു. പി. എസ്സ് | 124 | 112 | 236 | 25 |
| 7 | പി. സി. എൽ. പി. സ്ക്കൂൾ | 55 | 50 | 105 | 12 |
| 8 | ബാലബോധിനി എൽ. പി. | 54 | 51 | 105 | 16 |
| 9 | കൊളത്തൂർ എ. യു. പി. എസ്സ്. | 268 | 262 | 530 | 162 |
| 10 | നന്മണ്ട ഹൈസ്ക്കൂൾ നന്മണ്ട | 395 | 349 | 744 | 135 |
| 11 | നേഷണൽ എ. എൽ. പി. സ്ക്കൂൾ | 57 | 49 | 106 | 6 |
| 12 | നന്മണ്ട വെസ്റ്റ് എ. എൽ. പി. എസ്സ്. | 65 | 76 | 141 | 16 |
| 13 | എഴകുളം എ. യു. പി. സ്ക്കൂൾ | 161 | 123 | 284 | 54 |
| 14 | ജ്ഞാനപ്രദായനി എൽ. പി. | 44 | 47 | 91 | 18 |
| 15 | ഗവ. ഹൈക്കൂൾ കൊളത്തൂർ | 344 | 292 | 636 | 132 |
| | ആകെ | 2246 | 2062 | 4308 | 740 |

* പഞ്ചമർ: ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ ഇവർക്കുശേഷം വരുന്ന വിഭാഗം

പട്ടിക 1 (C)

L. P, U. P., H. S. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | പെൺ % | ആൺ | പെൺ | പെൺ % | ആൺ | പെൺ | പെൺ % |
| 4308 | 895 | 839 | 48.5% | 665 | 624 | 48.4% | 686 | 599 | 46.6% |

പട്ടിക 1 (D)

പട്ടികജാതി- പട്ടികവർഗ്ഗം വിദ്യാർത്ഥികളുടെ കണക്ക്

| | L. P. | | | U. P. | | | H. S. | |
|---|---|---|---|---|---|---|---|---|
| ആകെ | SC/St | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1734 | 250 | 14.4 | 1289 | 223 | 17.3 | 1285 | 267 | 20.8 |
| | | | | | | | ആകെ 17.2% | |

വിദ്യാലയ സർവ്വെയിലെ വിവരപ്രകാരം 30 വിദ്യാർത്ഥികൾ 1995-96 അധ്യയന വർഷത്തിൽ ഇടക്കുവെച്ച് പഠനം നിർത്തിയിട്ടുണ്ട്. സാമ്പത്തിക പരാധീനതകളിലുപരിയായി, ചെറിയൊരു വിഭാഗം രക്ഷിതാക്കൾക്കിടയിലുള്ള അജ്ഞത ഇതിനു കാരണമായിട്ടുണ്ട്. പഠനം നിർത്തിയ 30 ൽ 26 പേരും ഹൈസ്ക്കുൾ വിദ്യാർത്ഥികൾ ആണ്. (86.7%)

പഠനം നിർത്തിയ വിദ്യാർത്ഥികളുടെ കണക്ക്

പട്ടിക 2 (A)

| സ്ക്കുൾ | SC/ST | മറ്റുള്ളവർ | ആകെ |
|---|---|---|---|
| LP | 0 | 2 | 2 |
| UP | 2 | 0 | 2 |
| HS | 7 | 19 | 26 |
| ആകെ | 9 | 21 | 30 |

കഴിഞ്ഞ 5 വർഷത്തെ പഞ്ചായത്തിലെ ഹൈസ്ക്കുളുകളിലെ S. S. L. C. വിജയശതമാനം അവലോകം ചെയ്യുമ്പോൾ, അത് സംസ്ഥാന ശരാശരിയേക്കാൾ താഴെയാണെന്ന് വ്യക്തമാകും.

കഴിഞ്ഞ 5 വർഷങ്ങളിലെ S. S. L. C. വിജയശതമാനം

| സ്ക്കുളിന്റെ പേര് | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| നന്മണ്ട H. S. | 36.4% | 32.5% | 29% | 40% | 25.6% |
| ഗവ. ഹൈസ്ക്കുൾ കൊളത്തുർ | 40% | 40% | 32% | 40% | 41% |

ഇംഗ്ലീഷ് ഗണിതശാസ്ത്രം എന്നീ വിഷയങ്ങളിലാണ് ഭൂരിപക്ഷം വിദ്യാർത്ഥികളും പരാജയപ്പെടുന്നത്. ഹൈസ്ക്കുളുകളിൽ ഇംഗ്ലീഷ് അധ്യാപകൻ എന്ന തസ്തികയില്ല. ഭുമിശാസ്ത്രത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. ഗണിതശാസ്ത്രാധ്യാപനം കൂടുതൽ ശാസ്ത്രീയമായാൽ 'ഗണിത വിഭ്രമം' ഒരു പരിധിവരെ മാറ്റിയെടുക്കാം. സ്ക്കുൾ കോംപ്ലക്സ് പ്രവർത്തനങ്ങൾ ഇംഗ്ലീഷ്-ഗണിതശാസ്ത്ര വിഷയങ്ങൾക്ക് ഊന്നൽ കൊടുത്തു കൊണ്ടായിരിക്കണം.

സ്ക്കുൾ സർവ്വെ വസ്തുതകൾ പ്രകാരം സ്ക്കുളുകളിലെ സാധ്യായ ദിവസങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണുന്നു. അനാവശ്യ വിദ്യാർത്ഥി സമരത്താൽ അധ്യയന ദിവസങ്ങൾ നഷ്ടപ്പെടുന്നുവെന്ന് മാത്രമല്ല.

മൊത്തത്തിൽ സ്ക്കൂളിലെ അച്ചടക്കം കുറഞ്ഞു വരികയും ചെയ്യുന്നു. സ്വകാര്യ ട്യൂഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്കേ രക്ഷയുള്ളു എന്ന അവസ്ഥ സംജാതമാകുന്നത് ദൗർഭാഗ്യകരമാണ്. പഞ്ചായത്തിലെ ഹൈസ്ക്കൂൾ വിദ്യാർത്ഥികളിൽ ഉയർന്ന പഠനനിലവാരം പുലർത്തുന്നവരിൽ നല്ലൊരു ശതമാനം സ്വകാര്യ ട്യൂഷനെ ആശ്രയിക്കുന്നു എന്ന കാര്യം ശ്രദ്ധാർഹമാണ്. എസ്. എസ്. എൽ. സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് തലത്തിൽ ക്യാഷ് അവാർഡുകൾ നൽകുന്നുണ്ട്. യാതൊരുവിധ നിലവാര പരിശോധനകൾക്കും വിധേയമാവാതെ പുറത്തു വരുന്ന ഗൈഡുകളും മാസികകളും വിദ്യാർത്ഥികളെ ആശയക്കുഴപ്പത്തിലാക്കുന്നു.

1996-97 അധ്യയന വർഷത്തിൽ വിവിധ ക്ലാസുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ പൊതുനിലവാരം മനസ്സിലാക്കാൻ താഴെ ചേർത്ത പട്ടിക സഹായകമാകും. പട്ടിക 2 (B)

അവലംബം (1996-97 ലെ പാദവാർഷിക പരീക്ഷയിലെ മാർക്കുകൾ)

ക്കോട്ടുമുള്ള ഇംഗ്ലീഷ് മീഡിയം അൺ-എയ്ഡഡ് സ്ക്കൂളുകളെ ആശ്രയിക്കുന്ന പ്രവണത വ്യാപകമായി വളർന്നുവരുന്നു. വിയർപ്പിന്റെ മണമുള്ള കുട്ടികൾക്ക് പ്രവേശനം ലഭിക്കാത്ത വിധം ഉയർന്ന ഫീസും, ചിട്ടകളും മിക്ക അൺ-എയ്ഡഡ് സ്ക്കൂളുടേയും മുഖമുദ്രയാണ്. സാധാരണ സ്ക്കൂളിലെ കുട്ടികളോട് ഇടപഴകാൻ ഇത്തരം സ്ക്കൂളിലെ കുട്ടികളിൽ പൊതുവെ കണ്ടുവരുന്ന വിമുഖത സാമൂഹ്യ സമത്വത്തിന് വെല്ലുവിളിയാണ്. വിദ്യാർത്ഥികളെ സമീപത്തുള്ള വിദ്യാലയങ്ങളിൽ അയക്കുന്ന സമീപനം രക്ഷിതാക്കൾ കൈക്കൊള്ളേണ്ടതുണ്ട്. അങ്ങനെയായാൽ വിദ്യാലയങ്ങൾ രക്ഷിതാക്കളാൽ ശ്രദ്ധിക്കപ്പെടുകയും, സ്വാഭാവികമായും വിദ്യാഭ്യാസ നിലവാരം ഉയരുകയും ചെയ്യും. വിദ്യാർത്ഥികൾ ഇന്നനുഭവിക്കുന്ന യാത്രാക്ലേശത്തിനു ശാശ്വത പരിഹാരം കൂടി ആയിരിക്കും ഇത്.

നന്മണ്ടയിൽ C. B. S. E. സിലബസ് പിന്തുടർന്ന് ഒരു ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ് സ്ക്കൂൾ പ്രവർത്തിക്കുന്നു. നൂറോളം വിദ്യാർത്ഥികൾ ഇവിടെ അധ്യയനം നടത്തുന്നുണ്ട്.

**അക്കാദമിക് നിലവാരം. പട്ടിക 2 (B)**

| ക്ലാസ് | കുട്ടികളുടെ എണ്ണം | 30% താഴെ | 30%-40% | 40%-50% | 50%-60% | > 60% |
|---|---|---|---|---|---|---|
| 3 | 427 | 73 | 58 | 69 | 62 | 165 |
| 4 | 421 | 50 | 57 | 91 | 63 | 160 |
| 5 | 425 | 79 | 64 | 80 | 61 | 141 |
| 6 | 432 | 143 | 71 | 63 | 44 | 111 |
| 7 | 428 | 136 | 75 | 72 | 47 | 77 |
| 8 | 468 | 317 | 57 | 29 | 37 | 28 |
| 9 | 464 | 329 | 48 | 27 | 20 | 40 |
| 10 | 353 | 178 | 57 | 45 | 29 | 44 |

വിദ്യാർത്ഥികളുടെ എണ്ണം വർഷംതോറും കുറഞ്ഞു വരുന്നതായി കാണുന്നു. ജനന നിരക്കിലുള്ള കുറവ്, സമീപ പഞ്ചായത്തുകളിലെ വിദ്യാലയങ്ങളുടെ ആകർഷണം, ഇംഗ്ലീഷ് മീഡിയഭ്രമം തുടങ്ങിയവ ഇതിനു കാരണങ്ങളാണ്. പഞ്ചായത്തിലെ ഭൂരിപക്ഷം L. P. സ്ക്കുളുകളും 'അൺ ഇക്കണോമിക്' നിഴലിലാണ്.

ഇംഗ്ലീഷ് മീഡിയം സ്ക്കുളുകളുടെ പ്രലോഭനങ്ങൾ നന്മണ്ടയിലെ നല്ലൊരു ശതമാനം രക്ഷിതാക്കളെ കീഴ്പ്പെടുത്തിയിട്ടുണ്ട്. ഇടത്തരം വരുമാനക്കാരുടെ കുട്ടികൾ പോലും ബാലുശ്ശേരിയിലും കോഴി

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ അധ്യാപക പരിശീലനം കാര്യക്ഷമവും ശാസ്ത്രീയവുമാകണം. അധ്യാപകരിൽ ഭൂരിപക്ഷത്തിനും ഇൻ-സർവ്വീസ് കോഴ്സുകളൊന്നും ലഭിക്കാറില്ല. സാധ്യായ ദിവസങ്ങളിൽ പഠിപ്പിച്ചു തീർക്കാൻ കഴിയാത്തത്ര പാഠഭാഗങ്ങൾ അധ്യാപകനെ മാനസികമായി തളർത്തുന്നു. വിദ്യാർത്ഥികൾക്ക് വൈജ്ഞാനികമായ അടിത്തറ നൽകിക്കൊണ്ട് പഠനം അർത്ഥപൂർണ്ണവും രസകരവുമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അനുപൂരക വിദ്യാഭ്യാസം- നിദാന നിർണ്ണയം- പരിഹാരബോധനം പരി

പാടി പാഠഭാഗങ്ങളുടെ എണ്ണ കൂടുതൽ കൊണ്ട് മിക്ക സ്ക്കൂളുകളിലും വിജയിക്കാത്ത അവസ്ഥയിലാണ്. ഭാരിച്ച ഓഫീസ് ജോലികളാൽ L. P.– U. P. സ്ക്കൂളുകളിലെ പ്രധാന അധ്യാപകർ ക്ലാർക്കുമാരായി മാറിക്കൊണ്ടിരിക്കുകയാണ്. ഹെഡ്മാസ്റ്റർമാർക്ക് അക്കാഡമിക് കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താൻ കഴിയാത്ത സ്ഥിതിവിശേഷം പഠന നിലവാരത്തെ പിന്നോട്ടു തള്ളാൻ മാത്രമേ സഹായിക്കൂ.

ആകെയുള്ള 193 അധ്യാപകരിൽ 121 ഉം പുരുഷന്മാരാണ്. 62.7%. അധ്യാപികമാരെ നിയമിക്കാനുള്ള പല സ്ക്കൂൾ മാനേജർമാരുടെയും വൈമനസ്യം ഇവിടെ വ്യക്തമാകുന്നു. 90% മേലെ അധ്യാപകർ നന്മണ്ട പഞ്ചായത്തിലെ തന്നെ സ്ഥിരതാമസക്കാരാണ്. സ്വകാര്യ സ്ക്കൂളുകളിൽ SC വിഭാഗത്തിൽപെട്ട അധ്യാപകരുടെ എണ്ണം ഒന്നോ രണ്ടോ ആണ്.

### പട്ടിക–3
### അദ്ധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

| | അധ്യാപകർ | | |
|---|---|---|---|
| സ്ക്കൂളുകൾ | പുരു | സ്ത്രീ | ആകെ |
| L. P. / U. P. | 81 | 55 | 136 |
| H. S. | 40 | 17 | 57 |
| ആകെ | 121 | 72 | 193 |

### പട്ടിക–4
### നന്മണ്ട ഗ്രാമപഞ്ചായത്ത്
### 9.2 സ്ക്കൂളിന്റെ പൊതുവിവരം

| | സ്ക്കൂളിന്റെ പേര് | ആകെ അനുവദിച്ചപോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെഎണ്ണം | ദീർഘകാല ലീവിലുള്ളവർ |
|---|---|---|---|---|---|
| 1 | നന്മണ്ട എ. യു. പി. സ്ക്കൂൾ | 12 | 17 | 0 | 1 |
| 2 | ചീക്കിലോട് എ. യു. പി | 19 | 19 | 0 | 1 |
| 3 | എ. എം. എൽ. പി. നന്മണ്ട | 5 | 5 | 0 | 0 |
| 4 | കരുണാറാം എ. യു. പി. | 14 | 14 | 0 | 1 |
| 5 | എ. എം. എൽ. പി. ചീക്കിലോട് | 5 | 5 | 0 | 1 |
| 6 | നന്മണ്ട ഈസ്റ്റ് എ. യു. പി. | 10 | 10 | 0 | 0 |
| 7 | പി. സി. എൽ. പി. നന്മണ്ട | 4 | 4 | 0 | 0 |
| 8 | ബാലബോധിനി എൽ. പി. | 4 | 4 | 0 | 0 |
| 9 | കൊളത്തൂർ എ. യു. പി. | 23 | 23 | 0 | 0 |
| 10 | നന്മണ്ട ഹൈസ്ക്കൂൾ | 37 | 38 | 0 | 0 |
| 11 | നേഷനൽ എ. എൽ. പി. | 5 | 5 | 0 | 0 |
| 12 | നന്മണ്ട വെസ്റ്റ് എ. എൽ. പി. | 5 | 5 | 0 | 0 |
| 13 | എഴുകുളം എ. യു. പി. നന്മണ്ട | | 13 | 13 | 0 |
| 14 | ജ്ഞാനപ്രദായനി എൽ. പി. | 5 | 5 | 0 | 0 |
| 15 | ഗവ: ഹൈസ്ക്കൂൾ കൊളത്തൂർ | 27 | 26 | 1 | 0 |

ലൈബ്രറി പുസ്തകങ്ങളുടെ അപര്യാപ്തത 15 സ്ക്കൂളുകളിലും ഉണ്ട്. ഇക്കാലത്ത് വിദ്യാർത്ഥിക ളുടെ അഭിരുചിക്കനുസരിച്ച് പുസ്തകങ്ങൾ തെര ഞ്ഞെടുക്കുന്നത് ശ്രമകരമായ ജോലിയാണ്. ബാല സാഹിത്യകൃതികൾ സൂക്ഷിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്. ലൈബ്രറികൾ വഴി വിതരണം ചെയ്യുന്ന പുസ്തകങ്ങൾ ഭൂരിപക്ഷം കുട്ടികളും വായി ക്കാതെ തിരിച്ചേല്പിക്കുന്നുവെന്ന കാര്യം അധ്യാപ കരും രക്ഷിതാക്കളും ശ്രദ്ധിക്കേണ്ടതുണ്ട്. ലൈബ്രറി പുസ്തകങ്ങൾക്ക് "നിരോധനം" ഏർപ്പെടുത്തുന്ന രക്ഷിതാക്കളുടെ എണ്ണവും നാൾക്കുനാൾ വർദ്ധി ക്കുന്നു. പല പുസ്തകങ്ങളിലേയും 'രസംകൊല്ലി'കഥ കൾ കുട്ടികളെ, ബാലമാസികകളിലേക്കും വിനോദ മാസികകളിലേക്കും കൊണ്ടെത്തിക്കുന്നു. അശാ സ്ത്രീയത നിറഞ്ഞ പല മാസികകളും വിദ്യാർത്ഥി കളുടെ ചിന്തകളേയും പ്രവൃത്തികളേയും ദുഷിപ്പി ക്കാൻ മാത്രമേ സഹായിക്കുന്നുള്ളൂ.

സ്ക്കൂൾ ലബോറട്ടറികളുടെ സ്ഥിതിയും ശോച നീയമാണ്. ഹൈസ്ക്കൂളുകളിൽ പോലും മതിയായ സൗകര്യങ്ങളുള്ള സയൻസ്റൂമുകകൾ ഇല്ല. പല സയൻസ് അധ്യാപകരും പരീക്ഷണങ്ങളിൽ താല്പര്യം കാണിക്കാറില്ല. അറിവു പകർന്നു കൊടു ക്കുന്നത് കുട്ടികളുടെ അഭിരുചി വളർത്തിയെടുത്തു കൊണ്ടായിരിക്കണം. പരീക്ഷണ നിരീക്ഷണങ്ങൾക്ക് ഇക്കാര്യത്തിൽ പ്രമുഖസ്ഥാനമാണുള്ളത്.

ഭൗതികസൗകര്യങ്ങൾ പരിശോധിക്കുമ്പോൾ, സാമാന്യം തരക്കേടില്ലാത്ത കെട്ടിടങ്ങളാണ് മിക്ക വാറും എല്ലാ വിദ്യാലയങ്ങൾക്കും ഉള്ളത്. പക്ഷെ, L. P., U. P. സ്ക്കൂളുകളിൽ ക്ലാസുകൾ തമ്മിൽ വേർതി രിക്കാൻ ചുമരുകൾ ഇല്ല. സ്ക്കൂളുകളിലെ മൂത്രപ്പുര, കക്കൂസ് സൗകര്യങ്ങൾ പൊതുവെ അപര്യാപ്തമാ ണ്.

ബിൽഡിങ്ങുകളും ഫർണിച്ചറും ബ്ലേക്ക് ബോർഡും ചോക്കും ആയാൽ വിദ്യാഭ്യാസത്തിന്റെ പരമ്മോന്നത ലക്ഷ്യങ്ങൾ കൈവരിക്കാനാവും എന്ന ധാരണയിൽനിന്നും നമ്മൾ മോചിതരാവേണ്ടതുണ്ട്. വിശാലമായ കളിസ്ഥലങ്ങളുടേയും. ദൃഷ്യശ്രാവ്യ ഉപ കരണങ്ങളുടേയും ഇല്ലായ്മ വിദ്യാർത്ഥികളോട് കാണിക്കുന്ന കൊടുംക്രൂരതയായി നാം കാണേണ്ട തുണ്ട്.

കലാകായിക മേളകൾ എല്ലാ സ്ക്കൂളുകളിലും കൊണ്ടാടാറുണ്ട്. പല സ്ക്കൂളുകളിലും വേണ്ടത്ര തെയ്യാറെടുപ്പില്ലാത്തതിനാൽ, ഇതൊരു ചടങ്ങായി മാറുന്ന അവസ്ഥയുണ്ട്. പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്ക് അവരുടെ പ്രതിഭാവിലാസത്തിനാ യുള്ള അവസരവും ആസ്വാദകവൃന്ദവും അനിവാര്യ മാണെന്നത് തർക്കമറ്റ വസ്തുതയാണ്. ഈ രംഗത്ത് P. T. A.യുടെ ഇടപെടൽ ആരോഗ്യകരമായിരിക്കും.

ശാസ്ത്ര-ഗണിതശാസ്ത്ര- പ്രവൃത്തിപരിചയ മേളകളിൽ പഞ്ചായത്തിലെ മുഴുവൻ സ്ക്കൂളുകളു ടെയും പ്രാതിനിധ്യം ഉണ്ടാവാറില്ല.

സ്ക്കൂളിൽ ശാസ്ത്ര-ഗണിത ശാസ്ത്ര-സാഹിത്യ ക്വിസ് മത്സരങ്ങളൊക്കെ നടക്കാ റുണ്ട്. പക്ഷെ, പല L. P., U. P. സ്ക്കൂളുകളും ഇതിനെ അവഗണിക്കാറുണ്ടെന്ന വസ്തുതയും മറന്നുകൂടാ. ഹൈസ്ക്കൂളിൽ സയൻസ്ക്ലബുകളും, മാത്സ് അസോസിയേഷനും നിലവിലുണ്ട്. N. C. C. നേവൽ വിങ്ങും, ആർമി വിംഗും നിലവിലുണ്ടായിരുന്ന നന്മണ്ട ഹൈസ്ക്കൂളിൽ ഇപ്പോൾ നേവൽ വിംങ്ങ് മാത്രമേ നിലവിലുള്ളൂ. കൊളത്തൂർ ഹൈസ്ക്കൂളിൽ N. C. C. ഇല്ല. സ്കൗട്ട്സ്, ഗൈഡ്സ്, ജൂനിയർ റെഡ് ക്രോസ് പ്രസ്ഥാനങ്ങളൊന്നും പഞ്ചായത്തിലെ ഒരു സ്ക്കൂളുകളിലും ഇല്ല. അച്ചടക്കബോധമുള്ള സമൂ ഹത്തിന്റെ സൃഷ്ടിയിൽ ഇത്തരം പ്രസ്ഥാനങ്ങൾ വിദ്യാർത്ഥികളിൽ ചെലുത്തുന്ന സ്വാധീനം ചെറു തല്ല. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് വിദ്യാ ഭ്യാസ വകുപ്പുമായി സഹകരിച്ചു നടത്താറുള്ള വിജ്ഞാനോത്സവം എല്ലാ വർഷങ്ങളിലും പഞ്ചായ ത്തിൽ നടക്കാറുണ്ട്.

വിദ്യാലയങ്ങളിലെ തൊഴിൽ മാർഗ്ഗദർശന പരി പാടി (വൊക്കേഷണൽ ഗൈഡൻസ്) വിദ്യാഭ്യാസ പ്രക്രിയയിൽ പ്രാധാന്യമർഹിക്കുന്നു. അത് കാര്യ ക്ഷമമായി വിദ്യാലയങ്ങളിൽ നടപ്പാക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നൽകാൻ ഇക്കാര്യ ത്തിൽ പരിശീലനം നേടിയ കരിയർ മാസ്റ്ററുടെ സേവനം ഉപയോഗപ്പെടുത്തണം.

ടെലിവിഷന്റെ സ്വാധീനം കുട്ടികളുടെ പഠന ത്തേയും സ്വഭാവത്തേയും ദോഷകരമായി ബാധി ക്കുന്നു. സ്ക്കൂൾ ഗ്രൗണ്ടുകളിൽനിന്നും വോളി ബോളും, ഫുട്ബോളും തനിമയാർന്ന മറ്റു കളികളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. മട്ടൽ ബാറ്റു കളും മട്ടൽ സ്റ്റമ്പുകളുമായി ക്രിക്കറ്റ് L. P. സ്ക്കൂളിൽ വരെ ചേക്കേറി കഴിഞ്ഞു. ഏകദിന മത്സരം നടക്കുന്ന ദിവസങ്ങളിൽ ഹൈസ്ക്കൂളുകളിലെ ഹാജർനില കുറയുന്നുവെന്ന വസ്തുത ഗൗരവത്തോടെ കാണേ ണ്ടതുണ്ട്.

എല്ലാ സ്ക്കൂളുകളിലും P. T. A. നിലവിലുണ്ട്. പല സ്ക്കൂളുകളിലും P. T. A. യുടെ സജീവ പങ്കാളിത്തത്തിൽ ശുദ്ധജല വിതരണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ട്.

മാതൃസംഗമത്തിന്റെ പ്രസക്തി എല്ലാ സ്ക്കൂളുകളും മനസ്സിലാക്കിയിട്ടുണ്ട് എന്ന വസ്തുത സന്തോഷകരം തന്നെയാണ്. ചില സ്ക്കൂളുകളിൽ ക്ലാസ് തലത്തിൽ വരെ മാതൃസംഗമം വിളിച്ചു ചേർക്കാറുണ്ട്. സ്ക്കൂളുകളുടെ സാമൂഹ്യ ഇടപെടലുകളിൽ P. T. A. യുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്.

കോത്താരി കമ്മീഷൻ വിഭാവനം ചെയ്ത സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനങ്ങൾ, വൈകിയ വേളയിലെങ്കിലും പുനരാരംഭിച്ചിട്ടുണ്ടെന്നത് ശ്ലാഘനീയമാണ്. നന്മണ്ട ഹൈസ്ക്കൂൾ കേന്ദ്രീകരിച്ചാണ് സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നത്. പഞ്ചായത്തിലെ പത്തു വാർഡുകളിലും വിദ്യാഭ്യാസ സമിതികൾ നിലവിൽ വന്നത് ഈ രംഗത്തെ ജനകകീയ താല്പര്യത്തിന്റെ ദൃഷ്ടാന്തങ്ങളാണ്. ജില്ലാ പഞ്ചായത്തുകളിലും ഗ്രാമപഞ്ചായത്തുകളിലും സ്ക്കൂൾ അധികാരങ്ങൾ നിക്ഷിപ്തമായത്, പഞ്ചായത്തിലെ മുഴുവൻ സ്ക്കൂൾ പ്രവർത്തനങ്ങളേയും ത്വരിതപ്പെടുത്തിയിട്ടുണ്ട്.

S. S. L. C. വിജയത്തിനുശേഷം 90%ത്തിനു മേൽ വിദ്യാർത്ഥികളും ഉപരിപഠനത്തിനു പോകുന്നുണ്ട്. ഉന്നതമാർക്ക് നേടുന്ന വിദ്യാർത്ഥികൾ ചേളന്നൂർ ശ്രീനാരായണഗുരു കോളേജ്, കോഴിക്കോട്ടും സമീപപ്രദേശങ്ങളിലുമുള്ള മറ്റു കോളേജുകൾ എന്നിവിടങ്ങളിൽ ഉപരിപഠനം നടത്തുന്നു. മാനേജ്മെന്റ് ക്വോട്ടയിൽ മേൽപ്പറഞ്ഞ കോളേജുകളിൽ പണം മുടക്കി പ്രവേശനം നേടുന്നവരും കുറവല്ല. പാവണ്ടൂർ, കോക്കല്ലൂർ സ്ക്കൂളിലുള്ള ഹയർസെക്കൻഡറി കോഴ്സിനും അത്തോളി, ബാലുശ്ശേരി, കോഴിക്കോട് എന്നീ സ്ഥലങ്ങളിലെ വൊക്കേഷനൽ ഹയർ സെക്കൻഡറി കോഴ്സിനും പഞ്ചായത്തിലുള്ള വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. നന്മണ്ടയിലെ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും ഉപരിപഠനത്തിന് ആശ്രയിക്കുന്നത് ബാലുശ്ശേരിയിലുള്ള വിവിധ സമാന്തര കോളേജുകകളേയാണ്. I. T. I., പോളിടെക്നിക് മറ്റ് സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയിലെല്ലാം നമ്മുടെ വിദ്യാർത്ഥികൾ പരിശീലനം നേടുന്നു.

ബിരുദക്കാരും, ബിരുദാനന്തര ബിരുദക്കാരും നന്മണ്ടയുടെ വിദ്യാഭ്യാസമുന്നേറ്റത്തിന്റെ സൃഷ്ടിയാണ്. ഇവരുടെ എണ്ണം ധാരാളമുണ്ട് എന്നു പറയുമ്പോൾ 'നന്മണ്ട' എന്ന പേര് അന്വർത്ഥമാക്കുന്നു. സാങ്കേതിക വൈദ്യശാസ്ത്രരംഗങ്ങളിൽ നമ്മുടെ ധാരാളം മിടുക്കൻമാർ കയറിപ്പറ്റിയിട്ടുണ്ട്. L. L. B., M. C. A., C. A., M. C. A., M. B. A., ലൈബ്രറി സയൻസ് ബിരുദക്കാർ നമ്മുടെ പഞ്ചായത്തിലുണ്ട്.

നന്മണ്ടയെ ഒരു 'അധ്യാപകലോകം' എന്നു വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. അത്രയധികം അധ്യാപകരും, B. Ed, T. T. C. യോഗ്യതയുള്ളവരും ഇവിടെയുണ്ട്. ധാരാളം പേർ കേരളത്തിലെ വിവിധ ട്രെയിനിങ്ങ് കോളേജുകളിലും, കർണ്ണാടക, ആസ്സാം മുതലായ അന്യസംസ്ഥാനങ്ങളിലും B. Ed. ട്രെയിനിങ്ങ് കഴിഞ്ഞുകൊണ്ടിരിക്കുന്നു. അടുത്തകാലത്തായി അന്യസംസ്ഥാനങ്ങളിൽനിന്ന് ധാരാളം പേർ സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് കഴിഞ്ഞു വരുന്നുണ്ട്.

വിദ്യാഭ്യാസത്തിനായി നന്മണ്ടയിലെ ജനങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തുമായി ഭീമമായൊരു തുക ചിലവഴിക്കുന്നുണ്ട്. വിദ്യാഭ്യാസ യോഗ്യതകൾ പഞ്ചായത്തിലെ ഒട്ടേറെ പേർക്ക് നല്ല തൊഴിലുകൾ സമ്മാനിച്ചിട്ടുണ്ടെങ്കിലും തൊഴിലില്ലായ്മയുടെ ഭീകരരൂപം നമ്മെ നോക്കി പല്ലിളിക്കുകയാണ്.

ഇത്രയധികം വിദ്യാസമ്പന്നർ ഉണ്ടായിട്ടും സ്വകാര്യ മേഖലയിലെ ഏതാനും ചില ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളല്ലാതെ സാങ്കേതിക സ്ഥാപനങ്ങളൊന്നും തന്നെ പഞ്ചായത്തിലില്ല.

ബിരുദകോഴ്സുകൾക്കായുള്ള സമാന്തര വിദ്യാലയങ്ങൾ ഇവിടെയില്ല. ഒരു സ്ഥാപനത്തിൽ പി. ഡി. സി. (സമാന്തരം) കോഴ്സുണ്ട്. പി. ഡി. സി. റെഗുലർ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന ഒരു സ്ഥാപനവും S. S. L. C. പരാജയപ്പെട്ടവർക്കായി കോച്ചിംഗ് നൽകുന്ന 4 സ്ഥാപനങ്ങളും പഞ്ചായത്തിലുണ്ട്. I. T. I. പോളിടെക്നിക്, I. T. C., എന്നിവയ്ക്കെല്ലാം നഗരത്തെയാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിലെ 2 ഹൈസ്ക്കൂളുകളിലും ഹയർസെക്കണ്ടറിയോ, വൊക്കേഷനൽ ഹയർസെക്കണ്ടറി കോഴ്സോ ഇല്ല. നന്മണ്ട ഹൈസ്ക്കൂളിലെ വിശാലമായ സൗകര്യങ്ങളെ നാം കണ്ടില്ലെന്ന് നടിക്കരുത്. കൊളത്തൂർ ഗവ. ഹൈസ്ക്കൂളിലെ അസൗകര്യങ്ങൾക്കു നേരെയും നാം കണ്ണടച്ചുകൂടാ.

സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള 13 അംഗനവാടികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്തു പഠിക്കണം, എങ്ങനെ പഠിക്കണം, ഈ കാര്യങ്ങളിൽ പല അംഗനവാടികളും ശ്രദ്ധിച്ചു കാണുന്നില്ല. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ മുന്നോടിയായ ഇത്തരം സ്ഥാപനങ്ങളിൽ ശിശുക്കളുടെ നിരീക്ഷണ

പാടവവും കർമ്മോത്സുകതയും വളർത്താൻ അടിസ്ഥാനപരമായ സൗകര്യങ്ങൾ ഒന്നുമില്ല എന്നത് നിരാശാജനകമായ ഒരു വസ്തുതയാണ്. ജിജ്ഞാസയെ അടിച്ചമർത്തിയാൽ കുട്ടികളുടെ മനോലോകം വളർച്ചയറ്റതാകും എന്നും നാം മനസ്സിലാക്കേണ്ടതുണ്ട്. ഒരു അംഗനവാടിയിൽപോലും വേണ്ടത്ര കളിസ്ഥലങ്ങളോ, കളിക്കോപ്പുകളോ ഇല്ല. മിക്ക അംഗനവാടികൾക്കും ആൾമറയുള്ള കിണർ, പാചകപ്പുര, ചുറ്റുമതിൽ, ഫർണിച്ചറുകൾ എന്നിവയൊന്നുമില്ല.

നവസാക്ഷരരുടെ നിരക്ഷതയിലേക്കുള്ള തിരിച്ചുപോക്ക് ദുഃഖകരമാണ്. സാക്ഷരതാ പ്രവർത്തനങ്ങളുടെ തുടർപ്രവർത്തനങ്ങൾക്കു സംഭവിച്ച മരണാവസ്ഥയുടെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ പഞ്ചായത്തിലെ ഒരു സാക്ഷരനും കഴിയില്ല. നിരക്ഷരതാനിർമ്മാർജ്ജനം യുദ്ധകാലാടിസ്ഥാനത്തിൽ നാം ഏറ്റെടുത്തു നടത്തേണ്ട പ്രവർത്തനമാണ്.

അനൗപചാരിക വിദ്യാഭ്യാസരംഗത്തെ ശക്തമായ ഏജൻസികളായ വായനശാലകളുടെയും ഗ്രന്ഥശാലകളുടേയും എണ്ണം പരിമിതമാണ്.

കലാപാരമ്പര്യമുള്ള പഞ്ചായത്തിൽ കലാഭ്യാസത്തിന് മതിയായ സൗകര്യങ്ങളില്ല.

പഞ്ചായത്തിലെ പത്ത് വാർഡുകളിലും വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട് സജീവമായ ചർച്ചകൾ നടന്നിട്ടുണ്ട്. ചർച്ചകളിൽ അധ്യാപകരും, വിദ്യാർത്ഥികളും രക്ഷിതാക്കളും അവേശത്തോടെ പങ്കെടുത്തു. ദ്വിതീയ വിവരശേഖരണത്തിലും പഠനപര്യടനങ്ങളിലും നന്മണ്ടയിലെ പൊതുപ്രവർത്തകർ കാണിച്ച ഔത്സുക്യം, ഗ്രാമത്തിന്റെ സാമൂഹ്യ-സാംസ്കാരിക വളർച്ചയിൽ വിദ്യാഭ്യാസത്തിനുള്ള പ്രമുഖസ്ഥാനം തിരിച്ചറിഞ്ഞതിന്റെ ഫലമായിരുന്നു. ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ നമ്മുടെ പഞ്ചായത്തിൽ നടക്കേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളെ താഴെ കാണുംവിധം ക്രോഡീകരിക്കാം.

### പ്രശ്നങ്ങൾ

- 7-ാം വാർഡിലെ മുന്നൂർക്കയിൽ, 8-ാം വാർഡിൽ; കൊളത്തൂർ നോർത്ത് എന്നീ പ്രദേശങ്ങളിലെ കൊച്ചു കുട്ടികൾക്ക്, L. P. സ്ക്കൂളുകളിൽ എത്താൻ 2 കി. മീ. ദൂരത്തിലധികം നടക്കേണ്ടതുണ്ട്.
- പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമായ കൊളത്തൂർ ഹൈസ്ക്കൂളിന്റെ പുതിയ കെട്ടിടം നിർമ്മാണത്തകരാറു കാരണം ചോർന്നൊലിക്കുകയാണ്. ഈ സ്ക്കൂളിന്റെ ഭൗതികസൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്.
- സർക്കാർ തലത്തിലുള്ള നിലവാര പരിശോധന വേണ്ട രീതിയിൽ നടക്കാത്തത് വിദ്യാഭ്യാസ നിലവാരം കുറയുന്നതിന് കാരണമാകുന്നു.
- ഇംഗ്ലീഷ് മീഡിയം അൺ-എയ്ഡഡ് സ്ക്കൂളുകൾ പൊതുവിദ്യാലയങ്ങളുടെ നിലനില്പിനെ ബാധിക്കുന്നു.
- പഞ്ചായത്തിലെ വിദ്യാർത്ഥികൾ സമീപപ്രദേശങ്ങളിലെ വിദ്യാലയങ്ങളിലേക്ക് ഒഴുകുന്ന അവസ്ഥ നിലവിലുണ്ട്.
- പതിനഞ്ചു സ്ക്കൂളുകളിലേയും ഭൗതികസൗകര്യങ്ങൽ പൂർണ്ണമല്ല.
- പാഠ്യപദ്ധതിയുടെ ഭാരക്കൂടുതലും സാഹചര്യങ്ങളുമായി ഇണങ്ങാത്ത അവസ്ഥയും വിദ്യാർത്ഥികളിൽ ഭൂരിപക്ഷത്തിന്റേയും മനം മടുപ്പിക്കുന്നു.
- വിദ്യാർത്ഥികൾ- പൊതുവെ കോളേജ് വിദ്യാർത്ഥികൾ- അനുഭവിക്കുന്ന യാത്രാപ്രശ്നം രൂക്ഷമാണ്.
- റഫറൻസ് ലൈബ്രറികളുടെ അഭാവം പഞ്ചായത്തിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.

### പരിഹാരങ്ങൾ നിർദ്ദേശങ്ങൾ

- ഏഴാം വാർഡിൽ മുങ്ങൂർക്കയിൽ എട്ടാം വാർഡിൽ കൊളത്തൂർ നോർത്തിലും എൽ. പി. വിദ്യാലയങ്ങൾ ആരംഭിക്കുക.
- പത്താംവാർഡിൽ സ്ഥിതിചെയ്യുന്ന, 5-ാംതരം വരെയുള്ള വെസ്റ്റ് എ. എൽ. പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് യു. പി. സ്ക്കൂൾ ആക്കുക.
- കൊളത്തൂർ ഗവ: ഹൈസ്ക്കൂളിൽ കെട്ടിട ചോർച്ച തടയുന്നതിന് രണ്ടാംനില നിർമ്മിക്കുക. താല്ക്കാലിക ഷെഡുകളിൽ പ്രവർത്തിക്കുന്ന പത്തോളം ക്ലാസ്സുമുറികൾ സ്ഥിരം കെട്ടിടത്തിലേക്ക് മാറ്റേണ്ടതുണ്ട്. നല്ലൊരു കളിസ്ഥലം രൂപീകരിക്കാനുള്ള വിശാലമായ സൗകര്യം ഇവിടെയുണ്ട്.
- പ്രധാനാധ്യാപകർക്ക് ഓഫീസു ജോലികളുടെ ആധിക്യം കാരണം അക്കാദമിക് കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താൻ കഴിയുന്നില്ല.
- പഞ്ചായത്ത് തലത്തിൽ, സ്ക്കൂളുകളിലെ പഠന

നിലവാര പരിശോധനയ്ക്ക് ഔദ്യോഗികസംവിധാനം ഏർപ്പെടുത്തണം.

- അയൽപക്ക വിദ്യാലയ സമ്പ്രദായം രക്ഷിതാക്കൾ പിന്തുടരണം.

- സ്കൂളിലെ ദൃശ്യ-ശ്രാവ്യ ഉപകരണങ്ങളുടേയും ലാബ്-ലൈബ്രറി സൗകര്യങ്ങളുടേയും അപര്യാപ്തത സത്വരമായി പരിഹരിക്കണം.

- വിദ്യഭ്യാസ സ്ഥാപനങ്ങളിലെ കളിസ്ഥലങ്ങളുടെയും കളിക്കോപ്പുകളുടെയും ഇല്ലായ്മ പരിഹരിക്കണം.

- സ്കൂൾ അധ്യാപകർക്ക് ലൈബ്രറി-കരിയർ പരിശീലനം നൽകുക.

- തൊഴിലധിഷ്ഠിത കോഴ്സുകളും തൊഴിൽ പരിശീലനവും സ്ക്കൂളുകളിൽ ഏർപ്പെടുത്തുക.

- വിദ്യാർത്ഥികൾ അനുഭവിക്കുന്ന രൂക്ഷമായ യാത്രാപ്രശ്നം പരിഹരിക്കുക.

- ഇംഗ്ലീഷ്-ഗണിത വിഷയങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

- പഞ്ചായത്തിലെ ഹൈസ്ക്കൂളുകളിൽ ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ ആരംഭിക്കുക.

- പഞ്ചായത്തിൽ ഐ. ടി. ഐ. പോളിടെക്നിക് എന്നിവ സ്ഥാപിക്കുക.

- എൽ. പി. വിഭാഗത്തിലെ അധ്യാപക-വിദ്യാർത്ഥി അനുപാതം 1: 30 ആയി പുനർനിർണ്ണയം ചെയ്യുക.

- നിർധനരായ വിദ്യാർത്ഥികൾക്ക് പഠനത്തിന് സാമ്പത്തികസഹായം അനുവദിക്കണം.

- സ്ക്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണം പരിഗണിക്കാതെ സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിക്കണം.

- എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും പ്രഥമശുശ്രൂഷാ സൗകര്യം ഏർപ്പെടുത്തുക.

- പഠനത്തിൽ ഉന്നതനിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിനുള്ള സൗകര്യം പഞ്ചായത്ത് തലത്തിൽ ചെയ്ത് കൊടുക്കണം.

- മെഡിക്കൽ- എഞ്ചിനിയറിങ് എൻട്രൻസ് പരീക്ഷകൾക്കും മറ്റ് ഉദ്യോഗപരീക്ഷകൾക്കും തയ്യാറെടുക്കുന്നതിന് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പരിശീലനക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.

- വാർഡ്തല വിദ്യാഭ്യാസ സമിതിയുടെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ സ്ക്കൂൾ വിദ്യാർത്ഥികളിലെ നിരക്ഷരതാ നിർമ്മാർജ്ജനവും തുടർ സാക്ഷരതാ പ്രവർത്തനങ്ങളും ഊർജിതപ്പെടുത്തണം.

- സ്ക്കൂൾ തലത്തിൽ മാതൃഭാഷക്ക് കൂടുതൽ ഊന്നൽ കൊടുക്കുക.

- പരിസ്ഥിതി- പ്രാദേശിക സംബന്ധമായ കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുക.

- 'തോടന്നൂർ ബ്ലോക്ക് മാതൃകയിൽ' ചേളന്നൂർ ബ്ലോക്കിലും പൊതു ചോദ്യപേപ്പർ സമ്പ്രദായം നടപ്പിൽ വരുത്തുക.

- വിവിധ മാധ്യമങ്ങളിൽ വിദ്യാഭ്യാസ സംബന്ധിയായ പരിപാടികൾ കൂടുതലായി ഉൾപ്പെടുത്തുകയും അവ വിദ്യാർത്ഥികളിലെത്തിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യണം.

- വിവിധ ഗ്രാമസഭകളിൽ നിന്നും വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും വേണ്ടിയുള്ള ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

- കലാ-കാർഷിക-സാംസ്കാരിക രംഗങ്ങളിലെ പുത്തനുണർവ്വിനു വേണ്ടി ഒരു 'കലാകേന്ദ്രം' പഞ്ചായത്തിൽ സ്ഥാപിക്കണം.

- സ്ക്കൂളുകളിൽ പച്ചക്കറി-പഴം കൃഷി എന്നിവ നടത്തുവാൻ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നല്കുക.

- ഹൈസ്ക്കൂൾ തലത്തിൽ ലൈംഗിക വിദ്യാഭ്യാസം ഉൾപ്പെടുത്തണം.

- കലാ-കായിക-ഗണിത-ശാസ്ത്ര മേളകളിൽ സ്ക്കൂളുകൾ വേണ്ട പ്രാധാന്യം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം- സബ്ജില്ലാ- ജില്ലാ- സംസ്ഥാന സ്ക്കൂൾ യുവജനോത്സവങ്ങളിലെ 'പണക്കൊഴുപ്പ്' വിപരീതഫലമാണുണ്ടാക്കുന്നത്.

- സ്കൗട്ട്-ഗൈഡ്. ജൂണിയർ റെഡ്ക്രോസ് പ്രവർത്തനങ്ങൾ എല്ലാ സ്ക്കൂളുകളിലും നിർബന്ധമാക്കണം.

"കൃഷിയും വ്യവസായത്തിലുമുള്ള മനുഷ്യശക്തിയെ പരിശീലിപ്പിക്കുന്നതിനും പരീക്ഷണശാലയിലെ കണ്ടെത്തലുകൾ ഉത്പാദനരംഗത്തിൽ ഉപയോഗപ്പെടുത്തുന്നതിനും ശാസ്ത്രീയവും സാങ്കേതികവുമായ വിദ്യാഭ്യാസം വളർത്തിയെടുക്കേണ്ടതുണ്ട്."

●●●●

## പട്ടിക - 5 ഭൗതിക സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇപ്പോഴുള്ള ക്ലാസ്സ്മുറികൾ ആവശ്യത്തിന് ഉണ്ട്/ഇല്ല | മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര പെൺകുട്ടികൾക്ക് ആവശ്യമുണ്ടോ? | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | ഇപ്പോൾ ആവശ്യമുള്ള കക്കൂസ് എണ്ണം | കുടിവെള്ള സംവിധാനം | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ? | ഇനി ആവശ്യമുള്ള ഫർണിച്ചറുകളുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്വന്തം | അർദ്ധ സ്വന്തം | താൽക്കാലികം | സ്വന്തം | അർദ്ധസ്വന്തം | താൽക്കാലികം | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| നന്മണ്ട എ.യു.പി. സ്കൂൾ | 12 | 2 | 2 | — | 6 | — | — | 3 | ഉണ്ട് | 1 | ഉണ്ട് | 1 | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി | — | — | — | — | — |
| ചീക്കിലോട് എ.യു.പി. | 14 | 4 | 5 | 1 | 10 | 10 | 1 | 1 | " | 1 | " | 1 | 1 | " | " | " | " | ഇല്ല | 4 | 4 | 1 | 1 | 1 |
| എ.എം.എൽ.പി. നന്മണ്ട | 2 | 2 | — | — | 6 | — | — | — | ഇല്ല | 1 | " | 1 | | " | ഇല്ല | " | " | " | 5 | 7 | 6 | 7 | 4 |
| കണ്ണോറാം എ.യു.പി. | 10 | 2 | — | 4 | 3 | — | — | 7 | ഉണ്ട് | 3 | " | 1 | | " | ഉണ്ട് | ഇല്ല | " | " | 25 | 20 | 4 | 4 | 10 |
| എ.എം.എൽ.പി. ചീക്കിലോട് | 4 | 1 | 1 | — | 5 | 2 | — | — | " | 1 | " | ഇല്ല | | " | " | ഉണ്ട് | ഇല്ല | " | 5 | 5 | — | 2 | 1 |
| നന്മണ്ട ഈസ്റ്റ് എ.യു.പി. | 7 | 3 | — | — | 3 | — | — | — | " | 1 | " | 1 | | " | " | " | " | " | 10 | 15 | 5 | — | 1 |
| പി.സി. എ.എൽ.പി. | 4 | 1 | 1 | — | 1 | — | — | — | " | 2 | " | ഇല്ല | | " | " | ഇല്ല | " | " | 10 | 10 | 2 | 5 | 3 |
| ബാല ബോധിനി. എ.എൽ.പി. | 4 | 1 | 2 | — | 2 | 2 | — | — | ഇല്ല | 1 | " | ഇല്ല | | " | " | " | " | മതി | — | — | 1 | 2 | — |
| കൊളത്തൂർ എ.യു.പി. | 17 | 2 | 3 | — | 2 | — | — | — | ഉണ്ട് | 1 | " | 1 | | " | " | " | ഉണ്ട് | ഇല്ല | 10 | 10 | — | — | 3 |
| നന്മണ്ട ഹൈസ്കൂൾ | 19 | 4 | 3 | — | 30 | 18 | — | — | ഇല്ല | 2 | " | 2 | 1 | " | " | ഉണ്ട് | " | " | 25 | 25 | 10 | 10 | — |
| നാഷണൽ. എ.എൽ.പി. | 4 | 1 | — | — | 3 | — | — | — | " | 1 | " | ഇല്ല | | " | ഇല്ല | " | " | മതി | — | — | — | — | — |
| നന്മണ്ട വെസ്റ്റ് എ.എൽ.പി. | 5 | 2 | 1 | — | — | — | 5 | 3 | ഉണ്ട് | 1 | " | ഇല്ല | | " | ഉണ്ട് | " | ഇല്ല | ഇല്ല | 10 | 5 | 4 | 5 | 7 |
| എഴുകുളം എ.യു.പി. | 9 | 1 | 2 | 1 | 3 | 8 | 1 | 1 | ഇല്ല | 4 | " | ഇല്ല | | " | " | " | ഉണ്ട് | " | 37 | 82 | 12 | 4 | 5 |
| ജ്ഞാന പ്രദായനി. എ.എൽ.പി. | 4 | 1 | 1 | — | — | — | — | 5 | " | 2 | " | 1 | | " | ഇല്ല | ഇല്ല | ഇല്ല | " | — | — | 2 | 5 | 1 |
| ഗവ: ഹൈസ്കൂൾ കൊളത്തൂർ | 16 | 2 | — | 2 | 14 | — | 9 | 10 | ഉണ്ട് | 2 | " | 4 | 1 | " | ഉണ്ട് | — | ഉണ്ട് | " | 10 | 10 | 5 | 10 | 2 |

## പട്ടിക - 6 അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല | ലബോറട്ടറി ഉണ്ട്/ഇല്ല | പഠനോപകരണങ്ങൾ വേണ്ടത്ര ഉണ്ട്/ഇല്ല | ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ ഉണ്ട്/ഇല്ല: റേഡിയോ | ടേപ്പ് റിക്കാർഡർ | ടി.വി. സെറ്റ് | വി.സി.ആർ/വി.സി.പി | സിനിമ പ്രൊജക്ടറുകൾ | സ്ലൈഡ് പ്രൊജക്ടറുകൾ | ഓവർ ഹെഡ് പ്രൊജക്ടറുകൾ | കമ്പ്യൂട്ടർ | ബ്ലാക്ക്ബോർഡ്: ആവശ്യമുള്ളത് | നിലവിലുള്ളത് | 95.96 ൽ നടന്ന അധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ | പ്രാദേശിക അവധികളിലൂടെ നഷ്ടമായ അധ്യയന ദിനങ്ങൾ | മാതൃസംഗമം സജീവം/സജീവമല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| കരുണാറാം. എ.യു.പി. സ്കൂൾ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 10 | 193½ | — | 6½ | സജീവം |
| നാഷണൽ എ.എൽ.പി | " | " | ഉണ്ട് | " | ഉണ്ട് | " | " | " | " | " | " | 4 | 5 | 194 | — | 1 | " |
| വി.സി. എ.എൽ.പി | " | " | ഇല്ല | " | ഇല്ല | " | " | " | " | " | " | 5 | 5 | 194 | 1 | 7 | " |
| എ.എം. എൽ.പി. നന്മണ്ട | ഇല്ല | " | " | ഇല്ല | " | " | " | " | " | " | " | 4 | 4 | 185 | — | 10 | " |
| ബാലബോധിനി. എ.എൽ.പി | ഉണ്ട് | " | " | " | ഉണ്ട് | " | " | " | " | " | " | 4 | 4 | 190½ | — | 8 | " |
| ജ്ഞാനപ്രദായനി എ.എൽ.പി | " | " | " | " | ഉണ്ട് | " | " | " | " | " | " | 4 | 5 | 194 | — | 2 | " |
| ചീക്കിലോട് എ.യു.പി | " | ഉണ്ട് | " | ഉണ്ട് | ഇല്ല | " | " | " | " | " | " | 14 | 15 | 194 | 4 | 2 | " |
| കൊളത്തൂർ എ.യു.പി | " | " | " | " | " | " | " | " | " | " | " | 17 | 18 | 187 | ½ | 3 | " |
| നന്മണ്ട എ.യു.പി. | " | ഇല്ല | ഉണ്ട് | ഇല്ല | " | " | " | " | " | " | " | 14 | 16 | 191 | — | 9 | " |
| നന്മണ്ട ഹൈസ്കൂൾ | " | ഉണ്ട് | " | ഉണ്ട് | " | " | " | " | ഉണ്ട് | " | " | 20 | 16 | 163 | 16 | 15 | അല്ല |
| ഗവ: ഹൈസ്കൂൾ കൊളത്തൂർ | " | " | ഇല്ല | " | ഉണ്ട് | " | " | ഉണ്ട് | ഉണ്ട് | ഉണ്ട് | " | 18 | 18 | 176 | 17 | 6 | സജീവം |
| എഴുകുളം എ.യു.പി. | ഇല്ല | " | " | ഇല്ല | ഇല്ല | " | " | ഇല്ല | ഇല്ല | ഇല്ല | " | 11 | 11 | 192 | 6 | 2 | " |
| എ.എം.എൽ.പി. ചീക്കിലോട് | ഉണ്ട് | " | " | ഉണ്ട് | ഉണ്ട് | " | " | " | " | " | " | 1 | 4 | 184 | — | 6 | " |
| നന്മണ്ട ഈസ്റ്റ് എ.യു.പി | " | " | " | ഇല്ല | ഇല്ല | " | " | " | " | " | " | 10 | 7 | 193 | 4 | 3 | " |
| നന്മണ്ട വെസ്റ്റ് എ.എൽ.പി. | " | ഇല്ല | " | ഉണ്ട് | ഉണ്ട് | " | " | " | " | " | " | 5 | 5 | 195 | — | 5 | " |

# സംസ്ക്കാരം



നഞ്ഞുണ്ടദേവന്റെ (ശ്രീ. പരമേശ്വരൻ) ഉപ വിഷ്ഠം സ്ഥാനം എന്ന അർത്ഥമുള്ള 'നഞ്ഞുണ്ട' എന്ന പദം ലോപിച്ചാണ് 'നന്മണ്ട'യായത്. എന്നൊരു ഐതിഹ്യം നമ്മുടെ പഞ്ചായത്തിന്റെ പേരിനു പിന്നി ലുണ്ട്. നാലുഭാഗങ്ങളും മണ്ടകളാൽ (കുന്നുകൾ) ചുറ്റപ്പെട്ടതായതുകൊണ്ട് – 'നാൽമണ്ട' ലോപിച്ചാണ് നന്മണ്ടയായത് എന്നും, നല്ല മണ്ടകൾ ഉള്ള തെങ്ങിൻ പ്രദേശങ്ങളായിരുന്നതുകൊണ്ടാണ് 'നന്മണ്ട' എന്നും നാമം സിദ്ധിച്ചത് എന്നുമുള്ള വാദഗതികളും നില നിൽക്കുന്നുണ്ട്.

ശതാബ്ദങ്ങൾക്കുമുമ്പ് സാമൂതിരി രാജവംശ ത്തിന്റെ സാമന്തന്മാരായിരുന്ന കുറമ്പനാട് സ്വരൂപ ത്തിന്റെ ഭാഗമായിരുന്നു നന്മണ്ട പഞ്ചായത്ത്. അന്ന് ഭരണത്തിന്റെ ആസ്ഥാനം ബാലുശ്ശേരിയായിരുന്നു. പില്ക്കാലങ്ങളിൽ ബ്രിട്ടീഷ് ഭരണത്തിന്റേയും, ജന്മിത്ത സമ്പ്രദായത്തിന്റേയും സുഖവും ദുഃഖവും അനുഭവിച്ചവരാണ് നമ്മുടെ മുൻതലമുറ. നാട്ടുപള്ളി ക്കൂടങ്ങളിൽനിന്നും, എഴുത്തുപള്ളിക്കൂടങ്ങളിൽ നിന്നും ആർജ്ജിച്ച വിദ്യാഭ്യാസത്തിലൂടെയും മറ്റ് സാംസ്കാരിക- നവോത്ഥാന പ്രവർത്തനങ്ങളിലൂ ടെയും നന്മണ്ടയിലെ ജനങ്ങൾ ഫ്യൂഡൽ വ്യവസ്ഥി തിയേയും, സവർണ്ണമേധാവിത്തത്തേയും മറികടന്ന് പുതിയൊരു ജീവിത രീതിയ്ക്ക് അടിത്തറ പാകുക യായിരുന്നു.

ചരിത്രകഥകൾ അനാവരണം ചെയ്യുമ്പോൾ കൗതുകകരങ്ങളായ ഒട്ടേറെ ചരിതങ്ങൾ പഴമക്കാ രുടെ ഓർമ്മകളിൽ നിന്നും അമൂല്യ മുത്തുകളായി നമുക്ക് ലഭിക്കുന്നു. പുക്കുന്ന് എന്നറിയപ്പെടുന്ന പൊൻകുന്ന് മലയിലുള്ള 'കാഞ്ഞിലിക്കോട്ട്'യെ ചുറ്റി പറ്റിയുള്ള കഥയാണ് ഇതിലൊന്ന്. ദരിദ്രരായ പെൺകുട്ടികളുടെ വിവാഹത്തിനുവേണ്ട ആഭരണ ങ്ങൾ തന്റെ ഭക്തർക്ക് ഒരുകാലത്ത് കാഞ്ഞിലിക്കോട്ട് ദേവി നൽകിയിരുന്നുവത്രേ. അശുദ്ധയായ ഏതോ സ്ത്രീ കാവുതീണ്ടിയതുമൂലം പിന്നീട് നിലച്ചുപോയി പോലും. സ്വർണ്ണ നിക്ഷേപമുണ്ടെന്നു പറയപ്പെടുന്ന പൊൻകുന്നിന് ചുറ്റും ദശാവതാരങ്ങൾ കാവൽ നിൽക്കുന്നുവത്രെ.

ഒരുകാലത്ത് പൊൻകുന്നിൽ നിന്നും ഇരുമ്പയി രുകൾ കൊണ്ടുവന്ന് സംസ്കരിച്ച് പണിയായുധങ്ങൾ നിർമ്മിക്കുന്ന വ്യവസായം ഇവിടെ ഉണ്ടായിരുന്നു. അയിരുകൾ ശേഖരിച്ചതെന്ന് കരുതപ്പെടുന്ന വലിയ കുഴികളും സംസ്കരിച്ചതിന്റെ അവശിഷ്ടങ്ങളായ ഇരുമ്പിൻ ചീടങ്ങളും ഇവിടെ ഇന്നും കാണാം. പഞ്ചാ യത്തിൽ പാറോൽ ഭാഗത്തുനിന്നും ലഭിച്ച കല്ലച്ചു കൾ നന്മണ്ടയിലെ രാഷ്ട്രീയ പൈതൃകത്തിന്റെയും സാമൂഹ്യ – സാംസ്ക്കാരിക പരിഷ്കരണ ചരിത്ര ത്തിന്റേയും മായാത്ത രേഖകളായി ഇന്നും അവശേ ഷിക്കുന്നു.

സവർണ്ണ മേധാവിത്തവും, ജന്മിത്ത വ്യവസ്ഥി തിയും അതിന്റെ 'നവരസഭാവ'ങ്ങളോടുകൂടി കൊടി ക്കുത്തി വാണിരുന്ന പ്രദേശമായിരുന്നു നന്മണ്ട. അയിത്തവും തീണ്ടലും കേരളത്തിൽ നിലനിന്നിരു ന്നപ്പോൾ നമ്മുടെ പഞ്ചായത്ത് അതിന്റെ ഉച്ചസ്ഥാ യിയിലായിരുന്നു. അയൽ പ്രദേശങ്ങളിൽ തൊട്ടാൽ തീണ്ടിയിരുന്നപ്പോൾ നന്മണ്ടയിൽ അവർണ്ണരെ "ദൃഷ്ടിയിൽ പെട്ടാൽ പോലും ദോഷമുള്ളത്ര" രൂക്ഷ തയിലായിരുന്നു അയിത്തം. കാർഷിക മേഖലയിൽ മുത്തുകൾ വിളയിച്ചിരുന്ന കർഷക തൊഴിലാളി കൾക്ക് ഭക്ഷണം കൊടുത്തിരുന്നതുപോലും മണ്ണിൽ കുഴിയുണ്ടാക്കി ഇലവാട്ടി അതിനകത്തിട്ടായിരുന്നു. യാതനകൾ ഏറെ അനുഭവിച്ച ഈ അടിസ്ഥാന വർഗ്ഗ ത്തിന്റെ ഇന്നത്തെ ജീവിത നിലവാരം, കേരളത്തി ലുണ്ടായ സാമൂഹ്യ–പരിവർത്തന പ്രവർത്തനങ്ങൾ നന്മണ്ടയിലും ദ്രുതഗതിയിൽ നടന്നു എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ്.

ഇന്ന് നിലനിൽക്കുന്ന വിവാഹാചാരങ്ങളിൽ പലതും മുൻകാലങ്ങളിൽ നിന്ന് പല മാറ്റങ്ങൾക്കും വിധേയമായി ഉരുത്തിരിഞ്ഞുവന്നതാണ്. ഋതുമതിയാ വുന്നതിനുമുമ്പ് 'കെട്ടുകല്ല്യാണം' കഴിഞ്ഞ പെൺകു

ട്ടിക്ക് മാത്രമേ അക്കാലത്ത് വിവാഹത്തിന് അർഹത ഉണ്ടായിരുന്നുള്ളു. വളരെ ആർഭാടമായി 'പാട്ടമ്മ'യുടെ സാന്നിധ്യത്തിലാണ് ഇത്തരം കെട്ടു കല്ല്യാണങ്ങൾ നടന്നിരുന്നത്. ഇത്തരം ആചാരങ്ങൾ സമൂഹത്തിൽ നിന്ന് തുടച്ചുമാറ്റപ്പെട്ടെങ്കിലും ജാതക പൊരുത്തത്തിന്റെ അടിസ്ഥാനത്തിലുള്ള വിവാഹ സമ്പ്രദായം ഇന്നും നിലനിൽക്കുന്നു. ഇന്ന് സാംസ്കാരിക രംഗത്ത് ഏറെ ഉയർന്നുനിൽക്കു മ്പോഴും വിവാഹവും മറ്റു ചടങ്ങുകളും ആർഭാടങ്ങ ളായി മാറിയിരിക്കുന്നത് ചർച്ചചെയ്യപ്പെടേണ്ടതാണ്.

നന്മണ്ടയുടെ സാംസ്കാരിക രംഗം സമ്പുഷ്ട മാക്കുന്നതിന് മുസ്ലിം സമുദായവും അതിന്റേതായ പങ്ക് വഹിച്ചിട്ടുണ്ട്. സവർണ്ണ മേധാവിത്തം നിലനിന്ന കാലത്ത് താഴ്ന്ന ജാതിക്കാർക്ക് മുസ്ലിം വീടുകളിൽ പ്രവേശനം അനുവദിച്ചിരുന്നു എന്നത് ശ്രദ്ധാർഹ മാണ്. അക്കാലത്ത് മുസ്ലിംകൾക്ക് സവർണ്ണരുടെ വീടുകളിൽ പ്രവേശനമുണ്ടായിരുന്നു. വീട് തീണ്ടാ തിരിക്കുവാൻ പ്രത്യേകം തടുക്കുകൾ അവർക്ക് കൊടുത്തിരുന്നു. മുസ്ലിം സമുദായത്തിന്റെ മഹല്ല് സംവിധാനങ്ങൾ നന്മണ്ടയിൽ അക്കാലത്തും ഉണ്ടാ യിരുന്നത് ഇവിടുത്തെ സാമുദായിക പ്രവർത്തനങ്ങ ളുടെ ചരിത്രവും ചിത്രവും നൽകുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായുണ്ടായ സ്വാതന്ത്ര്യസമരത്തിന്റെ അലയടികൾ നമ്മുടെ പഞ്ചായത്തിനെ കർമ്മോന്മുഖമാക്കിയിരുന്നു. വെള്ള ക്കാരന്റെ ബൂട്ടുകൾ കേരളക്കരയിൽ മുഴങ്ങിയപ്പോൾ, അതിനെതിരെ ശക്തമായ പ്രതിരോധ നിര തീർക്കാൻ സാധിച്ച മഹദ് വ്യക്തികൾ നമുക്ക് പിതൃതുല്യരായി ഇവിടെ പ്രവർത്തിച്ചിരുന്നു, മാന്യദേഹങ്ങൾ പലതും ഇന്ന് നമ്മോടൊപ്പമില്ലെങ്കിലും അവരുടെ വീരസ്മൃ തികൾ നന്മണ്ടയുടെ സാംസ്കാരിക പാരമ്പര്യത്തിന് മുതൽക്കൂട്ടാണ്. ശ്രീ. കോളോത്ത് ഉണ്ണിനായർ, കേന്ദ്ര ഗവൺമെന്റിന്റെ താമ്രപത്രം നേടിയവരായ ശ്രീ. നൊരമ്പുക്കണ്ടി കുഞ്ഞിരാമൻ നായർ, ശ്രീ. പുതിയോട്ടിൽ കൃഷ്ണൻ നായർ എന്നിവർ നന്മണ്ട യിലെ സ്വാതന്ത്ര്യ സമരനിരയിലെ പോരാളികളായി രുന്നു. ബ്രിട്ടീഷ് സർവ്വാധിപൻമാരുടെ ജയിലറകൾ സമ്മാനിച്ച മാറാരോഗങ്ങൾ മൂലം മരണം വരിക്കേ ണ്ടിവന്നവരാണ് ശ്രീ. വി.എം. കിടാവ്, ശ്രീ. എൻ.എ. ഗോപാലൻ നായർ എന്നിവർ 15-ാം വയസ്സിൽ സ്വാതന്ത്ര്യ സമരരംഗത്തെത്തിയ ശ്രീ. ഗോപാലൻ നായർ 23-ാം വയസ്സിൽ വീരചരമമടയുകയായിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ സാരഥികളായിരുന്ന കേള പ്പജി, അബ്ദുറഹിമാൻ സാഹേബ് എന്നിവർ നന്മ ണ്ടയുമായി കൂടുതൽ അടുത്തു പ്രവർത്തിച്ചുരുന്നു എന്ന നാട്ടറിവ് കൂടിയാകുമ്പോൾ ദേശീയ പ്രസ്ഥാ നത്തിന്റെ പാതയിൽ നമ്മുടെ പഞ്ചായത്തിനുള്ള ചരി ത്രപരമായ പങ്ക് വിപുലമാക്കുന്നു.

ആതുര സേവനരംഗത്ത് പ്രസിദ്ധിയാർജ്ജിച്ച ഭിഷഗ്വരന്മാരുടേയും, നേത്രരോഗ വിദഗ്ദൻമാരു ടേയും കർമ്മങ്ങൾകൊണ്ട് പവിത്രമായ പുണ്യഭൂമി യാണ് നന്മണ്ട പഞ്ചായത്ത്. ആയുർവ്വേദ രംഗത്ത് ലോകശ്രദ്ധയാകർഷിച്ച കോട്ടക്കൽ ആര്യവൈദ്യ ശാല സ്ഥാപകൻ വൈദ്യരത്നം ശ്രീ. പി.എസ്. വാരി യർ പന്ന്യം പള്ളി വാര്യംമഠം തലമുറക്കാരനായി രുന്നു. ശ്രീ. ഇമ്പിച്ചുണ്ണി വൈദ്യർ, ശ്രീ. തെക്കേടത്ത് ഉണ്ണിനായർ, ശ്രീ. കോട്ടയുള്ളതിൽ ചാപ്പുണ്ണിനായർ, ശ്രീ. ഗോവിന്ദൻ നായർ തുടങ്ങിയവർ അറിയപ്പെടുന്ന നാട്ടുവൈദ്യന്മാരായിരുന്നു. വിഷവൈദ്യചികിത്സാരം ഗത്തിന് അടിത്തറ പാകിയതിൽ വിഷവൈദ്യശിരോ മണി ശ്രീ. ചാപ്പോട്ടി വൈദ്യർ, ചെറുവോട്ട് നാരായ ണൻ നായർ എന്നിവർ അവിസ്മരണീയരാണ്.

വരുംതലമുറയ്ക്ക് ഒരു സാംസ്ക്കാരിക പൈതൃകം നൽകാനായി ഇന്ന് നമുക്കുള്ള സ്ഥാപ നങ്ങൾ സ്കൂളുകളും ഗ്രന്ഥാലയങ്ങളും സാംസ്കാ രിക രംഗത്ത് പ്രവർത്തിക്കുന്ന കലാസമിതികളു മാണ്. സ്വാതന്ത്ര്യലബ്ദിക്കു മുമ്പുതന്നെ നന്മണ്ട 13 ൽ ഒരു പബ്ലിക്ക് ലൈബ്രറി ഉണ്ടായിരുന്നു. പഞ്ചാ യത്തിലെ പ്രഥമ ഗ്രന്ഥാലയമായിരുന്നു ഇത്. ഇന്നത്തെ പഞ്ചായത്ത് ലൈബ്രറിയായി മാറിയ ആ പബ്ലിക്ക് ലൈബ്രറി പഞ്ചായത്ത് രൂപീകൃതമായ പ്പോൾ പഞ്ചായത്തിന് സമർപ്പിക്കപ്പെടുകയായിരുന്നു. ഇന്ന് ഇവിടെ 3500 ൽ അധികം പുസ്തകങ്ങൾ ഉണ്ട്. പഞ്ചായത്തിന്റെ സാംസ്കാരിക പുരോഗതിയുടെ 'ഹരിശ്രീ' കുറിച്ച ഇത്തരം സാംസ്കാരിക സ്ഥാപ നങ്ങളിൽ ചിലതെങ്കിലും വർഷങ്ങൾക്കുശേഷം നില നിൽക്കുന്നത് ആഹ്ലാദകരമാണ്. 1965 ൽ ചീക്കിലോട് ആരംഭിച്ച ഉദയാ വായനശാല മറ്റൊരു ദൃഷ്ടാന്ത മാണ്. ഏകദേശം 2 ലക്ഷം രൂപ ചെലവ് വരുന്ന ഒരു കെട്ടിടം 48,000 രൂപയ്ക്ക് തീർത്തും മൂവ്വായിരത്തോളം പുസ്തകങ്ങൾ ഗ്രന്ഥാലയത്തിന് സ്വന്തമായി അവ കാശപ്പെടാൻ സാധിക്കുന്നതിന്റേയും പിന്നിൽ സാംസ്കാരിക പ്രവർത്തകരുടേയും, നാട്ടുകാരു ടേയും, ശുഭകാംക്ഷികളുടേയും, കലവറയില്ലാത്ത സഹകരമമാണുള്ളത്. സാംസ്കാരിക രംഗത്ത് നെടു നായകത്വം വഹിക്കുന്ന ഗ്രന്ഥാലയങ്ങൾ പഞ്ചായ ത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉണ്ട്. (പട്ടിക കാണുക) എങ്കിൽക്കൂടി മിക്കവയിലുമുള്ള ഭൗതിക സൗകര്യങ്ങളുടെ അഭാവവും വായനാശീലത്തെ തളർത്തുന്ന ബാഹ്യമായ ഇടപെടലുകളും ഇത്തരം ഗ്രന്ഥാലയങ്ങളുടെ വളർച്ചയെ മുരടിപ്പിക്കുന്നതായി ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

## പട്ടിക-1
## ഗ്രന്ഥാലയങ്ങൾ

| ക്രമനമ്പ് | ഗ്രന്ഥശാലയുടെ പേര് | വാർഡ് | സ്ഥാപിതം | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ വിതരണം | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|
| 1. | നന്മണ്ട പഞ്ചായത്ത് ഗ്രന്ഥാലയം | 1 | 1957 | 3500 | 450 | 200 മെമ്പർമാർ |
| 2. | ഉദയാ- ചീക്കിലോട് | 7 | 1965 | 3007 | 600 | 420 മെമ്പർമാർ |
| 3. | പ്രതിഭ- ചീക്കിലോട് | 7 | 1991 | 700 | 300 | 125 മെമ്പർമാർ |
| 4. | P.K.S. ഗ്രന്ഥാലയം- കാരക്കുന്നത്ത് | 5 | 1993 | 1800 | 250 | • |
| 5. | ജ്ഞാനശ്രീ- എഴുകുളം | 4 | 1992 | 2000 | 300 | |
| 6. | ചേതന- കുളിപ്പൊയിൽ | 5 | 1984 | 2500 | 350 | |
| 7. | ജ്വാല- കൊളത്തൂർ | 8 | | | | |

ഇത്തരം ഗ്രന്ഥാലയങ്ങളിലും വായനശാലകളിലും നടന്ന ചർച്ചകളും സെമിനാറുകളും മറ്റും നന്മണ്ടയുടെ സാംസ്ക്കാരികാവബോധത്തെ സാരമായി സ്വാധീനിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ വായനശീലത്തെ തളർത്തുന്ന 'പുത്തൻ സാംസ്കാരിക സംഭവ വികാസ'ങ്ങൾക്കെതിരെ നാം പ്രതികരിക്കേണ്ടിയിരിക്കുന്നു.

## പട്ടിക 2
## വായനശാലകൾ

| ക്രമനമ്പ് | പേര് | സ്ഥാപിതം | പ്രതിദിനം ലഭിക്കുന്ന പത്രങ്ങളുടെ എണ്ണം. | മറ്റാനുകാലിക പ്രസിദ്ധീകരണങ്ങൾ | കെട്ടിടം സ്വന്തം/ വാടക | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1. | ഉദയ- ചീക്കിലോട് | 1965 | 6 | 10 | സ്വന്തം | ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേഷൻ |
| 2. | യുവജന- കോളിയോട്മല | 1975 | 2 | – | വാടക | സ്വന്തം കെട്ടിടത്തിന് തറയിട്ടിട്ടുണ്ട്. |
| 3. | ഫ്രൻസ്- വായനശാല | 1975 | 4 | 2 | | വൈദ്യുതി ഇല്ല |
| 4. | മാട്ടുങ്ങൽ ചെക്കിണി സ്മാരക വായനശാല- ബാലബോധിനി | 1979 | 2 | 2 | സ്വന്തം | |
| 5. | സരൾ വായനശാല- ചീക്കിലോട് | 1982 | 2 | – | സ്വന്തം | |
| 6. | പ്രതിഭ- ചീക്കിലോട് | 1991 | 3 | 3 | വാടക | |
| 7. | വെസ്റ്റേൺ- നന്മണ്ട | 1989 | 2 | – | " | |
| 8. | ന്യൂലൈറ്റ്- വായനശാല | 1995 | 3 | – | " | |
| 9. | ജ്വാല കൊത്തൂർ | | 3 | – | സ്വന്തം | |
| 10. | നന്മണ്ട പഞ്ചായത്ത് വായനശാല | 1957 | 5 | 5 | സ്വന്തം | |
| 11. | ജ്ഞാനശ്രീ- എഴുകുളം | 1992 | | | | |
| 12. | ചേതന- വായനശാല | 1984 | | | | |
| 13. | A.K.G. സ്മാരക വായനശാല | | | | | |
| 14. | P.K.S. ഗ്രന്ഥാലയം വായനശാല | 1993 | 4 | 4 | സ്വന്തം | ഗ്രന്ഥശാല സംഘം അഫിലിയേഷൻ ഉണ്ട്. |

പഞ്ചായത്തിൽ വിവിധ പത്രങ്ങളുടെ സർക്കുലേഷൻ 1165 ഓളം വരും . (പത്ര ഏജന്റുമാർ വഴികിട്ടിയ വിവരം) പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ 20 പേർക്ക് ഒരു പത്രം എന്ന നിരക്കിൽ നമുക്ക് ലഭിക്കുന്നുണ്ട്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിൽ വായനാശീലം കുറവാണെന്ന് ഗ്രാമസഭാ അവലോകനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. വായനാശീലം വളർത്തുന്ന വിവിധ പ്രവർത്തനങ്ങൾ ഇനിയും വരേണ്ടതിന്റെ ആവശ്യകത വാർഡ് തല റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിലെ 2–ാം വാർഡിൽ വായനശാലയോ, ഗ്രന്ഥാലയങ്ങളോ ഇല്ലെന്ന വസ്തുതയും ഇവിടെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ വിവിധ വായനശാലകളുടെ പട്ടിക 2 ൽ ചേർത്തിരിക്കുന്നു. (അവലംബം– ഗ്രാമസഭാ റിപ്പോർട്ട്, ദ്വിതീയ സ്ഥിതി വിവരം)

സമ്പുഷ്ടമായ സാംസ്കാരിക ജീവിതത്തിന്റെ ചരിത്രസ്മൃതികൾ അയവിറക്കാൻ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി ഇരുപത്തിയഞ്ചോളം ക്ഷേത്രങ്ങളുണ്ട്. ഇതിൽ 1500 ൽ പരം വർഷത്തെ പഴക്കം കണക്കാക്കിയിട്ടുള്ള ശ്രീ കൊളത്തൂരപ്പൻ ക്ഷേത്രത്തിൽ നിന്നും കണ്ടെടുത്ത ശിലാ ലിഖിതങ്ങൾ കുറുമ്പ്രനാടൻ സ്വരൂപത്തിന്റേയും രാജഭരണത്തിന്റേയും കഥകൾ പറയുന്നു. 'കുറുമ്പുറൈ' എന്ന അന്നത്തെ സ്ഥാനപ്പേരിനെക്കുറിച്ചുള്ള ഏറ്റവും പഴയരേഖ കിട്ടിയിടത്തോളം കൊളത്തൂർ ലിഖിതമാണ്. മഹാശിലാ പരിഷ്കൃതിയുടെ പാത്രമാതൃകയായ കറുപ്പും ചുവപ്പും നിറമുള്ള പാത്രങ്ങളും, 'സാർക്കോഫാഗസ്' എന്നറിയപ്പെടുന്ന കാലുകളുള്ള മൺപേടകങ്ങളും ചീക്കിലോട് ഭാഗത്തുനിന്നും ലഭിച്ചിട്ടുണ്ട്. ഏതാണ്ട് എട്ട് നൂറ്റാണ്ട് പഴക്കമുള്ള കറുമ്പ്രനാടൻ സ്വരൂപത്തിന്റെ ചരിത്ര സിദ്ധിയെ മനസ്സിലാക്കാനുതകുന്ന കൊളത്തൂർ ലിഖിതങ്ങളുടെ പ്രാധാന്യം വളരെ വലുതാണ്– നമ്മുടെ പഞ്ചായത്തിന്റെ ചരിത്ര സംസ്കാരത്തെ വിളിച്ചറിയിക്കാനുതകുന്നതാണിത്. (അവലംബം ശ്രീ. കൊളത്തുരപ്പൻ ക്ഷേത്രം സ്മരണിക) പഞ്ചായത്തിലെ പഴക്കമേറിയ ക്ഷേത്രങ്ങളിലൊന്നായ തളി മഹാക്ഷേത്രം കേരളത്തിലെ 64 തളിക്ഷേത്രങ്ങളിൽ ചരിത്രപരമായും, സാംസ്കാരികമായും വളരെ പ്രാധാന്യമുള്ളതാണ്. ഈ അടുത്ത കാലത്ത് 'വരിയ്ക്ക കണ്ടിയ്ക്ക' യജ്ഞത്തിലൂടെ ജനശ്രദ്ധയാകർഷിച്ച ശ്രീ. പര ലാട് ഭഗവതീ ക്ഷേത്രം പഞ്ചായത്തിന്റെ നാലാം വാർഡിലാണ്.

പഞ്ചായത്തിൽ ഭൂരിഭാഗമുള്ള ഹിന്ദുക്കളും, ന്യൂനപക്ഷ മുസ്ലിം–കൃസ്ത്യ ജനവിഭാഗങ്ങളും മറ്റ് പ്രദേശങ്ങൾക്ക് മാതൃകയാകുന്ന രീതിയിൽ ഇന്ന് സഹോദര്യത്തോടെ ജീവിച്ചുപോരുന്നു.

വിദ്യാഭ്യാസ രംഗത്തു പ്രവർത്തിച്ചിരുന്ന 'ഓത്തുപള്ളികൾ മുസ്ലിം സമുദായം വിദ്യാഭ്യാസത്തിനു നൽകിയ പ്രാധാന്യം അനുസ്മരിപ്പിക്കുന്നു. മതപഠന കേന്ദ്രങ്ങളായ 'മദ്രസകൾ'പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് പ്രവർത്തിച്ചു വരുന്നുണ്ട് അറബി–മലയാള പഠനത്തെക്കുറുച്ചും ഗ്രാമസഭാ റിപ്പോർട്ടുകളിൽ സൂചിപ്പിക്കപ്പെട്ടിടുണ്ട്. മുസ്ലീം ആരാധനാ കേന്ദ്രങ്ങളായി 6 ജുമാഅത്ത് പള്ളികൾ നന്മണ്ടയിലുണ്ട്. കൂടാതെ സാമ്പികളും ഉണ്ട്. പഞ്ചായത്തിൽ കൃസ്ത്യൻ ദേവാലയങ്ങൾ ഇല്ല. ഇന്നത്തെ സാംസ്ക്കാരിക– സാമുഹ്യ മണ്ഡലങ്ങിൽ മതപരമോ, ജാതിപരമോ ആയ വിവേചനമോ, അഭിപ്രായ ഭിന്നതകളോ ഇല്ലെന്നുള്ളത് ഏറെ അഭിമാനത്തോടെ നമുക്ക് വിളിച്ചറിയിക്കാവുന്നതാണ്.

നന്മണ്ടയുടെ സാംസ്കാരിക പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന കലകളായിട്ടുള്ള തിറ, വെള്ളാട്ട്, പരിചമുട്ട്, വട്ടക്കളി, കോൽക്കളി തുടങ്ങിയവ അനുഷ്ഠാനങ്ങളുടെ ഭാഗമായും അല്ലാതെയും നത്തിവരുന്നുണ്ട്. ഇത്തരം പാരമ്പര്യ അനുഷ്ഠാന കലകൾ അവതരിപ്പിക്കുന്ന പരമ്പരാഗത കുടുംബങ്ങളുടെ സ്ഥിതി വളരെ മെച്ചപ്പെട്ടതാണെന്ന് പറഞ്ഞുകൂടാ. കേരളത്തിലെ അറിയപ്പെടുന്ന പഞ്ചവാദ്യ സംഘം പഞ്ചായത്തിലെ 10 ാം വാർഡിൽ പ്രവർത്തിച്ചുവരുന്നു. ക്ഷേത്രങ്ങളിലും മറ്റും നടക്കുന്ന ആഘോഷപ്രവർത്തനങ്ങൾ ഇവിടത്തെ ജനങ്ങൾക്ക് വിഭാഗീയത മറന്നു ചിന്തിക്കാൻ അവസരം നൽകുന്നു. നമുക്ക് അന്യം വന്നുകൊണ്ടിരിക്കുന്ന അനുഷ്ഠാന കലകളെ പ്രോൽസാഹിപ്പിക്കുകയും, പരിപോഷിപ്പിക്കുയും ചെയ്യേണ്ടത് പുതിയ തലമുറയുടെ കർത്തവ്യമണ്ഡലത്തിൽ പരമപ്രധാനമാണ്.

സാമൂഹ്യ ജീവിതത്തിൽ, അനാചാരങ്ങളെ തിരിച്ചറിയാനുതകുന്ന വിദ്യാഭ്യാസം സാംസ്കാരിക രംഗത്തെ പരിപോഷിപ്പിക്കുന്നു നാട്ടുപള്ളിക്കൂടങ്ങളിൽ നിന്നും, എഴുത്തു പള്ളികളിൽ നിന്നും അക്ഷരങ്ങൾ സ്വായത്തമാക്കിയിരുന്ന വിദ്യാർത്ഥികൾക്കു വേണ്ടി 1905 ലാണ് ഒരു സ്കൂൾ സ്ഥാപിക്കപ്പെടുന്നത്. ഇന്നു നിലനിൽക്കുന്നവയിൽ പഴക്കമേറിയതും ഈ സ്കൂൾ തന്നെയാണ്. (ന്മണ്ട എ.യു.പി.സ്കൂൾ) 1966 മുതൽ 1981 ൽ സമാധി പ്രാപിക്കും വരെയുള്ള ശ്രീമദ് ഗുരുവരാനന്ദ സ്വാമികളുടെ കൊളത്തൂർ കേന്ദ്രമാക്കിയുള്ള സാമൂഹ്യ–സാംസ്കാരിക – വിദ്യാഭ്യാസ രംഗങ്ങളിലെ പ്രവർത്തനം എക്കാലത്തും ഓർമ്മിക്കപ്പെടേണ്ടതാണ്. ഇന്ന് പഞ്ചായത്തിൽ 15 സ്കൂളുകൾ ഉണ്ട്. എങ്കിലും ഭൗതിക സാഹചര്യങ്ങളുടെ അഭാവം

മിക്കവയും അനുഭവിക്കുന്നു. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനമന്ദീകരണം പുത്തൻ തലമുറയെ 'അക്ഷരജ്ഞാനം' പാഠ്യ വിഷയങ്ങളിൽ മാത്രം ഒതുക്കുന്ന സ്ഥിതിയിലേയ്ക്ക് നയിക്കുന്നു.

സാമ്പത്തിക പ്രശ്നങ്ങൾക്കാണ് കൂടുതൽ ഊന്നൽ എങ്കിലും പണം പയറ്റ് പോലുള്ള സാമ്പത്തിക ഇടപാടുകൾ നമ്മുടെ സാംസ്കാരിക ഛായ തന്നെയാണ്. വിവിധ തുറകളിലുള്ള ജനങ്ങൾ തമ്മിലുള്ള അടുപ്പവും വിശ്വാസവും വളർത്താൻ ഇവയ്ക്ക് കഴിയുന്നു എന്നുള്ളത് സാംസ്കാര സമ്പന്നതയുടെ നിദർശനമാണ്. അതുപോലെ പഞ്ചായത്തിൽ പ്രവർത്തിച്ചുപോരുന്ന രണ്ട് സിനിമാശാലകളും നമുക്കൊരു മുതൽക്കൂട്ടാണ്. സാമ്പത്തിക രംഗത്ത് ഭീമമായ ആഘാതമേൽപ്പിക്കുന്ന 'ബ്ലേയ്ഡ്' പണമിടപാടുകൾ നമ്മുടെ സാംസ്കാരിക ച്യുതിയായി കാണേണ്ടിയിരിക്കുന്നു. പത്തിനെ നൂറാക്കാൻ വ്യഗ്രതയുള്ള ഇത്തരക്കാരുടെ ഇരട്ടിപ്പെരുപ്പം മനുഷ്യനെ സ്വാർത്ഥ താല്പര്യക്കാരനാക്കുക വഴി നാളെ നമുക്ക് ഭീഷണിയായിത്തീരുമെന്നുള്ളത് നിസ്സംശയമാണ്.

### കലാ-കായിക രംഗങ്ങൾ

കായിക രംഗത്തും- കലാരംഗത്തും പ്രവർത്തിക്കുന്ന നിരവധി ക്ലബ്ബുകളും കലാസമിതികളും പഞ്ചായത്തിൽപ്രവർത്തിക്കുന്നുണ്ടെങ്കിലും പലതിന്റേയും സ്ഥിതി മെച്ചപ്പെട്ടതാണെന്നു പറഞ്ഞുകൂടാ. സ്കൂൾ കായിക മത്സരത്തിൽ സംസ്ഥാനതലം വരെയെത്തി വിജയം വരിച്ച പ്രതിഭകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും പിന്നീടവരെ പരിപോഷിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കായികരംഗം വളർത്താനുതകുന്ന ഒരു വേദി പഞ്ചായത്ത് തല ഏകീകരണത്തോടെ നമുക്ക് സാധിച്ചിട്ടില്ലെന്നതും, ഒരു സ്റ്റേഡിയത്തിന്റെ അഭാവവും നമ്മുടെ കായികരംഗത്തിന് 'തളർവാതം' സൃഷ്ടിക്കുന്നു. സംസ്ഥാന - ജില്ലാ നിലവാരത്തിലുള്ള വോളിബോൾ മേള സംഘടിപ്പിച്ചിരുന്ന നിരവധി ക്ലബ്ബുകൾ ഇവിടെ ഉണ്ടായിരുന്നെങ്കിലും, അവയിൽ പലതിനും ഇന്നതിനു കഴിയാത്തതിന്റെ പ്രധാന കാരണം കായികരംഗത്തുണ്ടായിട്ടുള്ള വിലക്കയറ്റം' തന്നെയാണ്.

കലാരംഗത്തെ ഇരുകൈയ്യും നീട്ടി സ്വീകരിച്ച പാരമ്പര്യമേ നന്മണ്ട പഞ്ചായത്തിനുള്ളു. കായിക രംഗത്തിലേതുപോലെ തന്നെ കലാരംഗത്തു പ്രവർത്തിക്കുന്ന അനേകം കലാസമിതികൾ സാംസ്കാരിക തനിമ കാത്തുസൂക്ഷിക്കാൻ ഇന്നു നമുക്കുണ്ട്.

1978-79 കാലഘട്ടങ്ങളിൽ ആരംഭിച്ച ചീക്കിലോട് 'ആർട് സ്റ്റേജ്' കലാസാംസ്കാരിക രംഗത്ത് ശ്രദ്ധേയമായ ഒരു സംഘടനായണ്. ഇന്നതിന്റെ പ്രവർത്തനം സംഗീതം, ചിത്രരചന, എന്നീ മേഖലകളിലാണ് പ്രവർത്തന പ്രതിസന്ധി മൂലം നാമാവശേഷമായ കലാസമിതികളും പഞ്ചായത്തിലുണ്ട്. രഞ്ജിനി കലാവേദി ഒരുദാഹരണം മാത്രം. 1971 ൽ സ്ഥാപിതമായ 'കൊളത്തൂരപ്പൻ കലാനിലയ'ത്തിൽ ശ്രീ. ചേമഞ്ചേരി കുഞ്ഞിരാമൻ നായർ, കലാമണ്ഡലം സത്യവൃതൻ എന്നിവരുടെ ശിക്ഷണത്തിൽ കഥകളി, മോഹിനിയാട്ടം, ഭരതനാട്യം നൃത്തം, വാദ്യോപകരണം എന്നിവ അഭ്യസിപ്പിച്ചുപോരുന്നു. കണ്ടംകുളങ്ങര ക്ഷേത്രവുമായി ബന്ധപ്പെട്ടും നൃത്തക്ലാസ് നടത്തിവരുന്നു. നന്മണ്ടയിലെ പ്രൊഫഷണൽ സംഘങ്ങളായ 'ഉപാസന', നന്മണ്ട കലാലയം എന്നിവ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പരിപാടികൾ അവതരിപ്പിച്ചുവരുന്നു. 1978 ൽ രൂപം കൊണ്ട 'ഉമാമഹേശ്വര' കലാസമിതി ക്ഷേത്ര സന്നിധികളിൽ തനതായ രീതിയിൽ അവതരിപ്പിച്ചുപോരുന്ന 'വിൽകാലമേള' 150 ൽ പരം വേദികൾ പിന്നിട്ടുകഴിഞ്ഞു. പഞ്ചായത്തിൽ ഇന്നു പ്രവർത്തിക്കുന്ന കലാ-കായിക സമിതികളുടെ പേര് വിവരം ചേർത്ത പട്ടിക 3 ൽ കൊടുക്കുന്നു. (അവലംബം ഗ്രാമസഭാ റിപ്പോർട്ട് ദ്വിതീയസ്ഥിതി വിവരം)

ഇന്നലെ വരെ സാംസ്കാരിക രംഗം കെട്ടുറപ്പുള്ളതായിരുന്നുവെങ്കിലും, കമ്പോള സംസ്കാരം നമ്മിൽ അടിച്ചേല്പിക്കപ്പെടുമ്പോഴും, പശ്ചാത്യ സംസ്കാരം അനുകരിക്കപ്പെടുമ്പോഴും കാത്തുസൂക്ഷിക്കപ്പെട്ട സാംസ്കാരിക പാരമ്പര്യത്തിന് മങ്ങലേൽക്കുന്നു. വരും തലമുറയ്ക്ക് കൈമാറാൻ നമുക്ക് യാതൊന്നും സൂക്ഷിക്കാൻ കഴിയാതെ വരുന്നു. ഇന്നിന്റെ പാശ്ചാത്തലത്തിൽ സാംസ്കാരിക രംഗത്ത് പ്രത്യക്ഷമായും, പരോക്ഷമായും അനുഭവപ്പെടുന്ന പ്രശ്നങ്ങൾഇങ്ങനെ ക്രോഡീകരിക്കാം . (അവലംബം ഗ്രാമസഭാ റിപ്പോർട്ടുകൾ, ദ്വിതീയ സ്ഥിതി വിവരം)

- അനുഷ്ഠാന കലകളും നാടൻകലകളും അന്യം നിന്നുപോയ്ക്കൊണ്ടിരിക്കുന്നു.
- പഞ്ചായത്തിലെ രണ്ടാം വാർഡിൽ വായനശാലയോ, ഗ്രന്ഥശാലയോ ഇല്ല.
- കായിക രംഗം ഒരു സ്റ്റേഡിയത്തിന്റെ അഭാവം അനുഭവിക്കുന്നു.
- ജനവിദ്യാകേന്ദ്രം മൃതപ്രായത്തിലാണ് ഉദയാ വായനശാലയിൽ അനുവദിക്കപ്പെട്ട ജനവിദ്യാകേന്ദ്രം ഇന്നേവരെ രൂപീകൃതമായിട്ടില്ല.

## പട്ടിക 3
## ക്ലബ്ബുകൾ- കലാസമിതികൾ

| S.No. | പേര് | സ്ഥാപിത വർഷം | മെമ്പർമാർ | പ്രവർത്തനമേഖല | കെട്ടിടം സ്വന്തം/ വാടക | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|
| 1. | ബാലബോധിനി- സ്പോർട്സ് ക്ലബ്ബ് | 1968 | 55 | കായികം | വാടക | രജിസ്ട്രേഷൻ ഉണ്ട് |
| 2. | കൊളത്തൂരപ്പൻ- കലാനിലയം | 1971 | | കല | സ്വന്തം | |
| 3. | ആർട് സ്റ്റേജ്- ചീക്കിലോട് | 1979 | 125 | കല | " | സംഗീതനാടക അക്കാദമി അഫിലിയേഷൻ |
| 4. | വെസ്റ്റേൺ സ്പോർട്സ് ക്ലബ്ബ് | 1973 | 30 | കല -കായികം | " | |
| 6. | ഉമാമഹേശ്വര- കലാസമിതി 1 | 978 | 43 | കല | സ്വന്തം | കേരളസംഗീതനാടക അക്കാദമി, കോഴിക്കോട് കേന്ദ്രകലാസമിതി, നെഹ്റു യുവകേന്ദ്ര എന്നി വയിൽ അഫിലിയേഷൻ. |
| 7. | ഫ്രൻസ്- പൊയിൽതാഴം | 1983 | 70 | കല- കായികം | വാടക | യുവജന ക്ഷേമസമിതി രജി സ്ട്രേഷൻ |
| 8. | സ്പാർക്കിങ്ങ്-ചീക്കിലോട് | 1993 | 40 | കല-കായികം | | |
| 9. | നന്മണ്ട- കലാലയം | 1993 | 28 | കല | വാടക | |
| 10. | ചിലമ്പൊലി ചീക്കിലോട് | 1995 | 35 | കല | " | |
| 11. | ന്യൂലൈറ്റ്- ചീക്കിലോട് | 1995 | 30 | കായികം | " | |
| 12. | അനശ്വര-കൊളത്തൂർ | 1995 | | കലാ-കായികം | " | നെഗ്റു യുവകേന്ദ്ര അഫി ലിയേഷൻ |
| 13. | സൗഹൃദം സാംസ്കാരിക വേദി | 1996 | | കല | | നിയമിതമായ അംഗങ്ങൾ ഇല്ല പ്രസി, സിക്ര, തുട ങ്ങിയ സാംപ്രദായിക രീതി ഇല്ല. |
| 14. | സമന്വയ കലാസമിതി | | | കല-കായികം | | |
| 15. | ഗ്രാമീണ കലാസമിതി | | | കല | | |
| 16. | യുവഭാവന-കാരക്കുന്നത്ത് | | | കായികം | | |
| 17. | നാഷണൽ സ്പോർട്സ് ക്ലബ്ബ് | | | " | | |
| 18. | നവധാര- നന്മണ്ട12 | | | കല-കായികം | | |
| 19. | ക്ലാസിക്കൽ സ്പോർട്സ് ക്ലബ് | | | കായികം | | |
| 20. | യുവജന-സ്പോർട്സ് ക്ലബ്ബ് | | | " | | |
| 21 | .അഭിനയ തിയ്യേറ്റേഴ്സ് | 1986 | | കല | | |
| 23. | പ്രണവം-കൊളത്തൂർ | 1994 | | കലാ-കായികം | | |
| 24. | ന്യൂബ്രദേഴ്സ് സ്പോർട്സ് ക്ലബ്ബ് | | | | | |
| 25. | ചാലഞ്ചേഴ്സ്-കുളിപ്പൊയിൽ | | | | | |

* അവലംബം ഗ്രാമസഭാ റിപ്പോർട്ട്

* വിവരങ്ങൾ ലഭ്യമാകാത്തതിനാൽ ചില ക്ലബ്ബുകളുടെ വിശദ വിവരങ്ങൾ ചേർത്തിട്ടില്ല.

✸ സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം വേണ്ട രീതിയിൽ നടക്കുന്നില്ല.

✸ ടെലിവിഷന്റെ കടന്നുകയറ്റം വായനശീല ത്തേയും, വിദ്യാർത്ഥികളുടെ പഠന നിലവാരത്തേയും തളർത്തുന്നു.

✸ ടെലിവിഷന്റെ കടന്നുകയറ്റം വായനാശീല ത്തേയും, വിദ്യാർത്ഥികളുടെ പഠന നിലവാരത്തേയും തളർത്തുന്നു.

✸ സംഘടനാപരമായ പ്രവർത്തനവൈകല്യവും, സാമ്പത്തിക പരാധീനതകളും കലാ-കായിക സംഘ ടനകളെ സാരമായി ബാധിക്കുന്നു.

### സാധ്യതകൾ- നിർദ്ദേശങ്ങൾ

⌖ അനുഷ്ഠാന കലകളുടേയും നാടൻ കലകളു ടേയും സർവ്വേ നടത്തി അത്തരം കലാകാരന്മാർക്ക് അർഹമായ അനുകൂല്യങ്ങളും പ്രോൽസാഹനങ്ങളും നൽകണം.

⌗ I A. പഞ്ചായത്തിലെ വായനശാലകൾ മുഴുവൻ കേരള ഗ്രന്ഥശാല സംഘത്തിൽ അഫിലിയേറ്റ് ചെയ്യാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കണം.

B. പുസ്തകങ്ങൾ വീടുകളിലെത്തിക്കാൻ സഞ്ചരിക്കുന്ന ലൈബ്രറികൾ സംഘടിപ്പിക്കാൻ നിലവിലുള്ള സാംസ്കാരിക സംഘടനകളെ ചുമതലപ്പെടുത്തണം.

C. സ്വന്തമായ കെട്ടിടങ്ങളുള്ള വായനശാലകളെ ഗ്രന്ഥശാലകളായി ഉയർത്താൻ കഴിയും.

D. വായനശാലകളുടെ ആവശ്യം എല്ലാ ഗ്രാമസഭകളിലും ഉന്നയിരക്കപ്പെട്ടിട്ടുണ്ട്. ഗൗരവമായി വിശകലനം ചെയ്ത് ഇവ സ്ഥാപിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവണം.

E. 2 ാം വാർഡിൽ വായനശാല സ്ഥാപിക്കാനുള്ള സത്വര നടപടികൾ വേണം.

F. ചീക്കിലോട് ഉദയാ ഗ്രന്ഥാലയം റഫറൻസ് ലൈബ്രറിയായി ഉയർത്താൻ കഴിയും.

⌗ പഞ്ചായത്ത് മൈതാനം ഉപയോഗ്യമാക്കുക. കൊളത്തൂർ ഹൈസ്കൂൾ ഗ്രൗണ്ട് മിനി സ്റ്റേഡിയമാക്കുക. നന്മണ്ട ഭാഗത്ത് ഒരു മിനി സ്റ്റേഡിയം പണിയുക.

⌗ ക്ലബ്ബുകൾക്കും, സാംസ്കാരിക സംഘടനകൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പികകാവുന്നതാണ്.

⌗ മദ്യ നിരോധന സമിതിപോലുള്ള സംരംഭങ്ങൾക്ക് അംഗീകാരവും പ്രോത്സാഹനവും നൽകേണ്ടതാണ്.

⌗ കലാ പ്രദർശനങ്ങൾ പോലുള്ള മൂല്യവത്തായ വിനോദോപാധികൾ കണ്ടെത്താവുന്നതാണ്.

⌗ പഞ്ചായത്ത് തലത്തിൽ കലാ–കായിക മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

⌗ പഞ്ചായത്തിലെ കലാ–സാംസ്കാരിക സാഹിത്യനായകന്മാരെ ഒരു കൂട്ടായ്മയ്ക്കുവേണ്ടി മൂന്നു മസം കൂടുമ്പോഴെങ്കിലും വിളിച്ചു ചേർക്കേണ്ടതാണ്.

⌗ കേരളോത്സവം പഞ്ചായത്തിന്റെ ഒരു സമഗ്ര ഉത്സവമായി നടത്തണം.

സാംസ്കാരിക രംഗത്ത് പേടിപ്പെടുത്തുന്ന അനുഭവങ്ങളെ സമ്മാനിച്ചുകൊണ്ടാണ് നാം കടന്നുപോകുന്നത്. ലഹരി പദാർത്ഥങ്ങളോടുള്ള ആസക്തി യുവതലമുറയുടെ സാംസ്കാരിക നിലവാരത്തിന്റെ താളം തെറ്റിക്കുന്നു. പെട്ടിക്കടകളേയും മറ്റും കേന്ദ്രമാക്കിക്കൊണ്ടുള്ള കഞ്ചാവിന്റേയും, മയക്കുമരുന്നിന്റേയും വിൽപനയും, പാൻപരാഗിന്റേയും, സിഗരറ്റിന്റേയും ഉപഭോഗത്തിലുള്ള വർദ്ധനവും നമ്മുടെ സാംസ്കാരിക പചയത്തിന്റെ ദുരന്ത കഥകളാണ് വിളിച്ചോതുന്നത്. ടെലിവിഷൻ സൃഷ്ടിക്കുന്ന സാംസ്കാരിക മലിനീകരണവും, മാനസിക പിരമുറുക്കങ്ങളും നമ്മുടെ യുവതലമുറയെ വഴിതെറ്റിക്കുക മാത്രമല്ല, കമ്പോള സംസ്കാരത്തിന് അടിമപ്പെടുത്തുകയും അവനവനിലേയ്ക്ക് ചുരുങ്ങാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ ഈ 'അവനവനിസ'മാണ് നമ്മുടെ സാമൂഹ്യ–രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രധാന പ്രതിസന്ധി.

# പാർപ്പിടം



ഗുഹകളിലും മരപ്പൊത്തുകളിലും പ്രകൃതിയുടെ സംഗീത സാന്ദ്രമായ അന്തരീക്ഷത്തിൽ മുഴുകി പരിണാമദിശയിൽ മുൻഗാമികളായ സഹജീവികളോട് ഇണങ്ങിയും, പിണങ്ങിയും ജീവിച്ചുപോന്ന മനുഷ്യന് കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കൊത്ത് വികാസം കൈവന്നപ്പോൾ വിശ്രമിക്കാനൊരു പ്രതിശ്രയം തേടുകയെന്നത് തപസ്യയായി.

വിദ്യാഭ്യാസ– സാംസ്ക്കാരിക രംഗങ്ങളിൽ ഏറെ മുൻപന്തിയിൽ നിൽക്കുന്ന നന്മണ്ട പഞ്ചായത്തിലെ പാർപ്പിട സ്ഥിതിയും ഒരു പരിധിവരെ തൃപ്തികരമായ നിലയിലാണ്. 5928 വീടുകൾ ഉള്ളതിൽ 1436 ഉം കോൺക്രീറ്റ് വീടുകളാണ്. ബാക്കിയുള്ളവർക്ക് ഓട്, ഓല, എന്നിവയുടെ മേൽക്കുരകളാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം വിളിച്ചോതുന്ന വൻ സൗധങ്ങളും അങ്ങിങ്ങായി കാണാം.

ചെങ്കല്ല് എന്നിവയുടെ ഭീമമായ വിലവർദ്ധനവ് ഇത്തരക്കാരെ കടക്കെണിയിലാഴ്ത്തുന്നു.

പാവപ്പെട്ടവർക്കും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർക്കും പാർപ്പിട നിർമ്മാണത്തിനു വേണ്ടി JRY-IAY M.W.S. എന്നീ പദ്ധതികളിലൂടെ ഗവർമെന്റ് നൽകിവുന്ന ധനസഹായം ഉപയോഗിച്ച് നിർമ്മിച്ച വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഭവന നിർമ്മാണത്തിന് വായ്പ നൽകുന്ന നന്മണ്ടയിലെ ഏക സ്ഥാപനമാണ് നന്മണ്ട. റൂറൽ കോ ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി.

മൊത്തം 27 പട്ടികജാതി കോളനികളിൽ 738 വീടുകളിലായി 3544 അംഗങ്ങൾ താമസിക്കുന്നുണ്ട്. കൂടാതെ 4 ലക്ഷം വീട് കോളനികളും, 4 നാല് സെന്റ് മിച്ചഭൂമി കോളനികളുംമുണ്ട്. ലക്ഷംവീട് കോളനി, 4 സെന്റ് കോളനിയും പൊതുവെ താമസയോഗ്യമല്ലെന്ന് തന്നെ പറയാം. ഇത് കോളനിവാസികളുടെ പാർപ്പിട പ്രശ്നമായി വിവിധ ഗ്രാമസഭാ റിപ്പോർട്ടുകളിൽ സൂചിപ്പിക്കുന്നു. ഭവന നിർമ്മാണത്തിനാവശ്യമായ വസ്തുക്കളുടെ വില വർദ്ധനവും ഭവന നിർമ്മാമ സഹകരണ സംഘങ്ങൾ ഈടാക്കുന്ന പലിശ നിരക്കും ഇടത്തരക്കാരുടെ ഭവന നിർമ്മാണ സ്വപ്നത്തെ തകിടം മറിക്കുന്നു.

**കെട്ടിടങ്ങൾ സംബന്ധിച്ച വിവരം**

| ആകെ വീടുകൾ | കോൺക്രീറ്റ് | ഓട് | ഓല | കുടിൽ |
|---|---|---|---|---|
| 5298 | 1436 | 2415 | 1302 | 145 |
| ശതമാനം | 27.1% | 45.58 % | 24.58 | 2.74 % |

സാമ്പത്തികമായി ഉയർന്ന നിലവാരത്തിലുള്ളവർ വീട് നിർമമാണത്തിന് ചെങ്കല്ല്– കരിങ്കല്ല്– ഇഷ്ടിക തുടങ്ങിയവ വിഭവങ്ങളാക്കുമ്പോൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ മൺകട്ട നിർമ്മിച്ച് വീടുകളൊരുക്കുന്നു. തറമെഴുകാൻ ചാണകവും കരിയും ഉപയോഗിക്കുന്നു. ഇത്തരം വീട് നിർമ്മാണം പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും നടത്തുന്നുണ്ട്.

കുട്ടുകുടുംബ വ്യവസ്ഥ നാട്ടിൽ നന്ന് പറിച്ചെറിയപ്പെട്ടതിന്റെ ഫലമായി മൂന്നോ– നാലോ അംഗങ്ങളുള്ള ഓരോ കുടുംബത്തിനും പ്രത്യേകം പാർപ്പിടം കണ്ടെത്തേണ്ടിവരുമ്പോൾ കെട്ടിട നിർമ്മാണത്തിനാവശ്യമായ സിമന്റ് – കമ്പി. കരിങ്കല്ല്,

വയലേലകൾ നികത്തി വീട് നിർമ്മിക്കാനുള്ള പ്രവണത നന്മണ്ടയിലും കാണുന്നുണ്ട്. കാർഷിക മേഖലക്ക് ഭീഷണിയുയർത്തുന്ന ഇത്തരം ഭവന നിർമ്മാണ പ്രക്രിയകൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്. വീടിന്റെ ഉന്നതിയും വിസ്തൃതിയും ഉയർന്ന് കാണാനുള്ള തിടുക്കവും പലരേയും സാമ്പത്തിക

പ്രതിസന്ധിയിലേക്കെത്തിക്കുന്നു.

ജീവിതപ്രയാസംകൊണ്ട് നട്ടംതിരിയുന്ന തൊഴിലന്വേഷകർ എണ്ണപ്പാടങ്ങളുടെ ഊഷരതയിലേക്ക് ഊളിയിടുകയും കഠിനമായി അദ്ധ്വാനിച്ച് സ്വരൂക്കൂട്ടുന്ന സമ്പാദ്യം മുഴുവൻ ഭവന നിർമ്മാണത്തിന് ചെലവിടുകയും ജീവിതസായാഹ്നത്തിൽ ദരിദ്രരായിത്തീരുകയും ചെയ്യുന്ന ഖേദകരമായ സത്യങ്ങൾ മനസ്സിലാക്കി നാം ഉള്ള് തുറന്ന് പ്രവർത്തിക്കേണ്ടത് അനിവാര്യമായിത്തീർന്നിരിക്കുന്നു.

## പ്രശ്നങ്ങൾ

- ഭവന നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല്, ചെങ്കല്ല്, മണ്ണ് എന്നിവ ക്രമാതീതമായി മറ്റു പ്രദേശങ്ങളിലേക്ക് കടത്തിക്കൊണ്ടുപോകുന്നു. ഈ സ്ഥിതി തുടർന്നാൽ സമീപ ഭാവിയിൽ ഭവന നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം നന്മണ്ടയിൽ അനുഭവപ്പെടും.
- ഭവന നിർമ്മാണ ആവശ്യങ്ങൾക്ക് വേണ്ടി ചെലവുകുറഞ്ഞ നിർമ്മാണ വസ്തുക്കൾ ഉപയോഗപ്പെടുത്തുന്നില്ല. മാർബിളും കടപ്പയും മറ്റു വിലകൂടിയ വസ്തുക്കളും അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകവഴി നമ്മുടെ സമ്പത്തിന്റെ നല്ലൊരു ഭാഗം അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു.
- വിലകൂടിയ നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് ഭവന നിർമ്മാണം നടത്താൻ ഉടമയെ പ്രേരിപ്പിക്കുന്ന പ്രവണത വിദഗ്ധ തൊഴിലാളികളിൽ വളർന്നുവരുന്നു. ബഹുഭൂരിപക്ഷം ഉടമകളും ഇത് സ്വീകരിക്കാൻ തയ്യാറാവുന്നതുമൂലം സിമന്റും കാവിയും ഉപയോഗിക്കേണ്ട അപ്രധാന ഭാഗങ്ങളിൽ പോലും മാർബിളും കടപ്പയും ടൈൽസും സ്ഥാനം പിടിക്കുന്നു.
- വീടിന്റെ തറ നിർമ്മാണചെലവിന്റെ പതിന്മടങ്ങ് കരിങ്കല്ലും സിമന്റും ചുറ്റുമതിലിനും മറ്റും ഉപയോഗപ്പെടുത്തുന്നു.
- വീടിന്റെ വാതിലുകൾ ശില്പഭംഗിയുള്ളതാക്കുക വഴി സാധാരണക്കാരന്റെ ഭവന നിർമ്മാണചെലവ് കൂടിവരുന്നു.
- ഫലഭൂയിഷ്ഠമായ സ്ഥലങ്ങൾ ഭവന നിർമ്മാണത്തിന് തെരഞ്ഞെടുക്കുക വഴി കാർഷിക വിഭവങ്ങൾ നശിക്കുകയും കാർഷികാദായം ഗണ്യമായി കുറയുകയും കുടുംബ വരുമാനത്തിൽ മാറ്റം വരുകയും ചെയ്യുന്നു.
- നെൽവയലുകൾ, ചതപ്പു നിലങ്ങൾ എന്നിവിടങ്ങളിൽ വീട് നിർമ്മിക്കുമ്പോൾ വമ്പിച്ച നിർമ്മാണ ചെലവുകളുണ്ടാകുന്നതോടൊപ്പം പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകുന്നു.
- അശാസ്ത്രീയമായ ഭവന നിർമ്മാണ രീതികൾ അവലംബിക്കുന്നതുമൂലം നിർമ്മാണ വസ്തുക്കൾ ദുർവ്യയം ചെയ്യപ്പെടുന്നു.
- പരിസ്ഥിതിക്കനുയോജ്യമായ വീടുകൾ നിർമ്മിക്കാത്തതുമൂലം ചിലവുകൂടുകയും ജീവിതം ദുരിതപൂർണ്ണമാവുകയും ചെയ്യുന്നു.

## സാധ്യതകൾ- പരിഹാരങ്ങൾ

- ശാസ്ത്രീയമായ രീതിയിൽ ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കാൻ ബോധവൽക്കരണം നടത്തുക.
- പ്രാദേശിക വിഭവങ്ങൾ പാർപ്പിട നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുക.
- ഭവന നിർമ്മാണരംഗത്ത് അമിതമായ ധൂർത്ത് അവസാനിപ്പിക്കുക.
- കാർഷിക യോഗ്യമല്ലാത്ത സ്ഥലത്ത് മാത്രം കഴിവതും വീട് നിർമ്മിക്കുക.
- ചുറ്റുമതിലുകൾക്ക് അമിതമായി നിർമ്മാണ വസ്തുക്കൾ ഉപയോഗിക്കുന്നത് ഒഴിവാക്കുക.
- പരിസ്ഥിതിക്കനുയോജ്യമായ വിധത്തിൽ മാത്രം വീടുകൾ രൂപകല്പന ചെയ്യുക.
- വൻ തുകകൾ അന്യസംസ്ഥാനങ്ങളിലേക്കൊഴുകുന്ന മാർബിൾ–കടപ്പ തുടങ്ങിയവ ഒഴിവാക്കുക.
- പാവപ്പെട്ടവർക്ക് വേണ്ടി ഭവന നിർമ്മാണ പദ്ധതികൾ ഊർജ്ജിതമായി നടപ്പിലാക്കുക.
- പാവപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിൽ നിലവിലുള്ള നിയമ സാങ്കേതികത്വങ്ങൾക്ക് ഇളവനുവദിക്കുക.
- ദുർബ്ബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ വായ്പയും ഗ്രാന്റും അനുവദിക്കുന്നതിനുള്ള നിയമങ്ങൾ ലളിതവൽക്കരിക്കുക.
- ഭവന നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിക്കാൻസഹകരണാടിസ്ഥാനത്തിൽ യുനിറ്റുകളാരംഭിക്കുക.
- ദുർബ്ബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനുവേണ്ടി സ്ഥലം പൊന്നും വിലക്കെടുക്കുമ്പോൾ വെള്ളവും വൈദ്യുതിയും ലഭിക്കുന്ന ഗതാഗതയോഗ്യമായ സ്ഥലം തെരഞ്ഞെടുക്കുക.
- നിലവിലുള്ള ഇരട്ട വീടുകളായ ലക്ഷം വീടുകൾ ഒറ്റ വീടുകളാക്കി പുതുക്കി പണിയുക.ഒപ്പം വൈദ്യുതി–ശുദ്ധജലം–കക്കൂസ് സൗകര്യം എന്നിവ ലഭ്യമാക്കുക.
- 4 സെന്റ് കോളനി മിച്ച ഭൂമി കോളനിനിവസികളുടെ ഭവന നിർമ്മാണ പദ്ധതി ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുക.
- നെൽവയൽ നികത്തി കെട്ടിടം പണിയുന്നത് നിരുത്സാഹപ്പെടുത്തുക.
- പൊതു കിണറുകൾ– കുളങ്ങൾ എന്നിവക്ക് സമീപം വീടുകൾ നിർമ്മിക്കാൻ അനുവദിക്കാതിരിക്കുക.
- ഭവന നിർമ്മാണ വായ്പാ ഏജൻസികലുടെ പലിശ നിരക്ക് കുറക്കുക– പിഴപ്പലിശ എടുത്തുകളയാൻ നടപടി സ്വീകരിക്കുക
- യുവതീ യുവാക്കൾക്ക് ഭവന നിർമ്മാണ രംഗത്ത് പരിശീലനം നൽകാൻ പദ്ധതി ആവിഷ്ക്കരിക്കുക
- ദുർബ്ബല വിഭാഗങ്ങളെ വീട്ടുനികുതിയിൽ നിന്നൊഴിവാക്കുക.

# സാമൂഹ്യക്ഷേമം

ജീവിതത്തിന്റെ സമസ്ത മേഖലകളിലും പര്യാപ്തിയും സമത്വവും നേടിയ ജനങ്ങൾ ഒരു ഗ്രാമത്തിന്റെ അഭിമാനം തന്നെയാണ്. ഈ പര്യാപ്തി കൈവരിക്കുന്നതിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും പങ്ക് നിർണ്ണായകമായ ഒരു ഘടകമാണ്. വിവിധ പദ്ധതികളിലൂടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടി കോടിക്കണക്കിനു രൂപ സർക്കാർ ഖജനാവിൽനിന്ന് ചെലവാക്കപ്പെട്ടിട്ടുണ്ടെങ്കിലും, ലക്ഷ്യപ്രാപ്തി കൈവരിക്കാൻ വേണ്ടത്ര സഹായകമായിട്ടില്ലെന്ന് കാണാം.

നമ്മുടെ പഞ്ചായത്തിൽ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ജനങ്ങൾ നിരവധിയുണ്ട്. ഈ പിന്നോക്കാവസ്ഥയ്ക്ക് ചരിത്രപരവും, പ്രാദേശികവും, സാമൂഹികവുമായ ഒട്ടേറെ കാരണങ്ങൾ കണ്ടെത്താം. സാമൂഹ്യക്ഷേമത്തിൽ ദാരിദ്ര്യനിർമ്മാർജ്ജനത്തിനാണല്ലോ പ്രഥമപരിഗണന. 5298 വീടുകളുള്ള നമ്മുടെ പഞ്ചായത്തിൽ 2079 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഇതിൽ 346 പട്ടികജാതി–പട്ടികവർഗ്ഗ കുടുംബങ്ങളും 1733 മറ്റു കുടുംബങ്ങളും ഉൾപ്പെടുന്നു. 14% കുടുംബങ്ങൾക്ക് മാത്രമാണ് വിവിധ പദ്ധതികളിലൂടെയുള്ള സഹായം ലഭ്യമായത്. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ പട്ടിക ചുവടെ ചേർത്തിരിക്കുന്നു. (അവലംബം IRDP സർവെ)

പട്ടിക–1

| വാർഡ്നമ്പ്ര് | ആകെ കുടുംബങ്ങൾ | sc/stകുടുംബം | സഹായം ലഭിച്ചവർ | | | ദാരിദ്ര രേഖയ്ക്ക് മുകളിലെത്തിയവർ |
|---|---|---|---|---|---|---|
| | | | Sc/st | അളവ് | ആകെ | |
| 1 | 204 | 13 | 8 | 08 | 16 | 10 |
| 2 | 147 | 13 | 9 | 02 | 11 | 08 |
| 3 | 142 | 10 | 9 | 16 | 25 | 18 |
| 4 | 231 | 37 | 21 | 22 | 43 | 31 |
| 5 | 102 | 01 | 01 | 07 | 08 | 05 |
| 6 | 197 | 28 | 18 | 13 | 31 | 27 |
| 7 | 232 | 32 | 26 | 10 | 36 | 14 |
| 8 | 358 | 85 | 38 | 04 | 42 | 19 |
| 9 | 169 | 65 | 40 | 06 | 46 | 18 |
| 10 | 297 | 81 | 31 | 02 | 33 | 08 |

പട്ടികാവലോകനത്തിൽനിന്നും 58% പട്ടികജാതി–പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 5.2% മറ്റു കുടുംബങ്ങൾക്കും സഹായം ലഭിച്ചതായി മനസ്സിലാക്കാം. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിലൂടെ ഇനിയും ഒട്ടേറം കുടുംബങ്ങളെ നമ്മുടെ പഞ്ചായത്തിൽ ഉദ്ധരിക്കേണ്ടതുണ്ട്.

വിധവാ പെൻഷൻ, വികലാംഗപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ തുടങ്ങി മൊത്തം 675 പെൻഷൻ ഗുണഭോക്താക്കളാണ് നന്മണ്ട പഞ്ചായത്തിലുള്ളത്. പെൻഷന് അർഹരായവർ ഇതിലും കൂടുതൽ ഉണ്ടെങ്കിലും, അവർക്ക് പെൻഷൻ ലഭ്യമാകുന്നില്ല. പെൻഷൻ ലഭിക്കുന്നതിനുള്ള സാങ്കേതിക വശങ്ങളെക്കുറിച്ചുള്ള അജ്ഞതയാണ് ഇതിന്റെ ഒരു പ്രധാന കാരണം. സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുന്നതിനുവേണ്ടി പെൻഷൻ പദ്ധതികളെ പറ്റി സാധാരണ ജനങ്ങൾ ബോധവാൻമാരാവേണ്ടതുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന CRSP പദ്ധതിപ്രകാരം 91-92 മുതൽ 95-96 വരെയുള്ള കാലയളവിൽ, രണ്ട് VEO സർക്കിളുകളിലായി പഞ്ചായത്തിൽ 68 കക്കൂസുകൾ അനുവദിച്ചതിൽ 33 എണ്ണം പൂർത്തിയായിട്ടുണ്ട്. IRDP സർവ്വെപ്രകാരം 1273 വീടുകളിൽ കക്കൂസ് സൗകര്യം ഇല്ലാത്തതായി വെളിപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ മൊത്തം ജനങ്ങളുടേയും ആരോഗ്യസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്ന ഒരു അപര്യാപ്തതയായി ഇതിനെ കാണേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ തൊഴിലില്ലായ്മാ വേതനം ലഭിക്കുന്ന യുവജനങ്ങൾ അഞ്ഞൂറിലധികം വരും. തൊഴിൽ രഹിതർക്ക് സഹായധനം നൽകുന്ന ഈ പദ്ധതി സാമൂഹ്യക്ഷേമത്തിന് ഉതകുന്ന ഒന്നാണെങ്കിലും, അനർഹരായ പലരും തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നത് ഒരു ദേശീയനഷ്ടവും വരുത്തിവെയ്ക്കുന്നതായി ഗ്രാമസഭാ റിപ്പോർട്ടുകളിൽ എടുത്തു പറഞ്ഞിരിക്കുന്നു. അർഹരായവർക്ക് മാത്രം വേതനവിതരണം സാദ്ധ്യമാക്കുന്നതിന് പഞ്ചായത്ത് മുഖേനയുള്ള സമഗ്രമായ ഒരു സംവിധാനം ഏർപ്പെടുത്തേണ്ടത് പരമപ്രധാനമാണെന്നും ഗ്രാമസഭാ അവലോകനങ്ങൾ വിലയിരുത്തുന്നു.

**പട്ടിക-2**

**CRSP കക്കൂസുകൾ സംബന്ധിക്കുന്ന വിവരങ്ങൾ**

| വാർഡ്നമ്പ്ര് | കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിച്ചവ | കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം. |
|---|---|---|---|---|
| 1 | 186 | 1 | 1 | 185 |
| 2 | 116 | 1 | 1 | 115 |
| 3 | 101 | 5 | 4 | 96 |
| 4 | 171 | 17 | 17 | 154 |
| 5 | 81 | 2 | 2 | 79 |
| 6 | 121 | 7 | 6 | 114 |
| 7 | 121 | 14 | 2 | 119 |
| 8 | 212 | 12 | – | 200 |
| 9 | 95 | 6 | – | 89 |
| 10 | 125 | 3 | – | 122 |

ട്രൈസം പദ്ധതിപ്രകാരം തൊഴിൽ പരിശീലനം നേടിയ 31 പേരാണ് നമ്മണ്ട പഞ്ചായത്തിലുള്ളത്. ഇതിൽക്കൂടി തൊഴിൽ മേഖല കണ്ടെത്തിയവർ കേവലം 13 പേരാണ്. പരശീലന തൊഴിലിലൂടെ ഉപജീവനം അസാദ്ധ്യമായപ്പോൾ മറ്റുതൊഴിൽ മേഖലകൾ തേടിപ്പോയവരാണ് 18 പേർ. പരിശീലിച്ച തൊഴിൽ തുടരുന്നതിനുള്ള സൗകര്യങ്ങളും സാഹചര്യങ്ങളും ഇത്തരക്കാർക്ക് ഉണ്ടാകേണ്ടതുണ്ട്. കാലഘട്ടത്തെ അറിഞ്ഞുകൊണ്ടുള്ള തൊഴിൽ പരിശീലനം സാമൂഹ്യക്ഷേമപ്രവർത്തന രംഗത്തെ ഒരു അവിഭാജ്യഘടകം തന്നെയാണ്.

DWCRA പദ്ധതിപ്രകാരം തൊഴിൽനേടിയ 48 വനിതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. വിവിധ വാർഡുകളിലായി ഭക്ഷ്യസംസ്കരണം, അച്ചാർ, ജാം, നെല്ലുകുത്ത്, ടെയിലറിംങ്, ഡയറിയുനിറ്റ്, ജെല്ലി വർക്ക്സ് തുടങ്ങിയ സംരംഭങ്ങളിൽ ഇവർ പ്രവർത്തിച്ചുവരുന്നു. വനിതകളെ സ്വയം പര്യാപ്തിയിലെത്തിക്കാനുതകുന്ന ഇത്തരം പദ്ധതിയുടെ വിസ്തൃതി ഇനിയും വർദ്ധിക്കേണ്ടതുണ്ട്. തൊഴിൽ മേഖലയിൽ പ്രവർത്തിക്കാനുള്ള വനിതകളുടെ സന്നദ്ധത വിവിധ ഗ്രമസഭാ റിപ്പോർട്ടുകളിൽ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്.

സാമൂഹ്യക്ഷേമരംഗത്ത് എടുത്തുപറയേണ്ട ഒന്നാണ് അംഗൻവാടികൾ. നമ്മുടെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി 13 അംഗനവാടികൾ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. ഒരു ഗ്രാമത്തിന്റെ വികസനപ്രക്രിയയിൽ നെടുനായകത്വം വഹിക്കേണ്ടുന്ന ഇത്തരം അഗൻവാടികളുടെ സ്ഥിതി മെച്ചപ്പെട്ടതാണെന്നു പറയാൻ നിർവ്വാഹമില്ല. പലതിനും ആവശ്യമായ കെട്ടിട സൗകര്യങ്ങളോ, ഫർണീച്ചറുകളോ, കളിക്കോപ്പുകളോ മറ്റു പ്രാഥമിക സൗകര്യങ്ങളോ ഇല്ല. അംഗൻവാടികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾക്ക് പലതിനും മന്ദീകരണം സംഭവിച്ചിരിക്കുന്നു- സ്ത്രീകളുടേയും- ശിശുക്കളുടേയും സാമൂഹ്യക്ഷേമ രംഗത്തെ പ്രശ്നങ്ങൾ വിശകലനം ചെയ്യേണ്ട ഇത്തരം മഹിളാ സമാജങ്ങൾ പുനരുജ്ജീവിപ്പിക്കേണ്ടിയിരിക്കുന്നു.

കൊളത്തൂരിലെ പ്രൈമറി ഹെൽത്ത് സെന്റർ, നമ്മണ്ടയിലും, ചീക്കിലോടും ഉള്ള സബ്സെന്ററുകൾ എന്നിവയടക്കം 3 ആരോഗ്യകേന്ദ്രങ്ങൾ നമ്മുടെ

പഞ്ചായത്തിൽ കുടുംബക്ഷേമ രംഗത്ത് പ്രവർത്തിച്ചുവരുന്നു. കൊളത്തൂരിലുള്ള ആരോഗ്യകേന്ദ്രം അത്തോളിപഞ്ചായത്ത് ജനങ്ങൾക്കുകൂടി ലഭിച്ചുവരുന്നുണ്ട്. കുടുംബാസൂത്ര പ്രവർത്തനങ്ങളിലും ശിശുപരിപാലനത്തിലും പ്രത്യേക പങ്കുവഹിക്കുന്ന ഈ ആരോഗ്യകേന്ദ്രങ്ങൾ പഞ്ചായത്തിന്റെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് ഒരു മുതൽക്കൂട്ടാണ്.

പഞ്ചായത്തിൽ മൊത്തം 8 ന്യായവിലഷാപ്പുകളാണ് നിലവിലുള്ളത്. നില നിന്നിരുന്ന ചില റേഷൻഷോപ്പുകൾ നിർത്തലാക്കിയത് അതതു പ്രദേശങ്ങളിലെ ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. 4000 ത്തിൽപരം കാർഡുടമകളുള്ള നമ്മുടെ പഞ്ചായത്തിൽ അവശ്യവസ്തുക്കൾ വിതരണം ചെയ്യുന്ന മറ്റ് പൊതുകേന്ദ്രങ്ങൾ ഒന്നുംതന്നെ ഇല്ല. ഓണം, വിഷു തുടങ്ങിയ ആഘോഷവേളകളിൽ സഹകരണബാങ്കുകൾ മുഖേന ചന്തകളും, വിതരണകേന്ദ്രങ്ങളും ചിലഭാഗങ്ങളിൽ പ്രവർത്തിക്കാറുണ്ട്. സ്ഥിരമായി പ്രവർത്തിക്കുന്ന രണ്ട് മാവേലിസ്റ്റോറുകളെങ്കിലും പഞ്ചായത്തിൽ വേണമെന്ന ആവശ്യം ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്.

### പ്രശ്നങ്ങൾ

- ■ ദാരിദ്ര്യ നിർമ്മാർജ്ജത്തിനുള്ള പദ്ധതികൾ വഴി ലഭിക്കുന്ന ധനസഹായങ്ങളെപ്പറ്റി യഥാസ്ഥാനത്ത് അറിയുന്നില്ല ആനുകൂല്യങ്ങൾ യഥാസമയങ്ങളിൽ ലഭിക്കുന്നില്ല.
- ■ IRDP പദ്ധതിപ്രകാരം ലിസ്റ്റിൽപ്പെട്ട മുഴുവൻ ആളുകൾക്ക് ധനസഹായം കിട്ടിയിട്ടില്ല. അർഹരായ മുഴുവൻ പേരെയും ഇനിയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.
- ■ വിവിധ പെൻഷൻ പദ്ധതികളെപ്പറ്റി ഗുണഭോക്താക്കൾ അറിയുന്നില്ല. അപേക്ഷ കൊടുത്ത് കാത്തിരിക്കുന്നവർ ധാരളമുണ്ട്.
- ■ പഞ്ചായത്തിൽ 22% വീടുകളിൽ കക്കൂസില്ല.
- ■ അംഗൻവാടികളുടെ എണ്ണക്കുറവും, ഭൗതിസാഹചര്യങ്ങളുടെ അഭാവങ്ങളും നിലനിൽക്കുന്നു.
- ■ സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾ വേണ്ടത്ര ഊർജ്ജിതമായി നടക്കുന്നില്ല.
- ■ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി ഹാജരാക്കേണ്ട സാക്ഷ്യപത്രങ്ങൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽനിന്നും ലഭിക്കാൻ കാലതാമസം ഉണ്ടാകുന്നു.

### നിർദ്ദേശങ്ങൾ-സാധ്യതകൾ

- ❐ വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തണം.
- ❐ IRDP ധനസഹായത്തിന് അർഹരായവരെ കണ്ടെത്താൻ സമഗ്രമായ സംവിധാനങ്ങൾ ഉണ്ടാവണം.
- ❐ അംഗൻവാടികളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മഹിളാസമാജങ്ങളുടെ പ്രവർത്തനം സജീവമാകണം.
- ❐ ഓരോ കിലോമീറ്റർ ചുറ്റളവിലും ഓരോ അംഗൻവാടികൾ സ്ഥാപിക്കണം. നിലവിലുള്ള അംഗൻവാടികളിലെ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കണം.
- ❐ കക്കൂസുകളില്ലാത്ത വീടുകളിൽ, യുദ്ധകാലാടിസ്ഥാനത്തിൽ അവ നിർമ്മിക്കനുള്ള സംവിധാനങ്ങൾ കണ്ടെത്തണം.
- ❐ നിലച്ചുപോയ റേഷൻഷാപ്പുകളുടെ പുനർപ്രവർത്തനങ്ങൾക്കുള്ള ഉപാധികൾ കണ്ടെത്തണം.
- ❐ 60 വയസ്സുകഴിഞ്ഞ നിർദ്ദനരായ മുഴുവൻ പേർക്കും പെൻഷൻ ലഭ്യമാക്കണം.
- ❐ DWCRA പദ്ധതിപ്രകാരമുള്ള യൂനിറ്റുകൾ ആരംഭിക്കുക.



# വനിതാക്ഷേമം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഭരണത്തിൽ സ്ത്രീകൾക്ക് അർഹമായ സ്ഥാനം ഉറപ്പുവരുത്തുന്നതിലേക്കുള്ള സുപ്രധാനമായ കാൽവെപ്പാണ് ഭരണഘടനയുടെ 73 ഉം 74 ഉം ഭേദഗതികൾ. 1950ൽ ഒരു സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്കായിത്തീർന്ന ഭാരതത്തിന്റെ ഭരണഘടന സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയുമായ രംഗങ്ങളിൽ സ്ത്രീ-പുരുഷ സമത്വം വിഭാവനം ചെയ്യുന്നു. എന്നാൽ സ്ത്രീ പുരുഷ സമത്വം ഇന്നും സമസ്യയായി തുടരുന്നു. 1975 അന്താരാഷ്ട്ര വനിതാ വർഷമായി പ്രഖ്യാപിച്ചിട്ടും 1980 വനിതാ വികസന വർഷമായി ഉദ്ഘോഷിക്കപ്പെട്ടിട്ടും സ്ത്രീകളും പുരുഷന്മാരും സമൂഹത്തിൽ തുല്യ സ്ഥാനം പങ്കിടുന്നില്ലാ എന്നതാണ് സത്യം.

പൗരാണിക ഭാരതത്തിൽ പുരുഷനോടൊപ്പം സ്ത്രീയും തുല്യത കൈവരിച്ചിരുന്നു. മതവിഭാഗങ്ങളിലെല്ലാം തന്നെ സ്ത്രീകൾക്ക് മാന്യമായ സ്ഥാനം നൽകിയിരുന്നു. ഋഗ്വേദ മന്ത്രങ്ങളുടെ രചയിതാവ് സൂര്യസാവിത്രി എന്ന സന്യാസിനിയായിരുന്നുവല്ലോ. ബൈബിൾ സ്ത്രീകൾക്ക് സമൂഹത്തിൽ ഉന്നത സ്ഥാനം നൽകിയിരുന്നു. ചില കൃസ്തീയ വിഭാഗങ്ങൾ സ്ത്രീകൾക്ക് പുരോഹിത സ്ഥാനം വരെ നൽകയിരുന്നു. ഇസ്ലാം നിയമപ്രകാരം വരൻ വധുവിന് നൽകുന്ന 'മഹർ' പെൺകുട്ടിയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നു എന്നതും ഉത്തമ തെളിവുകളാണ്.

എന്നാൽ സ്ത്രീകൾക്കെതിരെയുള്ള വിവേചനം കാലാന്തരത്തിൽ ഇത്തിക്കണ്ണിപോലെ പടർന്നുപിടിച്ചു. സാംസ്ക്കാരികാധിനിവേശം മൂലമോ മാധ്യമങ്ങളുടെ കെട്ടിവെക്കപ്പെടലുകൾ മൂലമോ സ്ത്രീ ഒരു വിൽപ്പനച്ചരക്ക് എന്ന അവസ്ഥയിലേക്ക് സമൂഹത്തിന്റെ കണ്ണുകൾ തിരിഞ്ഞിട്ടുണ്ട് എന്നത് നമ്മുടെ സംസ്ക്കാരത്തിനേറ്റ മുറിവുകളാണെന്ന് പറയാതെ വയ്യ.

പഠനം, സംരക്ഷണം, വിവാഹം എന്നിവയുടെ ഭാരിച്ച സാമ്പത്തിക ചെലവുകൾ നിമിത്തം ഒരു പെൺകുഞ്ഞിന്റെ ജനനം പോലും മാതാപിതാക്കൾക്ക് ഞെട്ടിലുളവാക്കുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. അടുക്കളയിൽ ഒതുടങ്ങിക്കൂടാൻ വിധിക്കപ്പെട്ട അവൾ സ്ത്രീധനത്തിന്റെ കാരാള ഹസ്തങ്ങളിൽ കുഴഞ്ഞുവീഴുന്നത് സമൂഹ മനഃസ്സാക്ഷിയെ ഉണർത്തേണ്ടുന്ന ഒരു വലിയ ചോദ്യം തന്നെയാണ്.

ഭരണഘടനാ ഭേദഗതി വിഭാവനം ചെയ്യുന്ന അനുകൂല സാഹചര്യവും സാദ്ധ്യതകളും പ്രയോജനപ്പെടുത്തി സ്വന്തം ദൗർബല്യങ്ങളെയും പരിമിതികളെയും മറികടന്ന് രാഷ്ട്രീയ പ്രക്രിയയിലും സാമൂഹ്യ ജീവിതത്തിലും തുല്യമായ അവസരങ്ങൾ സൃഷ്ടിച്ചെടുക്കേണ്ട ബോധപൂർവ്വമായ ശ്രമം സ്ത്രീകളുടെ ഭാഗത്ത്നിന്ന് ഉണ്ടാവേണ്ടിയിരിക്കുന്നു. വേണ്ടത്ര വിദ്യാഭ്യാസവും ശരിയായ പരിശീലനവും അനുകൂല സാഹചര്യവും ലഭിച്ചാൽ ബുദ്ധിപരമായോ ഭരണപരമോ ആയ കാര്യങ്ങളിൽ തങ്ങൾ തെല്ലും പിന്നിലല്ലെന്ന് തെളിയിക്കാൻ കഴിയും. സ്ത്രീ സംഘടനകളും ഇതര സന്നദ്ധ സംഘടനകളും ഈ യാഥാർത്ഥ്യം കാണേണ്ടിയിരിക്കുന്നു.

ഇന്ന് നമ്മുടെ പഞ്ചായത്തിന്റെ ഭരണ സാരഥ്യം വഹിക്കുന്നത് ഒരു വനിതയാണ്. മൊത്തം അംഗങ്ങളിൽ 4 പേരും വനിതകളാണ്. എന്നാൽ പൊതുരംഗത്ത്പ്രവർത്തിക്കാൻ വൈമുഖ്യം കാണിക്കുകയും കുടുംബ ഭരണത്തിൽ ഒതുങ്ങിക്കൂടാൻ താല്പര്യം കാണിക്കുകയും ചെയ്യുന്നവരാണ് ഭൂരിഭാഗം സ്ത്രീകളും. ഈ രംഗത്ത് ആശാസ്യമായ ഒരു കാര്യം കുടുംബാസൂത്രണം, വിദ്യാഭ്യാസം, ആരോഗ്യശീലങ്ങൾ എന്നിവയിൽ പുരുഷന്മാരേക്കാൾ സ്ത്രീകളാണ് കൂടുതൽ ശ്രദ്ധ ചെലുത്തുന്നത് എന്നതാണ്. വിദ്യാഭ്യാസം സാർവ്വത്രികമായിട്ടുണ്ടെങ്കിലും വിവാഹം, തൊഴിലിനോടുള്ള ആഭിമുഖ്യം എന്നിവയിൽ പാരമ്പര്യ വിശ്വാസങ്ങൾ മുറുകെപ്പിടിക്കുന്ന

വരാണ് അധികവും. പെൺകുട്ടിക്ക് അച്ഛനമ്മമാർ ചേർന്ന് നിശ്ചയിക്കുന്ന വിവാഹമാണ് നിലനിൽക്കുന്നതെങ്കിലും പ്രണയ വിവാഹങ്ങളും വിരളമല്ല. ലഭ്യമായ കണക്കുപ്രകാരം 50 ൽപ്പരം മിശ്രവിവാഹിതർ നമ്മുടെ പഞ്ചായത്തിലുണ്ട്.

സ്വാതന്ത്ര്യാനന്തരമാണ് ഇവിടെ സ്ത്രീകൾപൊതുരംഗത്ത് പ്രവർത്തിക്കാൻ തുടങ്ങിയത്. ആരോഗ്യ പ്രവർത്തകയായിരുന്ന ശ്രീമതി ശാരദാമ്മ വനിതകളെ പൊതുരംഗത്തേക്കിറക്കുന്നതിൽ നേതൃത്വപരമായപങ്ക് വഹിച്ചു. ശ്രീമതി. പാർവ്വതി ടീച്ചർ ശ്രീമതി പത്മാവതി ടീച്ചർ എന്നിവർ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഇവരുടെ സഹായികളായിരുന്നു. ഇതിന്റെ തുടർച്ചയെന്നോണം സാമൂഹ്യപ്രവർത്തകരായി വനിതകൾ രംഗത്ത് വരാൻ തുടങ്ങി. സമൂഹത്തിൽ വിപ്ലവകരമായ പ്രവർത്തനത്തിന് അടിത്തറ പാകിയ സാക്ഷരതാ പ്രവർത്തനങ്ങളിൽ സ്ത്രീകൾ തങ്ങളുടെ പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. ദേശീയ, സംസ്ഥാന തലത്തിൽ അംഗീകാരം നേടിയ കലാ- കായിക താരങ്ങളെ വാർത്തെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

സ്ത്രീകൾക്ക് നേരെ വർദ്ധിച്ചുവരുന്ന അക്രമങ്ങളും പെൺവാണിഭങ്ങളും അരക്ഷിതാവസ്ഥ സൃഷ്ടിച്ചിരിക്കുന്നു. വിദ്യാഭ്യാസത്തിനും, തൊഴിലിനും വേണ്ടി പോകുന്ന പെൺകുട്ടികൾ വഞ്ചിക്കപ്പെട്ട് അധോലോകങ്ങളുടെ കൈകളിൽ എത്തുന്ന സ്ഥിതി നിലനിൽക്കുന്നതുകൊണ്ട് പെൺകുട്ടികൾ വീടുവിട്ട് പുറത്തു പോകുന്നത് പോലും രക്ഷിതാക്കളിൽ ഭയമുളവാക്കുന്നു.

സമൂഹത്തെ അർബുദം പോലെ കാർന്നുതിന്നുന്ന മദ്യവും മയക്കുമരുന്നും യുവതലമുറയെ വഴിതെറ്റിക്കുകയും ഇതിന്റെ ഫലമായി സ്വബോധവും, സാമ്പത്തിക നിലയും തകർന്ന് കുടുംബബന്ധങ്ങൾ ദുരിതപൂർണ്ണമാകുകയും ചെയ്യുന്നു. ഇതിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നത് സ്ത്രീകളാണെന്ന യാഥാർത്ഥ്യം കാണേണ്ടതുണ്ട്.

1991 ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് നന്മണ്ട പഞ്ചായത്തിൽ 12424 സ്ത്രീകളാണുള്ളത്. പുരുഷന്മാരുടെ എണ്ണത്തേക്കാൾ 605 കൂടുതലാണിത്. പഞ്ചായത്തിലെ 15 വിദ്യാലയങ്ങളിൽ നിന്ന് കിട്ടിയ കണക്കനുസരിച്ച് 2062 പെൺകുട്ടികളും 2246 ആൺകുട്ടികളും പഠിച്ചുകൊണ്ടിരിക്കുന്നു. ആൺകുട്ടികളുടെ എണ്ണം കൂടി വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ സംസ്ഥാനതലത്തിൽ പെൺകുട്ടികളാണ് മുന്നിൽ. സാക്ഷരതയുടെ കാര്യത്തിൽ സ്ത്രീകളും പുരുഷന്മാരും ഏതാണ്ട് ഒപ്പത്തിനൊപ്പമാണ്. S.S.L.C. യ്ക്കു ശേഷം ഉയർന്ന പഠനത്തിൽ പെൺകുട്ടികളാണ് മുന്നിൽ എന്നാൽ ഡിഗ്രിക്ക് മുകളിൽ പഠനം നടത്തുന്ന പെൺകുട്ടികൾ കുറവാണ്.

വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ ഏറെ മുന്നോട്ട് പോയിട്ടുണ്ടെങ്കിലും സ്വന്തമായി വരുമാനമുള്ള സ്ത്രീകൾ കുറവാണ്. സ്വന്തമായി വരുമാനമുള്ള സ്ത്രീകൾക്ക് കൂടുതൽ സ്വാതന്ത്ര്യം അവരവരുടെ വീടുകളിൽ കിട്ടുന്നുണ്ട്. കാർഷിക മേഖലയായിരുന്നു ഇവിടുത്തെ സ്ത്രീകളുടെ പ്രധാന തൊഴിൽമേഖല. എന്നാൽ ഇന്ന് ഈ മേഖല തകർച്ചയെ നേരിടുകയാണ്. ചൂടിപിരിക്കൽ, കൊട്ട മെടയൽ, പായ നെയ്ത്ത് മുതലായ പരമ്പരാഗത ജോലികളിൽ സ്ത്രീകൾ വ്യാപകമായി ഏർപ്പെട്ടിരുന്നെങ്കിലും ഇന്നീ ജോലികൾ വിരലിലെണ്ണാവുന്നവർ മാത്രമേ ചെയ്യുന്നുള്ളു. കൂലി കുറവ്, അസംസ്കൃത പദാർത്ഥനകളുടെ ദൗർലഭ്യം എന്നീ കാരണങ്ങളാണ് പരമ്പരാഗത തൊഴിൽ മേഖലയിൽ നിന്ന് വമ്പിച്ച രീതിയിലുള്ള കൊഴിഞ്ഞുപോക്കുണ്ടാക്കിയത്. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചതോടെ ക്ഷീരകൃഷി രംഗത്ത് ഒരു മുന്നേറ്റം ഉണ്ടായിട്ടുണ്ട്. സ്വന്തമായി വരുമാനമുണ്ടാക്കാൻ കഴിയുന്ന ആ മേഖലയിലും പുരുഷമേധാവിത്തമാണ് നിലനിൽക്കുന്നതെന്ന് വിവിധ സംഘങ്ങളിൽ നിന്ന് കിട്ടിയ പാലളക്കുന്നവരുടെ കണക്ക് സൂചിപ്പിക്കുന്നു.

ചീക്കിലോട്ട് തുടങ്ങിയ ക്ഷീരോല്പന്ന വിപണന യൂണിറ്റിൽ നാല് വനിതകൾ ജോലിചെയ്യുന്നുണ്ട്. പഞ്ചായത്തിലെ 7,8 വാർഡുകളിൽ ഓരോ ഖാദി നൂൽനൂൽപ്പ് കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ അറുപതോളം വനിതകൾ ജോലി ചെയ്യുന്നുണ്ട്. ഈ മേഖലയിൽ തൊഴിലാളികളുടെ കൂലി കുറവാണ്. ഇനിയും വികസന സാധ്യതയുള്ള സ്ഥാപനമാണ് മുന്നൂർക്കയിൽ ഖാദി നിർമ്മാണ കേന്ദ്രം.

തയ്യൽ പരിശീലനം നേടിയ ധാരാളം വനിതകൾ പഞ്ചായത്തിലെ വിവിധ വാർഡുകളിലുണ്ട്. D.W.C.R.A. പദ്ധതി പ്രകാരം ഭക്ഷ്യ സംസ്ക്കരണം, അച്ചാർ, ജാം, നെല്ലുകുത്ത്, ടൈലറിങ്ങ് തുടങ്ങിയ മേഖലകളിലായി 48 സ്ത്രീകൾ ജോലിചെയ്യുന്നുണ്ട്. (അവലംബം ദ്വിദീയ സ്ഥിതിവിവരക്കണക്ക്, ചേളന്നൂർ ബ്ലോക്ക്) സാമൂഹ്യ പിന്നോക്കാവസ്ഥ കാരണം വീടുകളിൽ ഒതുങ്ങിക്കഴിയേണ്ടിവരുന്ന വനിതകളെ ഉയർത്തിക്കൊണ്ടുവരാനും അവർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന ഇത്തരം പദ്ധതികൾ ഇനിയും വ്യാപിക്കേണ്ടതുണ്ട്. ഇതിലൂടെ

സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം നേടാനും പുരുഷനുമായി തുല്യത പ്രാപിക്കാനും കഴിയണം.

വിദ്യാലയങ്ങളിലെ മൊത്തം ജീവനക്കാരിൽ 38 % വനിതകളുണ്ട്. അതിലധികപേരും ഈ പഞ്ചായത്തിലെ സ്ഥിര താമസക്കാരാണ്. സ്ത്രീ ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുന്നവർ ഇവരുടെ ഇടയിൽ ധാരാളം പേരുണ്ടെങ്കിലും അവരാരും പൊതുരംഗത്തേക്ക് വരാത്തത് പലഗ്രാമസഭകളിലും ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. ടി.ടി.സി. BEd മുതലായ കോഴ്സുകൾ കഴിഞ്ഞ് ജോലി ലഭിക്കാത്ത ധാരാളം വനിതകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്.

തുല്യ ജോലിക്ക് തുല്യ വേതനം പല തൊഴിൽ മേഖലയിലും പ്രാവർത്തികമായിട്ടില്ല. കാർഷിക മേഖലയിലും നിർമ്മാണ തൊഴിൽ രംഗത്തും പുരുഷ തൊഴിലാളികളേക്കാൾ കുറഞ്ഞ കൂലിയാണ് സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കുന്നത്. കാർഷിക മേഖലയിലെ കൂലിക്കുറവ് നിർമ്മാണ രംഗത്തേക്ക് കടന്നുവരാൻ കൂടുതൽ വനിതകളെ പ്രേരിപ്പിച്ചിട്ടുണ്ട്. സ്ത്രീകളുടെ ശരീരഘടനക്കനുയോജ്യമല്ലാത്ത ഇത്തരം തൊഴിൽമേഖലകളിൽ നിന്ന് അവരെ പിന്തിരിപ്പിക്കേണ്ടിയിരിക്കുന്നു. അത് സാധ്യമാകണമെങ്കിൽ കാർഷിക മേഖലയും പരമ്പരാഗത തൊഴിൽ മേഖലയും ആകർഷകമാക്കാനുള്ള ബോധപൂർവ്വമായ ശ്രമം നടത്തേണ്ടിയിരിക്കുന്നു.

ധാരാളം പുരുഷന്മാർ വിദേശത്തും മറ്റു സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്നതുകൊണ്ട് കുടുംബങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുക്കുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്.

പല രംഗങ്ങളിലും വനിതകൾ മുന്നോട്ട് വന്നിട്ടുണ്ടെങ്കിലും പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ കുറവാണ്. ഈ രംഗത്തേക്ക് സ്ത്രീകൾ ഇറങ്ങിവരാൻ മടിക്കുന്നതിനു കാരണം പുരുഷന്മാരാണെന്ന അഭിപ്രായം എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നത് ശ്രദ്ധേയമാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മഹിളാ സമാജങ്ങളും വനിതാ വേദിയും മഹിളാ സ്വസ്തിക്ക് സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ സംഘങ്ങൾ ഒന്നും തന്നെ വേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല. പല ബഹുജന സംഘടനകളിലേയും അംഗങ്ങളിൽ ഭൂരിപക്ഷം വനിതകളാണെങ്കിലും നേതൃത്വനിരയിലേക്ക് അവരാരും കടന്നുവരുന്നില്ല എന്നത് ഒരു ദുഃഖ സത്യമാണ്.

നന്മണ്ട ഗ്രാമ പഞ്ചായ്തതിന്റെ സമഗ്ര വികസനം ഫലപ്രദമാക്കണമെങ്കിൽ വനിതകളെ കൂടി അണിനിരത്തേണ്ടതുണ്ട്. കുടുംബങ്ങളിൽ ഒതുങ്ങി കഴിയേണ്ടവരല്ല സ്ത്രീകൾ. അവർ സമൂഹത്തിന്റെ ഭൂരിപക്ഷമാണ്. സ്ത്രീകളുടെ സാമൂഹ്യ പിന്നോക്കാവസ്ഥ പരിഹരിച്ചാൽ മാത്രമേ സമഗ്ര വികസനം പ്രാവർത്തികമാകൂ. അതുകൊണ്ടുതന്നെ സത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് മുൻഗണന കൊടുക്കേണ്ടിയിരിക്കുന്നു. സാമൂഹ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലും സ്ത്രീകൾ ഇടപെടുകയാണെങ്കിൽ ചരിത്രത്തിന്റെ ഗതിമാറ്റാൻ അവർക്ക് കഴിയുമെന്ന് കാലം തെളിയിക്കുക തന്നെ ചെയ്യും.

### പ്രശ്നങ്ങൾ

- ❒ തൊഴിലില്ലായ്മ
- ❒ കാർഷിക പരമ്പരാഗത മേഖലകളിലേക്ക് സ്ത്രീകൾ ആകൃഷ്ടരാകുന്നില്ല.
- ❒ സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധരാവുന്നവർക്ക് ആവശ്യമായ ധനസഹായം വേണ്ട സമയത്തു ലഭിക്കുന്നില്ല.
- ❒ ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല
- ❒ അംഗൻവാടികളുടെ സേവനം പഞ്ചായത്തിലെ എല്ലാ ഭാഗത്തും ലഭിക്കുന്നില്ല.
- ❒ അംഗൻവാടി ജീവനക്കാർക്ക് വേതനം കുറവാണ്.
- ❒ തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ല.
- ❒ വനിതകൾ പൊതുരംഗത്തേക്ക് കടന്നുവരുന്നില്ല.
- ❒ വനിതാ സംഘടനകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
- ❒ സ്ത്രീ ക്ഷേമ പദ്ധതികൾ അറിയപ്പെടാതെ പോകുന്നു.
- ❒ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടുകളിലെ പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സാഹചര്യമില്ല.
- ❒ വർദ്ധിച്ചുവരുന്ന സ്ത്രീപീഢനം അവരിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നു.
- ❒ മദ്യവും മയക്കുമരുന്നും കുടുംബകലഹങ്ങൾക്ക് കാരണമാകുന്നു.

- ❐ സ്ത്രീധനം ഒരു മാറാവ്യാധിയായി സമൂഹത്തിൽപടർന്നിരിക്കുന്നു.
- ❐ വിദ്യാലയങ്ങളിൽ ഉച്ചക്കഞ്ഞി വെച്ചുകൊടുക്കുന്ന സ്ത്രീ പാചകതൊഴിലാളികൾക്ക് കൂലി കുറവാണ്.
- ❐ ഇടത്തരം കുടുംബങ്ങളിലെ സ്ത്രീകൾ സർക്കാർ ഇതര ജോലികൾക്ക് പോകുന്നതിൽ വിമുഖത കാണിക്കുന്നു.
- ❐ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ വേണ്ട പോലെ ലഭിക്കുന്നില്ല.
- ❐ മിശ്രവിവാഹിതരായ സ്ത്രീകൾക്ക് സമൂഹ്യാംഗീകാരം നൽകുന്നതിൽ സമൂഹം ഇപ്പോഴും വൈമനസ്യം കാണിക്കുന്നുണ്ട്.

### സാധ്യതകൾ– നിർദ്ദേശങ്ങൾ

- ☒ കാർഷിക- പരമ്പരാഗത തൊഴിൽ മേഖല ആധുനിക വൽക്കരിച്ച് കൂടുതൽ ആകർഷകമാക്കിയാൽഈ മേഖലയിലേക്ക് കൂടുതൽ വനിതകൾ കടന്നുവരും.
- ☒ സ്ത്രീകൾക്കായി പ്രത്യേക തൊഴിൽ പരിശീലന കേന്ദ്രം നന്മണ്ടയിൽ സ്ഥാപിക്കണം.
- ☒ പച്ചക്കറി കൃഷി വ്യാപകമാക്കണം.
- ☒ കന്നുകാലി വളർത്തൽ, കോഴിവളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കണം.
- ☒ ഒരു കിലോമീറ്റർ ചുറ്റളവിനുള്ളിൽ ഓരോ അംഗൻവാടി സ്ഥാപിക്കണം. കുട്ടികളുടെയും സ്ത്രീകളുടെയും ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ അംഗൻവാടി കേന്ദ്രീകരിച്ച് നടത്തണം.
- ☒ പെൺകുട്ടികളുടെ പ്രത്യേകാവശ്യങ്ങളെക്കുറിച്ച് കുടുംബത്തിലെ പുരുഷന്മാരിൽ ബോധവൽക്കരണം നടത്തുന്നത് നല്ലതാണ്. പെൺകുട്ടികളോട് നിഷ്പക്ഷമായ പെരുമാറ്റം, കുടുംബത്തിലും സമൂഹത്തിലും പെൺകുട്ടികൾക്ക് മാന്യതയും ബഹുമതിയും ലഭിക്കൽ സ്വയം വളർച്ചക്ക് ഉതകുന്ന സഹായം ലഭ്യമാക്കൽ എന്നിവയാണ് ഈ ആവശ്യങ്ങൾ.
- ☒ സിത്രീകൾക്കായി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം ഇതിന് മന്നൂർക്കയിൽ ഖാദി കേന്ദ്രത്തിന്റെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്താം. ഖാദി കേന്ദ്രങ്ങൾ ആധുനികവൽക്കരിക്കണം.
- ☒ നന്മണ്ടയിൽ പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ച സോപ്പ് നിർമ്മാണ കേന്ദ്രം പ്രവർത്തനയോഗ്യമാക്കണം.
- ☒ റെഡിമെയ്ഡ് നിർമ്മാണ യൂണിറ്റും വിപണന കേന്ദ്രവും തുടങ്ങിയാൽ ധാരാളം വനിതകൾക്ക് തൊഴിലവസരം ലഭിക്കും.
- ☒ എല്ലാ വാർഡിലും ഓരോ മഹിളാസമാജങ്ങൾ രൂപീകരിക്കണം. ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു വനിതാ ക്ഷേമ സമിതി രൂപീകരിക്കുന്നത് നല്ലതാണ്. സർക്കറിന്റെ സ്ത്രീ ക്ഷേമ പദ്ധതികൾ സഹായങ്ങൾ എന്നിവ ഇത്തരത്തിലുള്ള സമിതിയിൽ ചർച്ചചെയ്ത് നടത്തിയാൽ ക്ഷേമപ്രവർത്തനങ്ങൾ അറിയാതെ പോകുന്നു എന്നത് പരിഹരിക്കാൻ കഴിയും. കൂടാതെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചാൽ വനിതകളെ വമ്പിച്ച തോതിൽ പൊതുരംഗത്തേക്ക് ഇറക്കിക്കൊണ്ടുവരാൻ കഴിയും.
- ☒ സ്ത്രീകളെ പൊതുരംഗത്തേക്ക് വരേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പുരുഷന്മാരിൽ ബോധവൽക്കരണം നടത്തണം.
- ☒ മിശ്ര വിവാഹിതർക്ക് പ്രോത്സാഹനം നൽകിയാൽ അവരോടുള്ള അവജ്ഞയില്ലാതാകും. മിശ്രവിവാഹിതരായ ആളുകൾക്ക് പരമാവധി ആനുകൂല്യം നൽകുകയോ ജോലി നൽകാനുള്ള അവസ്ഥ ഉണ്ടാകുകയോ ചെയ്താൽ സാമ്പത്തികവും മാനസികവുമായ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുവാനും ജാതിമത ചിന്തകൾ ഒരു പരിധിവരെ ഇല്ലാതാക്കുവാനും കഴിയും.

# സഹകരണം

ജനക്ഷേമപ്രവർത്തനങ്ങളിൽ സഹകരണമേഖലയുടെ പങ്ക് വളരെ വലുതാണ്. അതുരശുശ്രൂഷാരംഗത്തായാലും, കാർഷിക വ്യാവസായിക രംഗത്തായാലും ഈ മേഖലയ്ക്ക് നിർണ്ണായക സ്വാധീനം ചെലുത്താൻ കഴിയും. കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് 1904 അടിസ്ഥാനത്തിൽ ഇന്ത്യയിൽ സഹകരണസംഘങ്ങൾ നിലവിൽ വന്നു. ഇത്തരം സംഘങ്ങളുടെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ വേരോടിയ ഒരു സംസ്ഥാനമാണ് കേരളം. നമ്മുടെ പഞ്ചായത്തിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വേണ്ടത്ര വിപുലമായിട്ടില്ലെന്ന സത്യം വിസ്മരിച്ചുകൂടാ. ഈ സന്ദർഭത്തിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

പഞ്ചായത്തിൽ രണ്ടു സഹകരണ ബേങ്കുകളും ഒരു ഹൗസിങ്ങ് സൊസൈറ്റിയും നാല് ക്ഷീരോൽപാദക സഹകരണസംഘങ്ങളും ഒരു വീവേഴ്സ് സൊസൈറ്റിയും പ്രവൃത്തിക്കുന്നുണ്ട്. നന്മണ്ട കോ-ഓപ്പറേറ്റീവ് ബാങ്ക്, ചീക്കിലോട് സഹകരണ സർവ്വീസ് സഹകണബേങ്ക് എന്നിവ കാർഷിക വായ്പകൾ വിതരണം ചെയ്യുന്നുണ്ടെങ്കിലും പഞ്ചായത്തിലെ മുഴുവൻ കർഷകരുടേയും ആവശ്യങ്ങൾ നിറവേറ്റാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

## നന്മണ്ട കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക്

നന്മണ്ട പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഈ ബേങ്കിന് മറ്റു പഞ്ചായത്തുകളിലെ ആറ് അംശങ്ങൾ കൂടി പ്രവർത്തന പരിധിയായുണ്ട്. കാർഷിക വായ്പകൾ കേവലം നേന്ത്രവാഴകൃഷി പരിപോഷിപ്പിക്കലിൽ ഒതുങ്ങി നിൽക്കുന്നു. പലിശ കുറഞ്ഞ കാർഷിക വായ്പകൾ കൂടുതലും ഉപയോഗിക്കുന്നത് യഥാർത്ഥ കർഷകരല്ലെന്നത് ഖേദകരമാണ്. കൊപ്രസംഭരണവും, രാസവളവിതരണവും, ചിട്ടിവിതരണവും ബാങ്കിന്റെ കീഴിലുണ്ട്.

## ചീക്കിലോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്:-

നന്മണ്ട പഞ്ചായത്തിൽ ആദ്യമായി പ്രവർത്തനം ആരംഭിച്ച സഹകരണ സ്ഥാപനമാണ് ചീക്കിലോട് സർവ്വീസ് സഹകരണബാങ്ക്. 1920 ൽ ആണ് ഇത് നിലവിൽ വന്നത്. 7, 8, 9 വാഡുകളാണ് ബാങ്കിന്റെ പ്രവർത്തന പരിധി. നല്ല രീതിയിൽ ബാങ്കിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുമ്പോഴാണ് ചീക്കിലോട് പ്രദേശത്തെ ഞെട്ടിപ്പിച്ചുകൊണ്ട് വൻകവർച്ച നടന്നത്. അതുമായി ബന്ധപ്പെട്ട കേസ് നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത സംഭവം ബാങ്കിന് വൻ നഷ്ടമുണ്ടാക്കിയിട്ടുണ്ടെങ്കിലും ഇപ്പോൾ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നുണ്ട്. സ്വർണ്ണാഭരണങ്ങൾ നഷ്ടപ്പെട്ട സംഘം അംഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. വളം വിതരണം, കൊപ്ര സംസ്കരണം, ഓണച്ചന്ത, ചിട്ടിനടത്തിപ്പ് എന്നിവ ബാങ്കിന്റെ കീഴിൽ നടക്കുന്നുണ്ട്.

ഭവനിർമ്മാണ സഹകരണസംഘങ്ങൾ:-

നന്മണ്ട, കാക്കൂർ, ചേളന്നൂർ, നരിക്കുനി, ബാലുശ്ശേരി, പനങ്ങാട്, ഉണ്ണികുളം, അത്തോളി എന്നീ പഞ്ചായത്തുകൾ പ്രവർത്തന പരിധിയായുള്ള നന്മണ്ട-റൂറൽ കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റിയുടെ ആസ്ഥാനം നന്മണ്ട-13 ആണ്. 1970ൽ സ്ഥാപിതമായ സൊസൈറ്റിയ്ക്ക് ഇപ്പോൾ 2305 അംഗങ്ങൾ ഉണ്ട്. ഭവനനിർമ്മാണം ഭവനവികസനം, എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ സ്ഥാപനം, 32435200 രൂപ വായ്പ നൽകിയിട്ടുണ്ട്. ഒ രംഗത്തിന് പരമാവധി അനുവദിക്കാവുന്ന തുക അഞ്ചുലക്ഷം ആണ്. ദുർബല വിഭാഗത്തിൽ പെട്ട അംഗങ്ങൾക്ക് ചില നിബന്ധനകൾക്ക് വിധേയമായി 12% പലിശനിരക്കിൽ ദീർഘകാല വായ്പകളും ഈ സംഘം നൽകിവരുന്നു എന്നാൽ ഈ സ്ഥാപനം വസൂലാക്കുന്ന പിഴപ്പലിശ സമ്പ്രദായം ഇടപാടുകാർക്ക് താങ്ങാൻ പറ്റാത്തതാണെന്ന് ഗ്രാമസഭാറിപ്പോർട്ട് സൂചിപ്പിക്കുന്നു.

| ക്രമനമ്പർ സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ചവർഷം | പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ | |
|---|---|---|---|---|---|---|---|---|
| | | | | | | | കാർഷികം | കാർഷികേതരം |
| 1 ചീക്കിലോട് സർവ്വീസ് സഹകരണബേങ്ക് | 1920 | 7, 8, 9 വാർഡുകൾ | 3327 | 2.80 | 43.40 | 35.82 | 21.74 | 46.79 |
| 2 നന്മണ്ട കോ-ഓപ് ബാങ്ക് | 1956 | ചീക്കിലോട് നെടിയനാട് എരവന്നൂർ നടുവല്ലൂർ പാറന്നൂർ പുന്നശ്ശേരി പണിക്കോട്ടൂർ നന്മണ്ട അംശങ്ങൾ | 9073 | 25.12 | 79.45 | 312.21 | 38.55 | 294.40 |
| 3 നന്മണ്ട റൂറൽ ഹൗസിംഗ് കോ-ഓപ് സൊസൈറ്റി | 1970 | പനങ്ങാട് ബാലുശ്ശേരി അത്തോളി ഉണ്ണികുളം നരിക്കുനി ചേളന്നൂർ കാക്കൂർ നന്മണ്ട പഞ്ചായത്തുകൾ | 2305 | 21,63,060 | | 1,55,000 | - 3,2435 | 200 |

(അവലംബം- ദ്വിതീയ സ്ഥിതി വിവരം)

* സംഖ്യകൾ ലക്ഷത്തിൽ

### ക്ഷീരസഹകരണസംഘങ്ങൾ

നിലവിലുള്ള 4 സംഘങ്ങളും പാൽ സംഭരണത്തിൽ വ്യത്യാസമുണ്ടെങ്കിലും ക്ഷീരകർഷകർക്ക് ഗുണകരമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ചേളന്നുർ ബ്ലോക്കിൽ ഏറ്റവും കൂടുതൽ ക്ഷീരകർഷകരുള്ള നമ്മുടെ പഞ്ചായത്ത് പാലുല്പാദനരംഗത്തും മുൻപന്തിയിൽ തന്നെയാണ്.

ചീക്കിലോട് ക്ഷീരസഹകരണ സംഘത്തിന്റെ കീഴിൽ പാലുല്പന്ന നിർമ്മാണ വിപണന യൂണിറ്റ് പ്രവർത്തിക്കുന്നു ഇതിൽ നാലു വനിതകൾ ജോലി ചെയ്യുന്നു.

നന്മണ്ടയിൽ ഒരു വീവേഴ്സ് കോ-ഓപ് സൊസൈറ്റിയും പ്രവർത്തിക്കുന്നുണ്ട്.

### പ്രശ്നങ്ങൾ:-

☒ കാർഷിക വായ്പകൾ യഥാസമയത്ത് ലഭിക്കുന്നില്ല.

☒ സഹകരണ ബാങ്കുകളിൽ അർഹരായ ആവശ്യക്കാർക്ക് അംഗത്വം ലഭിക്കുന്നില്ല.

☒ ലോൺ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ സങ്കീർണമാണ്.

☒ സ്വർണപണ്ടം പണയം വെച്ചുകൊണ്ടുള്ള കാർഷിക ലോണുകൾക്ക് ദേശസാൽകൃത ബാങ്ക് ഈടാക്കുന്നതിനേക്കാൾ പലിശ ഈടാക്കുന്നു.

☒ വേണ്ട സമയത്ത് വളം വിതരണം നടക്കുന്നില്ല.

### നിർദ്ദേശങ്ങൾ സാധ്യതകൾ

◆ സഹകരണനിയമം ഭേദഗതി ചെയ്ത് ലോൺ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കണം.

◆ കാർഷികാവശ്യങ്ങൾക്കുള്ള സ്വർണ്ണപണ്ടം പണയം വെച്ചുള്ള വായ്പയുടെ പലിശ ദേശശാൽകൃത ബാങ്കിന് തുല്യമാക്കണം.

◆ പഞ്ചായത്തിൽ ഒരു വനിതാ സഹകരണസംഘം ആരംഭിക്കാവുന്നതാണ്.

◆ സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായയൂണിറ്റുകൾ തുടങ്ങാം.

◆ സഹകരണാടിസ്ഥാനത്തിൽ ഒരു ആശുപത്രിയും ഒരു പാരലൽകോളേജും ആരംഭിക്കാനുള്ള അനുകൂല സാഹചര്യമുണ്ട്.

◆ സഹകരണാടിസ്ഥാനത്തിൽ ഒരു നഴ്സറി സ്ഥാപിക്കാവുന്നതാണ്.

◆ കാർഷികവികസന ബേങ്കിന്റെ ഒരു ശാഖ പഞ്ചായത്ത് പരിധിയിൽ ആരംഭിക്കണം.

◆ ഇപ്പോൾ നിലവിലുള്ള സഹകരണബാങ്കുകളിൽ അർഹതയുള്ള മുഴുവൻ കർഷകർക്കും അംഗത്വം നൽകാൻ സാധിക്കണം.

◆ കാർഷിക കടങ്ങൾ വർഷാരംഭത്തിന് മുമ്പ് വിതരണം ചെയ്യണം.

◆ സർക്കാറിൽ നിന്ന് ലഭിക്കുന്ന പലിശ സബ്സിഡി യഥാകാലം ലഭ്യമാക്കുക.

◆ ക്ഷീരോല്പാദക സഹകരണസംഘം വഴി നല്ലയിനം കാലികളെ വിതരണം ചെയ്യണം.

◆ ചീക്കിലോടുള്ള ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റ് വിപുലീകരിക്കുകയും നന്മണ്ടയിൽ ഒന്ന് ആരംഭിക്കുകയും വേണം.

◆ കൈത്തറി, ഖാദി മേഖലയിൽ വേണ്ട അസം

സ്കൃത പദാർത്ഥങ്ങൾ സൗജന്യനിരക്കിൽ ലഭ്യമാക്കണം.

◆ നന്മണ്ട പഞ്ചായത്തിലെ പത്ത് വാർഡുകളിലായി ധാരാളം ആളുകൾ വിദേശത്ത് ജോലി ചെയ്യുന്നുണ്ട്. അവരെ വിശ്വാസത്തിലെടുത്ത് സഹകരണ മേഖലയിൽ പണം നിക്ഷേപിപ്പിച്ചാൽ ചെറുകിട-വൻകിട വ്യവസായ യുണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാനുള്ള സാധ്യതയുണ്ട്.

◆ ഓണക്കാലത്ത് മാത്രം തുടങ്ങുന്ന ചന്ത സ്ഥിരമായി തുടരണം.

| ക്രമനമ്പർ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനപരിധി | അംഗങ്ങൾ | ഓഹരിമൂലധനം | പ്രവർത്തമൂലധനം | 1 ദിവസം ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ വില്ക്കുന്നത | പുറത്തേക്ക് അയക്കുന്നത് |
|---|---|---|---|---|---|---|---|---|
| 1 കുമാരംപൊയിൽ ക്ഷീരോല്പാദന സഹകരണസംഘം | 1989 | 1-2 വാർഡുകൾ | 361 | 3740 | 3740.00 | 610ലി | 110 ലി | 500ലി |
| 2 ഏഴുകുളം ക്ഷീരോല്പാദക സംഹകരണസംഘം | 1973 | 3, 4, 5 വാർഡുകൾ | 192 | 1920 | 1920.00 | 400ലി | 100ലി | 300ലി |
| 3 നന്മണ്ട ക്ഷീരവ്യവസായ സഹകരണസംഘം | 1993 | 6-10 വാർഡുകൾ | 245 | 2572.50 | 2572.50 | 100ലി | 20ലി | 80ലി |
| 4 ചീക്കിലോട് ക്ഷീരോല്പാദക സഹകരണസംഘം | 1989 | 7,8,9 വാർഡുകൾ | 200 | 2080.00 | 2080.00 | 290ലി | 40ലി | 250ലി |

# പട്ടികജാതിക്ഷേമം

സൂര്യരശ്മി കടന്നു ചെല്ലാത്ത നിബിഡ വനാന്തരങ്ങളിൽ വന്യമൃഗങ്ങളെ വേട്ടയാടിയും ഫലമൂലാദികൽ ഭക്ഷിച്ചും ജീവിതം നയിച്ച കേരളത്തിലെ ആദിവാസി സമൂഹത്തിന്റെ പിൻമുറക്കാരാണ് നമ്മണ്ട ഗ്രാമപഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന പട്ടികജാതിക്കാർ.

നാടുവാഴിത്തകാലഘട്ടത്തിനു മുൻപുതന്നെ പട്ടികജാതിയിൽ പെടുന്ന വിവിധ സമുദായക്കാർ നന്മണ്ടയിൽ ജീവിച്ചിരുന്നതായി മനസിലാക്കാൻ കഴിയും. സമതല പ്രദേശങ്ങളിൽ കാർഷികവൃത്തികളിൽ ഏർപ്പെട്ട് മണ്ണിനെ പൊന്നാക്കി മാറ്റിയ ഈ മനുഷ്യർ മലയോരമേഖലകളിൽ എത്തിപ്പെടാനുണ്ടായ സാഹചര്യങ്ങൾ ജന്മിനാടുവാഴിത്തത്തിന്റെ ആസൂത്രിതമായ ഇടപെടലുകളുടെ അനന്തരഫലമായിരുന്നു. കഠിനമായി അദ്ധ്വാനിക്കുകയും പട്ടിണിക്കാരായി ജീവിക്കുകയും ചെയ്ത ഇവർ കുടി ഒഴിപ്പിക്കപ്പെടലിനും വിധേയരായി. അങ്ങിനെ നല്ലമണ്ണും, പെണ്ണും മേലാളർക്ക്മാത്രം അവകാശപ്പെട്ടതാക്കിത്തീർത്തു. അനീതിക്കെതിരെ ചിന്തിക്കുവാൻപോലും ഈ ജനവിഭാഗത്തിനു അവകാശമില്ലായിരുന്നു. ഒരു പുതപ്പിനും, ഒരുപിടി പുകയിലക്കും വേണ്ടി അദ്ധ്വാനിച്ചുണ്ടാക്കിയ സമ്പത്ത് മുഴുവൻ അടിയറവെക്കേണ്ടി വന്ന സംഭവങ്ങൾ നന്മണ്ടയുടെ പൂർവ്വകാലചരിത്രം പരിശോധിക്കുന്നവർക്ക് അറിയാൻ കഴിയും. സ്വാതന്ത്ര്യസമരത്തിൽ അപൂർവ്വം ചിലർ ആകർഷിക്കപ്പെട്ടുവെങ്കിലും ജന്മിനാട്ടുപ്രമാണിമാരുടെ കടന്നാക്രമണം തടയുന്നതിന് കാര്യമായി ഒന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല. അയിത്തവും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വ്യാപകമായി നിലനിന്നിരുന്നു. കൊല്ലിനും കൊലക്കും അധികാരമുണ്ടായിരുന്ന നാടുവാഴിത്വത്തിന്റെ കൊടുംക്രൂരതക്ക് വിധേയരായി രക്തസാക്ഷികളാവേണ്ടി വന്ന മണ്ണിന്റെ മക്കളെ ഈ സന്ദർഭത്തിൽ അനുസ്മരിക്കട്ടെ അതോടൊപ്പം അടിയാളവർഗ്ഗത്തോട് എന്നും കരുണ കാട്ടിയ, ജന്മികുടുംബത്തിൽപെട്ട; ദിവംഗതരായ പൊയിൽ അച്ഛൻ എന്ന സ്ഥാനപ്പേരുള്ള നാഗത്തിങ്കൽ ഇല്ലത്ത് ശ്രീ നാരായണൻ നമ്പി അനന്തിരവൻ നാഗത്തിങ്കൽ ശ്രീ നാരായണനുണ്ണി നമ്പി ശ്രീ മുണ്ടേര്യരി ബാലകൃഷ്ണൻ നായർ എന്നിവരെ ഈ വേളയിൽ അനുസ്മരിക്കട്ടെ.

അടിസ്ഥാനവർഗ്ഗത്തിന്റെ മോചനത്തിനു വേണ്ടി പ്രവർത്തിച്ച് മൺമറഞ്ഞുപോയ ശ്രീ പാറോൽ കൃഷ്ണൻ നായർ മാസ്റ്റർ, ശ്രീ. വട്ടക്കണ്ടി അപ്പുക്കിടാവ് മാസ്റ്റർ എന്നിവരേയും ഇത്തരുണത്തിൽ അനുസ്മരിക്കുന്നു.

പ്രകൃതിയെ ആരാധിക്കുകയും അതുവഴി വനസമ്പത്ത് സംരക്ഷിക്കാൻ സഹായകരമായ നിലപാട് സ്വീകരിക്കുകയും ചെയ്തതിന്റെ തെളിവുകളാണ് നമ്മുടെ കാവുകളും മലയോരക്ഷേത്രസങ്കേതങ്ങളും. പട്ടികജാതിക്കാരുടെ ആരാധനാലയങ്ങൾ വിവിധ ഘട്ടങ്ങളിലായി അന്യാധീനപ്പെട്ടുപോയിട്ടുണ്ട്. ഇത്തരം ആരാധാനാലയങ്ങൾക്കു വേണ്ടിയുള്ള കേസ്സുകൾ ഇന്നും നിലനിൽക്കുന്നു.

പരലാട്ട് ഭഗവതിക്ഷേത്രം, പുതിയോട്ടുക്കണ്ടി ക്ഷേത്രം ഭൂമി ഇടിഞ്ഞതിൽ ഭഗവതിക്ഷേത്രം, മരക്കാട്ടുക്ഷേത്രം, കപ്പള്ളിമീത്തൽ കുട്ടിച്ചാത്തൻ കാവ്, കൊഴിഞ്ഞിപറമ്പത്ത് നരിക്കുത്തൻ കാവ് ക്ഷേത്രം, വെള്ളച്ചാലിൽ ക്ഷേത്രം, കരിയാത്തൻ കോട്ടക്കൽ ഭഗവതി ക്ഷേത്രം,പൂളയിൽ ക്ഷേത്രം പിലാവുള്ളതിൽ, മീത്തലെ നടുമ്പാല, അങ്കപ്പാറച്ചാലിൽ, മരക്കാട്ട് മീത്തൽ, കളംകെട്ടിയ പുറായിൽ എന്നിവയും പട്ടിജാതിക്കാരുടെ ആരാധനാലയങ്ങളാണ്. നന്മണ്ടയിലെ പാറപ്പുറത്ത്ക്ഷേത്രം കുളത്തുരിലെ താഴനെടുവയൽ പുഞ്ചോലചോട്ടിൽ ഉച്ചക്കാളിക്ഷേത്രം എന്നീ ആരാധനാലയങ്ങൾ നന്മണ്ടയിലെ പ്രസിദ്ധരായ തെയ്യം കലാകാരനുൻമാരുടെ കുടുംബക്ഷേത്രങ്ങളാണ്. ദൈവപ്രീതിക്കുവേണ്ടി സ്ത്രീകളെ അർദ്ധനഗ്നകളാക്കി താലമെടുപ്പിക്കുന്ന സമ്പ്രദായം ഈ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നു, ഇത് നിർത്തലാക്കുന്നതിന് ഈ വിഭാഗത്തിൽ പെട്ട പുതിയ തലമുറ വളരെ ക്ലേശിക്കേണ്ടി വന്നിട്ടുണ്ട്.

അയിത്തം കൊടികുഞ്ഞി വാണിരുന്ന കാലത്തു പോലും നാടുവാഴിത്തമ്പുരാക്കൻ മാരോടൊത്ത് ഇട പഴകാൻ സന്ദർഭമൊരുക്കുന്ന ഉത്സവങ്ങൾ നന്മണ്ട യിലുണ്ടായിരുന്നു. ചീക്കിലോടു ഭാഗത്തുള്ള നായർ തറവാടായ രാരോത്ത്ക്ഷേത്രം കരിങ്കാളികാവ്ക്ഷേത്രം കാക്കൂർപഞ്ചായത്തിൽ പെടുന്ന കല്ലും പുറം, മാത്തോട്ടത്തിൽ ക്ഷേത്രം എന്നിവിടങ്ങളിൽ പട്ടികജാതിക്കാരനും മേലാളനായി അറിയപ്പെടുന്ന നായരും ഒന്നിച്ചുള്ള ഉത്സവനടത്തിപ്പ് ഇതിന് ഉദാഹരണമാണ് ഇന്നും ഈ കൂട്ടായ്മ നിലനിൽക്കുന്നു.

പട്ടികജാതിയിൽപെട്ട പെൺകുട്ടികൾ ഋതുമതി യാകുമ്പോൾ നടത്തുന്ന ചടങ്ങുകളിൽ മുസ്ലിം സ്ത്രീകളുടെ ആടയാഭരണങ്ങൾ അണിഞ്ഞുനട ത്തുന്ന ചടങ്ങുകളും ഉൾപ്പെട്ടിരുന്നു.

പട്ടികജാതിയിൽപെട്ട വിവിധസമുദായങ്ങൾക്കി ടയിൽ അയിത്തം നിലനിന്നിരുന്നു. വിവാഹം മരണാനന്തര ചടങ്ങുകൾ, ആരാധനാലയങ്ങളിലെ പ്രവേശനം എന്നീ കാര്യങ്ങളിലും ഇത് പ്രകടമായിരുന്നു. മിശ്രവിവാഹങ്ങളിൽ ഏർപ്പെടുന്ന പുരുഷന്മാർ ഉയർന്ന സമുദായങ്ങളിൽ നിന്നുള്ള ബന്ധമാണ് ആഗ്രഹിക്കുന്നത്.

## വർത്തമാനകാലസ്ഥിതി:

കേരളത്തിൽ പുരോഗമന പ്രസ്ഥാനങ്ങൾക്ക് വേരോട്ടമുണ്ടായതോടുകൂടി സാമൂഹികമായ പരി വർത്തനങ്ങളുണ്ടായി. അടിയാളസ്മൂഹത്തിൽ അവ കാശബോധം വളരുകയും അവകാശപോരാട്ടങ്ങൾ കരുത്താർജ്ജിക്കുകയും ചെയ്തതോടെ പട്ടികജാതി ക്കാരുടെ ജീവിതരീതിയിൽ മാറ്റംകണ്ടു തുടങ്ങി. വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്ത് ഈ വിഭാഗം വളരെ പിന്നി ലാണ്.

ലഭ്യമായ കണക്കുപ്രകാരം നന്മണ്ട ഗ്രാമപഞ്ചാ യത്തിലെ പട്ടികജാതി ജനസംഖ്യ 3829 ഇതിൽ 1885 പുരുഷന്മാരും 1974 സ്ത്രീകളുമാണ്.

## പ്രശ്നങ്ങൾ

■ കുടിവെള്ളം:

സർക്കാർ അംഗീകരിച്ചതും അംഗീകരിക്കേണ്ട തുമായ 35 കോളനികളിലും കുടിവെള്ളപ്രശ്നം അതി രൂക്ഷമാണ്. കുന്നുംപ്രദേശത്തും മലയോരമേഖലക ളിലുമുള്ള ഭൂരിപക്ഷം വരുന്ന കോളനി നിവാസികളും അന്യരുടെ കിണറുകളെ ആശ്രയിക്കേണ്ടി വരുന്നു. രണ്ടു കി. മീ. ദൂരെവരെ സഞ്ചരിച്ച് വെള്ളം ശേഖരി ക്കേണ്ട അവസ്ഥയും നിലനിൽക്കുന്നു. പ്രകൃതിദത്ത നീരുറവകളെ ആശ്രയിച്ചു കഴിയുന്ന അപൂർവ്വം കോളനികളുമുണ്ട്. കിണറുകൾ കുഴിച്ചാൽ വെള്ളം ലഭിക്കാത്ത പ്രദേശങ്ങളാണധികവും കുഴൽക്കിണറു കൾ സ്ഥാപിക്കാൻ യന്ത്രസാമഗ്രികൾ എത്തിക്കാൻ കഴിയാത്തതുകൊണ്ട് കുടിവെള്ളപ്രശ്നം ശാശ്വത മായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. കോളനികൾക്ക് വേണ്ടി സ്ഥാപിച്ച കുഴൽക്കിണറുകൾ സാമൂഹ്യദ്രോ ഹികൾ നശിപ്പിക്കുകയും, നിലവിലുള്ളവ ഭീഷണി നേരിടുകയുമാണ്. ഉപയോഗിക്കാൻ പറ്റാത്ത കുഴൽക്കിണറുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങ ളിലുണ്ട്. പലപ്പോഴും പ്രവർത്തനരഹിതമാകുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്ക് വമ്പിച്ച് തുക മുടക്കിയിട്ടും ഫലപ്രദമാകുന്നില്ല. കോള നിനിവാസികൾ ഉപയോഗിക്കുന്ന കോളിയോട്ട് മല യിലെ 'തണ്ണിക്കുണ്ട്' എന്ന പ്രകൃതിദത്തനീരുറവ എന്നെന്നേക്കുമായി തകർക്കാൻ കരിങ്കൽ ക്വാറി ഉട മകൾ ശ്രമിച്ചു വരികയാണ്. ഇത് ബന്ധപ്പെട്ടവരുടെ ശ്രദ്ധ പതിയേണ്ട കാര്യമാണ്.

■ വെളിച്ചം:

പട്ടിജാതിക്കാരുടെ വിദ്യാഭ്യാസരംഗത്തുള്ള പുരോഗതിയ്ക്ക് വൈദ്യുതിയുടെ അഭാവം ഒരു പ്രധാന തടസ്സമാണ്. മുനിഞ്ഞു കത്തുന്ന മണ്ണെണ്ണ വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ, കരിപ്പുക ശ്വസി ച്ചുകൊണ്ട്, ചുമരുകളില്ലാത്ത കൂരകളിൽ കാറ്റടിച്ച് വിളക്കുകൾ അണയുമ്പോൾ പഠിക്കാനിരിക്കുന്ന വിദ്യാർത്ഥികളുടെ പഠന സന്നദ്ധതയും ഇല്ലാതാ കുന്നു. ഇവിടെയാണ് വൈദ്യുതിയുടെയും 'അനർട്ടിന്റെ' സൗരോർജ്ജവെളിച്ചത്തിന്റെയും പ്രസക്തി ബോധ്യപ്പെടുക. ഈ ഗ്രാമപഞ്ചായത്തിലെ മുഴുവൻ പട്ടികജാതി-ദുർബ്ബലവിഭാഗങ്ങളുടെ കോള നികൾക്കും വാസസ്ഥലങ്ങൾക്കും വെളിച്ചം നൽകു വാൻ പദ്ധതി തയ്യാറാക്കേണ്ടിയിരിക്കുന്നു.

പട്ടികജാതി ക്ഷേമത്തിന് ഊർജ്ജിതപരിപാടി നടപ്പിലാക്കുന്നതിന് I. H. D. P. കോളനികളാക്കി തെരഞ്ഞെടുത്ത ഇരിങ്ങത്ത് മീത്തൽ, പുക്കുന്നുമല. പെരിങ്ങോട് മല എന്നീ കേന്ദ്രങ്ങളിൽ തീരുമാനിച്ച പ്രകാരം പദ്ധതി നടപ്പിലാക്കപ്പെട്ടിട്ടില്ല. ഭാഗികമായി ട്ടാണെങ്കിലും കോളിയോട് മല പട്ടികജാതി കോളനി മാത്രമാണ് വൈദ്യുതീകരിച്ചത്.

■ പാർപ്പിടം:

ഓലക്കുടിൽ തൊട്ട് കോൺക്രീറ്റ് വീടുകൾ വരെ യുണ്ടെങ്കിലും പട്ടികജാതിക്കാരിൽ ബഹുഭൂരിപക്ഷം

| No | വാർഡ് | ലക്ഷംവീട് കോളനികളുടെ പേര് | മൊത്തം വീടുകൾ പതിച്ചുകിട്ടിയവ | താമസക്കാർ | അംഗങ്ങൾ | വൈദ്യുതീകരിച്ചത് | വൈദ്യുതീകരിക്കാത്തത് | കക്കൂസ് ഉള്ളത് | ഇല്ലാത്തത് | വീടുകളുടെ സ്ഥിതി |
|---|---|---|---|---|---|---|---|---|---|---|
| 1 | 1 | കയ്യാട്ട് ലക്ഷംവീട് | 7 | 12 | 40 | ഇല്ല | 7 | ഇല്ല | 7 | നശിക്കാറായത് |
| 2 | 3 | എഴുകുളം താഴെ ലക്ഷംവീട് | 5 | 10 | 47 | ഇല്ല | 5 | ഇല്ല | 7 | പൊട്ടിപ്പൊളിഞ്ഞത് |
| 3 | 4 | എഴുകുളം മേലെ ലക്ഷംവീട് | 11 | 20 | 75 | 5 | 6 | ഇല്ല | 11 | വാസയോഗ്യമല്ലാത്തത് |
| 4 | 9 | നമ്പ്യറമ്പത്ത് | 11 | 21 | 88 | ഇല്ല | 11 | ഇല്ല | 11 | വാസയോഗ്യമല്ലാത്തത് |
| | **നാലുസെന്റ് / മിച്ചഭൂമി കോളനികൾ** | | | | | | | | | |
| 1 | 4 | പെരിങ്ങോട്മല | [illegible] | 8 | 32 | ഇല്ല | 8 | ഇല്ല | 8 | വാസയോഗ്യമല്ലാത്തത് |
| 2 | 6 | കല്ല്കണ്ടി | 11 | 5 | 20 | ഇല്ല | 5 | ഇല്ല | 5 | 2വീടുകളൊഴികെ മറ്റുള്ളവ വാസയോഗ്യമല്ല |
| 3 | 7 | കേളോത്ത് | 16 | 4 | 11 | ഇല്ല | 4 | ഇല്ല | 4 | വാസയോഗ്യമല്ല |
| 4 | 9 | കാരക്കാട്ടുപറമ്പ് | 30 | 30 | 65 | ഇല്ല | 30 | ഇല്ല | 30 | 1 ടെറസ് 1 ഓട് |

ജനങ്ങൾക്കും താമസയോഗ്യമായ വീടുകളില്ല. സർക്കാർ സഹായത്തോട് കൂടി നിർമ്മാണം ആരംഭിച്ച വീടുകൾ അധികവും പൂർത്തിയായിട്ടില്ല. പൂർത്തിയായവ തന്നെ പലതിലും പ്രാഥമിക ആവശ്യങ്ങൾക്കു വേണ്ട സൗകര്യങ്ങളില്ല. ഉള്ളത് തന്നെ ശാസ്ത്രീയമായി നിർമ്മിക്കപ്പെട്ടവയല്ല. കുടിൽ കെട്ടി താമസിക്കുന്നവരും കുടിൽ കെട്ടാൻ ഒരു സെന്റ് ഭൂമിപോലും സ്വന്തമായിട്ടില്ലാത്തവരും ഈ വിഭാഗത്തിലുണ്ട്. മിച്ചഭൂമി, നാലുസെന്റ് കോളനിയിലെ ആളുകൾ താല്ക്കാലിക കുടിലുകളിലാണ് താമസിക്കുന്നത്. നിർമ്മാണ വസ്തുക്കളുടെ അമിതമായ വിലക്കയറ്റവും, കൂടിയ കൂലി നിരക്കും കാരണം ഇന്ന് സർക്കാരിൽ നിന്ന് അനുവദിക്കുന്ന ധനസഹായം കൊണ്ട് ഭവന നിർമ്മാണം പൂർത്തീകിരിക്കുവാൻ കഴിയുന്നില്ല. സർക്കാർ ഏജൻസികളിലൂടെ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ നിരവധി വീടുകൾ പണി പൂർത്തിയായിട്ടുണ്ടെങ്കിലും അവരിൽ പലരും കടക്കെണിയിൽ പെട്ടു നട്ടംതിരിയുകയാണ്. ഭൂമി

യുടെ രേഖ ഓഫീസുകളിൽ പെട്ടുപോയതിനാൽ മറ്റു ആനുകൂല്യങ്ങൾ ലഭിക്കാൻ കഴിയാത്ത അവസ്ഥയും നിലനിൽക്കുന്നു.

■ വിദ്യാഭ്യാസം:-

സാക്ഷരതാ പ്രവർത്തനം നടന്നതിന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപെട്ട പഴയ തലമുറയിലെ ആളുകൾ സാക്ഷരരായെങ്കിലും തുടർവിദ്യാഭ്യാസ പരിപാടിയുടെ പരാജയം അവരെ വീണ്ടും നിരക്ഷരരാക്കി. അപൂർവ്വം ചിലർ ഈ രംഗത്ത് മികവ് കാട്ടിയിട്ടുണ്ട് എന്നത് വിസ്മരിക്കുന്നില്ല. പുതിയ തലമുറക്കാരിൽ വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ വെച്ച് പഠനം നിർത്തിയവരും തുടർന്ന് പഠിക്കുന്നവരും ഉണ്ട്. ബിരുദധാരികളും ബിരുദാനന്തരബിരുദധാരികളും ഇവരിലുണ്ടെങ്കിലും പൊതുവെ വിദ്യാഭ്യാരംഗത്ത് ഇവർ ഇപ്പോഴും പിന്നിലാണ് സാമ്പത്തികമായ പിന്നോക്കാവസ്ഥയാണ് ഇതിന് പ്രധാനകാരണം. മിക്കവാറും ആൾക്കാർക്ക് പ്രൈമറി തലത്തിൽ തന്നെ പഠനം നിർത്തേണ്ടി വരുന്നതിന്റെ മുഖ്യകാരണങ്ങൾ ജീവിതപ്രയാസങ്ങളും, സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച അജ്ഞതയും അപര്യാപ്തതയുമാണ്. ഉപജീവനത്തിനുവേണ്ടി തൊഴിൽ തേടിപ്പോകുന്ന രക്ഷിതാക്കൾ[illegible] കുട്ടികളുടെ പഠനകാര്യത്തിൽ ശ്രദ്ധിക്കാനും ക[illegible]ന്നില്ല. 1996-97 അധ്യായന വർഷത്തിൽ എൽ. [illegible] യു. പി., ഹൈസ്ക്കൂൾ വിഭാഗങ്ങളിൽ 415 ആൺ[illegible]ട്ടികളും 340 പെൺകുട്ടികളും പഠനം നടത്തുന്നു.

പട്ടിക കാണുക.

**നന്മണ്ട ഗ്രാമപഞ്ചായത്തിലെ L. P., U. P., H. S. ൽ പഠിക്കുന്ന S/c വിദ്യാർത്ഥി വിദ്യാർത്ഥിനികൾ**

| ക്രമനമ്പർ | വാർഡ് | സ്ക്കുളിന്റെ പേര് | ആൺകുട്ടികൾ | പെൺകുട്ടികൾ |
|---|---|---|---|---|
| 1 | 2 | നന്മണ്ട P. C. സ്ക്കൂൾ | 5 | 7 |
| 2 | 4 | നേഷനൽ A. L. P. സ്ക്കൂൾ | 1 | 5 |
| 3 | 5 | നന്മണ്ട ഈസ്റ്റ് A. U. P. സ്ക്കൂൾ | 11 | 14 |
| 4 | 5 | നന്മണ്ട A. M. L. P. സ്ക്കൂൾ | 2 | 3 |
| 5 | 5 | ജ്ഞാനപ്രദായനി A. L. P. സ്ക്കൂൾ | 9 | 9 |
| 6 | 6 | കരുണാറാം A. U. P. സ്ക്കൂൾ | 28 | 26 |
| 7 | 7 | ചീക്കിലോട് A. M. L. P. സ്ക്കൂൾ | 6 | 3 |
| 8 | 8 | ഗവ: ഹൈസ്ക്കൂൾ കൊളത്തൂർ | 75 | 57 |
| 9 | 9 | കൊളത്തൂർ A U P സ്ക്കൂൾ | 77 | 85 |
| 10 | 9 | ചീക്കിലോട് A. U. P. സ്ക്കൂൾ | 35 | 25 |
| 11 | 10 | നന്മണ്ട W. A. L. P. സ്ക്കൂൾ | 7 | 9 |
| 12 | 10 | ബാലബോധിനി A. L. P. | 15 | 16 |
| 13 | 3 | എഴുകുളം A.U.P സ്കൂൾ | 32 | 22 |
| 14 | 5 | നന്മണ്ട A.U.P സ്കൂൾ | 25 | 11 |
| 15 | 5 | നന്മണ്ട ഹൈസ്കൂൾ | 87 | 48 |
| | | ആകെ | 415 | 340 |

■ തൊഴിൽ:-

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷ[illegible] കാർഷികമേഖലയിൽ തൊഴിൽ ചെയ്ത് ഉപജീ[illegible] കഴിച്ചിരുന്നവരാണ്. കാർഷികമേഖലയുടെ തക[illegible] മറ്റു മേഖലകളിൽ തൊഴിൽ തേടാൻ അവരെ നിർ[illegible]ന്ധിതരാക്കി. നിർമ്മാണ പ്രവർത്തനരംഗത്ത[illegible] ഡ്രൈവർമാരായും അപൂർവ്വം ചിലർ വിദേശങ്ങളി[illegible] ജോലിചെയ്യുന്നു. കൈതോല, പനമ്പ് മുത[illegible] അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരമ്പ[illegible]ഗത തൊഴിൽ മേഖലയെ തകർത്തുകൊണ്ടി[illegible]ക്കുന്നു. കൈതോല സമൃദ്ധമായി വളർന്നിരു[illegible] തോട്ടുവക്കുകൾ കരിങ്കൽ കെട്ടുകളുടെ നിർമ്മാണ[illegible] മൂലം നശിച്ചുപോവുകയും ഈറ്റയും പനമ്പും [illegible] വ്യവസായങ്ങൾക്ക് ഉപയോഗപ്പെടുത്തുകയും ചെ[illegible]

ന്നതാണ്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യ ത്തിനു കാരണം. കാർഷിക മേഖല വിപുലപ്പെടുത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുയും മണ്ണിൽ പണി യെടുക്കാൻ മടികാണിക്കുന്ന പുതിയ തലമുറയെ ആകർഷിക്കുവാൻ തക്ക പദ്ധതികൾ നടപ്പിലാക്കു കയും വേണം.

**സാദ്ധ്യതകൾ**

- കുടിവെള്ളം:-

  നന്മണ്ട പഞ്ചായത്ത് ശുദ്ധജലവിതരണത്തിനു വേണ്ടി നടപ്പിലാക്കുന്ന 'കരായിൽ' ശുദ്ധജല വിതരണ പദ്ധതിയുടെ വാട്ടർടാങ്ക് 4-ാം വാർഡിൽപ്പെട്ട പെരിങ്ങോട് സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്താൽ, 4-ാം വാർഡിൽപെട്ട പെരി ങ്ങോടുമല കോളനി, പെരിങ്ങോട് മിച്ചഭൂമി കോളനി കാപ്പുമല, കണ്ടികുന്ന്, 3-ാം വാർഡിൽ പെട്ട കാഞ്ഞാവിൽതാഴം, ചിറക്കുനി താഴം, 1-ാം വാർഡിൽപെട്ട പടിക്കൽതാഴം, മുപ്പ റ്റക്കുന്ന്, പറമ്പിച്ചേരി, ആക്കിൽ എന്നീ കോള നികൾക്കും 4-ാം വാർഡിൽ പെട്ട ഏഴുകുളം മേലെ ലക്ഷംവീട്, 3-ാം വാർഡിൽപെട്ട ഏഴു കുളം താഴെ ലക്ഷംവീട്, 1-ാം വാർഡിൽപെട്ട കുയ്യാട്ട് ലക്ഷംവീട് എന്നീ കോളനികൾക്കും ശുദ്ധജല വിതരണം നടത്തുവാൻ കഴിയും. ഈ പദ്ധതി വളരെ വിപുലീകരിച്ച ഒരു പദ്ധതിയാ ക്കിമാറ്റാൻ ശ്രദ്ധിക്കണം.

- നന്മണ്ട പഞ്ചായത്ത് 6-ാം വാർഡിൽപെട്ട പാറ യിലകത്തൂട്ട് പട്ടികജാതി കോളനി, കല്ല്ക്കണ്ടി മിച്ചഭൂമികോളനികളിൽ വെള്ളമെത്തിക്കുവാൻ നാരകശ്ശേരി താഴം വയലിൽ കിണർ കുഴിച്ച് പറയർകുന്നത്ത് ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്താൽ ശുദ്ധജലക്ഷാമം പരിഹരിക്കാം.

- 9-ാം വാർഡിൽ പുല്ലങ്ങോട് ഇല്ലത്ത് താഴത്ത് കിണർ കുഴിച്ച് ചെറാലോറ മലയിൽ ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്താൽ, ചെറാലോറമല, കരി യാനി മല, കുളത്തൂർ, ചീക്കിലോട് എന്നീ കോളനികളിലും, നമ്പ്യാറമ്പത്ത് ലക്ഷംവീട്, കാരക്കാട്ട് പറമ്പ് നാലുസെന്റ് എന്നിവിടങ്ങ ളിലെ കുടിവെള്ളക്ഷാമവും പരിഹരിക്കാം.

- മുണ്ട്യാടിമൂലയിൽ കിണർകുഴിച്ച് തേക്കുംകൂട്ട ത്തിൽ ടാങ്ക്കെട്ടി വെള്ളം പമ്പ് ചെയ്താൽ പറ യർകുന്നത്ത് കോളനി, ഒളയിമ്മല കോളനി എന്നിവിടങ്ങളിലെ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും.

- ഇരിങ്ങത്ത് മീത്തൽ കോളനിക്ക് താഴെ കനാൽ സൈഡിൽ കിണർ കുഴിച്ച് കോളനിക്ക് മേലെ ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്താൽ ഇവി ടുത്തെ ജലക്ഷാമം പരിഹരിക്കാം.

- മുന്നൂർക്കയിൽ ചിരട്ടക്കര താഴത്ത് കിണർ കുഴിച്ച് മാവിലക്കുന്നിന്റെ മുകളിൽ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ്ചെയ്താൽ ഈ പ്രദേ ശത്തെ ജലക്ഷാമം പരിഹരിക്കപ്പെടും.

- കൈതയിൽ പദ്ധതി വിപുലീകരിച്ചാൽ പുളി ക്കൂൽമല ജലക്ഷാമം പരിഹരിക്കാം.

- ചീക്കിലോട് കൈതയിൽ പ്രകൃതിദത്ത ജലം ഉപയോഗിച്ച് പൂക്കുന്ന് പട്ടികജാതി കോളനി യിലും, പുറ്റാരംകോട് കോളനിയിലും ശുദ്ധജ ലമെത്തിക്കാൻ കഴിയും.

- നന്മണ്ട 6-ാം വാർഡിൽ എടച്ചേരി താഴംവയ ലിൽ കുളം നിർമ്മിച്ച് പുക്കുന്നു മലയിൽ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പു ചെയ്താൽ പുക്കുന്ന് മല, പാറയിലകത്തൂട്ട്, പുറ്റാരംകോട്, കല്ല്ക്കണ്ടി മിച്ചഭൂമി കോളനികൾക്ക് ശുദ്ധജലം നൽകാൻ കഴിയും.

- കള്ളങ്ങാടി താഴത്ത് നിർമ്മിച്ച കുഴൽകിണർ ഉപയോഗിച്ച് കോളിയോടുമലയിൽ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പുചെയ്താൽ നന്മണ്ട ഗ്രാമപഞ്ചായത്തിലെ 565 അംഗങ്ങളുള്ള കോളി യോട് മല പട്ടികജാതി കോളനിയിലെ ശുദ്ധജ ലക്ഷാമം പരിഹരിക്കാം. കൂടാതെ 10-ാം വാർഡിൽപെട്ട രാരോത്തുകുളം ആഴംകൂട്ടി വെള്ളം പമ്പുചെയ്താൽ കോളിയോട് കോള നിക്ക് ശുദ്ധജലക്ഷാമം പരിഹരിക്കാം.

- കോളനിനിവാസികൾക്കും മറ്റു ദുർബ്ബല ജനവി ഭാഗങ്ങൾക്കും സ്വന്തമായി കിണർ നിർമ്മിക്കു ന്നതിന് സ്ഥാനനിർണ്ണയം നടത്താൻ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ സൗജന്യസേവനം ല ഭ്യമാക്കണം.

- കൈതയിൽ വാട്ടർ സപ്ലൈ പദ്ധതിയുടെ അപാ കതകൾ പരിഹരിച്ചു കൊള്ളടിമല പട്ടികജാതി കോളനി, കേളോത്ത് 4 സെന്റ് കോളനിയിലേ യും കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുക.

**പൊതു നിർദ്ദേശങ്ങൾ**

- നന്മണ്ട ഗ്രാമപഞ്ചായത്തിലെ താമസക്കാരായ മുഴുവൻ പട്ടികജാതിക്കാരേയും സംബന്ധിച്ച

സമഗ്രമായ സർവ്വേശേഖരിക്കാൻ നടപടി സ്വീകരിക്കുക.

- കോളനികളിൽ സാസ്ക്കാരിക നിലയങ്ങൾ അനുവദിക്കുക.
- ഇതോടനുബന്ധിച്ച് ടെലിവിഷൻ സെന്ററുകൾ ആരംഭിക്കുക.
- കോളനി പ്രദേശങ്ങളിൽ അംഗൻവാടി കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- പട്ടികജാതിക്കാരുടെ ജാതിസർട്ടിഫിക്കറ്റ് പഞ്ചായത്ത് സമിതി മുഖേന ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
- നന്മണ്ട ഗ്രാമപഞ്ചായത്തിലെ മുഴുവൻ പട്ടികജാതി ജനവിഭാഗങ്ങളേയും ഇൻഷുറൻസ് പദ്ധതിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുക.
- എല്ലാ പട്ടികജാതി ജനവിഭാഗങ്ങളേയും ദേശീയ സമ്പാദ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.
- കണ്ടിക്കുന്ന് പുറ്റാരംകോട് മുതലായപ്രദേശങ്ങളിൽ പൂർവ്വകാലം മുതലെയുള്ള പട്ടികജാതിക്കാരുടെ ശ്മശാനങ്ങൾ സംരക്ഷിച്ചു നിർത്താൻ നടപടികൾ സ്വീകരിക്കുക.
- വെളിച്ചം: കരിയാനിമല, കുളത്തൂർ ഒളയിന്മല, കോളിയോട്, മൂപ്പറ്റക്കുന്ന് എന്നീ കോളനികൾ മാത്രമേ ഭാഗികമായെങ്കിലും വൈദ്യുതീകരിച്ചിട്ടുള്ളു. ബാക്കിയുള്ള കോളനികളും ലക്ഷംവീട്, മിച്ചഭൂമി, 4 സെന്റ് ഇവ വൈദ്യുതീകരിക്കേണ്ടതാണ്. കോളനി വൈദ്യുതീകരണത്തിന് അനർട്ടിന്റെ സൗരോർജ്ജപദ്ധതിയും നടപ്പിലാക്കാവുന്നതാണ്.
- പാർപ്പിടം: ഭവനിർമ്മാണത്തിന് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ധനസഹായംകൊണ്ട് വീട് പൂർത്തീകരിക്കാൻ കഴിയുന്നില്ല. ഇതിന് മറ്റേതെങ്കിലും ഏജൻസിയിൽനിന്ന് വായ്പ എടുക്കാൻ പദ്ധതി തയ്യാറാക്കണം. പട്ടികജാതി സഹകരണസംഘങ്ങൾ സ്ഥാപിച്ച് ഭവന നിർമ്മാണത്തിനുള്ള സാധനങ്ങൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും, സർക്കാർ നൽകുന്ന സഹായധനം ഈ സംഘത്തിലൂടെ മാത്രം ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ നടപടിയെടുക്കുകയും വേണം.
- വിദ്യാഭ്യാസം: സ്ക്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് തലത്തിൽ സൗജന്യക്ലാസുകൾ നടത്തി പഠനനിലവാരം മെച്ചപ്പെടുത്താം. തൊഴിലവസരങ്ങൾ അറിയുന്നതിനും, മത്സരപരീക്ഷകളിൽ വിജയിക്കാനും ആവശ്യമായ ഹ്രസ്വകാല പരിശീലനക്ലാസുകൾ നടത്താവുന്നതാണ്.
- തൊഴിൽ: കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി ആകർഷകമാക്കുകയും ചെറുകിട/കുടിൽ വ്യവസായങ്ങൾ ആരംഭിക്കുകയും ചെയ്താൽ തൊഴിൽ രംഗത്തുള്ള തളർച്ചയും മുരടിപ്പും ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. ഇന്ന് സർക്കാർ നല്കുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതി ഏകോപിപ്പിച്ച് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ചെറുകിട വ്യവസായ യൂനിറ്റ് പട്ടികജാതിക്കാർക്കുവേണ്ടി ആരംഭിക്കാവുന്നതാണ്.

## നന്മണ്ട പഞ്ചായത്തിലെ പട്ടികജാതികോളനികളുടെ പട്ടിക.

| No | വാർഡ് | കോളനിയുടെ പേര് | മൊത്തം വീടുകൾ | അംഗസംഖ്യ | കോൺക്രീറ്റ് | ഓട് | ഓല | കുടിൽ | കക്കൂസുള്ളത് | കക്കൂസില്ലാത്തത് | വൈദ്യുതി ഉള്ളത് | വൈദ്യുതി ഇല്ലാത്തത് | അനുവദിക്കേണ്ട വീടുകൾ | 5 വർഷത്തിനുള്ളിൽ ആവശ്യമുള്ള വീടുകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1 | മുപ്പറ്റക്കുന്ന് | 13 | 46 | – | 6 | 6 | 2 | – | 13 | 10 | 3 | 6 | 4 |
| 2 | 1 | ആക്കിൽ | 14 | 56 | 2 | 6 | 6 | – | 2 | 12 | – | – | 2 | 3 |
| 3 | 1 | പടിക്കൽതാഴം | 32 | 1 47 | 5 | 16 | 5 | 3 | 3 | 29 | 9 | 23 | 10 | 10 |
| 4 | 2 | മടവൻകണ്ടിതാഴം | 11 | 48 | – | 3 | 8 | – | 2 | 9 | 3 | 8 | 5 | 8 |
| 5 | 3 | ചിറക്കുനിതാഴം | 13 | 76 | – | 8 | 5 | 3 | – | 13 | 3 | 10 | 7 | 5 |
| 6 | 4 | പെരുങ്ങോടുമല IHDP | 70 | 390 | 2 | 20 | 40 | 8 | 10 | 60 | 10 | 60 | 10 | 15 |
| 7 | 5 | പുറ്റാരംകോട് | 22 | 94 | 1 | 20 | – | 1 | 4 | 18 | 21 | 1 | 2 | 7 |
| 8 | 6 | പുക്കുന്നുമല IHDP | 65 | 2 80 | 6 | 29 | 29 | 6 | 3 | 62 | 2 | 63 | 15 | 15 |
| 9 | 6 | പാറയിലകത്തൂട്ട് | 23 | 83 | 1 | 18 | 3 | 1 | 3 | 20 | 5 | 18 | 5 | 8 |
| 10 | 7 | കൊള്ളടിമല | 34 | 1 75 | – | 14 | 15 | 5 | 4 | 30 | 3 | 31 | 10 | 10 |
| 11 | 7 | പുളിക്കുൽമല | 17 | 69 | 2 | 4 | 6 | 5 | – | 17 | 1 | 16 | 5 | 5 |
| 12 | 7/8 | മന്നൂർക്കയിൽ | 16 | 92 | 1 | 9 | 5 | 1 | 1 | 15 | 2 | 14 | 8 | 5 |
| 13 | 8 | പറയരുകുന്നത്ത് | 32 | 1 50 | 3 | 9 | 20 | – | 12 | 20 | 7 | 25 | 6 | 10 |
| 14 | 8 | ഇരിങ്ങത്ത്മീത്തൽ IHDP | 64 | 2 11 | 1 | 22 | 37 | 4 | 11 | 53 | 1 | 63 | 25 | 20 |
| 15 | 9 | കരിയാനിമല (കൊളത്തൂർ) | 42 | 1 96 | 1 | 5 | 25 | 11 | – | 42 | 24 | 18 | 11 | 20 |
| 16 | 9 | കരിയാനിമല (ചീക്കിലോട്) | 27 | 1 24 | – | 5 | 11 | 11 | 1 | 26 | 1 | 26 | 11 | 10 |
| 17 | 9 | ചെറാലോറമല | 13 | 78 | – | 2 | 7 | 4 | – | 13 | – | 13 | 4 | 6 |
| 18 | 9 | പുതുക്കുടിമീത്തൽ | 23 | 1 08 | – | – | 17 | 6 | 3 | 20 | 7 | 16 | 6 | 8 |
| 19 | 9 | ഒളയമ്മൽ മല | 36 | 151 | – | 3 | 25 | 8 | 8 | 28 | 6 | 30 | 8 | 10 |
| 20 | 10 | കോളിയോട് മല IHDP | 87 | 565 | 1 | 58 | 9 | 20 | 5 | 82 | 50 | 37 | 20 | 25 |
| | | **അംഗീകാരം ലഭിക്കേണ്ട കോളനികൾ** | | | | | | | | | | | | |
| 21 | 2 | കുമാരംപൊയിൽ | 8 | 37 | 1 | 6 | 2 | 5 | – | 8 | – | 8 | 6 | 5 |
| 22 | 3 | കാഞ്ഞാവിൽ താഴം | 16 | 75 | 1 | 6 | 6 | 3 | – | 16 | 2 | 14 | 8 | 5 |
| 23 | 3 | കുളത്തിന്റെ മീത്തൽ | 20 | 116 | 3 | 10 | 6 | 1 | 3 | 17 | 13 | 7 | 7 | 10 |
| 24 | 4 | കാപ്പുമല | 11 | 50 | – | 1 | 8 | 2 | – | 11 | 1 | 10 | 5 | 5 |
| 25 | 4 | കണ്ടിക്കുന്ന് | 12 | 55 | 2 | 5 | 3 | 1 | 3 | 9 | 6 | 6 | 2 | 5 |
| 26 | 7 | താഴെക്കോട്ടുമ്മൽ | 10 | 45 | 2 | 3 | 5 | – | 3 | 7 | 2 | 8 | 4 | 5 |
| 27 | 1 | പറമ്പിച്ചേരി | 7 | 27 | – | 7 | – | – | – | 7 | 7 | – | – | – |

# വിഭവസമാഹരണം

സാമ്പത്തിക മേഖല കെട്ടുറപ്പുള്ളതാക്കിത്തീർത്ത് വികസന പ്രവർത്തനങ്ങളുടെ ഊടും പാവും നെയ്യുന്നതിന്റെ മുഖ്യസ്രോതസ്സുകളായ വ്യാവസായിക മേഖലയുടെ അഭാവം അനുഭവിച്ചു പോരുന്ന പഞ്ചായത്തുകളിലൊന്നാണ് നന്മണ്ട . നാമമാത്രമായ ചെറുകിട വ്യവസായയൂനിറ്റുകളെ ഇന്നത്തെ സ്ഥിതിയിൽ പഞ്ചായത്തിന്റെ വിഭവസമാഹരണത്തിന് ആശ്രയിച്ചുകൂടായ്കയാൽ അത്തരം യൂനിറ്റുകളെ പുഷ്ടിപ്പെടുത്തിയും പുതിയ ചെറുകിട യൂനിറ്റുകളാരംഭിച്ചും വിഭവസമാഹരണമേഖല നമുക്ക് വിപുലപ്പെടുത്തേണ്ടിയിരിക്കുന്നു. ചെറുകിട വ്യവസായ സംരംഭകരുടെ മനോവീര്യം കെടുത്താതെ അവരെ പ്രോത്സാഹിപ്പിച്ചെങ്കിൽ മാത്രമേ പുതിയ വ്യവസായ യൂനിറ്റുകൾ തലപൊക്കുകയുള്ളൂ എന്ന തിരിച്ചറിവ് ഉണ്ടാകേണ്ടിയിരിക്കുന്നു.

നെൽവയലുകൾ നികത്തി കോൺക്രീറ്റ് മന്ദിരങ്ങൾ നിർമ്മിക്കുന്ന പ്രവണത പഞ്ചായത്തിന്റെ കാർഷികമേഖലയ്ക്ക് കടുത്ത ഭീഷണിയാണ്. ഇത് മൂലം ഉത്പാദനരംഗം നശിപ്പിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ വിഭവസമാഹരണത്തിന്റെ ഹരിതവാതായനം നമുക്ക് മുന്നിൽ അടക്കപ്പെടുകയാണ്.

പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിൽ നല്ലൊരു ഭാഗം ഭരണച്ചെലവിനാണ് വിനിയോഗിക്കുന്നത്. ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത തുടങ്ങിയവയിലെ വർധനവ്, സ്റ്റേഷനറി ഇനങ്ങൾ എന്നിവയുടെ വിലവർദ്ധനവന് തുടങ്ങിയവ ഇതിനൊരു പ്രധാന കാരണമായി കാണേണ്ടിയിരിക്കുന്നു. 95-96 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന്റെ ആകെ ചെലവിൽ ഓരോ ഇനവും പട്ടിക ഒന്ന് സൂചിപ്പിക്കുന്നു. മൊത്തം വരവ് കണക്കുകൾ പട്ടിക രണ്ടിൽ കാണാം.

പൊതുമരാമത്തിന് നീക്കിവെചെച വിഹിതം മൊത്തം ചെലവിന്റെ 0.94% മാത്രമാണ് കാണുന്നത്. റോഡ് വർക്കുകൾ കോൺട്രാക്റ്റർമാരാണ് നടത്തുന്നത്. നന്മണ്ട 13 ൽ ഉള്ള ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച വകയിലുള്ള കടം തിരിച്ചടവിന് മൊത്തം ചെലവിന്റെ 10% ഉപയോഗിക്കുന്നുണ്ടെങ്കിലും വായ്പ ഉപയോഗിച്ച് നിർമ്മിച്ച ആസ്തിയിൽനിന്നും ലഭിക്കുന്ന വരുമാനത്തേക്കാൾ അടവുതുക കൂടുതലാണ്. അടവ് തീർന്നു കഴിഞ്ഞാൽ ഈ വരുമാനം പഞ്ചായത്തിനൊരു സ്ഥിരവരുമാനമാർഗമായിരിക്കും. 1985-86 മുതൽ 1995-96 വരെയുള്ള വരവ് ചെലവ്

**പട്ടിക-1**

| വാർഡ്നമ്പ്ര് | ആകെ കുടുംബങ്ങൾ | sc/stകുടുംബം | സഹായം ലഭിച്ചവർ | | | ദാരിദ്ര രേഖയ്ക്ക് മുകളിലെത്തിയവർ |
|---|---|---|---|---|---|---|
| | | | Sc/st | അളവ് | ആകെ | |
| 1 | 204 | 13 | 8 | 08 | 16 | 10 |
| 2 | 147 | 13 | 9 | 02 | 11 | 08 |
| 3 | 142 | 10 | 9 | 16 | 25 | 18 |
| 4 | 231 | 37 | 21 | 22 | 43 | 31 |
| 5 | 102 | 01 | 01 | 07 | 08 | 05 |
| 6 | 197 | 28 | 18 | 13 | 31 | 27 |
| 7 | 232 | 32 | 26 | 10 | 36 | 14 |
| 8 | 358 | 85 | 38 | 04 | 42 | 19 |
| 9 | 169 | 65 | 40 | 06 | 46 | 18 |
| 10 | 297 | 81 | 31 | 02 | 33 | 08 |

പട്ടിക–2

ചെലവ് സംബന്ധിച്ച വിവരങ്ങൾ RI–CB. (95–96)

| ഇനം | തുക | ശതമാനം |
|---|---|---|
| ഭരണം | 646879.90 | 39.54 |
| പൊതുമരാമത്ത് | 15412.00 | .94 |
| വിദ്യാഭ്യാസം | 37828.00 | 2.31 |
| ജലവിതരണം ഓടകൾ പൊതുജനാരോഗ്യം | 69827.00 | 4.27 |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 45731.00 | 2.80 |
| മറ്റുള്ളവ | 820453.10 | 50.14 |
| ആകെ | 1636131.00 | |

പട്ടിക–3

വരവ് ചെലവ് സംബന്ധിച്ച വിവരങ്ങൾ (1985–1996)

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1985–86 | 420618–94 | 427517–96 |
| 86–87 | 538498–83 | 533851–28 |
| 87–88 | ലഭ്യമല്ല | ലഭ്യമല്ല |
| 88–89 | 508086–99 | 482223–70 |
| 90–91 | 1469969–35 | 1420620–00 |
| 91–92 | 1027957–00 | 819406–45 |
| 92–93 | 1078478–20 | 1168554–14 |
| 93–94 | 1232191–40 | 1383922–55 |
| 94–95 | 1408301–60 | 1139729–25 |
| 95–96 | 1769086–34 | 1636131–00 |

പട്ടിക–4

അൺടൈഡ് ഫണ്ട്–വക തിരിച്ച കണക്ക്

| വർഷം | SC–ST | ജനറൽ |
|---|---|---|
| 1990–91 | 50,000–00 | 120,000–00 |
| 91–92 | 52,700–00 | 127300–00 |
| 92–93 | 57,800–00 | 131000–00 |
| 93–94 | 67,800–00 | 129500–00 |
| 94–95 | 77050–00 | 193200–00 |
| 95–96 | 107870–00 | 173880–00 |

കണക്കുകൾ പട്ടിക മൂന്നിൽ സൂചിപ്പിച്ചിരിക്കുന്നു. ഈ പത്ത് വർഷങ്ങളിലെ വരവ് ചെലവ് കണക്ക് ഒരു താരതമ്യപഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. ഗ്രാഫ് കാണുക

1990 മുതൽ 96 വരെ ലഭിച്ച അൺടൈഡ് ഫണ്ട് വിഹിതം ആകെ 12,88, 100 രൂപയാണ്. വകതിരിച്ചുള്ള കണക്ക് പട്ടിക 4 ൽ


10 വർഷത്തെ വരവ്-ചെലവ്
19
18
17
16
15
14
13
12
11
10
9
8
7
6
5
4
3
2
1
85-86
86-87
87-88
88-89
89-90
90-91
91-92
92-93
93-94
94-95
95-96
ലഭ്യമല്ല
വരവ്
ചെലവ്
തോത് = Y അക്ഷം 1cm = 1 ലക്ഷം

## ബാങ്ക് ഫൈനാൻസിയേഴ്സ്

പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ നടെങ്ങാടിബാങ്ക്, നന്മണ്ട സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ചീക്കിലോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നന്മണ്ട റൂറൽ കോ-ഓപ്പറേറ്റീവ് ഹൗസിങ്ങ് സൊസൈറ്റി, ഒരു സ്വകാര്യ ധനകാര്യ സ്ഥാപനം എന്നിവയാണ്. എന്നാൽ പഞ്ചായത്തിലെ സമഗ്രവികസനത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകാൻ ഈ സ്ഥാപനങ്ങൾക്ക് പൂർണ്ണമായും കഴിയുന്നില്ല. നന്മണ്ടയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന നെടുങ്ങാടി ബാങ്ക് ബാലുശ്ശേരിമുക്കിലേക്ക് മാറ്റിയതിനാൽ സാങ്കേതികമായി നന്മണ്ടയിലാണെങ്കിലും സ്ഥാപനത്തിന്റെ പ്രവർത്തനമേഖല ബാലുശ്ശേരിയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. പ്രസ്തുത ബാങ്കിന്റെ സേവനം തൃപ്തികരമല്ലെന്ന് എല്ലാ വാർഡ്ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന റിപ്പോർട്ടുകൾ അടിവരയിട്ട് സൂചിപ്പിക്കുന്നു. ഈ പഞ്ചായത്തിലെ ഏതാണ്ട് ആയിരത്തോളം ആളുകൾ ഗൾഫ് മേഖലകളിൽ ജോലിചെയ്യുന്നവരായുണ്ട്. അവരുടെ നിക്ഷേപത്തിന്റെ ഭൂരിഭാഗവും സമീപപ്രദേശങ്ങളിലെ ദേശസാൽകൃതബാങ്കുകളിലേക്കാണ് ഒഴുകുന്നത്. ആയതിനാൽ ദേശസാൽകൃതബാങ്കിന്റെ ഒരു ശാഖ നന്മണ്ട പഞ്ചായത്തിൽ ആവശ്യമാണ്. ഇത് കൃഷിക്കാർക്കും ചെറുകിട വ്യവസായത്തിനും പ്രയോജനപ്പെടുത്താൻ കഴിയും. നന്മണ്ട കോ-ഒപ്പറേറ്റീവ് റൂറൽബാങ്കും, ചീക്കിലോട് സർവ്വീസ് സഹകരണബാങ്കും യഥാക്രമം 3.33 കോടിയും 68.53 ലക്ഷം രൂപയും വായ്പ നൽകിയതായി അതതു ബാങ്കുകളിൽനിന്നും ലഭിച്ച കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ നന്മണ്ട കോ-ഓപ്പറേറ്റീവ് ബാങ്ക് 8.39 ലക്ഷം രൂപയും ചീക്കിലോട് സർവ്വീസ് സഹകരണബാങ്ക് 21.73 ലക്ഷം രൂപയുമായി മൊത്തെ 30.12 ലക്ഷം രൂപം കാർഷിക വായ്പയായി നൽകിയിരിക്കുന്നതായി സൂചിപ്പിക്കുന്നു. പട്ടിക-5 കാണുക.

| സ്ഥാപനം | ഇനം | വായ്പകൾ | ആകെ | നിക്ഷേപം | | ആകെ | ചെലവുകൾ | ആകെ |
|---|---|---|---|---|---|---|---|---|
| നന്മണ്ട കോ-ഓപ്പ് റൂറൽ ബേങ്ക് | കാർഷികം | 838814 | | സ്ഥിരം | 26223433 | | 1427448 | |
| ” | കാർഷികേതരം | 7359900 | 8198713 | ഹ്രസ്വകാലം | 4997430 | 31220863 | 597860 | 2025308 |
| ചീക്കിലോട് സർവ്വിസ് സഹകരണ ബേങ്ക് | കാർഷികം | 2089080 | | സ്ഥിരം | 2199766.32 | | 234879 | |
| ” | കാർഷിക മദ്ധ്യകാലം | 84536 | | ഹ്രസ്വകാലം | 1382608.96 | 3582375.28 | 91243 | 326122 |
| ” | കാർഷികേതരം | 671544 | | | | | | |
| ” | സ്വർണ്ണ പണ്ട | 3461852 | | | | | | |
| | പണയം | | | | | | | |
| ” | ഐ. ആർ. ഡി. പി | 96314 | | | | | | |
| ” | സ്വന്തം ഫണ്ട് വക | 162771 | | | | | | |
| ” | ഡെപ്പോസിറ്റ് ലോൺ | 286546 | 6852643 | | | | | |
| | | | | | | | | |
| നന്മണ്ട റൂറൽ കോ-ഓപ്പ് ഹൗസിംഗ് | ഭവന നിർമ്മാണം<br>ഭവന വികസനം | 32435200 | 3243200 | | | | 200000 | |
| | | | | | | | 50000 | 250000 |
| സഹകരണ ധനകാര്യസ്ഥാപനങ്ങളുടെയും ആകെ കണക്ക് | | | 47486556 | | | 34803238.28 | | 2601430 |

സ്ഥിതിവിവരക്കണക്കുകളിൽ നന്മണ്ട പഞ്ചായത്തിന്റെ കാർഷികരംഗം പച്ചപിടിച്ചു നിൽക്കുന്നുണ്ടെങ്കിലും യാഥാർത്ഥ്യം ഇതിൽ നിന്നെല്ലാം വളരെ അകലെയാണ്.

നന്മണ്ട പഞ്ചായത്തിൽ 'ബ്ലേഡ്' പണമിടപാടുകാരുടെ പ്രവർത്തനം അടുത്ത കാലത്തായി വൻതോതിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ഉണ്ട്. നന്മണ്ട പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിൽ ഒരു കടന്നാക്രമണം തന്നെ നടത്തുകയാണ് ഈ അനൗപചാരിക പണമിടപാടുകാർ. ഇത്തരം വ്യക്തികളെ ആശ്രയിക്കേണ്ടി വരുന്നത് സാധാരണ ജനങ്ങളാണെന്ന കാര്യവും വ്യക്തമാണ്. 60 മുതൽ 120 ശതമാനം വരെ പലിശ ഈടാക്കുന്ന ഈ 'പുത്തൻ പണമിടപാടുകാരു'ടെ വംശവർദ്ധനവ് സാമ്പത്തിക മേഖലയെ അടിമുടിയാട്ടി ഉലക്കുന്ന കാലം അതിവിദൂരമല്ലെന്നത് ഇവിടെ ഓർമിക്കേണ്ടിയിരിക്കുന്നു. ഔപചാരിക മേഖലകളിൽനിന്നും വായ്പ ലഭ്യമാക്കാനുള്ള "നിയമസാങ്കേതിക നൂലാമാലകൾ" കാരണം സാധാരണക്കാർ ബ്ലേഡിനെ ആശ്രയിക്കേണ്ടി വരുമ്പോൾ അവരെ കുറ്റപ്പെടുത്തുകയും ചെയ്തുകൂടാ. ഇത്തരക്കാർക്ക് കടക്കെണിയിൽനിന്ന് രക്ഷപ്രാപിക്കാൻ സഹകരണബേങ്കുകളിൽനിന്നും മറ്റും വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ലഘൂകരിക്കുകയും നിയമവ്യവസ്ഥ ഉദാരമാക്കുകയും വേണം.

## ഗൾഫ് മേഖല

ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവരായി ഏതാണ്ട് ആയിരത്തോളം പേരുണ്ടെന്ന് ഗ്രാമസഭാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പരോക്ഷമായുണ്ടെങ്കിലും പ്രത്യക്ഷത്തിൽ പഞ്ചായത്തിന്റെ മൊത്തം വളർച്ചക്ക് ഉപകരിക്കുന്ന തരത്തിൽ ഉദ്പാദനരംഗത്തേക്ക് കടന്നുവരാൻ ഇത്തരക്കാർ വിമുഖത കാണിക്കുന്നു. ഇതിന് കാരണമായി കാണുന്നത് ഭൂരിഭാഗം പേരും ഇടത്തരക്കാരും സാമ്പത്തികമായി ഉയർന്ന നിലവാരത്തിലെത്താൻ കഴിയാത്തവരുമാണെന്നതാണ്. അതുകൊണ്ടുതന്നെ അവരുടെ സമ്പാദ്യം ഉദ്പാദനരംഗത്ത് ഇറക്കുന്നില്ല. കെട്ടിടനിർമ്മാണത്തിന്റെ മാസ്മരിക വലയത്തിൽ കുടുങ്ങിയ സാധാരണക്കാരനായ ഗൾഫുകാരനും മത്സരിച്ച് പാപ്പരാവുന്ന അവസ്ഥയും നിലവിലുണ്ട്.

**പട്ടിക–6**
**ഗൾഫ് ജോലിക്കാർ–വാർഡ് തിരിച്ച കണക്ക്.**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 80 | 25 | 75 | 100 | 60 | 75 | 300 | 150 | 50 | 60 |

ആകെ 975 അവലംബം വാർഡ്തല ഗ്രാമസഭാറിപ്പോർട്ട്

## കെട്ടിടനികുതി

95–96 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന്റെ കെട്ടിടനികുതി ഇനത്തിലെ വരവ് 1,76910.65 രൂപയാണ്. നികുതി ചുമത്തലിന്റെ മാനദണ്ഡം ഒരു മാറ്റത്തിന് വിധേയമാക്കിയാൽ അതു വഴിയുള്ള വിഭവ സമാഹരണം വർദ്ധിപ്പിക്കാൻ കഴിയും. കെട്ടിട നിർമ്മാണത്തിൽ മത്സരബുദ്ധിയുണ്ടെങ്കിലും കെട്ടിടത്തിന്റെ സൗകര്യത്തിനനുസരിച്ചുള്ള നികുതി പഞ്ചായത്തിനു ലഭ്യമാകുന്നില്ല എന്നത് വസ്തുതയാണ്. നികുതി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ

തറവിസ്തീർണ്ണം അനുസരിച്ച് സ്ലാബ്സമ്പ്രദായം നടപ്പിലാക്കുക. 60 m2 വരെ 60 $M^2$–100$M^2$ വരെ 100 $M^2$– 150$M^2$ വരെ. 150$M^2$ ന് മേൽ ഇവ പ്രത്യേക ഇനങ്ങളായികണ്ട് ടാക്സ് ചുമത്തുക.

ആധുനിക സൗകര്യങ്ങൾ– A C, ഫ്രിഡ്ജ്, കൂളർ തുടങ്ങിയവ സജ്ജീകരിക്കുന്നവർക്ക് അഡീഷണൽ ടാക്സ് ഏർപ്പെടുത്തുക. കെട്ടിട നികുതി ഇനത്തിലും ലൈസൻസ് ഇനത്തിലും ഇന്നുള്ള ചോർച്ച തടയത്തക്കവിധത്തിൽ പ്രായോഗിക നടപടികൾ കൈക്കൊള്ളേണ്ടതാണ്. തൊഴിൽനികുതി ചുമത്തൽ കാര്യക്ഷമമാക്കണം. ഇതുവഴി തൊഴിൽ സുരക്ഷതയ്ക്ക് ആക്കം കൂട്ടും.

## വിനോദനികുതി

വിനോദനികുതിയിനത്തിൽ പഞ്ചായത്ത് വരുമാനം 292815.60 രൂപയാണ്. പഞ്ചായത്തിൽ നിലവിൽ രണ്ട് സിനിമാശാലകൾ ഉണ്ട്. പഞ്ചായത്തിലെ മറ്റൊരു വാണിജ്യകേന്ദ്രമായ ചീക്കിലോട് പ്രദേശത്ത് ഒരു സിനിമാശാല സ്ഥാപിച്ചാൽ പഞ്ചായത്തിന് വലിയൊരു ധനാഗമ മാർഗ്ഗമായിരിക്കും. പഞ്ചായത്തിൽ ഒരു സ്റ്റേഡിയത്തിന്റെ അഭാവം വിനോദനികുതിയിനത്തിൽ പഞ്ചായത്തിന്റെ സാധ്യത ഇല്ലാതാക്കുന്നു.

### തൊഴിൽനികുതി

ഈയിനത്തിൽ പഞ്ചായത്തിന്റെ 95-96 വർഷത്തെ വരുമാനം 122405 രൂപയാണ്. ഇതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത് വളരെ ചെറിയൊരു ശതമാനം ആളുകൾ മാത്രമേ തൊഴിൽനികുതി നൽകുന്നുള്ളു എന്നാണ്. പഞ്ചായത്തിലെ എല്ലാവിധ തൊഴിലാളികളിൽനിന്നും തൊഴിൽനികുതി ഈടാക്കേണ്ടതും അവരെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി അവരുടെ പ്രീമിയം പഞ്ചായത്ത് പൂർണ്ണമായും വഹിക്കേണ്ടതുമാണ്. ഇത്തരം നികുതി ചുമത്തുന്നതിലൂടെ പഞ്ചായത്തിന്റെ വികസനം നമ്മുടെ മൊത്തം ആവശ്യമാണെന്നും അതിന് ഓരോരുത്തരും ചുമതലക്കാരാണെന്നുമുള്ള ബോധം അവരിൽ ഉളവാക്കുന്നതിനും ഊട്ടി ഉറപ്പിക്കുന്നതിനും കഴിയണം.

### ഭൂനികുതി

ഭൂനികുതിയിനത്തിൽ പഞ്ചായത്തിന് 95-96 വർഷത്തിൽ ലഭിച്ചവിഹിതം 41795 രൂപയാണ്. ഭൂനികുതിയുടെ തോത് ശാസ്ത്രീയമായ രീതിയിലല്ല. കാരണം സെന്റിന് 500 രൂപമുതൽ 50000 രൂപവരെയുള്ള സ്ഥലം പഞ്ചായത്തിലുണ്ട്. ഇത്തരം ഭൂമികൾക്കെല്ലാം ഇന്നത്തെ നികുതിനിരക്ക് ഒന്നാണ്. ഇതിനു മാറ്റം വന്നാൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. സർക്കാർ പദ്ധതിയായ റോഡ്, ടെലഫോൺ, ഇലക്ട്രിസിറ്റി, വാട്ടർസപ്ലൈ തുടങ്ങിയ സൗകര്യങ്ങൾ എളുപ്പം ഉപയോഗപ്പെടുത്താൻ കഴിയുന്ന റോഡരികിലെ സ്വത്തുക്കൾക്ക് നികുതിനിരക്ക് കൂട്ടേണ്ടതാണ്. ഉൾപ്രദേശത്ത് പോകുന്തോറും നികുതിനിരക്ക് കുറയ്ക്കേണ്ടതാണ്. നെൽകൃഷിക്ക് ഉപയോഗിക്കുന്ന വയലുകളെ വർദ്ധിച്ച നികുതിയിൽനിന്നും ഒഴിവാക്കേണ്ടതാണ്. ഇനി മേലിൽ നിലം എന്ന സ്ഥലത്ത് കെട്ടിടം പണിയാനുള്ള അനുമതി പഞ്ചായത്ത് നൽകരുത്. ഇത്തരം പരിപാടികൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിലെ റോഡ്, പുറമ്പോക്ക് സ്ഥലം, തോട്, ഇടവഴി എന്നിവയെല്ലാം പൊതുസ്വത്താണെന്നും ഇത് കെട്ടിയെടുക്കുന്നതും മറ്റും നിയമവിരുദ്ധമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതാണ്. പ്രകൃതിവിഭങ്ങളായ കരിങ്കല്ല്, ചെങ്കല്ല്, മണ്ണ് മുതലായവ സ്വന്തമെന്നു കരുതി വിറ്റു കാശാക്കുമ്പോൾ അതിനു നല്ലൊരു തുക നികുതി ചുമത്താവുന്നതാണ്.

പരമ്പരാഗത കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ വിപണിയില്ല എന്ന സ്ഥിതിവിശേഷമുണ്ട്. ഇതിനു പരിഹാരമായി നന്മണ്ട അങ്ങാടിയിലും, വാണിജ്യമേഖലയിൽ ഉയർച്ചയിലേക്ക് കുതിക്കുന്ന ചീക്കിലോട് ഒളയിമ്മലും ഓരോ അഴ്ചചന്ത നടത്തുകയാണെങ്കിൽ അതുവഴി പഞ്ചായത്തിന് വിഭവസമാഹരണം നടത്താൻ കഴിയും. തൊഴിലാളികളുത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തിയാൽ കൈത്തൊഴിൽ മേഖലയിൽ മുരടിച്ചുനിൽക്കുന്നവരെ പ്രോത്സാഹിപ്പിച്ച് പ്രവർത്തനമേഖലയിലേക്ക് തിരിച്ചുവിടുവാനും ഒരു പരിധിവരെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനും കഴിയും. ഇത്തരം പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിന് ഒരു മുതൽക്കൂട്ടാക്കി മാറ്റാനും കഴിയുന്നതാണ്.

പഞ്ചായത്തിലെ പൊതുസ്ഥാപനങ്ങൾ പലതും സ്ഥിതി ചെയ്യുന്ന സ്ഥലം സംഭാവനയായി ലഭിച്ചതാണ്. ഇന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 13 അംഗൻവാടികളുടെ സ്ഥലം, കൊളത്തൂർ ഡിസ്പെൻസറി നിൽക്കുന്ന സ്ഥലം, പഞ്ചായത്തിലെ പൊതുകിണറുകളുടെ സ്ഥലം എന്നിവയെല്ലാം സൗജന്യമായി ലഭിച്ചതാണ്. പണം സംഭാവനയായി സ്വരൂപിച്ച് വിലകൊടുത്ത് വാങ്ങിയുണ്ടാക്കിയ പൊതുസ്ഥാപനങ്ങളും പഞ്ചായത്തിലുണ്ട്. കൊളത്തൂർ ഹൈസ്ക്കൂൾ സ്ഥലവും പഴയ കെട്ടിടവും ഹോമിയോ ഡിസ്പെൻസറി, ആയുർവേദ ആശുപത്രി, ചീക്കിലോട് മൃഗാശുപത്രി സ്ഥലം എന്നിവ ഇതിൽപ്പെട്ടതാണ്. ഭൂമിയുടെ വിലവർദ്ധനവ് കാരണം പഴയതുപോലെ സ്ഥലം സംഭാവന കിട്ടാൻ പ്രയാസമാണെങ്കിലും പണപ്പിരിവിലൂടെ വിഭവം സമാഹരിച്ച് വികസനപ്രവർത്തനം നടത്താവുന്നതാണ്. പഞ്ചായത്തിലെ എല്ലാ ഭാഗത്തുനിന്നുമുള്ള കായികവിഭവശേഷി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് പ്രധാനറോഡായ നന്മണ്ട-ചീക്കിലോട് റോഡ്-പൂക്കുന്നുമല റോഡ്, കാക്കൂർ-കോക്കല്ലൂർ റോഡ്, നന്മണ്ട മാട് ഉയരം കുറയ്ക്കൽ കൂടാതെ വാർഡുകളിലൂടെയുള്ള പല റോഡുകളും നടപ്പാതകളും നിർമ്മിച്ചത്.

കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ കക്കോടി ബ്രാഞ്ച് കനാൽ പഞ്ചായത്തിന്റെ എട്ടാം വാർഡിന്റെ വടക്കേഅറ്റം കൊളത്തൂർ നോർത്തിനിന്നു തുടങ്ങി 7, 8 വാർഡുകളുടെ തെക്കേയറ്റത്ത് എടക്കരയോടടുത്ത ഭാഗംവരെ ആറുകിലോമീറ്റർ നീളത്തിൽ കിടക്കുന്നു. ഇതിന്റെ ഇരുവശങ്ങളിലും ഫലഭൂയിഷ്ടമായ മണ്ണാണ്. വർഷങ്ങളോളം കൃഷി ചെയ്യാത്ത സ്ഥലങ്ങളിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ തെങ്ങ്, കവുങ്ങ് മുതലായ കൃഷികൾ ചെയ്താൽ നല്ലൊരു ധനാഗമമാർഗ്ഗമായി മാറ്റാൻ കഴിയും. ബാക്കിവരുന്ന സ്ഥലം വാഴ, പച്ചക്കറി, പുല്ല് എന്നിവ കൃഷി ചെയ്യാൻ പാട്ടത്തിനു നൽകി വിഭവസമാഹരണം നട

ത്താവുന്നതാണ്.

ഇപ്പോൾ പഞ്ചായത്തോഫീസ് സ്ഥിതി ചെയ്യുന്നത് നന്മണ്ടയുടെ ഹൃദയഭാഗത്താണ്. സർക്കാർ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമി നിലവിലുള്ള പഞ്ചായത്ത് ഭൂമിയോട് ചേർത്ത് അവിടെ വിശാലമായ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാം. ദീർഘവീക്ഷണ അടിസ്ഥാനത്തിൽ നോക്കുമ്പോൾ നന്മണ്ട-13ൽ ഇത് അത്യാവശ്യമായി കാണാം. എടുത്തു മാറ്റുന്ന മണ്ണ് വിൽക്കുന്ന തുക, അഡ്വാൻസ് തുക എന്നിവകൊണ്ടു തന്നെ ബിൽഡിംഗ് പണി പൂർത്തിയാക്കാൻ കഴിയും പഞ്ചായത്തിന്റെ കാലാകാലങ്ങളിലുള്ള ധനാഗമമാർഗ്ഗമായി മാറും ഈ കോംപ്ലക്സ്.

നന്മണ്ട 13-ൽ 30 ജീപ്പ്,40 ഓട്ടോറിക്ഷ, 7 മിനി ലോറി എന്നിവ സർവീസ് നടത്തുന്നുണ്ട്. ഈ വാഹനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് സ്റ്റാൻഡ് ഉണ്ടാക്കിക്കൊടുത്ത് വാഹനങ്ങൾക്ക് സ്റ്റാൻഡ് ടാക്സ് ചുമത്തി വിഭവസമാഹരണം നടത്താം. മത്സ്യമാർക്കറ്റ്, മാംസമാർക്കറ്റ് തുടങ്ങിയവ നിർമ്മിച്ച് മാർക്കറ്റിനു നികുതിചുമത്താവുന്നതാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഒരു പ്രിന്റിംഗ്പ്രസ് സ്ഥാപിച്ചാൽ പഞ്ചായത്തിന്റെയും മറ്റു ഗവൺമെന്റ് സ്ഥാപനങ്ങളുടെയും സഹകരണസ്ഥാപനങ്ങളുടെയും അച്ചടിസംബന്ധമായ ജോലികൾക്ക് ഉപയോഗപ്പെടുത്താവുന്നതും ആണ്. ഇതുകൊണ്ട് ഏകദേശം പത്തു പേർക്ക് ജോലി ലഭിക്കാൻ സാധ്യതയുണ്ടാവുന്നതുമാണ്. ഇതിനുള്ള സ്ഥലം ഷോപ്പിംഗ് കോംപ്ലസ് നിർമ്മാണസമയത്ത് കണ്ടെത്താൻ കഴിയുന്നതാണ്.

പഞ്ചായത്തിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ പ്രധാന കേന്ദ്രങ്ങളിൽ മാവേലിസ്റ്റോർ സ്ഥാപിക്കാൻ കഴിഞ്ഞാൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന സാധാരണക്കാരായ ജനതയ്ക്ക് ഒരാശ്വാസമാവുന്നതോടൊപ്പം തന്നെ ഒരു ചെറിയ ശതമാനം ലാഭം നേടി പഞ്ചായത്തിന്റെ മുതൽക്കൂട്ട് വർദ്ധിപ്പിക്കാൻ കഴിയുമെന്നത് തർക്കമറ്റ കാര്യമാണ്. ഒരു വിഭവസമാഹരണമെന്നതിലുപരി ജനക്ഷേമകരമായ പ്രവർത്തിയെന്ന നിലയിലും ഇതിനെ കാണേണ്ടതുണ്ട്.

ഒരു പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സാമൂഹിക പുരോഗതിയുടെ മുഖ്യഘടകം സാമ്പത്തിക പര്യാപ്തതയാണെന്നിരിക്കെ നമ്മുടെ വിഭവസമാഹകരണമേഖല ഇനിയും വിപുലപ്പെടുത്തേണ്ടിയിരിക്കുന്നു. വൻകിട വ്യവസായങ്ങൾപോലുള്ള വിഭവസമാഹരണ മേഖല ഇന്നത്തെ പരിതസ്ഥിതിയിൽ പഞ്ചായത്തിന് അപ്രായോഗികമാകുമ്പോൾ ശാസ്ത്രീയമായും ദീർഘവീക്ഷണത്തോടുംകൂടി വിഭവസമാഹരണ രംഗത്തെ സമീപിച്ചെങ്കിൽ മാത്രമേ സാമ്പത്തിക മേഖലക്ക് അടിത്തറയുണ്ടാവുകയുള്ളൂ. വികസനത്തിന്റെ പാതകൾ നമുക്ക് മുന്നിൽ തെളിയുകയുള്ളൂ.

# ജനന മരണ രജിസ്ട്രേഷൻ

സ്കൂൾ പ്രവേശനത്തിന്, ഉദ്യോഗത്തിന്, വസ്തുക്കളിൽ
അവകാശം സ്ഥാപിക്കുന്നതിന്, പൗരത്വം സ്ഥാപിക്കുന്നതിന്,
പാസ്പോർട്ടിന്, വോട്ടവകാശം സഥാപിക്കുന്നതിന്,
റേഷൻ കാർഡിൽ പേര് ചേർക്കുന്നതിന്.

വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖ വേണം
ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക

അവകാശികൾക്ക് സ്വത്തവകാശം സ്ഥാപികകുന്നതിന്,
ഇൻഷൂറൻസ് തുക ലഭിക്കുന്നതന്,
മരണാനന്തരം ആനുകൂല്യങ്ങൾ വങ്ങുന്നതിന്.

മരണം തെളിയിക്കുന്ന കൃത്യമായ രേഖ വേണം
മരണം യഥാസമയം രജിസ്റ്റർ ചെയതുവെന്ന് ഉറപ്പവരുത്തുക.

**ജനനവും മരണവും 21 ദിവസത്തിനകം**
**രജിസ്റ്റർ ചെയ്യൻ ഓർമ്മിക്കുക**
**ഇത് നിർബന്ധമാണ്.**




Printed at MCM offset press Kallai ,Calicut,Ph. 300063